വാല്യം 134

കൊടുവള്ളി ബ്ലോക്ക്

(കോഴിക്കോട് ജില്ല)

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

തിരുവമ്പാടി ഗ്രാമപഞ്ച

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

കേരളം

134-1

യഥാർത്ഥമായ മാറ്റം ഗ്രാമത്തിൽ
ജീവിക്കുന്ന ജനങ്ങളിൽ നിന്നാണ് വരുന്നത്
അത് പുറത്ത് നിന്ന് അടിച്ചേൽപ്പിക്കുന്നതല്ല

- ജവഹർലാൽ നെഹ്റു

ജനകീയാസൂത്രണം കേരളത്തിൽ

തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

KOZHIKODE (DIST)
LOCATION MAP



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"
-ഗാന്ധിജി

എഡിറ്റോറിയൽ ബോർഡ്

ഫ്രാൻസിസ് കെ. എഫ്. കോസ്മോസ്, തിരുവമ്പാടി

- കെ.കെ. ദിവാകരൻ
- സക്കറിയാസ് മണിമലതറപ്പിൽ
- ജോയിക്കുട്ടി ലൂക്കോസ്
- കെ. ബാബുമാസ്റ്റർ
- ജോസ് മാത്യു.

Layout Computer Typesetting & Photo Scanning
by
Indian Social Poster Offset Works, Thamarassery
&
I.C. Soft DTP Centre Calicut-1

"അന്യർക്കുവേണ്ടി ജീവിക്കുന്നവരേ ജീവിക്കുന്നുള്ളൂ.
മറ്റുള്ളവരെല്ലാം മരിച്ചവർക്കു തുല്യമാണ് "

- സ്വാമി വിവേകാനന്ദൻ



തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി അഗങ്ങൾ

(പ്രസിഡൻറ്)



ടി. ജെ. കുര്യൻ

പി. അബ്ദുൾസമദ്
(വൈ. പ്രസിഡൻറ്)



ജോൺ ചാക്കോ
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)



സി. കരുണാകരൻ
(സ്പെഷൽ ഗ്രേഡ് സെക്രട്ടറി)



വി.കെ. പീതാംബരൻ
(മെമ്പർ)



ടി.കെ ചൂലൻകുട്ടി
(മെമ്പർ)



ഫിലിപ്പ് പാമ്പാറ
(മെമ്പർ)



ജോയി അഗസ്റ്റിൻ
(മെമ്പർ)

ഗിരിജ ദേവദാസൻ
(മെമ്പർ)

ത്രേസ്യാമ്മ ജോസഫ്
(മെമ്പർ)

നിർമ്മല ഡൊമിനിക്
(മെമ്പർ)

എം. കെ. നസീമ
(മെമ്പർ)

സമർപ്പണം



കുടിയേറ്റത്തിന്റെ രണഭൂമിയിൽ
രക്തസാക്ഷികളായവരുടെ
ധീരസ്മരണകുമുമ്പിൽ
തെങ്ങുളീ ഗ്രന്ഥം സമർപ്പിക്കുന്നു.

ഉള്ളടക്കം

1.	ആമുഖം....	10
2.	പഞ്ചായത്ത് പൊതു വിവരണം	11
3.	സാമൂഹിക-സാസ്കാരിക ചരിത്രം	16
4.	സാമൂഹിക സാമ്പത്തിക മേഘലകൾ	25
4.1	കൃഷിയും ജലസേചനവും	26
4.2	മൃഗസംരക്ഷണവും മൽസ്യബന്ധനവും	36
4.3	വ്യവസായം, ടൂറിസം	41
4.4	വിദ്യാഭ്യാസം	51
4.5	കുടിവെള്ളവും പൊതുജനാരോഗ്യവും	57
4.6	ഗതാഗതം, ഊർജം, മാർക്കറ്റ്	72
4.7	പാർപ്പിടവും സാമൂഹ്യക്ഷേമവും	89
4.8	സംസ്ക്കാരം	100
4.9	വനിതാക്ഷേമം	109
4.10	സഹകരണം	112
4.11	പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം	117
4.12	വിഭവസമാഹരണം	123
5.	വനം	
6.	ഉപസംഹാരം	



ആമുഖം

അധികാരം ജനങ്ങളിലേക്ക്....
ജനങ്ങളുടെ പ്രശ്നങ്ങൾ ജന പങ്കാളിത്തത്തോടെ പരിഹരിക്കാൻ
അധികാരവും സമ്പത്തും ജനങ്ങൾക്ക്..
എട്ടു പഞ്ചവൽസര പദ്ധതികൾ എറെക്കുറെ കൊണ്ടാടിയെങ്കിലും
ഇന്നും ജനകീയപ്രശ്നങ്ങൾ ഏറെയാണ്.
സമ്പത്തിന്റെ കേന്ദ്രീകരണം ഒരു വശത്ത്
മറുവശത്ത് ദരിദ്രവൽക്കരണം ഏറി വരുന്നു.
പരിഹാരം-?

പദ്ധതികളുടെ ഗുണഭോക്താക്കൾ ആരാണോ

അവരുടെ പങ്കാളിത്തം കൂടി ആസൂത്രണത്തിലും നടത്തിപ്പിലും

ഉറപ്പു വരുത്തുക.

മുകളിൽ നിന്നും താഴോട്ടുള്ള ആസൂത്രണ പാരമ്പര്യത്തിൽ നിന്നും വ്യത്യസ്ഥമായി, ഗുണഭോക്താക്കളെയും ആസൂത്രകരെയും ഉദ്യോഗസ്ഥന്മാരെയും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരെയും സാങ്കേതിക വിദഗ്ധരെയും നാട്ടറിവുകാരെയും എല്ലാം കണ്ണിചേർക്കുന്ന ഒമ്പതാം പഞ്ചവൽസര പദ്ധതി.....

വികസനം എന്നത് സമ്പത്തിന്റെ ദ്രുതഗതിയിലുള്ളതും സ്ഥായിയായതും നീതിപൂർവ്വകവുമായ വിതരണവും വളർച്ചയുമാണ്. സമൂഹത്തിന്റെ വികസനത്തിൽ ഓരോ വ്യക്തിക്കും തന്റേതായ പങ്കാളിത്തം ഉണ്ടാവണം. വ്യക്തിയിൽ താൽപര്യം ജനിപ്പിച്ച്, വ്യക്തികളുടെ നാനാവിധങ്ങളായ കഴിവുകളെ പ്രോൽസാഹിപ്പിച്ച് അത് ഉപജീവനോപാധിയാക്കുവാൻ, അങ്ങനെ സ്വയം സമ്പൂർണ്ണങ്ങളായ സമൂഹങ്ങളെയും ഗ്രാമങ്ങളെയും വളർത്തിയെടുക്കുവാൻ സമൂഹത്തിനു കഴിയണം.

ഒമ്പതാം പദ്ധതി നടത്തിപ്പിന്റെയും ആസൂത്രണത്തിന്റേയും മുന്നോടിയായി നമ്മുടെ പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും സാമാന്യം നല്ല ജനപങ്കാളിത്തത്തോടെ ഗ്രാമസഭകൾ നടന്നു.പഞ്ചായത്തിലെ അദ്ധ്യാപകർ, ഉദ്യോഗസ്ഥന്മാർ, മറ്റു ജീവനക്കാർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ, ബഹുജന സംഘടനാപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, റിട്ടയർ ചെയ്ത പ്രഗൽഭർ, കർഷക കാരണവന്മാർ, ആദ്യകാല കുടിയേറ്റക്കാർ തുടങ്ങിയവരുടെയെല്ലാം ഒരുമിച്ചും വേറിട്ടുമുള്ള ചർച്ചകൾ, പഠനങ്ങൾ, പഠനക്ലാസ്സുകൾ ഇവയെല്ലാം ചുരുങ്ങിയ സമയത്തിനുള്ളിൽ സംഘടിപ്പിച്ചു.

നാട്ടറിവുകളെ വായ്മൊഴികളായും വരമൊഴികളായും ഞങ്ങൾ സംഘടിപ്പിച്ചു. കഴിയുന്നത്രലിഖിത രേഖകളും മറ്റും ശേഖരിച്ചു. ഓരോ വിഷയത്തിലും കഴിയുന്നത്ര ആഴത്തിലും വ്യാപ്തിയിലും നമ്മുടെ പഞ്ചായത്തിലെ കൃഷി, വ്യവസായം, ഊർജം, ജലസേചനം, പാർപ്പിടം, സാമൂഹ്യക്ഷേമം വനിതാക്ഷേമം, പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം ഗതാഗതം, വിദ്യാഭ്യാസം, സംസ്ക്കാരം, കായികം വിഭവ സമാഹരണം തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ പഠനങ്ങളുടെയും പരിശോധനകളുടെയും സംക്ഷിപ്തരൂപമാണ് ഈ വികസന റിപ്പോർട്ടിൽ ഉള്ളത്. ഓരോ വിഷയങ്ങളെ സംബന്ധിച്ചുമുള്ള ഞങ്ങളുടെ പഠനങ്ങൾ പൂർണ്ണമാണെന്ന അവകാശവാദമില്ല.

എല്ലാ വിഷയങ്ങലിന്മേലുമുള്ള നിങ്ങളുടെ ചർച്ചകളും നിർദ്ദേശങ്ങളും കൂട്ടിച്ചേർത്തെങ്കിൽമാത്രമേ നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം, പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ പൂർണ്ണമാവുകയുള്ളു.

ഈ ഉദ്യമം വിജയിപ്പിക്കാൻ, നിസ്വാർത്ഥമായി, രാവും പകലും ഞങ്ങളോടു സഹകരിച്ച വർ ഏറെയാണ്. പ്രത്യേകമായി ആരുടെയും പേര് എടുത്തു പറയുന്നില്ലെന്നുമാത്രം. ഈ സംരംഭത്തിന്റെ ഓരോ ഘട്ടത്തിലും സഹകരിച്ച മുഴുവനാളുകൾക്കും അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട്, വികസന സെമിനാറിനായി ഈ രേഖ ഞങ്ങൾ സന്തോഷത്തോടെ സമർപ്പിക്കുന്നു.

൨

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	തിരുവമ്പാടി
ബ്ലോക്ക് പഞ്ചായത്ത്	:	കൊടുവള്ളി
താലൂക്ക്	:	കോഴിക്കോട്
ജില്ല	:	കോഴിക്കോട്
അസംബ്ലിമണ്ഡലം	:	തിരുവമ്പാടി
പാർലമെന്റ് മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	83.96 ച.കി.മി
അതിരുകൾ	:	വടക്ക് വയനാട് ജില്ല കിഴക്ക് ചാലിയാർ പഞ്ചായത്ത് മലപ്പുറം ജില്ല, കൂടരഞ്ഞി പഞ്ചായത്ത് പടിഞ്ഞാറ്-ഇരുവത്തിപ്പുഴ തെക്ക് - കാരശ്ശേരി പഞ്ചായത്തും ഇരുവഞ്ഞിപ്പുഴയും
ജനസംഖ്യ.	:	23968 (91 ലെ സെൻസസ്)
പുരുഷന്മാർ	:	12094
സ്ത്രീകല	:	11874
അക്ഷരാഭ്യാസമുള്ളവർ	:	19365
പട്ടികജാതി ജനസംഖ്യ	:	1367
പട്ടികവർഗ്ഗ ജനസംഖ്യ	:	284
ആകെ വാർഡുകൾ	:	11
പ്രസിഡണ്ടിന്റെ പേര്	:	ശ്രീ. T.J. കുര്യാച്ചൻ
വൈ. പ്രസിഡണ്ടിന്റെ പേര്	:	ശ്രീ. Pഅബ്ദുസ്സമദ്
സ്റ്റാൻഡിംഗ് കമ്മറ്റി ചെ.ർമാൻ	:	ശ്രീ. ജോൺ ചാക്കോ

പഞ്ചായത്ത് ഭരണ ചരിത്രം

കോഴിക്കോട് ജില്ലയിലെ പ്രമുഖ കുടിയേറ്റ മേഖലയായ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് 1-1-1962-ൽ രൂപീകൃതമായി. ഇന്നത്തെ കൂടരഞ്ഞി പഞ്ചായത്തു കൂടി ഉൾപ്പെട്ടതായിരുന്നു ആദ്യകാല തിരുവമ്പാടി പഞ്ചായത്ത്. 1-1-1962 മുതൽ 31-12-1963 വരെ സ്പെഷൽ ഓഫീസറായിരുന്നു പഞ്ചാ യത്തിന്റെ ഭരണം നിർ വ്വഹിച്ചത്. 1-1-1964 ന് ശ്രീ. **M.T.** മാണി മുട്ടത്തു കുന്നേൽ പ്രസിഡണ്ടായുള്ള ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു. 8 വാർഡുകളാ യിരുന്നു അന്ന് ഉണ്ടായിരുന്നത്. ശ്രീ. **M.T.** മാണിമുട്ടത്തുകുന്നേൽ രാജിവെച്ചതി നെതുടർന്ന് 25-8-1966 നു ശ്രീ. **P.T.** വർഗ്ഗീസ് പനന്തോട്ടത്തിൽ പ്രസിഡണ്ടായി. 22-9-1969ന് പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് കൂടരഞ്ഞി പഞ്ചായത്ത് രൂപീകരിച്ചു. എന്നാൽ ഏതാനം നാളുകൾക്കുശേഷം കൂടരഞ്ഞിപഞ്ചായത്തിൽ ഉൾപ്പെടു ത്തിയ ഒന്നാം വാർഡ് വീണ്ടും തിരുവമ്പാടി പഞ്ചായത്തിനോട് കൂട്ടിച്ചേർത്തു.

ശ്രീ. **P.T** വർഗ്ഗീസ് പനന്തോട്ടത്തിൽ 14-11-76 ന് മരണപ്പെട്ടതിനെ തുടർന്ന് ശ്രീ. **P.J.** ജേക്കബ്പുത്തൻ പുരയെ 10-12-76 നു ആക്ടിംഗ് പ്രസിഡണ്ടായി ഗവർ മെണ്ട് നോമിനേറ്റ് ചെയ്തു.

പിന്നീട് 1-10-79 ന് ശ്രീ. **P.M.** ചിദംബരൻ പ്രസിഡണ്ടായി തെരഞ്ഞെടുക്ക പ്പെട്ട ഭരണസമിതി അധികാരത്തിൽ വന്നു. 19-10-84 നു പ്രസ്തുത ഭരണ സമിതി യുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 7-2-88 വരെ താലൂക്ക് പഞ്ചായത്ത് ഓഫീസർ സ്പെഷൽ ഓഫീസറായി ഭരണ നിർവ്വഹണം നടത്തി. 8-2-1988 ന് ശ്രീ. **A.M.** ജോസഫ് അരഞ്ഞാണിയിൽ പ്രസിഡണ്ടായുള്ള തെരഞ്ഞെ ടുക്കപ്പെട്ട പുതിയ ഭരണ സമിതി അധികാരത്തിൽ വന്നു. ശ്രീ.എ. എം ജോസഫ് രാജിവെ ച്ചതിനെ തുടർന്ന് അന്നത്തെ വൈസ് പ്രസിഡണ്ടായിരുന്ന ശ്രീ. ജോയിക്കുട്ടി ലൂക്കോസ് 3-4-1992 ന് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി 3-10-95 വരെ അധികാരത്തിൽ തുടർന്നു.

പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തെരഞ്ഞെടുപ്പ് 23-9-95 നു നടക്കുകയും 4-10-95 ന് ശ്രീ. **T.J.** കുര്യാച്ചൻ പ്രസിഡണ്ടായുള്ള നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വരികയും ചെയ്തു.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ



നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്
1.	തൊണ്ടിമ്മൽ അംഗൻവാടി	I
2.	ഗവ.എൽ.പി. സ്കൂൾ - തൊണ്ടിമൽ	I
3.	താഴെ തിരുവമ്പാടി അംഗൻവാടി	II
4.	പ്രാഥമിക ആരോഗ്യകേന്ദ്രം	II
5.	അംഗൻവാടി - മില്ലുമുക്ക്	II
6.	പോലീസ് സ്റ്റേഷൻ -തിരുവമ്പാടി	II
7A	സബ്ബ് പോസ്റ്റ് ഓഫീസ് തിരുവമ്പാടി	II
7.	സബ്ബ് പോസ്റ്റ് ഓഫീസ് തിരുവമ്പാടി	III
8.	മലനാട് മാർക്കറ്റിംഗ് സൊസൈറ്റി	III
9.	റീജണൽ സോയിൽ അനലറ്റിക്കൽ ലബോറട്ടറി	III
10.	പഞ്ചായത്ത് ബസ്സ്റ്റാൻഡ്	III
11.	P.W.D സെക്ഷൻ ഓഫീസ് -തിരുവമ്പാടി	III
12.	കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് ശാഖ	III
13.	ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം	III
14.	ഇംഗ്ലീഷ്മീഡിയം ഹൈസ്കൂൾ തിരുവമ്പാടി (അൺ എയ്ഡഡ്)	III
15.	സേക്രട്ട്ഹാർട്ട് ഹൈസ്കൂൾ തിരുവമ്പാടി	III
16.	തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്ക്	III
16A	ടെലഫോൺ എക്സ്ചേഞ്ച് തിരുവമ്പാടി	III
17.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവമ്പാടി - ശാഖ	III
18.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് തിരുവമ്പാടി	
18A	കുടുംബക്ഷേമ ഉപകേന്ദ്രം തിരുവമ്പാടി	V
19.	K.S.E.B സെക്ഷൻ ഓഫീസ് തിരുവമ്പാടി	III
20.	ഹൗസിംഗ് ബോർഡ് ഓഫീസ് - തിരുവമ്പാടി	III
21.	സേക്രട്ട്ഹാർട്ട് യു.പി. സ്കൂൾ-തിരുവമ്പാടി	
22.	തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസ്	III
23.	സബ്ബ് ട്രഷറി തിരുവമ്പാടി	III
24.	വില്ലേജ് ആഫീസ് തിരുവമ്പാടി	III
25.	റീജണൽ സഹകരണ ആയുർവ്വേദ ആസ്പത്രി തിരുവമ്പാടി	V
26.	ഗവ.ഹോമിയോ ഡിസ്പെൻസറി -തിരുവമ്പാടി	V
27.	ഗവ.മൃഗാസ്പത്രി - തിരുവമ്പാടി	V
28.	കൃഷിഭവൻ - തിരുവമ്പാടി	V
29.	തമ്പലമണ്ണ പോസ്റ്റോഫീസ് - ഇരുമ്പകം	IV
30.	തമ്പലമണ്ണ അംഗൻവാടി	IV

31	ചെങ്ങോം അംഗൻവാടി-അത്തിപ്പാറ	IV
32	സെൻറ് ജോസഫ് ഹൈസ്ക്കൂൾ പുല്ലൂരാം പാറ	VIII
33	സെൻറ് ജോസഫ്സ്.യു.പി.സ്ക്കൂൾ.പുല്ലൂരാം പാറ	VIII
34	പുല്ലൂരാം പാറ പോസ്റ്റ് ഓഫീസ്	VIII
35	തിരുവമ്പാടി സർവ്വീസ് സഹകരണബാങ്ക് പുല്ലൂരാംപാറ	VIII
36	സൗത്ത് ഇൻഡ്യൻ ബാങ്ക്-പുല്ലൂരാംപാറ-ശാഖ	VIII
37	ടെലഫോൺ എക്സ്ചേഞ്ച്-പുല്ലൂരാംപാറ	VIII
38	കുടുംബക്ഷേമ ഉപകേന്ദ്രം-പുല്ലൂരാംപാറ	VIII
39	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്-പുല്ലൂരാംപാറ	VIII
40	ക്ഷീരോപ്പാദക സഹകരണസംഘം-പുല്ലൂരാംപാറ	VIII
41	**S.N.L.P.** സ്ക്കൂൾ.പൊന്നാങ്കയം	
42.	പോസ്റ്റോഫീസ് പൊന്നാങ്കയം	VIII
43.	അംഗൻവാടി- പൊന്നാങ്കയം	VII
44.	അംഗവൻവാടി - അംഗൻവാടി പുല്ലൂരാംപാറ	IX
45.	അംഗവൻവാടി - മേലെ പൊന്നാങ്കയം	VII
46.	ഗവ.എൽ.പി. സ്കൂൾ-ആനക്കാംപൊയിൽ	X
47.	സെൻറ് മേരീസ് യു.പി. സ്കൂൾ ആനക്കാംപൊയിൽ	X
48.	ഗവ.മൃഗാസ്പത്രി ആനക്കാംപൊയിൽ	X
49.	ക്ഷീരോല്പാദക സഹകരണസംഘം - ആനക്കാംപൊയിൽ	X
50.	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് - ആനക്കാംപൊയിൽ ശാഖ	X
51	പോസ്റ്റോഫീസ് - ആനക്കാംപൊയിൽ	XI
52	അംഗൻവാടി - ആനക്കാംപൊയിൽ	XI
53.	പോസ്റ്റോഫീസ്- മുത്തപ്പൻ പുഴ	XI
54.	സെൻറ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ-മുത്തപ്പൻപുഴ	XI
55.	അംഗൻവാടി - മുത്തപ്പൻപുഴ	XI
56.	കുടുംബക്ഷേമ ഉപകേന്ദ്രം - മുത്തപ്പൻപുഴ	XI
57.	അംഗൻവാടി - ചവലപ്പാറ	V
58.	അംഗൻവാടി - പാമ്പിഴഞ്ഞപ്പാറ	V
59.	സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ - പുന്നക്കൽ	VI
60.	പോസ്റ്റോഫീസ് പുന്നക്കൽ	VI
61.	എ.എ.എം. എൽ.പി. സ്കൂൾ - പുന്നക്കൽ	VI
62.	സെൻറ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ - പുന്നക്കൽ	VI
63.	ക്ഷീരോല്പാദക സഹകരണ സംഘം - പുന്നക്കൽ	VI
64.	അംഗൻവാടി - പുന്നക്കൽ	VI
65.	അംഗൻവാടി - ഓളിക്കൽ	VI

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

(അവലംബം: വില്ലേജ് സെറ്റിൽമെന്റ് റജിസ്റ്റർ കാർഷിക കാരണവന്മാരുമായി നടത്തിയ ചർച്ച)

ഈ സ്റ്റാൻഡിന്റെ ആരംഭം മുതൽ തിരുവമ്പാടി പഞ്ചായത്തിലെ പെരുപ്ര, മരക്കാട്ടുപുറം അതിനോട് ചേർന്ന് താഴെ തിരുവമ്പാടി എന്നീ ദേശങ്ങളിൽ ജനവാസമുണ്ടായിരുന്നു. 1931ലെ റവന്യൂ സെറ്റിൽമെന്റ് രേഖ പ്രകാരം ഇവിടുത്തെ ആകെ ജനസംഖ്യ 531 ആയിരുന്നു. (ഹിന്ദു 482, മുസ്ലീം 49). ഈ പ്രദേശത്തിന്റെ ആദ്യകാല ചരിത്രം അറിയുന്ന പലരും ഇന്നു ജീവിച്ചിരിപ്പുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വയനാട്ടിൽ നിന്ന് താമരശ്ശേരി - വഴി കടന്ന് വന്ന പട്ടാളക്കാർ തിരുവമ്പാടിയിലൂടെ കടന്നുപോയതായിട്ടാണ് പഴമക്കാർ പറയുന്നത്. നശിപ്പിക്കപ്പെട്ട പല അമ്പലങ്ങളുടെയും അവശിഷ്ടങ്ങൾ ഇതിന് തെളിവാണ്. അതുകൊണ്ടു തന്നെ ഈ പ്രദേശം 19ാം നൂറ്റാണ്ടിലും ജനവാസമുള്ളതായിരുന്നുവെന്ന് മനസിലാവുന്നു. ശത്രുക്കളെ പേടിച്ച് ഒളിവിൽ പോയ പഴശ്ശിരാജ ആനക്കാം പൊയിലിൽ തേൻപാറയിലുള്ള ഗുഹകളിൽ ഒളിച്ചു താമസിച്ചതായി പറയപ്പെടുന്നു. തിരുവമ്പാടിയിൽ നിലവിലുണ്ടായിരുന്ന ശ്രീകൃഷ്ണക്ഷേത്രവുമായി ബന്ധപ്പെട്ടായിരിക്കാം തിരുവമ്പാടി എന്ന പേര് വന്നത്. വളരെ പ്രാചീന കാലം മുതൽ ഈപേര് നിലവിലുണ്ട്.

കോടുയം രാജസ്വരൂപത്തിന്റെ ആധിപത്യത്തിലായിരുന്നു ഈ പ്രദേശം നിലനിന്നിരുന്നത്. രാജസ്വരൂപം രൂപീകരിച്ച തളികളിൽപ്പെടാത്ത സ്ഥലമായിരുന്നതിനാൽ സ്ഥലം നോക്കി നടത്തുന്നതിന് രവങ്ങി രൂപീകരിച്ചു നാട്ടുകൂട്ടത്തിന്റെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മണ്ണിലേടത്തുകാർക്ക് നായർ സ്ഥാനം രാജാവ് കല്പിച്ചു നല്കി കൈവശാവകാശം വിട്ടുകൊടുത്തു. മണ്ണിലേടത്ത് നാട്ടുകൂട്ടത്തിന്റെ സേനാധിപതിമാരായിരുന്നു കല്പകശ്ശേരി നായന്മാർ. ഇവർ ക്രമേണ ഈ പ്രദേശത്തിന്റെ വലിയൊരു ഭാഗത്തിന്റെ ജന്മിമാരായി. ഈ നാട്ടുകൂട്ടത്തിന്റെ അവസാനത്തെ അധിപനായിരുന്നു മണ്ണിലേടത്ത് വലിയ രാമനുണ്ണി നായർ (1940കളിൽ)

ഈ പ്രദേശത്തെ ആദ്യകാല ഹൈന്ദവ വിഭാഗത്തിൽ നായർ, തിയ്യർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉണ്ടായിരുന്നു. കീഴ്ജാതിക്കാർ കല്പകശ്ശേരിക്കാരുടെ അടിയാളന്മാരായിരുന്നു മാറു മറയ്ക്കാത്ത പട്ടികജാതി സ്ത്രീകളും വസ്ത്രം ധരിക്കാത്ത ചോലനായ്ക്കൻമാരും സമൂഹവുമായി ബന്ധപ്പെടാത്ത മലയർ എന്ന ഗിരി വർഗ വിഭാഗവും ഇവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. തിരുവമ്പാടിയിലെ പ്രാചീന ഭൂമി സംബന്ധമായ രേഖകൾക്ക് ആധാരം മാക് മൈക്കളിന്റെ നേതൃത്വത്തിൽ 1905ൽ നടത്തിയ സർവേ റിക്കാർഡുകളാണ് ഇവ ഇന്നും കോഴിക്കോട് റീജ്യണൽ ആർക്കൈവ്സിൽ ലഭ്യമാണ്. അന്നത്തെ തിരുവമ്പാടി വില്ലേജിൽ ഇന്നത്തെ കൂടരഞ്ഞി, കോടഞ്ചേരി, നെല്ലിപ്പൊയിൽ വില്ലേജുകൾ കൂടി ഉൾപ്പെട്ടിരുന്നു. ഇന്നത്തെ തിരുവമ്പാടി റവന്യൂ വില്ലേജാണ് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പരിധി.

ആദ്യ കാലത്ത് ജനവാസമുണ്ടായിരുന്ന പ്രദേശങ്ങളിലെ പ്രധാന വിളകൾ നെല്ല്, കവുങ്ങ്, തെങ്ങ് പന എന്നിവയായിരുന്നു. ഈ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ ഭൂരിഭാഗവും വനപ്രദേശമായിരുന്നു. വനത്തിൽ നിന്ന് ഏലം, കുന്തിരിക്കം, മെഴുക്, പനം, കോലരക്ക്, കാട്ടുകുരുമുളക്, നാര്, മുള, ഈറ്റ, ചന്ദനം എന്നിവ സുലഭമായി ലഭിക്കുമായിരുന്നു. അന്നത്തെ ആദിവാസികളും പട്ടികജാതിക്കാരും ഇവയെല്ലാം ശേഖരിച്ച് മുക്കം അങ്ങാടിയിൽ എത്തിക്കുമായിരുന്നു. ഇതിന് പ്രതിഫലമായി അവർക്ക് ലഭിച്ചിരുന്നത് വെറ്റില, പുകയില്ല, അടയ്ക്കാ തുടങ്ങിയവയായിരുന്നു. ആ കാലഘട്ടത്തിൽ വൻതോതിൽ സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതി ഈ പ്രദേശവുമായി ബന്ധപ്പെട്ട് നടന്നിരുന്നു.

ഇന്നത്തെ തിരുവമ്പാടി ടൗൺ പ്രദേശം 'നായരു കൊല്ലി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മലബാർ കലാപ കാലത്ത് പട്ടാളക്കാർ ചാത്തമംഗലത്തുകാരൻ അപ്പു നായർ എന്നയാളെ വെടിവെച്ചു കൊന്നതിനെത്തുടർന്നാണ് നായരുകൊല്ലി എന്നപേര് വന്നതെന്ന് പഴമക്കാർ പറയുന്നു.

മറിച്ച് നായരെ കാട്ടാന ചവിട്ടിക്കൊന്നതുകൊണ്ടാണ് "നായരു കൊല്ലി" എന്ന പേരുവന്നത് എന്ന വിശ്വാസവും നിലവിലുണ്ട്. അക്കാലത്ത് ജീവരക്ഷാർത്ഥം വനത്തിലേക്ക് ഓടിപ്പോയ ആളുകളെ പിന്തുടർന്ന് പട്ടാളക്കാർ ഇന്നത്തെ അത്തിപ്പാറ വരെ പോയതായി പറയപ്പെടുന്നു. ഇന്നത്തെ വില്ലേജ് ഓഫീസിന് മുൻപിലുള്ള പാറയിൽവെച്ച് ചാമുണ്ഡി എന്ന ഒരു ആദിവാസിയെ പട്ടാളം വെടിവെച്ചുകൊന്നതിന്റെ ഫലമായി ആ പാറ ചാമുണ്ഡിപ്പാറ എന്നപേരിൽ ദീർഘകാലം അറിയപ്പെട്ടിരുന്നു. അക്കാലത്ത് പട്ടാളത്തെ പേടിച്ച് മാസങ്ങളോളം വനത്തിൽ ഒളിച്ചു താമസിച്ചിരുന്ന അരിമ്പ്ര മുഹമ്മദിനെപ്പോലുള്ള ആളുകൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

ഹിന്ദുമതത്തിലെ അവാന്തര വിഭാഗങ്ങൾ തമ്മിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. എന്നാൽ ഹൈന്ദവരും മുസ്ലീംങ്ങളും തമ്മിൽ മതപരമായ സ്പർദ്ധ നിലനിന്നിരുന്നില്ല. മരണാനന്തര ചടങ്ങുകളിലോ, വിവാഹ ചടങ്ങുകളിലോ പരസ്പരം കൂടിച്ചേരലുകൾ ഇവർക്കിടയിൽ ഉണ്ടായിരുന്നില്ല. ഹൈന്ദവരുടെ പ്രധാനപ്പെട്ട ആരാധനാലയം തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രവും, കല്പകശ്ശേരിക്കാരുടെ വക മുതിയോട്ടുമ്മൽ ക്ഷേത്രവുമായിരുന്നു. ഹരിജനങ്ങൾക്ക് തേറു പറമ്പത്ത് പേനക്കാവിൽ തിറ ഉത്സവം സംഘടിപ്പിക്കുവാൻ പ്രത്യേകം സ്ഥലമുണ്ടായിരുന്നു. മുതിയോട്ടുമ്മൽ ക്ഷേത്രത്തിലെ ഉത്സവത്തിൽ ഹരിജനങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങൾ പങ്കെടുത്തിരുന്നു. ഉത്സവത്തിൽ പങ്കെടുക്കുവാൻ ചെല്ലുന്നവർ ജന്മിമാർക്ക് കണ്ട് കാഴ്ച നല്കുകയും തിരിച്ച് അവർക്ക് വസ്ത്രം നല്കുകയും ചെയ്യുന്ന പതിവ് നിലവിലുണ്ടായിരുന്നു.ഈ പ്രദേശത്തെ മുഴുവൻ ആളുകൾ പങ്കെടുക്കുന്ന പ്രധാനപ്പെട്ട ഒരു ആഘോഷമായിരുന്നു മുക്കം പഞ്ചായത്തിൽപ്പെട്ട വട്ടോളിപ്പറമ്പ് എന്ന സ്ഥലത്ത് നടത്തിയിരുന്ന 'വട്ടോളിപാട്ട്' എല്ലാ വർഷത്തിലേയും മീന മാസത്തിലെ ആദ്യ ഞായറാഴ്ചതുടങ്ങി ഏഴ് ദിവസമാണ് പാട്ട് നടത്തിയിരുന്നത്. മണ്ണിലേടത്ത് കുടുംബക്കാരായിരുന്നു ഇത് സംഘടിപ്പിച്ചിരുന്നത്.

മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവർ ആദ്യകാലത്ത് എണ്ണത്തിൽ വളരെ കുറവായിരുന്നതിനാൽ പ്രാർത്ഥനക്കും മറ്റ് ചടങ്ങുകൾക്കുമായി കൊടിയത്തൂർ, മുക്കം, ഓമശ്ശേരി എന്നിവിടങ്ങളിലെ പള്ളികളെയാണ് ആശ്രയിച്ചിരുന്നത്. ആദ്യകാലത്തെ മുസ്ലീം കുടുംബങ്ങളിൽ കപ്പലാട്ട് കുടുംബം വളരെ പ്രബലമായിരുന്നു. ഇവരുടെ കീഴിൽ ധാരാളം അടിയാളരും ഉണ്ടായിരുന്നു. 1922ലാണ് തിരുവമ്പാടിയിലെ ആദ്യ മുസ്ലീം പള്ളി പ്രവർത്തനം ആരംഭിച്ചത്. ഈ പള്ളി സ്ഥാപിക്കുന്നതിന് വേണ്ടി മുൻകൈയെടുത്ത് പ്രവർത്തിച്ചത് കൊയപ്പത്തൊടി മുഹമ്മതുകുട്ടി അധികാരിയാണ്. ദേശീയ വിമോചന പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ കല്പകശ്ശേരി കുട്ടികൃഷ്ണൻ നായർ,കെ. കെ. ഉണ്ണികുട്ടി,രാരുക്കുട്ടി,ഇമ്പിച്ചിതിയ്യൻ ആരാപുറത്തം കോരു,പാലക്കാടൻ കോയാമു,ഇമ്പിച്ചി അഹമ്മദ്,താളത്തിൽ ഉമ്മർ തുടങ്ങിയവർ സജീവമായി പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ ഭാഗമായി മുക്കം, കുറ്റിമംഗലം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ നടത്തപ്പെട്ട പ്രക്ഷോഭ പരിപാടികളിൽ ഇവരെല്ലാം പങ്കെടുത്തിട്ടുണ്ട്. 1947 ആഗസ്റ്റ്15ന് താഴെ തിരുവമ്പാടിയിൽ ആറാംപുറത്ത് കോരു പതാക ഉയർത്തി. ഈ പ്രദേശത്തുകാർ ആദ്യമായി പങ്കെടുത്ത തെരഞ്ഞെടുപ്പ് മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കുള്ളതായിരുന്നു. നികുതി അടയ്ക്കുന്നവർക്ക്മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളു. ഈ പ്രദേശത്തുകാർ ആദ്യമായി പങ്കെടുത്ത തെരഞ്ഞെടുപ്പ് മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കുള്ളതായിരുന്നു. തിരുവമ്പാടി പ്രദേശത്ത് ആദ്യമായി കച്ചവടം ആരംഭിച്ചത് ചെറുവാടി സ്വദേശിയായ കുട്ട്യസൻ എന്നയാളായിരുന്നു.

വിദ്യാഭ്യാസമേഖലയിൽ ഈ പ്രദേശത്ത് കൽപ്പകശ്ശേരി ജന്മിമാർ സ്ഥാപിച്ച നന്താനശ്ശേരി സ്ക്കൂളായിരുന്നു ആദ്യ സ്ഥാപനം. 4ാം തരം വരെ പഠിക്കുന്നതിനുള്ള സൗകര്യം ഈ സ്ക്കൂളിനുണ്ടായിരുന്നു. നാമമാത്രമായ കുട്ടികൾ മാത്രമെ ഈ സ്ക്കൂളിൽ പഠിച്ചിരുന്നുള്ളു. പുറമെ നിന്ന് വന്ന അദ്ധ്യാപകർ ജന്മിയുടെ വീട്ടിൽ താമസിച്ച് കുട്ടികളെ പഠിപ്പിച്ചിരുന്നു. പ്രതിഫലമായി ജന്മിമാർ നല്കുന്ന ഭക്ഷണവും ചുരുങ്ങിയ പണവുമായിരുന്നു അവർക്ക് വേതനമായി ലഭിച്ചിരുന്നത്. ഈ സ്ക്കൂളിന്റെ നടത്തിപ്പിന് വേണ്ടി ചെറിയ ചിലവ് മദ്രാസ് ഗവൺമെന്റ് ജന്മിമാർക്ക് നൽകിപ്പോന്നിരുന്നു. ഈ സ്ക്കൂളിൽപഠിച്ച നിരവധി പേർ ഇന്നും ഈ പ്രദേശത്ത് ജീവിച്ചിരിപ്പുണ്ട്. ഈ സ്ഥാപനമായിരുന്നു തിരുവമ്പാടിയിലെ ആദ്യവിദ്യാഭ്യാസ സ്ഥാപനം. ജനങ്ങൾ പൊതുവെ ആരോഗ്യവാൻമാരായിരുന്നു. പനി ആയിരുന്നു പൊതുവെ ഉണ്ടായിരുന്ന രോഗം. നാട്ടു വൈദ്യൻമാരായിരുന്നു പ്രധാന ആശ്രയം. ഇവരിൽ പ്രമുഖർ കോരു വൈദ്യർ, ഇമ്പിച്ചിവൈദ്യർ എന്നിവരായിരുന്നു. ആനക്കും ഇവർ ചികിത്സിച്ചിരുന്നു. അന്നത്തെ പോലീസ് സ്റ്റേഷൻ താമരശ്ശേരിയിലായിരുന്നു. ഒരു കള്ളുഷാപ്പ് നിലവിൽ ഉണ്ടായിരുന്നു.

പ്രദേശവാസികളായവർക്ക് ജന്മിമാർ ഭൂമി നൽകിയിരുന്നതു പാട്ട വ്യവസ്ഥയിലായിരുന്നു. പാട്ടം ഉല്പന്നമായും, പണമായും നൽകുന്ന രീതി നിലവിലുണ്ടായിരുന്നു. ഈ വ്യവസ്ഥ വെച്ച് കൊണ്ടാണ് കാണാധാരം ചെയ്തു ഭൂമി കൊടുത്തിരുന്നത്. വിശേഷാവസരങ്ങളിലാണ് കുടിയാന്മാർ ജന്മിമാർക്ക് പാട്ടം ഉൾപ്പെടെയുള്ള കണ്ടു കാഴ്ചകൾ നല്കി

യിരുന്നത്. അരി, പപ്പടം, തുടങ്ങിയ സാധനങ്ങൾ ജന്മിമാർ തിരിച്ചു നല്കിയിരുന്നു. പാട്ടുക്കുടിശ്ശിക വരുത്തുന്ന വരെ കൃഷിഭൂമിയിൽ നിന്നും ഒഴിവാക്കി പുതിയ വനഭൂമി കൃഷിക്കായി ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഭൂമിയുടെവില 5 രൂപ മുതൽ 50 രൂപ വരെയായിരുന്നു. ജന്മിമാരുടെ നടവൻമാരായിരുന്നു പാട്ടം പിരിക്കുന്നതിന് ചുമതലപ്പെട്ടവർ. ഇപ്പോഴത്തെ തിരുവമ്പാടി റബ്ബർ എസ്റ്റേറ്റ് കല്ലുകശ്ശേരി ഗോവിന്ദൻകുട്ടിനായർ കുത്തകപാട്ടം കരാർ വ്യവസ്ഥയിൽ ബ്രിട്ടീഷുകാർക്ക് നൽകിയതാണ്. ഈ എസ്റ്റേറ്റിലാണ് തിരുവമ്പാടി പഞ്ചായത്തിൽ ട്രെയിഡ് യൂണിയൻ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചത്. എന്നാൽ തിരുവമ്പാടി പഞ്ചായത്തിൽ അല്ല താനും. ശ്രീ. ടി. ചാത്തു, ശ്രീ കെ. കെ. ഉണ്ണിക്കുട്ടി, ശ്രീ.ടി. വി. തോമസ്, ശ്രീ. കെ. ടി. കുഞ്ഞൻ, ശ്രീ. എ. എം. ഹുസൈൻകുട്ടി എന്നിവരാണ് ആദ്യകാല ട്രെയിഡ് യൂണിയൻ പ്രവർത്തകർ.

1920-കളുടെ ആദ്യം മുതൽ ഇട ജന്മിമാരിലേക്ക് ഭൂമി കൈമാറ്റം തുടങ്ങി. കൊയപ്പ തൊടി അഹമ്മദ് കുട്ടി ഹാജി, കറ്റ്യാട്, മുണ്ടമല, കലവറ ഭാഗങ്ങളും, കൊയപ്പുറത്ത് കുഞ്ഞമ്മദ് ഹാജി ഒറ്റപ്പൊയിൽ, വടക്കേ നമ്പിപ്പറ്റ മലവാരവും വയലിൽ മമ്മദ്ഹാജി, പുന്നക്കൽ ഭാഗവും എൻ. സി. കോയക്കുട്ടിഹാജി തുണ്ടുർക്കണ്ടി, കക്കുണ്ട് ഭാഗവും, കെ. പി. ചോയി പൊന്നങ്കയം ഭാഗവും പറശ്ശേരി ഹജ്ജുമ്മ പുല്ലൂരാംപാറ കൊടക്കാട്ടുപാറ ഭാഗവും, പറശ്ശേരി ബീരാൻക്കുട്ടിഹാജി നടക്കണ്ടം, കൊയപ്പ തൊടി മോയിൻ കുട്ടിഹാജി, പുല്ലൂരാംപാറ മുതൽ ഇടത്തറ വരെയുള്ള പ്രദേശങ്ങളും ഭാഗവും ഓടച്ചാർത്ത് എന്ന പേരിൽ അറിയപ്പെട്ട പാട്ട വ്യവസ്ഥയിൽ ഭൂമി കൈവശമാക്കി.

രണ്ടാം ലോകമഹായുദ്ധവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ മേഖലയിൽ ഉണ്ടായ കൊടും ദാരിദ്ര്യവും, സാമ്പത്തിക മാന്ദ്യവുമാണ് മലബാർ മേഖലയിലേക്കുള്ള വൻ തോതിലുള്ള കുടിയേറ്റത്തിലേക്ക് കർഷകരെ നയിച്ചത്. യുദ്ധത്തിന്റെ ദുരിതങ്ങൾ മൂലം "പനം കുരുക്ക്" പോലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നെൽകൃഷി ചെയ്യാനുള്ള അഭിനിവേശവുമായിട്ടാണ് കർഷകർ കുടിയേറ്റം ആരംഭിച്ചത്. ചട്ടയും, അടുക്കിട്ട മുണ്ടും ഉടുത്ത്, കുനുക്കിട്ട ക്രിസ്ത്യൻസ്ത്രീകൾ തദ്ദേശ്യരിൽ അത്ഭുതം ഉളവാക്കിയിരുന്നു.

തിരുവമ്പാടിയുടെ ചരിത്രത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത് മധ്യ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തോടുകൂടിയാണ്. 1944 മുതലാണ് കുടിയേറ്റക്കാർ സ്ഥിരമായി താമസം തുടങ്ങിയത്. 1942ൽ വൈക്കത്തിന് സമീപമുള്ള വടയാർ പ്രദേശി ചക്കുകൽ ജോസഫ്വക്കീൽ എന്നയാളാണ് തിരുവമ്പാടിയിൽ ആദ്യമായി സ്ഥലം വാങ്ങിയത്. അതേ കൊല്ലം തന്നെ പുളിങ്കുന്നുകാരനായ കെ. സി. മൈനാൻ വക്കീലും ഇവിടെ സ്ഥലം വാങ്ങി. കാടുതെളിച്ച് കൃഷി ആരംഭിച്ചതോടുകൂടി മലമ്പനി ബാധിച്ചു. ചികിത്സ ലഭിക്കാതെ അദ്യകാല കുടിയേറ്റക്കാർപലരും മരിച്ചു. വന്യ മൃഗങ്ങളുടെ നിരന്തരമായ ഭീഷണിയെ അതിജീവിച്ചാണ് കുടിയേറ്റക്കാർ കൃഷിയിറക്കുകയും താമസിക്കുകയും ചെയ്തത്. വൻ മരങ്ങളുടെയും മുളങ്കൂട്ടങ്ങളുടെയും മുകളിൽ ഏറുമാടം കെട്ടിയാണ് താമസിച്ചിരുന്നത്,ചില കുടിയേറ്റക്കാർ തദ്ദേശവാസികളോടൊപ്പം താമസിച്ചാണ് കൃഷി ചെയ്തിരുന്നത്. അക്കാലത്ത് ഇവിടെയും സമീപപ്രദേശങ്ങളിലുമുണ്ടായിരുന്ന പട്ടികജാതിക്കാരും തിയ്യരുമായിരുന്നു പ്രധാന കർഷകത്തൊഴിലാളികൾ. കുടിയേറ്റ കർഷകർക്ക് കല്ലുമാലയും, കാശുമാലയും, തോടയും അണിഞ്ഞ , മാറുമറയ്ക്കാത്ത ഹരിജൻ സ്ത്രീകൾ ഒരു പുതുമയായിരുന്നു. കാട് തെളിഞ്ഞതോടുകൂടി തിരുവമ്പാടി പട്ടണ പ്രദേശത്ത് താമസിച്ചിരുന്ന ആദിവാസികൾ ഉൾക്കാടുകളിലേക്ക് കുടി മാറി. വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചപ്പോൾ കൃഷി രക്ഷിക്കാൻ വേണ്ടി കർഷകർ അഗ്നികൂട്ടിയും തോട്ട പൊട്ടിച്ചും, നാടൻ തോക്ക് ഉപയോഗിച്ച് വെടിവെച്ചും ഇവയെ ആട്ടിയോടിച്ചു.

ആദ്യകാലത്ത് കൃഷി ചെയ്തിരുന്ന പ്രധാന വിളകൾ കപ്പ, നെല്ല് എന്നിവയായിരുന്നു. കാട് വെട്ടിത്തെളിച്ച് ഫലഭൂയിഷ്ഠമായ മണ്ണിൽ ഇവ നൂറ് മേനി വിളഞ്ഞിരുന്നു. വളരെപ്പെട്ടെന്ന് ആദായം ലഭിക്കുന്ന വിളകൾ ഉണ്ടാക്കേണ്ടത് കൃഷിക്കാർക്ക് ആവശ്യവുമായിരുന്നു. ഭക്ഷ്യ ആവശ്യത്തിനും താല്ക്കാലിക സാമ്പത്തിക ലാഭത്തിനുംവേണ്ടി ഇവ കൃഷി ചെയ്തിരുന്ന കർഷകർ,സ്ഥായിയായ വരുമാനത്തിന് വേണ്ടി തെരുവപുല്ല്,രാമച്ചം എന്നിവ കൃഷി ചെയ്തു തുടങ്ങി. അതോടൊപ്പം ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ്, കുരുമുളക് എന്നിവയും കൃഷി ആരംഭിച്ചു. വർദ്ധിച്ച കൂലിച്ചിലവും മാർക്കറ്റിലെ മാന്ദ്യവും തെരുവപ്പുല്ല് രാമച്ചം എന്നീ കൃഷികളെ ആദായകരമല്ലാത്ത അവസ്ഥയിലെത്തിച്ചതിനെതുടർന്ന് കർഷകർ ക്രമേണ റബ്ബർ കൃഷിയിലേക്ക് മാറി. മദ്ധ്യ തിരുവിതാംകൂറിൽ നിന്നും കുടിയേറിയ കൃഷിക്കാർ റബ്ബർ കൃഷിയുടെ സാദ്ധ്യതകളെപ്പറ്റി ബോധവാന്മാരായിരുന്നു. കൃഷി മേഖലയിലെ തൊഴിൽസാധ്യത വർദ്ധിച്ചതോടുകൂടി ഇന്നത്തെ മലപ്പുറം ജില്ല, പാലക്കാട് ജില്ല എന്നിവിടങ്ങളിൽ നിന്നും ധാരാളം കർഷകത്തൊഴിലാളികൾ ഇവിടെ എത്തിച്ചേർന്നു. മലപ്പുറം ജില്ലയിൽ നിന്ന് വന്ന മുസ്ലീം ജനത, ജോലിയോടൊപ്പം സ്ഥിരതാമസവും ഇവിടെ ആരംഭിച്ചു.

ദേശീയ വിമോചന പ്രസ്ഥാനം കൊടുമ്പിരികൊണ്ടി

രുന്ന കാലത്താണ് തിരുവമ്പാടിയിലേക്ക് കുടിയേറ്റം ആരംഭിച്ചത് ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഒട്ടനവധി അനുഭവങ്ങളുമായാണ് കുടിയേറ്റക്കാർ കടന്നുവന്നതെങ്കിലും പ്രതികൂല പരിസ്ഥിതികളും കടുത്ത യാത്രാക്ലേശവും മൂലം ഈ മേഖലയിൽ ദേശീയ പ്രസ്ഥാനത്തിന്റെ ചലനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഭൂമി ഇടപാടിലും യാത്രാ മേഖലകളിലും അക്കാലത്തും ഇടനിലക്കാരുടെ ചൂഷണം നിലവിലുണ്ടായിരുന്നു. നിത്യോപയോഗവസ്തുക്കൾ എത്തിക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾ കോഴിക്കോട്ട് എത്തിക്കുന്നതിനും ജലഗതാഗതം മാത്രമാണ് ആശ്രയമുണ്ടായിരുന്നത്. പൊയിലിങ്ങാപുഴയിലൂടെ പുന്നക്കൽ ഊട്ടുപുരയിലും ഇരുവഞ്ഞിപ്പുഴ, കാളിയാമ്പുഴ ഇവയിലൂടെ പുല്ലൂരാംപാറ പൊന്നങ്കയം എന്നീ പ്രദേശങ്ങളിലും സാധനങ്ങൾ എത്തിച്ചിരുന്നു.

കുടിയേറ്റക്കാർ വിവിധ ജാതി മതസ്ഥരായിരുന്നുവെങ്കിലും പൊതുവെ എല്ലാവരും സൗഹാർദ്ദത്തിലാണ് വർത്തിച്ചിരുന്നത്. സാമുദായികമായ ചേരിതിരിവുകളോ കലാപങ്ങളൊ തിരുവമ്പാടിയിൽ ഉണ്ടായിട്ടില്ല.

വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ച, തിരുവിതാംകൂർ ഭാഗത്ത് നിന്നുണ്ടായ കുടിയേറ്റം ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലെ മുന്നേറ്റത്തിന് കാരണമായിത്തീർന്നു. ഈമേഖലയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം 1947ൽ തിരുവമ്പാടിയിൽ പ്രവർത്തനമാരംഭിച്ച സേക്രട്ട്ഹാർട്ട് യു. പി. സ്കൂൾ ആയിരുന്നു. 1951ൽ പൊന്നാങ്കയത്ത് എസ്. എൻ. മിഷൻ വകയായി ഒരു എൽ. പി. സ്കൂളും, 1952ൽ പുല്ലൂരാംപാറ കേന്ദ്രമാക്കി എൽ. പി. സ്കൂളും 1955ൽ ജൂലൈ 9ന് തിരുവമ്പാടിയിൽ സേക്രട്ട് ഹാർട്ട് ഹൈസ്കൂളും പ്രവർത്തനം ആരംഭിച്ചു. മുകളിൽപ്പറഞ്ഞ വിദ്യാലയങ്ങളുടെസ്ഥാപനത്തിൽ ക്രൈസ്തവ പുരോഹിതന്മാരും,ശ്രീ നാരായണ പ്രസ്ഥാനവും വഹിച്ച പങ്ക് പ്രത്യേകം സ്മരണീയമാണ്. ക്രൈസ്തവ, ഹൈന്ദവ, ആരാധനാലയങ്ങളും ഇതോടൊപ്പം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്ഥാപിക്കപ്പെട്ടു. 1950കളുടെ മദ്ധ്യത്തിൽ തന്നെ തിരുവമ്പാടിയിൽ ഒരു പബ്ലിക്ക് ലൈബ്രറിയും അതിനോടനുബന്ധമായി സ്പോർട്സ് ക്ലബ്ബും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിരുന്നു.

ആദ്യകാല കുടിയേറ്റക്കാർക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമായിരുന്നത് കോഴിക്കോട്ട് പട്ടണത്തിൽ നിന്നായിരുന്നു. കിലോമീറ്ററുകൾ കാൽനടയായി സഞ്ചരിച്ച് മുക്കത്ത് എത്തി അവിടെ നിന്നും സി. ഡബ്യു. എം. എസ്. കമ്പനി വകയായി ഉണ്ടായിരുന്ന 2 ബസുകളിൽ കയറിയാണ് നാട്ടുകാർ കോഴിക്കോട് എത്തിയിരുന്നത്. കോഴിക്കോട് വരെ നടന്ന്പോയി സാധനങ്ങൾ വാങ്ങേണ്ടതായി വന്ന പല ആദ്യകാല കുടിയേറ്റക്കാരും ഇന്നും ജീവിച്ചിരിപ്പുണ്ട്. ഗുരുതരമായ രോഗം ബാധിക്കുന്നവരെ കസേരയിലും മഞ്ചലിലും എടുത്ത് മുക്കത്ത് എത്തിക്കുകയും വിദഗ്ധ ചികിത്സാർത്ഥം കോഴിക്കോട്ട് കൊണ്ടുപോവുകയുമാണ് ചെയ്തിരുന്നത്. ഇത്തരം പ്രയാസങ്ങളെ അതിജീവിക്കുന്നതിന് നാട്ടുകാർ കൂട്ടായി നടത്തിയ പരിശ്രമങ്ങളുടെ ഫലമായി തിരുവമ്പാടി - മുക്കം റോഡ് നിർമ്മിച്ചു. തിരുവമ്പാടി - പുല്ലൂരാംപാറ റോഡിലുള്ള കറ്റിയാട് കലുങ്കും, കാളിയാമ്പുഴ പാലം, ഇരുമ്പകം പാലം, വഴിക്കടവ് പാലം എന്നിവയും നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ചതാണ്. 1969ൽ തോട്ടത്തിൽകടവ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയതിനെത്തുടർന്ന് അവിടെ നിന്നും കോഴിക്കോട് ബസ് സർവ്വീസ് ആരംഭിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടണാണ് ആദ്യത്തെ ബസ് സർവീസ് ഉദ്ഘാടനം ചെയ്തത്. ഇരവഞ്ഞിപുഴക്ക് തോട്ടത്തിൽ കടവിൽ പാലം നിർമ്മിക്കണമെന്ന ആവശ്യം ശക്തിയായി ഉയർന്നു വന്നെങ്കിലും അത് അർഹമായ പരിഗണന നല്കപ്പെടാത്ത അവസ്ഥയിലായിരുന്നു. 1970ൽ തോട്ടത്തിൽ കടവിലുണ്ടായ തോണി അപകടത്തിൽ, ജോസ്, പൗലോസ് എന്നീ രണ്ട് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ മരിച്ചതോടുകൂടി പാലത്തിന് വേണ്ടിയുള്ള സമ്മർദ്ദം ശക്തമാവുകയും 1974ൽ പുതിയപാലം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു 1976ൽ പുന്നക്കൽ വഴിക്കടവ് പാലവും നിർമ്മിച്ചു. തോട്ടത്തിൽ കടവ് പാലത്തിന്റെ നിർമ്മാണം തിരുവമ്പാടിയുടെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാവുന്നതിന് മുൻപ് തന്നെ കുടിയേറ്റക്കാരായ കർഷകരും ഇടജന്മിമാരുമായി സംഘർഷം ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നു. പൊന്നാങ്കയം, പുല്ലൂരാംപാറ, ആനക്കാംപൊയിൽ തുടങ്ങിയ മേഖലകളിലെ കർഷകർ കർഷക പ്രസ്ഥാനങ്ങൾ രൂപീകരിച്ച് നിരവധി പോരാട്ടങ്ങൾ നടത്തിയിരുന്നു. കർഷകരെ കുടിയിറക്കുന്നതിന് ജന്മിമാരുടെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടാവുകയും അതിനെ സംഘടിതമായി കർഷകർ ചെറുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ സംഘട്ടനങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ട്. ചൊവ്വാറ്റുകുന്നേൽജോസഫ് എന്ന കുടിയേറ്റ കർഷകൻ ഇപ്രകാരം ജന്മിമാരുടെ ക്രൂരമായ മർദ്ദനത്തിന് ഇരയാവുകയും കോഴിക്കോട് ആസ്പത്രിയിൽ പ്രവേശിക്കപ്പെടുകയുമുണ്ടായി. കേരളത്തിലെ കർഷക പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കന്മാരായിരുന്ന ശ്രീ.എ. കെ. ഗോപാലൻ, ചാത്തണ്ണി മാസ്റ്റർ, പി. സി. രാഘവൻ നായർ, കെ.കെ. ഉണ്ണിക്കുട്ടി, കുഞ്ഞൻ തുടങ്ങിയവർ ഇവിടുത്തെ കർ

ഷക സമരത്തിന് നിരന്തരം പിന്തുണ നല്കിയിരുന്നു. ചാത്തുണ്ണി മാസ്റ്റർ ദീർഘകാലം പൊന്നാങ്കയത്തും ആനക്കാംപൊയിലിലും താമസിച്ച് പോരാട്ടങ്ങൾക്ക് കരുത്ത് പകർന്നു. കർഷക സംഘത്തിന്റെ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചിരുന്ന കുടിയേറ്റ കർഷകർ ചൊവ്വാറ്റു ജോസഫ്, കുന്നേൽ ജോസഫ്, ജോസഫ് കുറ്റ്യാനിക്കൽ, ജോസഫ് നാടുനിലന്, ജോസഫ് വെട്ടിക്കാട്, കല്ലോലിക്കൽ അവിര എന്ന ജോസഫ്, ചിറ്റാട്ട് മൈക്കിൾ, പറമ്പനാട്ട് രാമൻ, അങ്ങേക്കൂറ്റ് ഈപ്പച്ചൻ എന്നിവരായിരുന്നു. കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് വഴിമരുന്നിട്ട ഭൂപരിഷ്കരണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 1957 ലെ ഗവൺമെണ്ടിന് പ്രചോദനമായിട്ടുള്ള മലബാറിലെ കർഷക പോരാട്ടങ്ങളുടെ മുൻനിരയിൽ തന്നെ ഈ പഞ്ചായത്തിലെ പോരാട്ടങ്ങളും സ്ഥാനം പിടിച്ചിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടി കർഷകർക്ക് അവരുടെ ഭൂമിയിലുള്ള അവകാശം ഉറപ്പിച്ചു കിട്ടി. ഇതുമൂലം കാർഷിക മേഖലയിൽ വൻ പുരോഗതിയും വ്യാപാര വാണിജ്യ മേഖലകളിൽ മുന്നേറ്റവും ഉണ്ടായി. മലബാർ ഭാഗത്ത് സാമ്പത്തികമായി ഏറ്റവും ഉയർന്നു നില്ക്കുന്ന കാർഷിക മേഖലയായി തിരുവമ്പാടി ഇന്ന് മാറിയതിന് പിന്നിൽ അര നൂറ്റാണ്ടു കാലത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെ കഥയാണുള്ളത്.

ഭൂപ്രകൃതിയും വിഭവങ്ങളും

കോഴിക്കോട് ജില്ലയുടെ വടക്കു കിഴക്ക് ഭാഗത്ത് വയനാടൻ മലകളുടെ തെക്കു പടിഞ്ഞാറ് ഭാഗത്തായി സമുദ്ര നിരപ്പിൽനിന്നും ഏകദേശം 300 അടി മുതൽ 1500 അടിവരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഭൂ പ്രദേശമാണ് തിരുവമ്പാടി ഗ്രാമപഞ്ചായത്ത്. ജില്ലാ ആസ്ഥാനമായ കോഴിക്കോടു നിന്നും 35 കി. മീറ്റർ അകലെ കിഴക്കുമാറിയാണ് ഈ പ്രദേശം. ഏറ്റവുമടുത്ത റയിൽവെ സ്റ്റേഷൻ കോഴിക്കോടും, വിമാനത്താവളം കരിപ്പൂരുമാണ്. കിഴക്കാംതൂക്കായ കുന്നിൻ പ്രദേശങ്ങളും താഴ്വരകളും ചെറു സമതല പ്രദേശങ്ങളും ഇവിടുത്തെ പ്രത്യേകതയാണ്. വെള്ളരിമല, കൊടക്കാട്ടുപാറമല, കാടോത്തിമല, പൊന്നാംകയം മേൽമല, ഓളിക്കൽ മല, വടക്കേ നമ്പിപ്പെറ്റ മലവാരം, ചവലപ്പാറ മല, മുണ്ട മല തുടങ്ങിയ മലവാരങ്ങൾ ഉൾപ്പെടുന്നതാണ് ഈ പ്രദേശം. മുരട്ടക്കുന്ന്, മുതിയോട്ടുമ്മൽ, പാണ്ടിക്കോടു കുന്ന്, ചെറുശ്ശേരിക്കുന്ന്, തേൻ പാറക്കുന്ന് തുടങ്ങി നിരവധി കുന്നിൻ പ്രദേശങ്ങളും ഇവിടെ ഉൾപ്പെടുന്നു. കരിയാത്തൻ പാറയും, പാമ്പിഴഞ്ഞ പാറയും വലിയ പാറക്കെട്ടുകളാണ്. മുത്തപ്പൻ പുഴ, കളരിക്കൽ, ആനക്കാംപൊയിൽ, മവാതുക്കൽ, പുല്ലൂരാം പാറ, പൊന്നാങ്കയം, കാളിയാമ്പുഴ, പുന്നയ്ക്കൽ, പാമ്പിഴഞ്ഞപാറ, ചവലപ്പാറ, കക്കുണ്ട്, അരുതിപ്പാറ, ഇരുമ്പകം, ഇലഞ്ഞിക്കൽ, പാലക്കടവ്, താഴെ തിരുവമ്പാടി, മരക്കാട്ടുപുറം, ചെറുപ്ര, മറിയപ്പുറം തുടങ്ങിയവ പ്രധാന സ്ഥലനാമങ്ങളാണ്. 9000 ഏക്കർ വനഭൂമി ഉൾപ്പെടെ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 20739.44 ഏക്കറാണ്. 992.40 ഏക്കർ പുറമ്പോക്ക് ഭൂമിയും ഇതിൽപ്പെടുന്നു. വളരെക്കുറഞ്ഞ സമതലപ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്, വയനാടൻ മലകളുടെ തെക്ക് പടിഞ്ഞാറ് ഭാഗമായത് കൊണ്ടും ധാരാളം മഴ ലഭിക്കുന്നത് കൊണ്ടും പുഴകളും ഒട്ടനവധി തോടുകളും നീർച്ചാലുകളും ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. വനനശീകരണത്തിന്റെ ഭാഗമായി രേഖ പ്രകാരമുള്ള നിലവിലുള്ള വനത്തിന്റെ അളവിൽ സാരമായ കുറവുണ്ടായിട്ടുണ്ട് കൃഷിയിടങ്ങളിലെ പാഴ്മരങ്ങൾ പൂർണ്ണമായും മുറിച്ച് നീക്കപ്പെട്ടതിനെ തുടർന്ന് ജൈവവള സമ്പത്ത് കുറയുകയും മണ്ണൊലിപ്പ് വർദ്ധിക്കുകയും ചെയ്തു. റബ്ബർ, തെങ്ങ്, കവുങ്ങ് എന്നിവയാണ് പ്രധാനപ്പെട്ട വിളകൾ. ഭക്ഷ്യ വിളകളുടെ ഉല്പാദനം തുലോം കുറവാണ്. കുടുംബങ്ങളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്നതിന്റെ ഫലമായി കൃഷി ഭൂമി ചെറു ചെറു തുണ്ടുകളായി മാറിക്കൊണ്ടിരിക്കുകയാണ്. ചെമ്മണ്ണ് കലർന്ന പശിമണ്ണാണ് ഇവിടെ കാണപ്പെടുന്നത്.

കാലാവസ്ഥ

ഈ പഞ്ചായത്തിൽ ലഭിക്കുന്ന മഴയുടെ അളവ് താഴെപ്പറയും പ്രകാരമാണ്. ജനുവരി 9 മി. മീറ്റർ ഫെബ്രുവരി 7. മി. മീറ്റർ,മാർച്ച് 21 മി. മീറ്റർ ഏപ്രിൽ 93 മി. മീറ്റർ മെയ് 279 മി. മീറ്റർ ജൂൺ 925 മി. മീറ്റർ ജൂലായ് 1034 മി. മീറ്റർ ആഗസ്റ്റ് 547 മി.മീറ്റർ സെപ്തംബർ 257 മി. മീററർ ഒക്ടോബർ 284 മി. മീറ്റർ നവംബർ 157 മി. മീറ്റർ ഡിസംബർ 36. മി. മീറ്റർ, വാർഷിക ശരാശരി 3667 മി. മീറ്റർ. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. നവംബർമുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ നല്ല തണുപ്പ് അനുഭവപ്പെടുന്നു. ഫെബ്രുവരി മുതൽ മെയ് വരെയുള്ള മാസങ്ങൾ താരതമ്യേന ഉഷ്ണകാലമാണ്. ഇടവപ്പാതി മഴയാണ് കൂടുതൽ ലഭിക്കുന്നത്. ധാരാളം മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും മാർച്ച് ഏപ്രിൽ മാസങ്ങളിൽ വരൾച്ച അനുഭവപ്പെടാറുണ്ട് ഈ സമയത്ത് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്.

ജലലഭ്യത:

ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിൽപ്പോലും പല നീരൊഴുക്കുകളും വേനൽക്കാലത്ത് വറ്റി വരണ്ട് പോവുന്നു.

പഞ്ചായത്തിന്റെ അതിർത്തിയിലുള്ള ഇരുഞ്ഞിപ്പുഴയിൽ മാത്രമാണ് ഇടമുറിയാറുണ്ടെങ്കിലും എല്ലാക്കാലത്തും ജലം ലഭിക്കുന്നത്. സ്ഥായിയായി ജലം ലഭിക്കുന്ന പൊതു കുളങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന സുമാർ 5 കി. മീറ്റർ നീളമുള്ള മാളുവമ്മതോട്, ഇതിൽ ജനുവരിവരെ വെള്ളം ലഭിക്കുന്നുണ്ട് അഞ്ചാം വാർഡിന്റെയും ഒന്നാം വാർഡിന്റെയും അതിർത്തിയിലൂടെ ഒഴുകുന്ന കക്കുണ്ട് തോടിന് 7 കി. മീറ്റർ നീളമുണ്ട് ഫെബ്രുവരിവരെ ജലം ലഭിക്കുന്നു. 3, 4, 5, 5, 6 വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന പൊയിലിങ്ങാപുഴ വേനൽക്കാലത്ത് ഇടമുറിയുമെങ്കിലും ജലം ലഭിക്കും സുമാർ 16 കി. മീറ്റർ ദൂരമുണ്ട് 6, 7 വാർഡുകളുടെ അതിർത്തിത്തോടിന് സുമാർ നാല് കി. മീറ്റർ നീളമുണ്ട് ഇതിൽ ഫെബ്രുവരിവലെ ജലം ലഭിക്കും. 7ാം വാർഡിന്റെ നടുവിലൂടെ ഒഴുകുന്ന കല്ലേക്കാവുങ്കൽ തോടിന്റെ നീളം സുമാർ 5. കി. മീറ്ററാണ് ഫെബ്രുവരി വരെ ജലം ലഭിയ്ക്കും7ാം വാർഡിൽ തന്നെയുള്ള മറ്റൊരു തോടാണ് തുപ്പരുത്താം പൊയിൽ തോട് .ഇതിന്റെ ദൂരം 3 കി. മീറ്ററാണ്. ഫെബ്രുവരിവരെ ജലം ലഭിക്കുന്നുണ്ട്, 7,8,9 വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന കാളിയാമ്പുഴ ഇടമുറിയുമെങ്കിലും എല്ലാമാസവും ജലം ലഭിക്കും. 8ാം വാർഡിലൂടെ ഒഴുകുന്ന ഉള്ളാട്ടിൽ തോടിന്റെ നീളം സുമാർ 11/2 കി. മിറ്ററാണ്. ഡിസംബർവരെ ജലം ലഭിക്കും. 9ാം വാർഡിന്റെ നടുവിലൂടെ ഒഴുകുന്ന തോടാണ് കൊടക്കാട്ടുപാറതോട് നീളം സുമാർ 2 കി. മിറ്റർ ജനുവരിവരെ വെള്ളം ലഭിക്കും. 10ാം വാർഡിന്റെ നടുവിലൂടെ ഒഴുകുന്ന മാവിൻചുവട്തോട് ,ദൂരം 11/2 കി. മിററർ ജലലഭ്യത ജനുവരി വരെ. ഇതേ വാർഡിൽത്തന്നെയുള്ള കല്ലോലിക്കൽ തോട് സുമാർ 3 കി. മീറ്റർ നീളമുള്ളതാണ്. മാർച്ച്മാസം വരെ വെള്ളം ലഭിയ്ക്കും. ഈ വാർഡിൽ തന്നെയുള്ള മറ്റൊരു തോടാണ് മാ വാതുക്കൽ തോട്, ദൂരം 2 കി. മി.; ജലലഭ്യത ജനുവരി വരെയാണ് ഓടപ്പൊയിൽ തോടും ഈ വാർഡിലൂടെയാണ് കടന്ന് പോകുന്നത്. ദൂരം 2 കി. മീറ്റർ. 11ാം വാർഡിലൂടെ ഒഴുകി ഇടത്തറ പുഴയിൽ ചേരുന്ന കരിമ്പ് കട്ടകാലം തോടിന് 5 കി. മിറ്റർ ദൂരമുണ്ട് ; എല്ലാ മാസവും ജലം ലഭിക്കുന്നതാണ്. 11ാം വാർഡിലൂടെ ഒഴുകുന്ന ഇടത്തറ പുഴയ്ക്ക് സുമാർ 6 കി. മീറ്റർ ദൂരമുണ്ട്, എല്ലാ മാസവും ജലം ലഭിക്കും. ഇതേ വാർഡിലുള്ള മുത്തപ്പൻ പുഴ. പുഴയുടെ നീളം 6 കി. മീറ്ററാണ്, എല്ലാ മാസവും ജലം ലഭിക്കുന്നതാണ് 11ാം വാർഡിലൂടെ ഒഴുകുന്ന മറിപ്പുഴ സുമാർ 3 കി. മീ. നീളം. നവംബർ വരെ വെള്ളം ലഭിക്കും. പൂ മരത്തും കൊല്ലിതോട് 2കി. മീ നീളം - വെള്ളം ഫെബ്രുവരി വരെ ലഭ്യത.

മണ്ണ്, ഭൂവിനിയോഗം:

ചെമ്മണ്ണ് കലർന്ന പശിമരാശി മണ്ണാണ് ഈ പഞ്ചായത്തിൽ കൂടുതലുള്ളത്. എന്നാൽ ചില ഭാഗങ്ങളിൽ കളിമണ്ണിന്റെഅംശം കൂടുതലുള്ള പശിമരാശി മണ്ണും കണ്ടു വരുന്നു. പൊതുവെ ഫലപുഷ്ടിയുള്ള മണ്ണാണ് ഉള്ള തെങ്കിലും മണ്ണൊലിപ്പ്മൂലം പല ഭാഗങ്ങളിലും ഫലപുഷ്ടി നഷ്ടപ്പെട്ടിട്ടുണ്ട് നീർവാർച്ച കൂടുതലുള്ള പ്രദേശമാണെങ്കിലും രണ്ടാം വാർഡിലെ മാളുവമ്മ തോടിന്റെ സൈഡിലുള്ള വയലുകളിൽ നീർക്കെട്ട് നിലവിലുണ്ട്.

താഴെകാണിക്കുന്ന പട്ടികയിൽ വിശദീകരിക്കുന്ന 992.40 ഏക്കർ ഭൂമി പുറമ്പോക്കും 20 ഏക്കർ തരിശ് 351.82 ഏക്കർ റോഡ്,300 ഏക്കർ തോട്, 338.40 ഏക്കർ പുഴ 9000 ഏക്കർ വനം ആകെ 9992.40 ഏക്കർ ഭൂമി കഴിച്ച് ബാക്കിയുള്ള 10583.80 ഏക്കർ പുരയിടവും 143.24 ഏക്കർ നിലവുമാണ്. തിരുവമ്പാടിയിൽ കൃഷിക്ക് ഉപയുക്തമായ ഭൂമി. ഇതിൽ തന്നെ സുമാർ250 ഏക്കർ ഭൂമി പാറക്കെട്ടുകളാണ്. റബ്ബർ കൃഷിക്കായിട്ടാണ് ഏറ്റവും കൂടുതൽ ഭൂമി ഉപയോഗിച്ചിട്ടുള്ളത്. കവുങ്ങ്, തെങ്ങ്, കുരുമുളക്, കശുമാവ്, വാഴ, മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ, നെല്ല് തുടങ്ങിയവ അവശേഷിച്ച ഭൂമിയിൽ കൃഷി ചെയ്തിരുന്നു. വിശദ വിവരങ്ങൾ വികസന മേഖലയിലെ പട്ടികയിൽ സൂചിപ്പിക്കുന്നു.



ഭൂവിനിയോഗം

ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	പുഴ,തോട്, പേര്	നീളം	ജലലഭ്യത
1.	മാളുവമ്മ തോട്	6 കി.മി	ജനുവരി
3.	കക്കുണ്ട് തോട്	7 കി.മി	ഫെബ്രുവരി
4,5,6	പൊയിലിങ്ങാപ്പുഴ	16 കി.മി	എല്ലാമാസവും
6,7	പൊന്നാങ്കയം അതിർത്തിതോട്	4 കി.മി.	ഫെബ്രുവരി
7	കല്ലേക്കാവുങ്കൽ തോട്	5.കി.മി	ഫെബ്രുവരി
7	തുപ്പരത്താംപൊയിൽ തോട്	3 കി.മി	ഫെബ്രുവരി
7,8,9	കാളിയാമ്പുഴ	5 കി.മി	എല്ലാമാസവും
9.	ഉള്ളാട്ടിൽ തോട്	1.5 കി.മി.	ജനുവരി
9.	കൊടക്കാട്ടുപാറ തോട്	2 കി.മി.	ജനുവരി
10.	മാവിൻ ചുവട് തോട്	1.5 കി.മി	ജനുവരി
10.	കല്ലോലിക്കൽ തോട്	3 കി.മി	മാർച്ച്
10.	മാവാതുക്കൽ തോട്	2 കി.മി	ജനുവരി
10.	ഓടപ്പൊയിൽ തോട്	2 കി.മി	ജനുവരി
11.	കരിമ്പ് തോട്	3 കി.മി	എല്ലാമാസവും
11.	ഇടത്തറപ്പുഴ	4 കി.മി	എല്ലാമാസവും
11.	മുത്തപ്പൻ പുഴ	6 കി.മി	എല്ലാമാസവും

ജൈവ സമ്പത്ത്:

ഏത് കാലാവസ്ഥയിലും പച്ചപ്പ് നിലനില്ക്കുന്ന പ്രദേശങ്ങളാണ് ഇവിടെയുള്ളത് റബ്ബർ കൃഷിയുടെ വ്യാപനത്തോടു കൂടി ജൈവസമ്പത്തിന് കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. സങ്കര ഇനത്തിൽപ്പെട്ട കാലികളെ വളർത്തുന്നതിൽ കൃഷിക്കാർപൊതുവെ താല്പര്യമുള്ളവരാണ്. ആടു വളർത്തൽ പൊതുവേ ലാഭകരമായ കൃഷിയാണെങ്കിലും ഈ പഞ്ചായത്തിൽപൊതുവേ കുറവാണ്. മുൻ കാലങ്ങളിൽ കൃഷിക്കായി ജൈവ വളങ്ങളെ ആശ്രയിച്ചിരുന്നെങ്കിൽ നാണ്യ വിളകളുടെ കൃഷി വ്യാപിച്ചതോടു കൂടി ജൈവ വളങ്ങളുടെ ലഭ്യത കുറയുകയും രാസവളങ്ങളുടെ അമിതമായ ഉപയോഗം കാണപ്പെടുകയും ചെയ്യുന്നു. തിരുവമ്പാടി പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം സംബന്ധിച്ച് വിശദ വിവരങ്ങൾ വികസന മേഖലയുമായി ബന്ധപ്പെടുത്തി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മനുഷ്യ വിഭവം (അവലംബം 1991ലെ ലൈസൻസ്)

തിരുവമ്പാടി പഞ്ചായത്തിലെ ആകെ ജനസംഖ്യ വർദ്ധനവ് സംസ്ഥാന ശരാശരിയിലും താഴെയാണ്. 1993-94ൽ 438, 1994-95ൽ 451, 1995-96ൽ, 453 ജനനം നടന്നിട്ടുണ്ട് ജനനനിരക്ക് 17% മാണ് മരണ നിരക്ക് 1993-94ൽ 138, 1994-95ൽ 135, 1995-96ൽ 141, മരണ നിരക്ക് 5.6 ഇപ്പോഴത്തെ ജനസംഖ്യ 25229 ആണ് മരണ നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്. ഇതിൽ 9947 പുരുഷന്മാരും 9418 സ്ത്രീകളും ഉൾപ്പെടുന്നതാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ നിരക്ഷരരുടെഎണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

മനുഷ്യ വിഭവ വിശകലനപ്പട്ടിക

ആകെ ജനസംഖ്യ	23968
തൊഴിലുള്ളവർ, പുരുഷൻമാർ	5804
സ്ത്രീകൾ	1011
കൃഷിക്കാർ	1163
കർഷകത്തൊഴിലാളികൾ	1738
വ്യാപരമേഖലയുമായി ബന്ധപ്പെട്ടവർ	574
മറ്റു വിവിധമേഖലകളിൽ	
തൊഴിൽ ചെയ്യുന്നവർ	3675
തൊഴിൽരഹിതർ	
പുരുഷൻമാർ	6055
സ്ത്രീകൾ	10556
വിദ്യാർത്ഥികൾ	

മേൽ വിവരിച്ച ഭൗതിക സാഹചര്യങ്ങളെയെല്ലാം വളരെ സമർത്ഥമായി കൂടിയേറ്റ കർഷകർക്ക് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞതുകൊണ്ട് 40കളിൽ വനഭൂമിയായിരുന്ന തിരുവമ്പാടി സമൃദ്ധിയുടെയും സമ്പത്തിന്റെയും മേഖലയിൽ ഒരു വലിയകുതിച്ചു ചാട്ടം തന്നെ നടത്തുകയുണ്ടായി. ഇതിന്റെ പിന്നിലെ മനുഷ്യ പ്രയത്നം അളവറ്റതും ത്യാഗ പൂർണ്ണവുമായിരുന്നു. ഈ മനുഷ്യാധ്വാനത്തിനും ത്യാഗത്തിനുമെതിരെ പുത്തൻ തലമുറയ്ക്ക് മുഖം തിരഞ്ഞു നിൽക്കാനാവില്ല. പഴയ തലമുറയുടെ അനുഭവ സമ്പത്തോ ത്യാഗ സന്നദ്ധതയോ കൈ മുതലാക്കി മാറാതെ നമ്മുടെ വികസനം സ്ഥായിയാവുകയില്ല. ചരിത്രപരമായ അറിവും ശ്രേസ്സ് സങ്കേതിക ജ്ഞാനവും നമ്മുടെ സ്വന്തം നാടിന്റെ ചരിത്രാവബോധത്തോട് നീതി പുലർത്തുന്നില്ല. പാശ്ചാത്യ സംസ്കാരത്തിന്റെ ഭാഗമായി വന്നിട്ടുള്ള അടിപൊളി സംസ്കാരം പഴയതിനെ എല്ലാം അന്യമാക്കുന്നു. വികസനമെന്നാൽ ഭരിക്കുന്നവരുടെ ചുമതലയാണ് എന്ന മിഥ്യാബോധം സമൂഹത്തിൽ പ്രബലമായി വരുകയാണ്. ഇതിന്റെ അടിസ്ഥാനപരമായ കാരണം രാഷ്ട്രീയമായ തിരിച്ചറിവില്ലായ്മയാണ്. യാഥാർത്ഥ്യ ബോധത്തിലധിഷ്ഠിതമായ ഒരു സംസ്കാരം കുരുപ്പിടിപ്പിച്ചുകൊണ്ടല്ലാതെ കാർഷിക വ്യാവസായിക അനുബന്ധമേഖലകളുടെ പുരോഗതി കൈവരിക്കാനാവില്ല. വൈകിയാണെങ്കിലും ഇപ്പോൾ തുടക്കം കുറിക്കപ്പെട്ടിട്ടുള്ള ഈ സംരംഭം ഇതിനു പരിഹാരമാകുമെന്ന് പ്രതിക്ഷിക്കാം.

ജനസംഖ്യാ വിവരങ്ങൾ

വാർഡ് നമ്പർ	വീടുകളുടെ എണ്ണം	കുടുബങ്ങളുടെ എണ്ണം	പുരുഷൻ	സ്ത്രീ	ആകെ
1	2	3	4	5	6
I	385	385	926	966	1892
II	469	469	1286	1332	2618
III	515	527	1382	1436	2818
IV	420	421	1059	1072	2131
V	541	541	1469	1379	2848
VI	499	1254	1228	2482	
VII	381	382	976	986	1962
VIII	450	453	1187	1085	2272
IX	376	376	971	965	1936
X	616	621	1584	1425	3009
	4652	**4674**	**12094**	**11874**	**23968**


FEMALE
11874
MALE
12094


SC
1367
ST
284


0 - 6
6 - 18
18 45
45 - 60
60 -

സാമൂഹ്യ സാമ്പത്തിക മേഖലകൾ





4-1

കൃഷിയും ജലസേചനവും

കാർഷികചരിത്രം : (അവലംബം വില്ലേജ് സെറ്റിൽമെന്റ് രജിസ്റ്റർ, കാർഷിക കാരണവന്മാരുമായി നടത്തിയ ചർച്ച)

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ചെറുപ്ര മരയ്ക്കാട്ടുപുറം, തിരുവമ്പാടി എന്നീ ദേശങ്ങൾ ചേർന്നതാണ്. ഇതു തന്നെയാണ് ഇപ്പോഴത്തെ തിരുവമ്പാടി വില്ലേജും. ലഭ്യമായ റവന്യൂ റിക്കാർഡ് പ്രകാരം 10,583.83 ഏക്കർ പുരയിടവും, 143.24 ഏക്കർ സോർ നിലവും 992.40ഏക്കർ പുറംപോക്കും, 20 ഏക്കർ തരിശുഭൂമിയും 9000 ഏക്കർ വനപ്രദേശവും കൂടി ആകെ 10733.44 ഏക്കറാണ് വിസ്തീർണ്ണം. ഇതിൽ ചെറുപ്ര മരയ്ക്കാട്ടുപുറം പൂർണ്ണമായും , തിരുവമ്പാടി ദേശത്തിലെ 66 മുതൽ 145 വരെയുള്ള സർവ്വെ നമ്പറിൽപ്പെട്ട 2980.01 ഏക്കർ ഭൂമിമാത്രമേ റീസർവ്വേ നടപടികൾ പൂർത്തിയാക്കി. സർവ്വേ ഭൂമിയായി റവന്യൂ ഡിപ്പാർട്ട്മെന്റ് അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. തിരുവമ്പാടി ദേശത്തിലെ ബാക്കി ഭൂവിഭാഗം സർവ്വേ നടപടികൾ പൂർത്തിയാക്കാത്തതിനാൽ അൺസർവ്വേ ഭൂമിയായി നിലനിൽക്കുന്നത് ഡിപ്പാർമെന്റിനും, കൃഷിക്കാർക്കും ഒട്ടേറെ വിഷമതകൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള 8700 കൈവശകൃഷിക്കാരിൽ 2500 വ്യക്തികൾ 10 സെന്റും അതിനുതാഴെയുള്ളവരും , 2000 വ്യക്തികൾ 50 സെന്റും അതിനുതാഴെയുള്ളവരും, 1000 വ്യക്തികൾ 1 ഏക്കറും അതിൽ താഴെയുള്ളവരും, 700 വ്യക്തികൾ 2 ഏക്കറും അതിൽ താഴെയുള്ളവരും, 300 വ്യക്തികൾ 5 ഏക്കറിൽ താഴെയുള്ളവരും 100 വ്യക്തികൾ 5 ഏക്കറും അതിനുമുകളിലും ഭൂമി ഉള്ളവരാണ്. 1930-കളിൽ 100 ൽ താഴെ മാത്രം ആളുകളിൽ കേന്ദ്രീകരിച്ചിരുന്ന ഭൂമി ഇപ്പോൾ 8700 - ൽഅധികം വരുന്ന ആളുകളുടെ ഉടമസ്ഥതയിൽ വികേന്ദ്രീകരിക്കപ്പെട്ടു. ഇത് തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാംസ്കാരിക സാമ്പത്തിക വളർച്ചയ്ക്ക് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

വിളകൾ:-

ചെറുപ്ര, മരയ്ക്കാട്ടുപുറം, തിരുവമ്പാടി ദേശങ്ങളിലെ ചരിവു ഭൂമിയിൽ നെല്ല്, കുരുമുളക്, വാഴ,തെങ്ങ് എന്നിവയുടെ കൃഷികളാണ് ഉണ്ടായിരുന്നത്. 1940 തുകളിൽ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും കുടിയേറ്റമാരംഭിച്ചതോടെ തിരുവമ്പാടിയുടെ യഥാർത്ഥ കാർഷികചരിത്രം ആരംഭിക്കുന്നു. ആദ്യമായി കാടുവെട്ടി തെളിച്ച് "കുറും കൂപ്പ് "കൃഷികൾ ആരംഭിക്കുന്നു ഈ കൃഷിയിൽ നിന്നും സ്ഥായിയായി വരുമാനം ലഭിക്കുന്നതിനുവേണ്ടി നാണ്യവിളകളിലേക്ക് ഉല്പാദനരീതിയിൽ ക്രമേണ മാറ്റം വരുത്തി. ഭൂപ്രകൃതിയും കാലാവസ്ഥയും നാണ്യവിളകളുടെ ഉല്പാദനത്തിന് അനുയോജ്യമാണ് എന്ന് മനസ്സിലാക്കിയതോടു കൂടി കുരുമുളക് , കവുങ്ങ്, തെങ്ങ് എന്നീ നാണ്യവിളകൾ കൃഷിചെയ്തു. തെരുവപുല്ലിന്റെയും രാമച്ചത്തിന്റെയും സ്ഥാനത്ത് റബ്ബർകൃഷി കടന്നുവന്നു. കുരുമുളക് കൃഷിയ്ക്ക് ബാധിച്ച ദ്രുതവാട്ടം മുതലായ രോഗങ്ങൾ മൂലം കൃഷി നശിക്കുന്ന അവസ്ഥയുണ്ടായിരുന്നു. ഇന്ന് തിരുവമ്പാടി പഞ്ചായത്തിലെ പ്രധാനകൃഷി റബ്ബർ ആണ്. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, നെല്ല്, മാവ് മറ്റു ഫലവൃക്ഷങ്ങൾ . പച്ചക്കറി എന്നീ ക്രമത്തിലാണ് ഇന്നത്തെ വിളക്രമങ്ങൾ. ആദ്യകാലത്ത് ഭക്ഷ്യോല്പാദനത്തിന് പ്രധാന്യം കൊടുത്ത കൃഷിക്കാർ ക്രമേണ സ്ഥായിയായ വരുമാനത്തെ ലക്ഷ്യം വെച്ച് നാണ്യവിളകൾ ഉല്പാദിപ്പിക്കുക എന്ന സ്ഥിതിയിലേയ്ക്ക് പൂർണ്ണമായും മാറി. പുറമെ നിന്നുവന്ന ധാരാളം കർഷകതൊഴിലാളികൾ ഉല്പാദനപ്രക്രിയയിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ഇത് തൊഴിലാളികളും കൃഷിക്കാർക്കും ഒരു പോലെ ഗുണകരമായി.

വിളവിനുവഴി:-

"ലാൻറ് റിസോഴ്സസ് ഓഫ് കേരള" എന്ന പുസ്തകത്തിലെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ 6 -ാം സ്ഥാനത്തുള്ള നോർത്തേൺ മിഡ്ലാൻറിലാണ് ഈ പ്രദേശത്തെ പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരമുള്ള കൃഷിരീതികൾ നെല്ല്, തെങ്ങ്, കശുമാവ് എന്നീ ക്രമത്തിലാണ് എന്നാൽ തിരുവമ്പാടി പഞ്ചായത്തിലെ കാലാവസ്ഥയും ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും പരിശോധിച്ചാൽ ഹൈലാൻറ് സോണിലാണ് പെടുക. അതുപ്രകാരമുള്ള കൃഷിരീതി റബ്ബർ,

കമുങ്ങ്, കുരുമുളക് എന്നീ ക്രമത്തിലാണ്.

ഉല്പാദനക്ഷമത:-

റബ്ബറിന്റെറതൊഴിച്ച് ബാക്കി വിളകളുടെ ഉല്പാദനക്ഷമത സംസ്ഥാന ആവറേജിനേക്കാൾ താഴെയാണ്. ഇതിന്റെറ കാരണം അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കാത്തതും, നിരവധിതവണ ആവർത്തന കൃഷിചെയ്തതിന്റെറ ഫലമായി മണ്ണിന്റെറ ഫലഭൂഷ്ടി നഷ്ടപ്പെടുന്നതു കൊണ്ടും, അശാസ്ത്രീയമായ അമിത രാസവളപ്രയോഗത്തിന്റെറ ഫലമായും മണ്ണിന്റെറ ജൈവഘടനയിൽ വന്ന മാറ്റമാണ് എല്ലാ വിളകൾക്കും മണ്ണ് പരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗ രീതി അവലംബിച്ചാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ജൈവവളപ്രയോഗത്തിൽ മുമ്പു കൃഷികൃകാർ താല്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ഇടക്കാലത്ത് ജൈവവള ഉല്പാദനത്തിലും ഉപയോഗത്തിലും കാര്യമായ കുറവു വന്നിട്ടുണ്ട് റബ്ബർ കൃഷിയുടെ വ്യാപനത്തോടു കൂടി പച്ചില സസ്യങ്ങളുടെ നശീകരണം പൂർണ്ണമായി എന്നു പറയാം. കമുങ്ങിനു ബാധിക്കുന്ന മഞ്ഞളിപ്പു രോഗം പ്രത്യേകം പഠനമർഹിക്കുന്നു. 1-ാം വാർഡിലും, 3-ാം വാർഡിലുമെല്ലാം ഈ രോഗം ഇന്ന് വ്യാപകമാണ്. ഇടവിളകൾ ഉദ: (ചേമ്പ്, ചേന, വെണ്ട കാച്ചിൽ, ചെറുകിഴങ്ങ്, പച്ചമുളക് മുതലായവ) മുമ്പ് വ്യാപകമായി ഉല്പാദിക്കുന്ന രീതി ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഇതു വളരെ കുറഞ്ഞു വരുന്നു. ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പട്ടികയിൽ നിന്നു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാം.

ഉല്പാദനക്ഷമത പട്ടിക

ക്രമ നമ്പർ	വിളയുടെ പേര്	കൃഷിചെയ്ത ഭൂമിയുടെ വിസ്തീർണ്ണം	ഉല്പാദനക്ഷമത ഹെക്ടറിൽ	മൊത്തം ഉല്പാദനം.
1.	റബ്ബർ	1500 ഹെക്ടർ	3000കിലോ	4500 ടൺ
2.	കവുങ്ങ്	1300 ഹെക്ടർ	400000 ലക്ഷം (number)	. 52!000000 (number)
3'	തെങ്ങ്	1065 ഹെക്ടർ	9600	1704,000 (N)
4.	കുരുമുളക്	200 ഹെക്ടർ	1000കിലോ	200,000 കിലോ
5.	കശുമാവ്	100 ഹെക്ടർ	800കിലോ	80,000 കിലോ
6.	പ്ലാവ്	25 ഹെക്ടർ	500കിലോ	125.00 കിലോ
7.	മാവ്	25 ഹെക്ടർ	500കിലോ	125,00 കിലോ
8.	വാഴ	50 ഹെക്ടർ	1200കിലോ	60,0000 കിലോ
9.	മരച്ചീനി	20 ഹെക്ടർ	5000കിലോ	10,0000 കിലോ
10	പച്ചക്കറികൾ	5 ഹെക്ടർ	1ടൺ	5 ടൺ
11.	പയറുവർഗ്ഗങ്ങൾ	2 ഹെക്ടർ	1.5ടൺ	3 ടൺ
12.	നെല്ല് 1-ാം വിള	5 ഹെക്ടർ	3ടൺ	15 ടൺ
13.	നെല്ല് 2-ാം വിള	5 ഹെക്ടർ	3ടൺ	15 ടൺ

സമ്മിശ്രിത കൃഷി രീതി ആയ തുകൊണ്ട് ഉല്പാദനക്ഷമതയിൽ കാര്യമായ കുറവു വരുന്നു. തെങ്ങും, കവുങ്ങും, കുരുമുളകും എന്നിവ ഒന്നിച്ച് ഒരേ ഭൂമിയിൽ കൃഷിചെയ്യുന്ന അവസ്ഥയാണ് ഉള്ളത് ഇപ്പോൾ കമുകിനിടയിൽ റബ്ബർ കൃഷിയും നടത്തിതുടങ്ങിയിട്ടുണ്ട് ഇത് ഉല്പാദനക്ഷമതയെ മാത്രമല്ല വിളകളെ ബാധിക്കുന്ന രോഗങ്ങൾക്കും കാരണമാവുന്നുണ്ട് കുരുമുളക് കൃഷി നശിക്കുന്നതിന് ഒരു പ്രധാന കാരണം ഇതാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ കൃഷിരീതിയുടെ ബോധമില്ലായ്മയാണ് ഇത് തെളിയിക്കുന്നത്. ഇക്കാരണങ്ങളാൽ തന്നെ ഇടവിളയുടെ സാധ്യ

തയും വളരെ കുറയുകയാണ്.

ജലസേചന സൗകര്യങ്ങൾ:-

മേജർ ജലസേചന സൗകര്യങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. അപൂർവ്വം കർഷകർ കിണറുകളിൽ നിന്നും പുഴകളിൽ നിന്നും പമ്പുസെറ്റുകൾ ഉപയോഗിച്ച് കൃഷിഭൂമി നനയ്ക്കുന്നു. മലമ്പ്രദേശങ്ങളിൽ കർഷകർ പുഴകളിൽ നിന്നും നേരിട്ട് പൈപ്പുവഴി ജലം കൊണ്ടുവന്ന് സ്പ്രംഗ്ളർ ഉപയോഗിച്ച് നനയ്ക്കുന്ന രീതി നിലവിലുണ്ട് ധാരാളം ജലസ്രോതസ്സുകൾ പഞ്ചായത്തിലുണ്ടെങ്കിലും കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായി ഇവ ഉപയോഗപ്പെടുത്തിയിട്ടില്ല. VIII -ാം വാർഡിൻെറയും VIIIാം വാർഡിൻെറയും അതിർത്തിയിലൂടെ ഒഴുകുന്ന മുള്ളൂകടവ് പുഴയിൽ ഒരു VCB നിർമ്മിച്ചിട്ടുണ്ടെങ്കിലും അതിൻെറ ഉദ്ദേശ്യം പൂർത്തീകൃതമായിട്ടില്ല. ജലസേചനത്തിനുവേണ്ടി നിർമ്മിച്ച ഒറ്റ കുഴൽകിണറുകളും ഈ പഞ്ചായത്തിൽ ഇല്ല. ഉല്പാദനക്ഷമതയിൽ ജലസേചനം ഒരു നിർണ്ണായക ഘടകമാണ് എന്ന് കൃഷിക്കാർ മനസ്സിലാക്കിവരുന്നു.

C.C.S for SF/MF പരിപാടിയനുസരിച്ച് ഈ പഞ്ചായത്തിൽ വിവിധങ്ങളായ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കൃഷിഭവനിലൂടെയും പുരുക്കം ചില കിണറുകളും കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഗ്രാമ വികസന വകുപ്പിലൂടെ നടപ്പിലാക്കിയിട്ടുള്ള വിവിധങ്ങളായ ജലസേചന പ്രവർത്തനങ്ങൾ പട്ടികയിൽ ചേർക്കുന്നു.

11.8.CCS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ക്രമ നമ്പർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	വാർഡ് ആസ്തികളുടെ എണ്ണം അളവ്										
		I	II	III	IV	V	VI	VII	VIII	IX	X	ആകെ
1.	കിണറുകൾ	4	1	5	34	1	12			1	31	
2.	കുളങ്ങൾ	-	-	2	1	3-	-	1	-	1	-	7
3.	വാട്ടർ ടാങ്കുകൾ	-	-	5	-	-	10	-20	-	3	38	
4.	പമ്പ് ഹൗസുകൾ	-	-	-	-	31	10	20	-	3	37	
5.	പമ്പ് സെറ്റുകൾ	6	3	7	3	71	10	20	-	3	60	
	ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ	4 ഏക്കർ	4.30 ഏക്കർ	13.46 ഏക്കർ 5-59	8.59 ഏക്കർ	18.23 ഏക്കർ	3 ഏക്കർ	55 ഏക്കർ	120 ഏക്കർ	-	14 ഏക്കർ	240-58 ഏക്കർ

ഉല്പന്നങ്ങളുടെ വിലയും വിപണനവും:-

കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ തിരുവമ്പാടി പഞ്ചായത്തിൽ നിരവധി സഹകാര്യ സ്ഥാപനങ്ങളും താലൂക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സൊസൈറ്റിയും നിലവിലുണ്ട്. ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കാൻ ആവശ്യമായിട്ടുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. പഞ്ചായത്തിൻെറ മലയോര പ്രദേശങ്ങളിൽ ഉല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം ഇടനിലക്കാർ പ്രത്യേകിച്ച് കമുങ്ങുമായി ബന്ധപ്പെട്ട് "പാട്ടക്കച്ചവടം" നടത്തുന്നുണ്ട് ഇതുകൊണ്ട് കർഷകർക്ക് യഥാർത്ഥ വില ലഭിക്കാറില്ല. സാമ്പത്തിക പരാധീനത ഇതിനു കാരണമാവുന്നു. മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം തിരുവമ്പാടിയിലെ ഉല്പാദനവും, വിപണനവുമായി ബന്ധപ്പെട്ട സാധ്യതയുടെ 1/4 പോലും ആവാത്ത അവസ്ഥ നിലവിലുണ്ട്. താലൂക്കടിസ്ഥാനത്തിലാണ് അതിൻെറ പ്രവർത്തനം എങ്കിലും തിരുവമ്പാടി പഞ്ചായത്തിലെ പ്രശ്നങ്ങൾ പോലും പരിഹരിക്കാൻ കഴിയുന്നില്ല. അടയ്ക്കയുടെ മാർക്കറ്റ് കുന്നംകുളം, കൊച്ചി, കോഴിക്കോട് മേഖലകളിലെ വ്യാപാരികളെ ആശ്രയിച്ചും മാർക്കറ്റിംഗ് സൊസൈറ്റിയിലൂടെ സ്വരൂപിക്കുന്ന അടയ്ക്കയുടെ വില 'കാരക്കോ' എന്ന സ്ഥാപനത്തെ ആശ്രയിച്ചുമാണ് നിലനില്ക്കുന്നത്. അടയ്ക്കാ വിപണിയിലെ സഹകാര്യ കച്ച

വടക്കാർ സാധനം കൊടുക്കുമ്പോൾ ആ സമയത്ത് വില തീർക്കുകയാണെങ്കിൽ മാർക്കറ്റ് വില കുറച്ചും, മാസങ്ങളോളും അവധിക്ക് കൊടുക്കുകയാണെങ്കിൽ വില കൂട്ടിയെടുക്കുന്ന പ്രവണതയും നിലവിലുണ്ട്. യഥാർത്ഥത്തിൽ അതാതു കാലത്തെ വില മാത്രമെ കർഷകന് ലഭ്യമാകുന്നുള്ളൂ. ഇതൊരു ചൂഷണവുമാണ്. റബ്ബറിന്റെ വില നിയന്ത്രിക്കുന്നത് കോട്ടയം മാർക്കറ്റാണ്. നാളികേരത്തിന്റെ ഉല്പാദനചിലവും കിട്ടുന്ന വിലയുമായി താരതമ്യപ്പെടുത്തിയാൽ തെങ്ങുകൃഷി ലാഭകരമല്ല. നാളികേരം ഉല്പാദിപ്പിക്കപ്പെടുന്ന സീസണുകളിൽ വില കുറയുകയും, സീസൺ അവസാനിച്ചു കഴിയുമ്പോൾ കുത്തനെ വിലകയറുന്നു. അനുഭവവും പലപ്പോഴും ഉണ്ടാകാറുണ്ട് കുരുമുളകിന്റെ വിപണി കോഴിക്കോട് മാർക്കറ്റിനെ ആശ്രയിച്ചാൽ നിലനിൽക്കുന്നത്. കശുവണ്ടിയുടെ മാർക്കറ്റ് അസ്ഥിരമാണ്.

കാർഷിക ബന്ധങ്ങൾ:-

ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ 100ൽ താഴെ ആളുകളിൽ കേന്ദ്രീകരിച്ച സ്വകാര്യ വനഭൂമി ഇപ്പോൾ 8700 റോളം വരുന്ന ആളുകളിലേയ്ക്ക് വികേന്ദ്രീകരണം നടന്നത് ഉല്പാദനമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരേക്കറിൽ താഴെ ഭൂമി കൈവശമുള്ള കൃഷിക്കാർ കൃഷിയിടങ്ങളിൽ സ്വന്തമായി കൃഷിചെയ്യുന്ന അവസ്ഥയാണുള്ളത്. വർദ്ധിച്ച കൂലിയും ആവശ്യത്തിനു കർഷകതൊഴിലാളികളെ ലഭിക്കാത്തതുമൂലം എല്ലാ കൃഷിക്കാരും കർഷകപ്രവൃത്തി ചെയ്യുവാൻ നിർബന്ധിതരാവുകയാണ്. കൂടുതൽ കൃഷി ഭൂമിയുള്ളവരും, മറ്റുതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും കർഷകതൊഴിലാളികളെ പൂർണ്ണമായും ആശ്രയിക്കുന്നു. 1991-ലെ സെൻസസ് പ്രകാരം 1738 കർഷകതൊഴിലാളികളാണ് ഉള്ളതെങ്കിലും അതിലും കൂടുതൽ തൊഴിലാളികൾ ഈ മേഖലയിൽ ജോലിചെയ്യുന്നുണ്ട്. പാലക്കാട്, തമിഴ്നാട് മുതലായ പ്രദേശങ്ങളിൽ നിന്ന് വന്നവർ ധാരാളമായിഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്നവർ അല്ല എങ്കിലും അല്പം വിദ്യാഭ്യാസം ലഭിച്ചു എന്നുള്ളതുകൊണ്ട് കാർഷികമേഖലയിൽ ജോലിചെയ്യുവാൻ ഇവിടത്തെ ആളുകൾ വിമുഖത കാണിക്കുന്നു. കാർഷിക തൊഴിലാളികൾ പോലും തങ്ങളുടെ കുട്ടികളെ മറ്റുമേഖലകളിലേക്ക് തിരിച്ചു വിടാനാണ് താല്പര്യം കാണിക്കുന്നത്. കൃഷി മുഖ്യ തൊഴിലായി സ്വീകരിക്കുക എന്ന സമീപനത്തിൽ നിന്നും ആളുകൾ പുറകോട്ടു പോവുകയും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയും ചെയ്യുന്നു. ഗൾഫ് നാടുകളിൽ പോയി എന്തുതൊഴിലും ചെയ്യുന്നത് മാന്യമായി കാണുകയും, സ്വന്തം നാട്ടിൽ കാർഷിക ജോലി ചെയ്യുകഎന്നത് വില കുറഞ്ഞ തൊഴിലായി കാണുകയും ചെയ്യുന്ന മനോഭാവം വളർന്നുവരികയും ചെയ്യുന്നു. കൃഷി ഏറ്റവും മാന്യതയുള്ള തൊഴിലായി അംഗീകരിക്കാനുള്ള സാമാന്യബോധം സമൂഹത്തിൽ ഇനിയും വളർന്നു വരേണ്ടിയിരിക്കുന്നു.

കൂലിസേവന വ്യവസ്ഥകൾ:-

വ്യത്യസ്ത കാർഷിക ജോലികൾക്ക് കൂലിനിരക്കിൽ വ്യത്യസ്തസ്വഭാവമുണ്ട്. സർക്കാർ നിശ്ചയിച്ചനിരക്കിലും ഉയർന്ന കൂലി കാർഷിക തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. യഥാസമയത്ത് കർഷകതൊഴിലാളികളെ ലഭിക്കാത്തതു കൊണ്ട് തൊഴിലാളികൾ ചോദിക്കുന്ന കൂലികൊടുത്ത് ജോലി ചെയ്യിക്കുന്ന രീതിയും നിലവിലുണ്ട്. പഞ്ചായത്തിൽ നിലവിലുള്ളകൂലി നിരക്ക് താഴെ പട്ടികയിൽ പറയുന്നു.

കൂലിനിരക്ക്

	തൊഴിലിന്റെ പേര്	പുരുഷന്മാർ	സ്ത്രീകൾ
1	തൂമ്പാപണി	70 രൂ മുതൽ 100 രൂപ വരെ	50 രൂമുതൽ 75 രൂ വരെ
2	ഞാറു നടൽ		50രൂ മുതൽ 75 രൂ വരെ
3	തെങ്ങുകയറ്റം	2 രൂ 3.50 വരെ തെങ്ങ് 1 ന്	-
4	റബ്ബർ വെട്ട്	20 രൂ 30 രൂ 100 മരത്തിന്	-
5	കവുങ്ങ് കയറ്റം	1 രൂപ കുല 1 ന്	-
6	കീടനാശിനി തളിയ്ക്കൽ (കവുങ്ങിന് ബോഡോ മിശ്രിതം തളിയ്ക്കുന്നതിന്)	100രൂ 1 കി. തുരിശ്	

നിർമ്മാണ തൊഴിലാളികൾക്ക് ഇതിലും കൂടുതൽ കൂലി ലഭിക്കുന്നു. നിർമ്മാണ മേഖലയിൽ വിദഗ്ദ തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല. കാർഷികമേഖലയിൽ കർഷക സംഘടനകൾ നാമമാത്രമായും, കർഷകത്തൊഴിലാളി സംഘടനകൾ സംഘടിതമായും പ്രവർത്തിക്കുന്നു. കാർഷികമേഖലയിൽ കൃഷിക്കാർക്ക് വിള ഇൻഷൂറൻസ് പദ്ധതിയും പെൻഷൻ പദ്ധതിയും സംസ്ഥാന തലത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ കൃഷിക്കാരെയും അതിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടില്ല. തൊഴിലാളി മേഖലയിൽ പെൻഷൻ പദ്ധതിയും, ക്ഷേമനിധിയും നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

വളം ഉപഭോഗം:-

മുഴുവൻ കർഷകരും എല്ലാവിളകൾക്കും രാസവളം ഉപയോഗിക്കുന്നു. രാസ-ജൈവ വള വിതരണത്തിനായി തിരുവമ്പാടി സർവ്വീസ് സഹകരണബേങ്കിന്റെ 4 ഡിപ്പോകളും, സ്വകാര്യ വ്യക്തികൾ നടത്തുന്ന 5 ഡിപ്പോകളും നിലവിലുണ്ട് ഇതിനു പുറമെപല സ്വകാര്യ ഏജൻസികളും നേരിട്ട് കൃഷിക്കാർക്ക് ജൈവ വളം എത്തിച്ചു കൊടുക്കുന്നു. ശരാശരി 1000 ടൺ ലധികം വളം തിരുവമ്പാടി അംഗീകൃത ഡിപ്പോകളിലൂടെ പ്രതിവർഷം വിതരണം ചെയ്യുന്നുണ്ട് മെയ് മുതൽ ഡിസംബർവരെയുള്ള മാസങ്ങളിലാണ് വളത്തിന്റെ വില്പന കൂടുതൽ നടക്കുന്നത്. കണക്കിൽപെടാതെ ടണ്ണിലധികം ജൈവ വളങ്ങൾ തിരുവമ്പാടിയിൽ വില്പന നടക്കുന്നുണ്ട്

എല്ലാവിളകൾക്കും കീടനാശിനി ഉപയോഗിക്കുക എന്ന സമ്പ്രദായം നിലനിൽക്കുന്നു. കീടനാശിനി ഉപയോഗിക്കാതെ ഒരു വിളയും കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയും സംജാതമായിരിക്കുന്നു. നിരന്തരമായ രാസവളപ്രയോഗത്തിന്റെ ഫലമായി മണ്ണിന്റെ ഫലഭൂഷ്ഠിയിലും, ഘടനയിലും മാറ്റമുണ്ടാവുകയും അതുമൂലം ഉല്പാദനത്തിനും ഉല്പാദനക്ഷമതയിലും കുറവ് ഉണ്ടാവുകയും ചെയ്യുന്നു. ജൈവ വളത്തിന്റെ ഉല്പാദനത്തിനും, ഉപയോഗത്തിലും കർഷകർ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടാണുള്ളത്. ജൈവവള ലഭ്യതയ്ക്കുവേണ്ടി പച്ചില സസ്യങ്ങളും, മൃഗസംരക്ഷണവും ഇനിയും കൂടുതലായി പ്രോത്സാഹനം അർഹിക്കുന്നു. ശാസ്ത്രീയമായി വളപ്രയോഗം നടത്തുന്നതിനുവേണ്ടിയുള്ളമണ്ണ് പരിശോധനയും മാർഗ്ഗനിർദ്ദേശങ്ങളെ കർഷകർ സ്വീകരിക്കുന്നില്ല. കുരുമുളക് കൃഷിയുടെ തകർച്ചയ്ക്ക് അമിതമായ രാസവള പ്രയോഗം കാരണമായിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉല്പാദന വിതരണ ഏജൻസികളാണ് വളപ്രയോഗത്തിന്റെപ്രചാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്

നെല്ല്

വില്ലേജ് സെൻറ്റിൽമെൻറ് രേഖപ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ 143.24 ഏക്കർ നിലമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് നെൽപ്പാടങ്ങൾ തിരുവമ്പാടിയിൽ കാണാനേയില്ല. 15 ഏക്കറിൽ താഴെമാത്രമേ നെൽകൃഷി ചെയ്തുവരുന്നുള്ളു. ഇവ തന്നെ 1, 2, 3, 4 വാർഡുകളിൽ പല ഭാഗങ്ങളിലായി ചിന്നിചിതറിയാണ് കിടക്കുന്നത്. ഒന്നാം വിള കൃഷി മാത്രമേ നടത്താറുള്ളു. അപൂർവ്വം ചില ആളുകൾ പച്ചകറിയും, പയറും കൃഷി ചെയ്യാറുണ്ട് രണ്ടാം വാർഡിൽ മാളുവമ്മതോടിന്റെ വടക്ക്വശത്തുള്ള നെൽപ്പാടങ്ങളിൽ വെള്ളക്കെട്ടു ള്ളതുകൊണ്ട് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. നെല്ല് ഉല്പാദനമേഖലയിലെ കടുത്ത ഉല്പാദന ചിലവും, കൂടുതൽ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി നാണ്യവിളകൾ ഉല്പാദിപ്പിക്കുകഎന്ന കൃഷിക്കാരന്റെ അഭിനിവേശവും നിലവിലുള്ള നെൽപ്പാടങ്ങളെ കമുങ്ങിൽ തോട്ടങ്ങളും റബ്ബർതോട്ടങ്ങളുമായി മാറ്റി തീർത്തു. ശരാശരി തോട്ടങ്ങളും റബ്ബർതോട്ടങ്ങളുമായി മാറ്റി തീർത്തു. ശരാശരി ഒരു ഹെക്ടറിന് 3 ടൺ നെല്ല് ഉല്പാദിപ്പിക്കുന്നു. നാടൻ വിത്തിനങ്ങളാണ് പൊതുവെ ഉപയോഗിക്കുന്നത്. നെല്ലിന് കാര്യമായ രോഗങ്ങൾ ബാധിക്കുന്ന അവസ്ഥയുണ്ട്. ഓലചിയൽ, പുഴുക്കേട്, തണ്ടുതുരപ്പൻ തുടങ്ങിയവാണ് പ്രധാനപ്പെട്ടവ. ഇവയ്ക്കെതിരായ കീടനാശിനികൾ ഉപയോഗിക്കുന്ന പതിവുണ്ട് ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞുവരുകയും രാസവളത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതിലും ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായും കാണുന്നു.

തെങ്ങ്-

സുമാർ 2500 ൽ അധികം ഏക്കർ ഭൂമിയിൽ തെങ്ങ് കൃഷിയുണ്ട് ഇവ തന്നെ എല്ലാ വാർഡിലും വ്യാപിച്ചിട്ടുണ്ട് സംസ്ഥാന ശരാശരിയേക്കാൾ ഉല്പാദനക്ഷമത വളരെ കൂടുതലാണ് ഇവിടെ. ശരാശരി 75 നാളികേരം ഒരു തെങ്ങിൽ നിന്ന് ഉല്പാദിപ്പിക്കുന്ന അവസ്ഥയുണ്ട് മാർക്കറ്റിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ നാളികേര കർഷകരെ ദോഷകരമായി ബാധിക്കുന്നു. ഭക്ഷ്യാവശ്യത്തിന് വേണ്ടി 20% താഴെ മാത്രമേ നാളികേരം ഉപയോഗിക്കപ്പെടുന്നുള്ളു. ബാക്കി മുഴുവൻ നാളികേരവും ഇവിടെനിന് പുറമെയ്ക്ക് വ്യാവസായിക അസംസ്കൃതപദാർത്ഥമായി മാറ്റപ്പെടുകയാണ്. ചുരുക്കം ചില കർഷകർ കൊപ്രയാക്കി നാളികേരം മാർക്കറ്റിൽ എത്തിക്കുകയും ബാക്കിയുള്ളവ ഇടനിലക്കാർ കൊപ്രയാക്കി കോഴിക്കോട് മാർക്കറ്റിൽ എത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നാളികേരം

കൊപ്രയാക്കി സംഭരിക്കുന്ന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. നാളികേരം ഇളനീരായി ഉപയോഗിക്കുന്ന പതിവ് ഇവിടെ നിലവിലില്ല. തെങ്ങിൽനിന്ന് ലഭിക്കുന്ന മറ്റു വസ്തുക്കളെല്ലാംതന്നെ ഉപയോഗപ്പെടുത്തുന്നുവെങ്കിലും ഈ മേഖലയിൽ മാർക്കറ്റിങ്ങ് സമ്പ്രദായം നിലനിൽക്കുന്നില്ല. തെങ്ങിന് രാസവളങ്ങളാണ് കൂടുതൽ ഉപയോഗിക്കുന്നത്. മഴക്കാലത്ത് കൂമ്പ് ചീയൽ രോഗവും, വേനൽക്കാലത്ത് ചെല്ലികളുടെ ആക്രമണവും വളരെ കൂടുതലാണ്. കാലവർഷക്കെടുതിയിൽ ധാരാളം തെങ്ങുകൾ നശിച്ചുപോകുന്നുണ്ട്. തെങ്ങിന്റെ മണ്ട ഒരുക്കുക എന്ന പ്രവൃത്തി വളരെ കുറവായിട്ടാണ് ഇവിടെ കാണുന്നത്.

ഉല്പാദനക്ഷമതയിൽ ഇതുമൂലം ചുരുങ്ങിയത് 10% വർധനവ് ഉണ്ടാകുന്നതാണ്.

കുമിൾനാശിനി തളിക്കുക എന്ന സമീപനവും ഇവിടെയില്ല. തെങ്ങിന് ജലസേചനം ചെയ്യണം എന്ന ധാരണ കർഷകരിൽ വളർന്നു വരുന്നുണ്ട്. തെങ്ങ് മാത്രമായികൃഷി ചെയ്തിട്ടുള്ള പുരയിടങ്ങൾ വളരെ കുറവാണ്. ഇടവിളകളായി കമുങ്ങ്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൊക്കെ, മരച്ചീനി മുതലായവ കൃഷി ചെയ്തുവരുന്നുണ്ട്. തെങ്ങിന്റെ പരിചരണത്തിൽ കൃഷിക്കാർ പൊതുവെ തല്പരരാണ്. ഈ പ്രദേശത്തുള്ള നാളികേരത്തിന് മറ്റു പ്രദേശത്തുള്ള നാളികേരത്തേക്കാൾ ഗുണമേന്മ വളരെ കൂടുതലാണ്.

പച്ചക്കറി കൃഷി:-

പച്ചക്കറി കൃഷി ഈ പഞ്ചായത്തിൽ പഴയ കാലത്തേതിൽനിന്ന് വ്യത്യസ്ഥമായി വളരെ കുറഞ്ഞു വരുന്നു. പച്ചക്കറി സ്വന്തം പുരയിടങ്ങളിൽ ഉണ്ടാക്കുക എന്ന നിലയിൽനിന്നും മാറി എല്ലാവരും ഇന്ന് വിപണിയെ ആശ്രയിക്കുകയാണ്. സുമാർ 5 ലക്ഷം രൂപയുടെ പച്ചക്കറി ഒരു മാസം തിരുവമ്പാടിയിൽ വിറ്റഴിക്കുന്നു. ഇത് മുഴുവൻ പുറമെനിന്ന് വരുന്നവയാണ്. b) വ്യാവസായിക അടിസ്ഥാനത്തിൽ അപകടകാരികളായ കീടനാശിനികൾ ഉപയോഗിച്ചു ഉല്പാദിപ്പിക്കപ്പെടുന്നവയാണ് നമ്മുടെ മാർക്കറ്റിലെത്തുന്ന പച്ചക്കറികൾ. മരച്ചീനി, വാഴക്കുല, മുളക് മുതലായവ ഇവിടെനിന്നും കയറ്റി അയച്ചിരുന്ന സാഹചര്യത്തിൽനിന്ന് മാറി ലോടുകണക്കിന് മരച്ചീനി, വാഴക്കുല എന്നിവ ദിവസവും തിരുവമ്പാടി പഞ്ചായത്തിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ആവർത്തന കൃഷിയുടെ ഫലമായും രോഗകീടബാധകളുടെ ആധിക്യം മൂലവും പച്ചക്കറി കൃഷിയോടുള്ള താല്പര്യം പൊതുവെ കർഷകരിൽ കുറഞ്ഞുവന്നു. പച്ചക്കറി കൃഷിയോട് നിലനിൽക്കുന്ന വിമുഖത മാറ്റിതീർത്തു ഉല്പാദനമേഖലയിൽ പുതിയ സമീപനം സ്വീകരിച്ചാൽ ആരോഗ്യപരമായും, സാമ്പത്തികമായും പുരോഗതി ഉണ്ടാക്കാവുന്നതാണ്. പച്ചക്കറി, പഴം എന്നിവയുടെ വിപണിയിൽ സഹകരണസ്ഥാപനങ്ങളുടെ അപര്യാപ്തത മാർക്കറ്റിൽ നിഴലിച്ചുകാണുന്നു. കർഷകരിൽ പൊതുവെ ഉപഭോഗസംസ്ക്കാരം വളർന്നുവരികയാണ്.

റബ്ബർ

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷിയാണ് റബ്ബർ. സുമാർ 1500 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി നിലവിലുണ്ട്. 45 ലക്ഷം കിലോഗ്രാമാണ് വാർഷിക ഉല്പാദനം. ആദ്യകാലത്ത് നാടൻ മരങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. ആവർത്തനകൃഷി ആരംഭിച്ചതോടുകൂടി അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ഉപയോഗിക്കൽ ആരംഭിച്ചു. ഇപ്പോൾ ഭൂരിഭാഗവും റബ്ബറും R,R I,I 105 ഇനത്തിൽപ്പെട്ടവയാണ്. റബ്ബർ കൃഷിയോടാണ് കൃഷിക്കാർക്ക് ആഭിമുഖ്യമുള്ളത്. റബ്ബർബോർഡ് ഈ മേഖലകളിൽ കാര്യമായ ശ്രദ്ധ പതിപ്പിക്കുന്ന അവസ്ഥ നിലവിലുണ്ട്. റബ്ബറിന് ബാധിക്കുന്ന പ്രധാന രോഗങ്ങൾ - പട്ടമരപ്പ്, കൂമ്പ് ചീയൽ, ചീക്ക് എന്നിവയാണ്. പട്ടമരപ്പിന് പ്രതിവിധി ഇതുവരെ കണ്ടുപിടിപ്പിക്കപ്പെട്ടിട്ടില്ല. പട്ടമരക്കുന്ന മരം പൂർണ്ണമായും നശിച്ചുപോകുകയാണ്. ഇതിന് നിരവധി ഗവേഷണങ്ങൾ നടന്നുവെങ്കിലും ഫലപ്രാപ്തിയിൽ എത്തിയതായ വിവരം ഇല്ല. സാധാരണ കർഷകർ ഒന്നിടവിട്ട ദിവസങ്ങളിലാണ് റബ്ബർമരം ടാപ്പ് ചെയ്യുന്നത്. 6 ഓളം റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണസംഘങ്ങളിലൂടെ നാമമാത്രമായി റബ്ബർ പാൽ ശേഖരിക്കുകയും കൃഷിക്കാർക്കു ആവശ്യമായ വളവും മറ്റു ഉപകരണങ്ങളും വിതരണം ചെയ്യുന്നുണ്ട്. ഭൂരിഭാഗം കർഷകരും റബ്ബർ ഷീറ്റാക്കി വിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. റബ്ബറിന് താരതമ്യേന മെച്ചപ്പെട്ട വില ലഭ്യമാണ്.

കവുങ്ങ്

1300 ഹെക്ടറിൽ കമുങ്ങ് കൃഷി നിലവിലുണ്ട്. 52 കോടി എണ്ണം അടയ്ക്ക സുമാർ ഉല്പാദിപ്പിക്കപ്പെടുന്നു. നാടൻ കവുങ്ങുകളാണ് ആദ്യകാലത്ത് കൃഷി ചെയ്തിരുന്നത്. ആവർത്തന കൃഷിനടത്തുമ്പോൾ അത്യുല്പാദനശേഷിയുള്ള കാസർക്കോടൻ, മംഗള, മൊനിത്നഗർ ഇനം കമുങ്ങിൻ തൈകളാണ് ഉപയോഗിക്കുന്നത്. കമുങ്ങിനെ ബാധിക്കുന്ന മഞ്ഞളിപ്പ് രോഗവും, കായ്ഫലത്തെ ബാധിക്കുന്ന മഹാളി രോഗവും കർഷകർക്ക് പേടിസ്വപ്നമാണ്. മഹാളിരോഗത്തിന് യഥാസമയം ബോഡോമിശ്രിതം തളിക്കുക എന്ന രീതി ഫലപ്രദമാണ്. മഞ്ഞളിപ്പ് രോഗത്തെ സംബന്ധിച്ച് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അടയ്ക്കക്ക്സാമന്യം ഭേദ

പ്പെട്ട വില ലഭ്യമാണ്.

കാർഷിക മേഖലയിലെ ധനകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തം

സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ആനക്കാംപൊയിൽ		
വർഷം	വായ്പസംഖ്യ	കുടിശ്ശിക
1993-94	55,76,178	13,75,558
1994-95	70,77,277	11,07,338
1995-96	66,10,126	13,08,717

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവമ്പാടി.		
1995-96	1,21,00,000	

സൗത്ത് ഇന്ത്യൻ ബാങ്ക് പുല്ലൂരാംപാറ.		
1993-94	180 പേർ	20,00,000
1994-95	210 പേർ	20,50,000
1995-96	235 പേർ	21,50,000

തിരുവമ്പാടി സർവ്വീസ് സഹകരണബാങ്ക്			
1995-96	3511 പേർ	2,44,44,903 693 പേർ	34,75,060

കാർഷിക വികസന ബേങ്ക് മുക്കം

12 പേർക്ക് കൈമാല നിർമ്മാണ പദ്ധതിയിൽ 3,94,900, 8 പേർക്ക് ചെറുകിട ജലസേചനം 2,36,600, ഒരു ആൾക്ക് പന്നി ലോൺ 41,600, 7 പേർക്ക് കവുങ്ങ് കൃഷിക്കായി 4,39,000 രൂപഎന്നീ വിധത്തിൽ 95-96 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

കൂൺകൃഷി:- ഭക്ഷ്യാവശ്യത്തിന് വേണ്ടി ലളിതമായ രൂപത്തിൽ ഓരോ വീട്ടിലും കൂൺകൃഷി നടത്താവുന്നതാണ്. പ്രോട്ടീൻ അംശം വളരെ കൂടുതലുള്ള കൂൺ ആരോഗ്യത്തിന് വളരെഗുണം ചെയ്യുന്നതാണ്. ഇതിന്റെ വിത്തിനങ്ങൾ കോഴിക്കോട് ജില്ലയിൽതന്നെ ലഭ്യമാണ്.

ഔഷധ ചെടികൾ:- നാട്ടറിവിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ഒറ്റമൂല്യചികിത്സ വളരെ വ്യാപകമായി തിരുവമ്പാടി പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ ഔഷധ ചെടികൾ കൃഷിചെയ്യുകയും പരിപാലിക്കുകയും ചെയ്യുന്ന രീതി ഇന്ന് നിലനിൽക്കുന്നില്ല. തുളസി, മൈലാഞ്ചി, ചെമ്പരത്തി, മുക്കുറ്റി, ചെറുപൂള, കീഴാർനെല്ലി, തഴുതാമ, ആടലോടകം കറ്റാർവാഴ,ഉമ്മം, നെല്ലി തുടങ്ങി ഒട്ടനവധി ചെടികൾ ഉണ്ടെങ്കിലും ഇവയുടെ ലഭ്യത വളരെ കുറഞ്ഞുവരുന്നു.

പുഷ്പകൃഷി:- ആഘോഷവേളകളിൽ ഇന്ന് പുഷ്പങ്ങളുടെ സാന്നിദ്ധ്യം ഒരു പ്രധാനഘടകമാണ്. കോഴിക്കോട് മാർക്കറ്റിനെ ആശ്രയിച്ചിട്ടാണ് പല ചടങ്ങുകളും നടക്കുന്നത്. റീത്തുകൾ, ബൊക്കകൾ എന്നിവ പ്ലാസ്റ്റിക്, പേപ്പർ തുടങ്ങിയ സാധനങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് നിർമ്മിക്കുന്നത്. ചുരുങ്ങിയത് 10000 രൂപയുടെ പുഷ്പങ്ങൾ തിരുവമ്പാടിയിൽ പ്രതിമാസം ഉപയോഗിച്ചുവരുന്നു. വിപുലീകരിച്ച രീതിയിൽ ഈ കൃഷി നടത്താൻ സാധ്യമല്ലെങ്കിലും സ്ത്രീകൾക്ക് ഈ രംഗത്ത് വളരെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന അവസ്ഥ നിലവിലുണ്ട്. കുറ്റിമുല്ല, വിവിധതരം ആന്തൂറിയം, വിവിധതരം ഓർക്കിഡുകൾ മുതലായവ ഇന്ന് വിപണിയെ സ്വാധീനിക്കുന്നുണ്ട്.

നടപ്പു പദ്ധതികളുടെ അവലോകനം:

കാളിയാം പുഴ പശ്ചിമഘട്ടവികസന പദ്ധതി:- ഈ പ്രവർത്തനം കഴിഞ്ഞ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയതാണ്. 862 ഹെക്ടർ സ്ഥലം ഇതിന്റെ പരിധിയിൽപ്പെടുന്നു. 7-ാം വാർഡിന്റെ പകുതിയും, എട്ടാം വാർഡ്, ഒമ്പതാം വാർഡിന്റെ ഭൂരിഭാഗ പ്രദേശങ്ങളും ഇതിൽപ്പെടുന്നു. ഇതിന്റെ അടങ്കൽ തുക 46,91,000 രൂപയാണ്. കൃഷിവകുപ്പ്, ജലസേചനവകുപ്പ് എന്നിവയുടെ സംയുക്തക്ഷീര - മൃഗ സംരക്ഷണ വകുപ്പുകൾ, മണ്ണു സംരക്ഷണ വകുപ്പ്, ആഭിമുഖ്യത്തിലാണ് ഇത് നടക്കുന്നത്. കൃഷിവകുപ്പിൽനിന്ന് സൗജന്യനിരക്കിൽ വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ 93-94 വർഷത്തിൽ 450 ഗുണഭോക്താക്കൾക്കും 94-95ലും 470, 95-95ൽ 500 പേർക്കും വിതരണം ചെയ്തിട്ടുണ്ട്. മണ്ണുസംരക്ഷണ വകുപ്പിൽനിന്ന് 322 കർഷകർക്ക് മണ്ണുസംരംക്ഷണ പ്രവർത്തനങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ക്ഷീരമൃഗസംരക്ഷണവകുപ്പിൽ നിന്ന് 93-94ൽ 96 കർഷകർക്കും തൊഴുത്ത് നിർമ്മാണം. തീറ്റ പുല്ല് കൃഷി കറവ പശുക്കളെ വാങ്ങുക എന്നിവക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഈ ജലസേചന വകുപ്പിൽനിന്ന് രണ്ടു കുളങ്ങളും ഒരു വിസിബിയും നിർമ്മിച്ചിട്ടുണ്ട്. ഈ വർഷത്തോടെ ഈ പദ്ധതി അവസാനിക്കും ഇതിന്റെ നടത്തിപ്പിന് വേണ്ടി ജനകീയ കമ്മറ്റി പ്രവർത്തിച്ചുവരുന്നു. ജലസേചനവകുപ്പിന്റെ പ്രവർത്തനം വേണ്ടത്ര കമ്മറ്റിയുമായി ബന്ധപ്പെടുകൊണ്ടായിരുന്നില്ല. 1997-98 ൽ ഈ പദ്ധതി അവസാനിക്കും.

ഊർജ്ജിത സുഗന്ധ വിള വികസന പദ്ധതി:-

ഈ പദ്ധതിപ്രകാരം മഞ്ഞൾ, ഇഞ്ചി, കുരുമുളക് എന്നീ കൃഷികൾക്ക് ഉല്പാദന വർദ്ധനവിന് വേണ്ടി വളം കീടനാശിനി, നടീൽ വസ്തുക്കൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്തുവരുന്നു. 95-96 ൽ ഒരു ലക്ഷം രൂപയുടെ ആനു

കുല്യം വിതരണം ചെയ്തു. 100 ൽപരം കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവരുന്നു.

സമഗ്ര നാളികേര വികസന പദ്ധതി

തെങ്ങിൽതോപ്പുകളിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. 3 വർഷമായി നടന്നു വരുന്നു. 95-96 4 പമ്പുസെറ്റുകൾ 44 കിണറുകൾ എന്നിവയും സബ്സിയിയോടുകൂടി സ്ഥാപിച്ചിട്ടുണ്ട് സാമൂഹ്യ ജലസേചന പരിപാടി പ്രകാരം 85% സബ്സിഡിയോടുകൂടി പാമ്പിഴിഞ്ഞംപാറ, നെല്ലാനിചാൽ, ഉറുമി, വഴിക്കടവ് പുന്നക്കൽ എന്നിവിടങ്ങളിൽ 40 തോളം കർഷകർക്ക് ഗുണം ലഭിക്കുന്ന കുളങ്ങളും,പമ്പ് സെറ്റുകളും, ടാങ്കുകളും, പൈപ്പുകളും സ്ഥാപിച്ചിട്ടുണ്ട് 4,75,000 രൂപ ഈ ഇനത്തിൽ ചിലവഴിച്ചു, മേൽ ജലസേചന പദ്ധതി ലക്ഷ്യംപ്രാപ്തിയിൽ എത്തിയതായി വിശ്വസിക്കാൻ നിർവ്വാഹമില്ല. മരുന്നുതളിയന്ത്രം, തെങ്ങ് കയറ്റയന്ത്രം എന്നിവ സൗജന്യ നിരക്കൽ വിതരണം ചെയ്തുവരുന്നു. 95-96 ൽ 6 പേർക്ക് പ്രയോജനം ലഭിച്ചു. കേര വികസനസമിതികൾ രൂപീരിച്ചു പ്രവർത്തിക്കുന്നു. കേരവികസന സമിതി പ്രവർത്തനം കാര്യക്ഷമമാണ് എന്ന് പറയാൻ നിർവ്വാഹമില്ല.

കുരുമുളക് രോഗബാധക്ക് എതിരായ മരുന്നുതളി പദ്ധതി:-

1000 ഹെക്ടർ സ്ഥലത്തേക്ക്സുമാർ 11,000Kg തുരിശും 5,500ീ കോപ്പർ ഓക്സിക്ലോറൈഡും, 11,000 Kg കക്കയും 1346 കർഷകർക്ക് 2 വർഷമായി സൗജന്യമായി വിതരണം ചെയ്തുവരുന്നു. യഥാർത്ഥത്തിൽ കുരുമുളക് കൃഷി 1000 ഹെക്ടറിൽ നിലവിലില്ല. ഒരു പരിധിവരെ ഈ ആനുകൂല്യം കമുങ്ങിന് ഉപയോഗപ്പെടുത്തുകയാണ് പതിവ്. പഞ്ചായത്തിൽ 5 കുരുമുളക് സമിതി പ്രപർത്തിക്കുന്നത് കാര്യക്ഷമമല്ല. ആനക്കാംപൊയിൽ സമിതി, മാവതുക്കൽ സമിതി വാർഡ് 4 ഉം 5ഉം ചേർത്തു കൈരളി സമിതി, വാർഡ് 1,2,3 കേന്ദ്രീകരിച്ചു വിജയകുരുമുളക് സമിതി, വാർഡ് 6, 7 കേന്ദ്രീകരിച്ച് പുന്നക്കൽ സമിതി എന്നിവയാണ് ഇവ.

തിരുവമ്പാടികൃഷി ഭവന്റെ കീഴിൽ പുന്നക്കൽ പുല്ലൂരാംപാറ എന്നിവിടങ്ങളിൽ നിർമ്മിച്ച രണ്ട് കെട്ടിടങ്ങളുണ്ട്ഈ കെട്ടിടങ്ങൾ നിലവിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് കർഷകർക്ക് പ്രയോജനപ്രദമല്ല.

കാർഷികമേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽ ദാനപദ്ധതി :-

ഈ പദ്ധതി യുവജനങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയതാണ്. ഒരു നിശ്ചിതതുക നിശ്ചിതസമയത്തിനുള്ളിൽ അടയ്ക്കുന്നവർക്ക് 60 വയസ്സുമുതൽ പെൻഷൻ കൊടുക്കുന്ന സംവിധാനവും ഇതിൽ ഉണ്ട്. തിരുവമ്പാടി പഞ്ചായത്തിൽ നിലവിൽ 200 പേരിൽ 12പേർ പട്ടികജാതിക്കാരും 50 പേർ വനിതകളുമായി 2,12,500 രൂപ സർക്കാരിൽ നിക്ഷേപിച്ചിട്ടുണ്ട് ഈപദ്ധതി പ്രകാരം പച്ചക്കറികൃഷി, നഴ്സറികൾ, തേനീച്ചവളർത്തൽ, പുഷ്പകൃഷി, മുയൽവളർത്തൽ, ആടുവളർത്തൽ, കാലിതൊഴുത്ത് നിർമ്മാണം, കാർഷിക ഉപകരണങ്ങൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

വിള ഇൻഷൂറൻസ് പദ്ധതി:-

25 ഓളം കാർഷിക വിളകൾക്ക് ഇൻഷൂറൻസ് പദ്ധതി നിലവിലുണ്ട്.220 കൃഷിക്കാരിൽ നിന്ന് ഈ പദ്ധതിയിലേക്ക് പ്രീമിയം സംഖ്യയായി 1,04,924 രൂപ അടച്ചിട്ടുണ്ട് 96-ജൂൺ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭം നിമിത്തം സുമാർ 200 അപേക്ഷകർക്ക് 2,54,000 രൂപയുടെ ക്ലെയിം തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട് ഓരേ വാർഡിലും ഓരോ ഏജന്റെ്മാർ വിള ഇൻഷൂറൻസിൽ കൃഷിക്കാരെ ചേർക്കുന്നുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഗ്രൂപ്പ് ഫാമിംഗ് നിലവിലുണ്ടെങ്കിലും നെൽകൃഷി ഇല്ലത്തതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ല.

കാർഷികമേഖലയിലെ യന്ത്രവൽക്കരണ പദ്ധതി:-

50% സബ്സിഡിയോടുകൂടി ട്രാക്ടർ, ടില്ലർ, കൊയ്ത്തുമെതി യന്ത്രം, പവർസ്പ്രെയറയർ എന്നിവ കർഷക സംഘടനകൾ സഹകരണ സ്ഥാപനങ്ങൾ, കർഷക സമിതികൾ എന്നിവക്ക് നൽകാൻ പരിപാടി ഉണ്ടെങ്കിലും ഇത് വരെ ഇത് നടപ്പിലായിട്ടില്ല.

കാർഷിക വിള സംസ്ക്കരണ പദ്ധതി:-

50% സബ്സിഡിയോടുകൂടി മേൽപ്പറഞ്ഞ സംഘടനകളിൽ വിതരണം ചെയ്യുന്ന നടപടി നിലവിലുണ്ടെങ്കിലും ഈ പദ്ധതി നടപ്പിലായിട്ടില്ല.

കുരുമുളക് വികസന പദ്ധതി:-

ഈ പദ്ധതി പ്രകാരം മഹാളിരോഗത്തെ ചെറുക്കുന്നതിന് വേണ്ടി കോപ്പർസൾഫേറ്റ് 33.33% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കമുങ്ങിന് ജലസേചനം ചെയ്യുന്നതിന് വേണ്ടി കിണർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് മേൽ നിരക്കിൽ സബ്സിഡി നൽകി വരുന്നു.

ട്രിപ്പ് ഇറിഗേഷൻ:-

ഈ പദ്ധതി പ്രകാരം ഒരു ഹെക്ടർ ഭൂമിയിൽ

കൃഷിക്ക് ജലസേചനം നടത്തുന്ന കർഷകർക്ക് 15,000 രൂപ സബ്സിഡി നൽകാൻ വ്യവസ്ഥ ഉണ്ടെങ്കിലും നടപ്പിലായിട്ടില്ല.

കാർഷികമേഖലയിലെ പ്രശ്നങ്ങൾ:-

1. വനഭൂമി ഒഴിച്ചു കൃഷിയോഗ്യമായ മുഴുവൻ പ്രദേശവും കൃഷി ചെയ്തിട്ടുണ്ട്. മലപ്രദേശമായതുകൊണ്ട് മണ്ണൊലിപ്പാണ് ഇവിടുത്തെ പ്രധാന പ്രശ്നം.
2. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് തിരുവമ്പാടി എങ്കിലും വേനൽക്കാലത്ത് ശക്തമായ വരൾച്ച കാണപ്പെടുന്നു.
3. നെൽപ്പാടങ്ങളെല്ലാം നാണ്യവിളകളുടെ സങ്കേതങ്ങളായി മാറുന്നു.
4. കീടബാധകാരണം കുരുമുളക് തോട്ടങ്ങൾ നശിക്കപ്പെടുന്നു.
5. രണ്ടാം വാർഡിലുള്ള കൊളത്താറ്റിൽ പാടശേഖരത്തിൽ വെള്ളക്കെട്ട് കാരണം കൃഷി ചെയ്യാൻപറ്റുന്നില്ല.
6. ജൈവ വളത്തിന്റെ ലഭ്യതക്കുറവ്.
7. കാർഷികതൊഴിലാളികളുടെ പ്രാദേശിക ലഭ്യത കുറവ്
8. സസ്യാവരണത്തിൽ ഉണ്ടായ സാരമായ മാറ്റം.
9. നാളികേരത്തിന്റെ വിലയിലുള്ള ഏറ്റക്കുറച്ചിലുകൾ
10. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.
11. ജലശ്രോതസുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
12. ഉല്പന്നലോൺ ലഭിക്കുന്നില്ല.
13. ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിന്റെ സൗകര്യക്കുറവ്.
14. കാർഷികമേഖലയിലെ വിവിധ വകുപ്പുകളുടെ കൂട്ടായ്മയുടെ അപര്യാപ്തത.
15. ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി ഭക്ഷ്യവിളകൾ ഉല്പാദിപ്പിക്കുന്നതിൽ കാണിക്കുന്ന താല്പര്യക്കുറവ്.
16. അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗം.
17. മൃഗസംരക്ഷണത്തോടുള്ള താല്പര്യക്കുറവ്.
18. വളത്തിന്റെ വിലവർദ്ധനവ്
19. കവുങ്ങ് കൃഷിയെ ബാധിക്കുന്ന മഞ്ഞളിപ്പുരോഗം.
20. സുഗന്ധ വിളകളുടെ ഉല്പാദനക്കുറവ്.
21. പരമ്പരാഗത ഔഷധച്ചെടികളുടെ ലഭ്യത കുറവ്.

സാദ്ധ്യതകൾ:-

1. തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നാലഞ്ച് നീർതട പദ്ധതികൾക്ക് അനുയോജ്യമായ ഭൂപ്രദേശങ്ങളുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കണം. ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കണം. മനുഷ്യവിഭവശേഷി ലഭ്യമാണ് അത് പ്രയോജനപ്പെടുത്തണം. കളിയാംപുഴ വാട്ടർഷെഡ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജലസേചന പദ്ധതി പൂർത്തിയാക്കണം.
2. തിരുവമ്പാടി അതിർത്തിയിൽ ഒഴുകുന്ന ഇരുവഞ്ഞിപുഴയിൽ യുക്തമായ സ്ഥലങ്ങളിൽ തടയിണകൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പൊയിലിങ്ങാപുഴ, കാളിയാംപുഴ, എടത്തറപുഴ, മുത്തപ്പൻ പുഴ എന്നീ ജലശ്രോതസ്സുകളിൽ യുക്തമായ സ്ഥലങ്ങളിൽ ജനകീയ പങ്കാളിത്തത്തോടുകൂടി ചെറിയ അണക്കെട്ടുകൾ നിർമ്മിച്ചു ജലസേചന സൗകര്യം മെച്ചപ്പെടുത്തുക. പൊയിലിങ്ങാപുഴയിൽ കുന്ദീദേവി എന്ന സ്ഥലത്ത് അണക്കെട്ട് നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ജലസേചനം വർദ്ധിപ്പിക്കുകയും ചെയ്യാം. എല്ലാകാലത്തും വെള്ളം ലഭിക്കുന്ന തോടുകളിൽ ജലം സംഭരിച്ചുവെക്കുന്ന വി.സി.ബികൾ നിർമ്മിക്കണം.
3. നിലവിലുള്ള നെൽപ്പാടങ്ങൾ മൂന്ന് വിളയെടുക്കുന്ന നെൽപ്പാടങ്ങളാക്കി നിലനിർത്താൻ സാദ്ധ്യതകളുണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണവും കർശന നിയന്ത്രണവും എർപ്പെടുത്തുക. നെൽകൃഷി ചെയ്യാൻ പറ്റാത്ത പാടങ്ങൾ മറ്റു ഭക്ഷ്യവിളകൾ ഉല്പാദിപ്പിക്കപ്പെടുന്ന കേന്ദ്രങ്ങളാക്കി മാറ്റപ്പെടുക. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരുമാതൃക നഴ്സറി പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
4. നാണ്യവിളകളുടെ വിപണനവുമായി ബന്ധപ്പെട്ടുകൊണ്ട് തിരുവമ്പാടി ആസ്ഥാനമാക്കി റെഗുലെറ്റഡ് മാർക്കറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് വിശദമായ പഠനവും നടപടിയും ആവശ്യമാണ്.
5. തെങ്ങിന് ബോഡോ മിശ്രിതം തളിക്കുക എന്ന അവസ്ഥ ഇവിടെ നിലവിലില്ല. എന്നാൽ ഈകുമിൾ നാശിനി തളിക്കുന്നതുകൊണ്ട് വളരെയധികം ഗുണമുള്ളതായി അനുഭവസ്ഥർ പറയുന്നുണ്ട്. ഈ പ്രവൃത്തിക്ക് വളരെ ചെലവ് കൂടുന്നതും ആവശ്യത്തിന് വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ ഉണ്ടെങ്കിൽ പോലും പഞ്ചായത്ത തിസ്ഥാനത്തിൽ സസ്യസംരക്ഷണ സ്ക്കോഡുകൾ രൂപീകരിച്ച് ഇതിന്റെ പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്.
6. തിരുവമ്പാടി ആസ്ഥാനമാക്കി കാർഷിക ഗവേഷണ

കേന്ദ്രം സ്ഥാപിച്ച് കവുങ്ങിന്റെ മഞ്ഞളിപ്പുരോഗവുമായി ബന്ധപ്പെട്ടുകൊണ്ട് ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തേണ്ടതാണ്.

7. കാർഷിക ഉപകരണങ്ങളും മരുന്നു തളിയന്ത്രങ്ങളും ചുരുങ്ങിയ വാടക നിശ്ചയിച്ചുകൊണ്ട് കൃഷിഭവനിലൂടെ ആവശ്യന് ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്താവുന്നതാണ്

8. പഞ്ചായത്തടിസ്ഥാനത്തിൽ ജൈവ വള നിർമ്മാണയൂണിറ്റും മണ്ണിര കമ്പോസ്റ്റുനിർമ്മാണ യൂണിറ്റും ആരംഭിച്ച് വൻതോതിൽ കാർഷികമേഖലയിൽ വിൽപ്പന നടത്തുന്നതിന് സാധിക്കും. പഞ്ചായത്തിലെ നിരവധി ഉപയോഗശൂന്യമായ കിണറുകൾ ഇതിന് ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

9. നിലവിലുള്ള വിളകളുടെ അടിസ്ഥാനത്തിൽ ഓരോ വിളകൾക്കും പ്രത്യേകം പ്രത്യേകം സമിതികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ച് ഉല്പാദനക്ഷമതയിൽ നിലനിൽക്കുന്ന മുരടിപ്പ് പൂർണ്ണമായി ഒഴിവാക്കാൻ കഴിയുന്നതാണ്.





4-2

മൃഗസംരക്ഷണവും മിൽക്കുത്പാദനവും

(അവലംബം 1. വില്ലേജ് സെറ്റിൽമെൻറ് രജിസ്ട്രർ, മൃഗാശുപത്രി രേഖകൾ, സാമൂഹ്യ സാമ്പത്തിക സർവ്വേ)

ഈ നൂറ്റാണ്ടിൻെറ ആരംഭം മുതൽ 1960 കളുവരെ മൃഗപരിപാലന രംഗത്ത് തിരുവമ്പാടി നിവാസികൾ കാര്യമായ ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. 1931-ലെ സെൻസസ്സു പ്രകാരംവളരെ ചുരുങ്ങിയ മൃഗങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ ഈ മേഖലയിൽ കാര്യമായശ്രദ്ധ ഉണ്ടായിട്ടുണ്ട്. മാംസ്യഭക്ഷണം, പാലിൻേറയും മുട്ടയുടേയും ഉപഭോഗം വർദ്ധിപ്പിക്കുകയും, മൃഗപരിപാലനം ജീവിതോപാധിയായി സ്വീകരിച്ചു തൊഴിൽ കണ്ടെത്തുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ പക്ഷിമൃഗാദികളുടെ സംരക്ഷണത്തിലും, എണ്ണത്തിലും, ഗുണത്തിലും, വർദ്ധനയുണ്ടായിട്ടുണ്ട്. പട്ടിക I വിശദാംശങ്ങൾ സൂചിപ്പിക്കുന്നു. പുതിയ ജനുസുകളിലെ പശുക്കളെ വളർത്തുന്നതിൽ ഇന്ന് കർഷകർ, തൊഴിലാളികൾ എന്നിവർ തല്പരരാണ്.

പാലിൻെറ വിപണനവുമായി ബന്ധപ്പെട്ട 4 ക്ഷീരോല്പാദന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആനക്കാംപൊയിൽ, (വാർഡ് 10) പുല്ലൂരാംപാറ (വാർഡ് VIII) തിരുവമ്പാടി III പുന്നയ്ക്കൽ (വാർഡ് VI എന്നീ മേഖലയാണിവ. എന്നാൽ വിപണനമേഖലയിൽ ഒന്നാം വാർഡിലെ (തൊണ്ടിമ്മൽ) കർഷകർ മുക്കം മേഖലയുമായി ബന്ധപ്പെട്ടാണ് ഇന്ന് പാൽ വിൽക്കുന്നത്. സഹകരണ മേഖലയിലെ സംഭരണവും, വിതരണവും, സംബന്ധിച്ച വിവിരങ്ങളും, സ്ഥാപന വിവരങ്ങളും പട്ടികയിൽ IIചേർക്കുന്നു

പട്ടിക I.1 1931 സെൻസസ്

	കാള	പോത്ത്	പശു	എരുമ	കന്നുകുട്ടികൾ	ആട്	ഉഴവുകാളകൾ
	59		45	12	77	4	37
Total	59		45	12	77	4	37

പട്ടിക 1:2

1987 - കന്നുകാലി സെൻസസ്

Ward No.	കാള നാടൻ		കാളസങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പട്ടി
	വംശ വർദ്ധനവ്	വംശ മറ്റുള്ളവ	കറവ വർദ്ധനവ്	കറവ മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	ഇല്ലാത്തവ			
1.	0	43	140	124	213	123	230	17	25	2	150	141	
2.	1	42	2	33	107	201	115	220		182	212	134	137
3.	0	43	2	34	121	215	122	223	16	27	4	156	140
4.	0	36	1	36	116	198	121	227	14	20	2	148	142
5.	0	50	3	36	127	222	112	187	18	24	1	150	150
6.	1	45	2	39	108	190	131	206	13	28	2	141	131
7.	0	41	1	32	111	213	117	213	16	23	7	147	135
8.	0	45	2	34	121	218	155	206	17	21	3	146	141
9.	0	39	2	38	129	225	126	259	19	24	8	149	140
10.	0	42	2	33	121	211	129	252	21	26	10	146	141
ആകെ	2	126	18	355	1185	2106	1264	2186	169	240	41	1457	1398

പട്ടിക 1:3

വാർഡ്	പൂവൻകോഴി	പിടക്കോഴികൾ		ആണ്	പെൺ	ആകെ മൃഗങ്ങൾ	ആകെ കോഴികൾ
		മുട്ട ഇടുന്നത്	ഇടാത്തത്				
1	1210	731	403	3	7	10855	23075
2.	1181	750	357	5	3		
3.	1174	821	394	5	5		
4.	1200	733	445	3	8		
5.	1060	691	326	5	6		
6.	1101	760	361	4	7		
7.	1110	792	401	3	12		
8.	1217	773	368	3	7		
9.	1201	336	762	3	12		
10.	1127	774	405	3	10		
ആകെ	11581	7161	4222	37	77		

പട്ടിക 2

ക്ഷീര സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തി അംഗങ്ങൾ	1 വർഷം ശേഖരിക്കുന്ന പാൽ 1993-94,94-95, 95-96		ഡയറിയ്ക്ക് അയച്ചപാൽ	ജീവനക്കാർ		സ്ഥാപനവിവരം
			ശേഖരിക്കുന്നപാൽ	വിറ്റപാൽ		സ്ഥിരം	മറ്റുള്ളവ	
തിരുവമ്പാടി ക്ഷീരോല്പാദക സഹകരണ സംഘം	23-12-1963	110	68291.5L 102684.6 L 121803.1L	38016'3 L 49063. L 72957'7L	30633.3 L 54081 L 48969'5 L	3		സ്വന്തം കെട്ടിടം
പുല്ലുരാംപാറക്ഷീരോല്പാദക സഹകരണ സംഘം.	1-2-1989	21	22346 L 20400 L 15531'5 L	15799 L 11365.5 L	4601 L 4166 L	1	1	വാടക കെട്ടിടം
ആനക്കാംപൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം	21-3-1979	85	124849.8 L 143945 L 151078'6 L	6635'8 L 74882 L 80832 L	58514 L 69063 L 70246 L	3	1	സ്വന്തം കെട്ടിടം
പുന്നക്കൽ ക്ഷീരോല്പാദക സഹകരണ സംഘം 1985 ൽ ആരംഭിച്ചെങ്കിലും 91 ൽ പ്രവർത്തനരഹിതമായി പിന്നീട്	17-8-96	16	. . 70 L	. . 70 L	. . .	. . 1		വാടക കെട്ടിടം 5 സെന്റ് സ്ഥലം സ്വന്തമായുണ്ട്

നാടൻ പശുക്കളുടെ എണ്ണം വളരെ ഗണ്യമായി കുറഞ്ഞു കൊണ്ടേയിരിക്കുന്നു. പകരം സങ്കര ഇനങ്ങളുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. കൃത്രിമ ബീജ സങ്കലനങ്ങളെ സംബന്ധിച്ച വിവരം പട്ടിക III ൽ ചേർക്കുന്നു. കിടാരികളെ ഉല്പാദിപ്പിച്ചു കാലിവളർത്തലിൽ താൽപര്യമുള്ളവരെ ഏൽപിച്ചാൽ ഈ മേഖലയിൽ ഇനിയും വളരെ മുന്നോട്ട്പോവാൻ കഴിയും.

പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ ഇല്ല. എങ്കിലും 12 ഓളം സ്ഥലങ്ങളിൽ മാടുകളേയും, കോഴികളേയും,അറുത്ത് മാംസം വില്ക്കുന്ന സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്. അറവുമായി ബന്ധപ്പെട്ട് കൊണ്ട് പരിസര മലിനീകരണ പ്രശ്നം നിലവിൽ ഉണ്ട്. ലക്ഷക്കണക്കിന് രൂപയുടെ മാംസം (ആട്,കോഴി, പോത്ത്) വിറ്റഴിയുന്നുണ്ട്. ഇതിന്റെ കൃത്യമായ

പട്ടിക 3

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം	ആകെഎണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിൽ 2-ലധികം വരുന്ന	ബീജസങ്കലനം വേണ്ടിവന്നവ
പശു	5056	648	498	
കിടാരി	1685	192	114	
എരുമ	409	76	33	

കണക്ക് ലഭ്യമല്ല. കൊല്ലുന്ന ഉരുക്കളുടെ എണ്ണത്തിൽ വലിയ പങ്ക്പുറത്തു നിന്ന് വരുന്നവയായതിനാൽ ഗുണനിലവാരം പരിശോധിക്കേണ്ടതാണ്.

തിരുവമ്പാടി (Ward III) യിലും, ആനക്കാം പൊയി (Ward 10) ലിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മൃഗാസ്പത്രിയിൽ 2 ഡോക്ടർമാരും-5 ജീവനക്കാരും 2 കാഷ്വൽ ജീവനക്കാരും നിലവിലുണ്ട്. തിരുവമ്പാടിയിൽ സ്വന്തം കെട്ടിടത്തിലും,ആനക്കാം പൊയിലിൽ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. മൃഗ പരിപാലന രംഗത്ത് ആവശ്യമായ അവബോധം വളർത്തുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. പുതുപ്പാടി കേന്ദ്രമായി പ്രവർത്തിക്കുന്ന ക്ഷീര വികസന ആപ്പീസിലെ ചുമതലക്കാർ തിരുവമ്പാടി മേഖലയിൽ ചില പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലും, നടപ്പ് പദ്ധതിയിലും ചെയ്ത പ്രവർത്തനങ്ങൾ പട്ടിക 4ൽ ചേർക്കുന്നു.

കിടാരികളുമായി ബന്ധപ്പെട്ട യാതൊരു വിധ വികസന പദ്ധതികളും നടന്നിട്ടില്ല. കാലിത്തീറ, കോഴിത്തീറ്റ, ഇവയുടെ വമ്പിച്ച വില വർദ്ധനവിൽ ഈ മേഖലയിൽ പ്രശ്നം സൃഷ്ടിച്ചു. ഇവയുടെ ഉല്പാദനത്തിലും, വിതരണത്തിലും നിലവിലുള്ള രീതിയിൽ മാറ്റങ്ങൾ കൊണ്ടുവന്നാൽ വലിയസാദ്ധ്യത ഉണ്ടാക്കാൻ കഴിയും. തീറ്റപ്പുല്ല് കൃഷി പ്രായേണ കുറവാണ്. മുൻപ് അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഭൂവിനിയോഗത്തിൽ ഉണ്ടായ വിപ്ലവകരമായ മാറ്റം "തീറ്റപ്പുല്ല്" നട്ടുപിടിപ്പിക്കുക എന്ന പുതിയ പ്രശ്നം സൃഷ്ടിച്ചു.

കാലികളുടെ വിപണന രംഗത്ത് ഇടനിലക്കാരുടെ ഇടപെടലുകൾ വളരെ വ്യാപകമായി നിലനിൽക്കുന്നു. പക്ഷിമൃഗാദികളുടെ പരിപാലനത്തിന് ആവശ്യമായ,. ഇടപെടലുകൾ സൃഷ്ടിയ്ക്കാൻ സഹകരണ മേഖലയ്ക്ക് കഴിയും. ദൗർ

പട്ടിക 4:

വർഷം	പദ്ധതിയുടെ വിവരം	ലക്ഷ്യം	പ്രദേശം	പ്രയോജനം ലഭിച്ചവർ
			കർഷകർ	
93-94	തീറ്റപുൽകൃഷി വികസനം		4 ഹെക്ടർ	45 No's
	പശ്ചിമഘട്ട പദ്ധതി	(തൊഴുത്ത് നിർമ്മാണം പശു വിതരണം	6 No's	6 No's
		പുൽകൃഷി	5 No's	5 No's
		4 ഹെക്ടർ		45 No's,
94-95	തീറ്റപുൽകൃഷി വികസം	Guinia maize couper	5 ഹെക്ടർ	50 No's
	പശ്ചിമഘട്ട പദ്ധതി	തൊഴുത്ത് നിർമ്മാണം	30	30 No's
		പശുവിതരണം, പുൽകൃഷി	5 ഹെക്ടർ	50 No's
9596	തീറ്റപുൽകൃഷി വികസനം	Guinca maze couper slaps	7 ഹെക്ടർ	75 No's
	പശ്ചിമഘട്ട പദ്ധതി	തൊഴുത്ത് പശു വിതരണം-പുൽകൃഷി	20 No's	20 No's
			20 No's	20 No's
			6 ഹെക്ടർ	20 No's

ഭാഗ്യമെന്ന് പറയെട്ടെ ആ മേഖല ഈ രംഗത്ത് ശൂന്യമാണ്.

അലഞ്ഞുതിരിയുന്ന നായ്ക്കൾ ധാരാളം ഉണ്ടെങ്കിലും പേ വിഷബാധയും, പ്രശ്നങ്ങളും പരിമിതമായ തോതിലേ ഇവിടെ കാണാറുള്ളൂ. 612 നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്. അലഞ്ഞു തിരിയുന്ന വയെ പൂർണ്ണമായും നശിപ്പിക്കേണ്ടത് അനിവാര്യമാണ്.

മൃഗ സംരക്ഷണ വകുപ്പിൽ കുറേകൂടി കാര്യക്ഷമത ഉണ്ടാക്കി എടുക്കുകയും, ആവിഷ്കരിക്കുന്ന പരിപാടികൾ ബന്ധപ്പെട്ട മേഖലയിൽ ആഴത്തിൽ പ്രചരിപ്പിക്കാനും കഴിഞ്ഞാൽ ഈമേഖല കുറെകൂടെ ശക്തിപ്പെടുകയും, അതു വഴി തൊഴിലില്ലായ്മ, ആരോഗ്യ പ്രശ്നങ്ങൾ ഇവയിൽ എല്ലാം മാറ്റങ്ങൾ ഉണ്ടാകും.

സുമാർ 76000 രൂപയുടെ മുട്ട പ്രതിമാസം തമിഴ് നാട്ടിൽ നിന്ന് ഇവടേയ്ക്ക് വരുന്നുണ്ട്. മുട്ട ഉല്പാദനരംഗത്ത് വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. കോഴിയ്ക്ക് ബാധിയ്ക്കുന്ന രോഗങ്ങൾക്ക് യഥാവിധി ചികിൽസ നൽകുന്ന സമ്പ്രദായം ഇന്ന് വേണ്ടത്രഇല്ല. നാല് സ്വകാര്യ വ്യക്തികൾ പൗൾട്രി ഫാമുകൾ (ഇറച്ചി ക്കോഴികൾ, മുട്ടക്കോഴികൾ) ഇവിടെ നടത്തുന്നത് പൊതുവേ ലാഭകരമാണ്. സ്വകാര്യ വ്യക്തികൾ പന്നിക്കളെ വളർത്തുന്ന സമ്പ്രദായവും നാമമാത്രമായിട്ടുണ്ട്. സഹകരണ മേഖലയിൽഈ രീതിയിൽ യാതൊന്നും നിലവിലില്ല. സുമാർ 50 വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. പലതിനും ഗവൺമെൻറ് സഹായം ലഭിച്ചവയാണ്.

കാലികൾക്ക് ബാധിക്കുന്ന പ്രധാന രോഗങ്ങളെ സംബന്ധിച്ച്പട്ടിക 5-ൽ വിശദീകരിക്കുന്നു. പ്രധാന രോഗങ്ങൾക്ക് ആവശ്യമായ ചികിൽത്സാ സൗകര്യം വേണ്ടത്ര ഇല്ലാത്തതുകൊണ്ട് താറാവ് കൃഷി വേണ്ടത്ര നടക്കുന്നില്ല. ഭൂപ്രകൃതിയിൽ ചതുപ്പുകൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് താറാവ് കൃഷി വേണ്ടത്ര നിലവിൽ ഇല്ല.താറാവ് മുട്ട പൂർണ്ണമായും പഞ്ചായത്തിലേയ്ക്ക് പുറമേ നിന്ന് വരികയാണ്. കിനി ഇനത്തിൽപെട്ട കോഴികൾ ഇന്ന് കാണാനേയില്ല. മുയൽ കൃഷി നടത്തുന്ന അപൂർവ്വം വ്യക്തികളും ഇവിടെയുണ്ട്. മുൻപ് വളരെയധികം ഉണ്ടായിരുന്ന കാട എന്ന പക്ഷിയെ തിരുവമ്പാടി പഞ്ചായത്തിൽഇന്ന് കാണാനേയില്ല. ആയിരം കോഴിയ്ക്കു പകരം ഒരു കാടയെ ഭക്ഷിച്ചാൽ മതി എന്ന ചൊല്ല് ഇവിടെ പ്രസക്തമാണ്.

നടപ്പു പദ്ധതികളുടെ വിശകലനം

തിരുവമ്പാടി മൃഗാശുപത്രിയിലൂടെ കോഴിക്കുഞ്ഞുങ്ങൾ, പന്നി കുഞ്ഞുങ്ങൾ എന്നിവയെ പിന്നിട്ട പല വർഷങ്ങളിലും വിതരണം ചെയ്തിട്ട് ഉണ്ട് എങ്കിലും വേണ്ടത്ര ഗുണഭോക്താക്കളെ കണ്ടെത്താനും നിലനിർത്താനും കഴിഞ്ഞിട്ടില്ല. പുതുപ്പാടി ക്ഷീരവികസന ആപ്പീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പട്ടിക 4-ൽ വിശദീകരിക്കുന്നു. പല പ്പോഴും പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തോ അതിന്റെ ആഴത്തിലുള്ള അറിവ് ഗുണഭോക്താക്കാക്കളോ അറിയാത്ത അവസ്ഥയും നിലവിലുണ്ട്.

പട്ടിക 5

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച
1.	Digestive disorders ദഹന സംബന്ധമായവ	825	112	207	48	24	-	12	14
2.	ശ്വാസകോശ സംബന്ധം Respiratory diseases	205	24	180	18	37	360	8	18
3.	ഉപാപചയം സംബന്ധം Metabolie disease	540	27	56					
4	ത്വക്ക് രോഗങ്ങൾ (skin diseases)	341	-	45	-	162	-	-	-
5.	ധാതുലവണങ്ങളുടെ അഭാവം (Detitency diseases)	312	28	87					
6.	പരാദരോഗങ്ങൾ (Parasitie disease)	1438	107	835	86	398	4416	47	192
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	357	41	18	-	24	-	-	
8.	വന്ധ്യത (Infertility)	24	12	15	-	-		-	
9.	അകിടുവീക്കം (Mastitis)	147	81	48	3	4	-	-	
10.	മുടന്തൻ പനി (Ephemeral fever)	310	28	25-	-	-	-		
11.	പകർച്ചവ്യാധികൾ (Contagian disease)	172	48	56	161	72	5142	-	18

മത്സ്യ മേഖല :- തിരുവമ്പാടിയിൽ ശുദ്ധജല മത്സ്യകൃഷിയെക്കുറിച്ച് മാത്രമേ ചർച്ച ചെയ്യേണ്ടതുള്ളു. ദിവസേന പതിനായിരക്കണക്കിന് രൂപയുടെ മത്സ്യം തിരുവമ്പാടി പഞ്ചായത്തിൽ വിറ്റഴിയുന്നുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജോലിയും, അവരുടെ വരുമാനവും, ആ രംഗത്തുള്ള പ്രശ്നങ്ങളും പരിശോധിക്കപ്പെടേണ്ടതാണ്. ശുദ്ധ ജല മൽസ്യകൃഷി, എന്ന രീതിയിൽ പഞ്ചായത്തിൽ നിലവിൽ എവിടേയും ഇല്ല. സ്വകാര്യകുളങ്ങളിൽ നാമമാത്രമായ രീതിയിൽ അലങ്കാര മൽസ്യങ്ങളേയും വർത്തുന്നുണ്ട്. മൽസ്യ ബന്ധന തൊഴിലാളികളോ, പരമ്പരാഗത മത്സ്യബന്ധനമുറകളോ നലവിൽ ഇല്ല. പുഴകളിലും, തോടുകളിലും, ഉള്ള മൽത്സ്യങ്ങളെ രാത്രികാലങ്ങളിൽ വിളക്കു, കത്തിയും ഉപയോഗിച്ചും, വലകൾ ഉപയോഗിച്ചും, നഞ്ചു കലക്കിയും, തോട്ട പൊട്ടിച്ചും പിടിക്കുന്ന രീതി നിലവിൽ ഉള്ളതു കൊണ്ട് ശുദ്ധ ജല മൽസ്യം പ്രായേണ കുറഞ്ഞു വരികയാണ് എന്ന് മാത്രമല്ല പല ഇനങ്ങളേയും പുഴകളിൽ കാണാനേ ഇല്ല. (കുറവ, കറ്റി, ബ്രാൽ) വ്യാപകമായ രീതിയിൽ മൽത്സ്യകൃഷികൾ ആരംഭിയ്ക്കുന്നതിന് വേണ്ടിയുള്ള കുളങ്ങളോ, തടാകങ്ങളോ ഈ പഞ്ചായത്തിൽ നിലവിൽ ഇല്ലഎങ്കിലും സ്വകാര്യ കൃഷിക്കാരുടെ കൈവശമുള്ള കുളങ്ങളിലും, ടാങ്കുകളിലും ഈ കൃഷി രീതി ആരംഭിയ്ക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ ലഭ്യത കുറവ്, വില കൂടുതൽ
2. പുല്ല്, വൈയ്ക്കോൽ എന്നിവയുടെ ലഭ്യത കുറവ്
3. പാലിന്റെ സംഭരണവും, വില്പനയുമായി ബന്ധപ്പെട്ടവ
4. അത്യുല്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളുടേയും, സങ്കരവർഗ്ഗകിടാരികളുടേയും ലഭ്യത കുറവ് (ആട്ടിൻ കുട്ടികളുടേയും)
5. പക്ഷിമൃഗാദികൾക്ക് ഉണ്ടാവുന്ന രോഗങ്ങൾ (കുളമ്പ് രോഗം, തൊണ്ടവവീക്കം, അകിടുവീക്കം, കോഴി വസന്ത)
6. അലഞ്ഞു തിരിയുന്ന നായ്ക്കൾ
7. നിലവിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
8. പഞ്ചായത്ത് ലൈസൻസില്ലാത്ത അറവുശാലകളുടെ പ്രവർത്തനം
9. അറവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പരിസര മലിനീകരണപ്രശ്നങ്ങൾ.
10. ജൈവവള ഉല്പാദനക്കുറവുമായി ബന്ധപ്പെട്ടവ

സാധ്യതകൾ

1. വിപുലീകരിച്ച കാലി വളർത്തൽ കൃഷി തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കും.
2. വ്യാപകമായ രൂപത്തിൽ തീറ്റപുൽകൃഷിയ്ക്ക് അനുയോജ്യമായ സാഹചര്യങ്ങൾ നിലവിലുണ്ട്.
3. 1.5.6 വാർഡുകളിൽ ക്ഷീരോല്പാദന സഹകരണസംഘങ്ങൾക്ക് സാദ്ധ്യത ഉണ്ട്.
4. 7.8.9 വാർഡുകൾ കേന്ദ്രീകരിച്ചും മൃഗാശുപത്രിയുടെ പ്രവർത്തനം വരുന്നത് ഗുണകരമായിരിയ്ക്കും.
5. കാർഷിക മേഖലയിൽ രൂപീകരിയ്ക്കപ്പെടുന്ന നീർതട പദ്ധതികളിൽ മൃഗസംരക്ഷണ വകുപ്പുകളുടെ പ്രവർത്തനം കൂട്ടിയോജിപ്പിച്ചാൽ ഈ രംഗത്ത് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിയ്ക്കും.
6. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം കിടാരികളെ വിതരണം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണഫാമുകൾഉണ്ടാക്കുക. സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യമേഖലയിലോ ഇത് നടപ്പിലാക്കാം.
7. തീറ്റ പുൽകൃഷിയ്ക്ക് വിത്തും, വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുകയും ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക.
8. വാർഡുതലങ്ങളിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ആവശ്യമായ പൗൾട്രി ഫാമുകൾ സംഘടിപ്പിക്കുക.
9. പഞ്ചായത്തടിസ്ഥാനത്തിൽ കോഴികളുടെ ഉല്പാദനവും, ആ മേഖലയിലെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി സഹകരണസംഘങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുക.
10. നായ്ക്കളെ വളർത്തുന്നവർക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് ഏർപ്പെടുത്തുക.
11. തീറ്റപുൽകൃഷിയ്ക്ക് ആവശ്യമായ വിത്തുകളും, തടകളും ലഭ്യമാക്കുന്നതിന് വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ മാതൃകാ ഫാമുകൾ ഏർപ്പെടുത്തുക.
12. അംഗീകൃത അറവുശാലകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.





4-3

വ്യവസായം, ടൂറിസം, വനം

തിരുവമ്പാടി പഞ്ചായത്തിന് വ്യാവസായിക മേഖലയിൽ കാര്യമായ നേട്ടങ്ങളൊന്നും നാളിതുവരെയായി കൈവരിക്കാൻ സാധിച്ചിട്ടില്ല. പ്രധാനമായും ഒരു കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഒട്ടേറെ സാധ്യതകൾ ഉണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള പരിശ്രമം ഉണ്ടായിട്ടില്ല.

പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ചെറുകിട മേഖലയിലെ നാമമാത്രമായ സ്വകാര്യ യൂണിറ്റുകളും, തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ച മൂന്നാം വാർഡിലെ മറിയപുറത്തുള്ള രാജീവ് ഗാന്ധി മെമ്മോറിയൽ കോക്കനട്ട് കോംപ്ലക്സുമാണ് വ്യവസായ മേഖലയിൽ നിലവിലുള്ളത്. നിലവിലുള്ള വ്യവസായ വ്യാപാര മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1 ൽ ചേർത്തിട്ടുണ്ട്.

പരമ്പരാഗത മേഖലയിലും, കുടിൽ വ്യവസായ രംഗത്തും നാമമാത്രമായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് പായനെയ്ത് പപ്പട നിർമ്മാണം, പനമ്പ്, കൊട്ടമെടയൽ, കിടക്ക നിർമ്മാണം, കയർ പിരിക്കൽ എന്നിവയാണ്. ഇവയെല്ലാം കാർഷിക മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്.

വ്യവസായ വളർച്ചക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം എന്നീ മേഖലകളിൽ അടുത്തകാലത്തായി പുരോഗതി ഉണ്ടായിട്ടുണ്ട്. 83.96 ച.കി.മി വിസ്തീർണ്ണവും 26229 ൽപരം ജനസംഖ്യയുമുള്ള ഈ പഞ്ചായത്ത് നിത്യോപയോഗ സാധനങ്ങളുടെയും, ആഡംബര വസ്തുക്കളുടെയും നല്ല ഒരു വിപണിയായി മാറിയിട്ടുണ്ട്. എന്നാൽ ഇത്തരം ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു യൂണിറ്റ് പോലും ഈ പഞ്ചായത്തിലില്ല. ഉയർന്ന വിദ്യാഭ്യാസ നിലവാരം, നല്ല ആരോഗ്യ സ്ഥിതി, ഉയർന്ന ഉപഭോഗ സംസ്ക്കാരം, ആധുനിക സുഖ സൗകര്യങ്ങൾ, പരമാവധി ഉപയോഗപ്പെടുത്തി ജീവിക്കാനുള്ള അഭിവാഞ്ച, കാർഷിക അനുബന്ധ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ യഥേഷ്ടമായ ലഭ്യത സാമാന്യം മെച്ചപ്പെട്ട സാമ്പത്തിക നില, ധനകാര്യസ്ഥാപനങ്ങളുടെ സാമിപ്യം തുടങ്ങി വ്യവസായ വളർച്ചയ്ക്കാവശ്യമായി ഒട്ടേറെ അനുകൂല ഘടകങ്ങൾ നിലവിലുണ്ടായിട്ടും വ്യവസായ രംഗത്ത് യാതൊരുവിധ പുരോഗതിയും കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല.

രാജീവ് ഗാന്ധി കോക്കനട്ട് കോംപ്ലക്സ്

തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 1995 ൽ മൂന്നാം വാർഡിലെ മറിയപ്പുറം എന്ന സ്ഥലത്ത് 33 സെൻറ് സ്ഥലത്ത് പ്രവർത്തനമാരംഭിച്ച ഈ വ്യവസായ യൂണിറ്റ്ഒട്ടേറെ സവിശേഷതകളോടു കൂടിയതാണ്.

ഈ പഞ്ചായത്തിലെ നാളികേരത്തിൻെറ വാർഷിക ശരാശരി ഉല്പാദനം 1 .5 കോടിയാണ്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരം മുഴുവനും മധ്യവർത്തികൾ മുഖേനയാണ് വിപണനം നടത്തിയിരുന്നത്. ഇതുമൂലം കർഷകർക്ക് ഒരിക്കലും ന്യായമായ വില ലഭിച്ചിരുന്നില്ല. ഇതിന് ഒരു പരിഹാരമെന്ന നിലയിലാണ് നാളികേര കർഷകരിൽ നിന്നും തേങ്ങാ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുവാനും ചിരട്ട സംസ്കരിക്കുവാനും വേണ്ടി ഒരു വ്യവസായ യൂണിറ്റിന് തുടക്കം കുറിയ്ക്കുന്നതിന് സൊസൈറ്റി തയ്യാറായത്. പ്രതിദിനം 20,000 നാളികേരം സംസ്കരിക്കുവാനും 5 ക്വിൻറൽ ചിരട്ട സംസ്കരിക്കാനും 10 ലിറ്റർ ചിരട്ട ഓയിൽ ഉണ്ടാക്കുവാനും ഈ യൂണിറ്റിന് കഴിയുന്നുണ്ട്. സ്ഥലം, കെട്ടിടം, മെഷിനറി മുതലായവക്കായി 20 ലക്ഷം രൂപ സംഘം ചെലവഴിച്ചിട്ടുണ്ട്. ഇതിൻെറ മുഴുവൻ മുതൽ മുടക്കും സംഘാംഗങ്ങളിൽ നിന്നും ഡെപ്പോസിറ്റും, ഷെയറുമായി സ്വരൂപിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് യൂണിറ്റ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. സഹകരണ മേഖലയിൽ ഇത്തരത്തിലുള്ള ഒരു സംരംഭം കേരളത്തിൽ ആദ്യമായാണ് തുടങ്ങിയത്.

ഒരു വർഷം കൊണ്ട് ഫാക്ടറി പ്രവർത്തന ക്ഷമമാകുകയും കഴിഞ്ഞ 9 മാസക്കാലം കൊണ്ട് 21ലക്ഷം നാളികേരം കർഷകരിൽ നിന്നും സംഭരിച്ച് സംസ്കരിക്കയും ചെയ്തിട്ടുണ്ട്. കർഷകർക്ക് ഇതുമൂലം ഒരു നാളികേരത്തിന് ചുരുങ്ങിയത് 40 പൈസയുടെ വില വർദ്ധനവ് ലഭിച്ചിട്ടുണ്ട്. കൂടുതൽ വൈവിദ്ധ്യകരണത്തിൻെറ ഭാഗമായി ഷെൽകാർബണൈ

സിംഗ് പ്രവർത്തികൂടിഇവിടെ ആരംഭിക്കുവാൻ പോവുകയാണ്. ഇതോടെ കൂടുതൽ വില കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കും. തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരി ഉല്പാദിപ്പിക്കുന്നതിനും സംഘത്തിന് പദ്ധതിയുണ്ട്. സംഘത്തിന് ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ടു തന്നെ യൂണിറ്റ് ലാഭകരമാകുന്നതിനും ചെറുകിട കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നതിനും സാധിച്ചിട്ടുണ്ട് ഉല്പന്നത്തിന് വിപണനത്തിന് യാതൊരുവിധ പ്രയാസവും നേരിടേണ്ടതായി വരുന്നില്ലായെന്നതാണ് ഏറ്റവും സവിശേഷമായ വസ്തുത . കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തനം പഠിക്കുവാനും പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിയ്ക്കുവാനും മുന്നോട്ടു വന്നു കൊണ്ടിരിക്കുന്നത് തികച്ചും ആവേശകരമാണ്.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 7 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് . ഇവയെല്ലാം തന്നെ വളരെ

പട്ടിക 1

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പുരു:	സ്ത്രീ:	ആകെ
1	നാളികേരം	1	17	8	25
2	തടി വ്യവസായം	2	10	-	10
3	എഞ്ചിനീയറിങ്ങ്	2	8	-	8
4	അച്ചടി	3	3	5	8
5	ബേക്കറികൾ	9	17	-	17
6	കെട്ടിട നിർമ്മാണ				
	സാമഗ്രികളുടെ നിർമ്മാണം	6	12	18	30
7	റൈസ് &ഓയൽമിൽ	9	9	-	9
8	ഹോട്ടലുകൾ	15	75	3	78
9	ചെറുകിട വ്യവസായം! കച്ചവടം	646	190	33	223

ലാഭകരമായ രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ 'ശില്പനികേതൻ ' എന്ന സ്ഥാപനം സിമന്റ് ഇഷ്ടികകൾക്ക് പുറമേ സിമന്റ് കട്ടിളകൾ, ജനലുകൾ എന്നിവ നിർമ്മിച്ചു നല്കുന്നുണ്ട്. എഞ്ചിനിയറിംഗ് വ്യവസായ രംഗത്ത് രണ്ട് യൂണിറ്റുകൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. ശില്പ ഇൻഡസ്ട്രിയൽ കോംപ്ലക്സ്, ലംഡ ഇൻഡസ്ട്രീസ് എന്നിവയാണ് ഇവ. ശില്പ ഇൻഡസ്ട്രീസ് നിർമ്മിക്കുന്ന സ്റ്റീൽ ഫർണിച്ചറുകൾ മറ്റ് ജില്ലകളിലേക്ക് വരെ കയറ്റി അയയ്ക്കുന്നുണ്ട്. ഇവ കൂടാതെ 8 റൈസ് ആൻറ്ഓയിൽ മില്ലുകളും, 3 പ്രിൻറിംഗ് പ്രസുകളും, 2 ഈർച്ച മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1. ഈ പ്രദേശത്തെ മുഖ്യകാർഷിക ഉല്പനങ്ങളായ റബ്ബർ അടയ്ക്കാ, നാളികേരം തുടങ്ങിയവ വ്യാവസായിക മേഖലയിൽ ശരിയാംവണ്ണം പ്രയോജനപ്പെടുത്തപ്പെട്ടിട്ടില്ല. ഇവ എങ്ങിനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച്സാങ്കേതികമായ പരിജ്ഞാനമില്ലായ്മ.
2. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ മൂലധനം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾഎന്നിവ ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നുമുള്ള സഹകരണാത്മകമല്ലാത്ത നിലപാട്.
3. അനുകരണ ഭ്രമത്തിൽ പെട്ട് ഒട്ടും വൈദഗ്ദ്യമില്ലാത്ത മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള പ്രവണത മൂലം പലപ്പോഴും ആരംഭിച്ച പല യൂണിറ്റുകളും തൊഴിലാളി ദശയിൽ തന്നെ നിന്നുപോയ സാഹചര്യം
4. അസംസ്കൃത വസ്തുക്കൾ സമാഹരിക്കുന്നതിനും ഉല്പ

നങ്ങൾ വിപണിയിലെത്തിക്കുന്നതിനും മതിയായ ഗതാഗത സൗകര്യങ്ങളുടെ അഭാവം

5. വമ്പിച്ച പരസ്യത്തിന്റെ പിൻബലത്തോടെ മാർക്കറ്റ് അടക്കിവാഴുന്ന വൻകിട കമ്പനികളുടെ ഉല്പന്നങ്ങളോട് കിട പിടിയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ.

6. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെ ലഭ്യത കുറവ്

7. ജനസംഖ്യയിൽ ഗണ്യമായ പങ്ക് വരുന്ന വനിതകൾക്ക് വ്യാവസായിക മേഖലയിൽ പ്രവേശിക്കുന്നതിനുള്ള താത്പര്യമില്ലായ്മ, ഇവരെ സംഘടിപ്പിച്ച് കൂട്ട സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹകരണ സംഘങ്ങളുടെ അഭാവം

8. സംരംഭകന് ആവശ്യം വേണ്ട ആത്മവിശ്വാസവും പ്രതിബന്ധങ്ങളെ നേരിട്ട് മുമ്പോട്ടു പോകുന്നതിനുള്ള ശക്തമായ ഇച്ഛാ ശക്തിയുടെ അഭാവവും.

9. പുതുതായി ആരംഭിക്കുന്ന വ്യാവസായിക സംരംഭങ്ങളോട് സമൂഹത്തിൽ പൊതുവേ പ്രകടമായിട്ടുള്ള നിഷേധാത്മക നിലപാട്.

10. വിദേശ മലയാളികൾക്ക് തങ്ങളുടെ പണം വ്യാവസായിക സംരംഭങ്ങളിൽ മുതൽ മുടക്കുന്നതിനുള്ള വിമുഖത.

സാധ്യതകൾ

വിദ്യാസമ്പന്നരായ അനവധി യുവതിയുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ നല്ലൊരു ശതമാനം പേരും പ്രത്യേകിച്ചും ഏതെങ്കിലും തുറയിൽ ജോലി ചെയ്യാത്തവരാണ്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന 300 ഓളം പേർ ഇവിടെയുണ്ട്. വളരെ കുറഞ്ഞ ശതമാനം പേർ വിവിധ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സേവന മേഖലകളിലും ജോലി ചെയ്യുന്നവരായുണ്ട്. കാർഷിക അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിലൂടെ ഒട്ടേറെ പുതിയ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ സാധിക്കും. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ, അടയ്ക്ക എന്നിവ ഉപയോഗിച്ചുള്ള ഒന്നിലധികം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഇവിടെ സാധ്യതയുണ്ട്. വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ പഞ്ചായത്തിലെ വ്യാവസായിക മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനെ സംബന്ധിച്ച് പ്രാദേശിക തലത്തിൽ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

കാർഷിക അനുബന്ധ വ്യാവസായങ്ങൾ

ഈ പഞ്ചായത്തിൽ പ്രതിവർഷം 4500 ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്ക്. റബ്ബർ അധിഷ്ഠിതമായ ഒട്ടേറെ വ്യാവസായ യൂണിറ്റുകൾക്ക് ഇവിടെ സാധ്യതയുണ്ട്. റബ്ബർ മരം ഉപയോഗിച്ച് കയറ്റുമതി സാധ്യതയുള്ള സംസ്കരിക്കപ്പെട്ട ഉരുപ്പടികൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും പിന്നീട് പ്രവർത്തനം നിലച്ചു പോയി. റബ്ബർപാലിൽ നിന്നും ലാറ്റക്സ്, ഒട്ടുപാൽ ഉപയോഗിച്ച് ക്രംബ്, മുതലായവ നിർമ്മിക്കുന്നതിന് സാധ്യതയുണ്ട്. സഹകരണ മേഖലയിലും, വിദേശ മാലയാളികളുടെ നിക്ഷേപം സ്വീകരിച്ചും,പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കും.

അടയ്ക്കയുടെ ഉല്പാദനത്തിന്റെ കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന ഈ പഞ്ചായത്തിൽ അടയ്ക്കാ പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്ന അവസ്ഥയാണുള്ളത്. ഇടത്തട്ടുകാരും, കച്ചവടക്കാരും, ഈ മേഖലയിൽ കർഷകർക്ക് ന്യായമായ വില ലഭ്യമാവുന്നതിന് തടസ്സമായി തീരുന്നുണ്ട്. അടയ്ക്കാ സംസ്ക്കരണവുമായി ബന്ധപ്പെട്ട് കളി അടയ്ക്ക, സുഗന്ധ അടയ്ക്ക എന്നിവ നിർമ്മിക്കുന്ന ഒന്നിലധികം യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധ്യതയുണ്ട്. ഇക്കാര്യത്തിൽ മുതൽമുടക്കുവാൻ സാധിക്കുന്ന സംരംഭകരെ കണ്ടെത്തിയാൽ തിരിവമ്പാടി, പുല്ലുരാംപാറ, പുന്നയ്ക്കൽ എന്നിവിടങ്ങളിൽ യൂണിറ്റുകൾ ആരംഭിക്കാൻ സാധിക്കും.

നാളികേരവുമായി ബന്ധപ്പെട്ട് വളരെ വിജയകരമായി പ്രവർത്തിച്ചു വരുന്ന ഒരു കൊപ്ര ഡ്രയറ്റിംഗ് യൂണിറ്റ് തിരുവമ്പാടി മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം നാളികേര ഉല്പാദനത്തിന്റെ 25% സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമേ ഈ യൂണിറ്റിലുള്ളൂ. നാളികേരം ഉപയോഗിച്ച് ഇതു പോലുള്ള രണ്ട് യൂണിറ്റുകൾ കൂടി സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ സാധിക്കും. കൂടാതെ നാളികേരത്തിന്റെ ഉപ ഉല്പന്നങ്ങളായ ചികിരി, ചിരട്ട, തേങ്ങാവെള്ളം എന്നിവ ഉപയോഗിച്ചുള്ള ഒട്ടേറെ ചെറുകിട യൂണിറ്റുകൾക്കും സാധ്യതയുണ്ട്. വെളിച്ചെണ്ണ, യന്ത്രം ഉപയോഗിച്ച് ചികിരിനാര് നിർമ്മാണം, യന്ത്രവൽക്യത ചൂടി നിർമ്മാണം, ചവിട്ടി, ചൂടിപ്പടം, കിടക്ക മുതലായവയും തേങ്ങാ വെള്ളത്തിൽ നിന്നും വിനാഗിരിയും, ചിരട്ടയിൽ നിന്നും കയറ്റുമതി സാധ്യതയുള്ള കാർബൺ ഓയിൽ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കാവുന്നതാണ്.

വസ്ത്ര നിർമ്മാണ യൂണിറ്റുകൾ

ജനങ്ങളുടെ വസ്ത്രധാരണ രീതിയിലുണ്ടായിട്ടുള്ള അഭിരുചിമാറ്റം റെഡിമെയിഡ് വസ്ത്ര നിർമ്മാണ രംഗത്ത്

വളരെ സാധ്യത ഉണ്ടാക്കിയിട്ടുണ്ട്. തയ്യലും, എംബ്രോയിഡറിയും പഠിച്ച ആയിരത്തോളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുവാൻ സാധിക്കും. വനിതാ സഹകരണ സംഘം രൂപീകരിച്ച് സഹകരണമേഖലയിൽ ഇത്തരം യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

സ്റ്റോൺ ക്രഷർ യൂണിറ്റ്

പഞ്ചായത്തിൽ സുലഭമായിട്ടുള്ള പാറ ഉപയോഗിച്ച് സ്റ്റോൺ ക്രഷർ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. നാലാം വാർഡിൽ ഇത്തരം ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് സാധ്യതയുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ ഒട്ടേറെചെറിയ യൂണിറ്റുകൾക്ക് സാധ്യതകളുണ്ട്. ഈ മേഖലയിൽ ഒരു വനിതാ വ്യാവസായ യൂണിറ്റ്അടക്കം ആറ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ടൂറിസം വികസനം

ടൂറിസവും ഇപ്പോൾ ഒരു വ്യാവസായമായാണ് പരി

പട്ടിക 2

സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കാൻ സാധ്യതയുള്ള ചില യൂണിറ്റുകൾ

വിഭാഗം	നമ്പർ	ഇനം
സഹകരണ മേഖല	1.	സിമൻറുകൊണ്ടുള്ള ജനാല, വാതിൽ തുടങ്ങിയവ.
	2.	സ്റ്റീൽ ഫർണിച്ചർ
	3.	സിമൻറ് ഇഷ്ടിക നിർമ്മാണം
	4.	കൊപ്ര ഡ്രയിംഗ് യൂണിറ്റ്
	5.	ലാറ്റക്സ് നിർമ്മാണം
	6.	ക്രംബ് റബ്ബർ നിർമ്മാണം
	7.	റബ്ബർ മരം ഉപയോഗിച്ച് (Rub Wood) ഫർണിച്ചർ നിർമ്മാണം
	8.	അടയ്ക്കാ സംസ്കരണം - കളി അടയ്ക്കാ, സുഗന്ധ അടയ്ക്കാ നിർമ്മാണം
	9.	സ്റ്റോൺ ക്രഷർ
വനിതാ വ്യാവസായിക	1.	ഉന്നത നിലവാരമുള്ള റെഡിമെയിഡ് വസ്ത്രങ്ങൾ
	2.	ബാഗ്, റെയിൻ കോട്ട് മുതലായവ റെക്സിൻ ഉല്പന്നങ്ങൾ
	3.	കറി പൗഡർ, അച്ചാർ,പലഹാരങ്ങൾ, പാൽ ഉല്പന്നങ്ങൾ
	4.	കൂൺ കൃഷി
	5.	നെയ്ത്ത്

പട്ടിക 3

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധിക്കുന്ന ചില യൂണിറ്റുകൾ

വിഭാഗം	നമ്പർ	ഇനം
ഖാദി, എസ്.സി, എസ്.ടി	1	യന്ത്രമുപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം
	2	യന്ത്രവൽകൃത ചൂടി നിർമ്മാണം.
	3	ചവിട്ടി, ചൂടിപ്പടം, ചകിരി നാരിൻെറ കിടക്ക,തലയിണ തുടങ്ങിയവ
	4	ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം
	5	തെങ്ങിൻതടികൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും
	7	ചിരട്ടപ്പൊടി
	8	തേങ്ങാ പൗഡറും, ക്രീമും (തേങ്ങാ പാൽ കുഴമ്പു രൂപത്തിൽ)
	9	വെളിച്ചെണ്ണ
	10	കന്നുകാലിതീറ്റ

വിഭാഗം	നമ്പർ	ഇനം
ജനറൽ എസ്. എസ്. ഐ	11	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ
	12	ശാസ്ത്രീയമായ കോഴി വളർത്തൽ
	13	മരം ഫർണിച്ചർ
	14	ഹവായ് ചെരുപ്പ്
	15	പ്ലാസ്റ്റിക് ബട്ടൺസ്
	16	ക്ലീനിംങ്ങ് പൗഡർ
	17	ഇലട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്
	18	ഇലട്രോണിക് ചോക്ക് നിർമ്മാണം
	19	സ്വിച്ച് ബോർഡ്
	20	സിന്തറ്റിക് വിന്നാഗിരി
വനിത	1	തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, കയിൽ, ചട്ടകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, കപ്പ് സോസറും,ഹെയർ പിൻ ക്ലിപ് തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ്
	2	പഴം ജാമുകൾ : കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ
	3	അവിൽ വ്യവസായം
	4	അലക്ക് സോപ്പ്
	5	സോപ്പു പൊടി നിർമ്മാണം
	6	പേപ്പർ കവർ നിർമ്മാണം

ഗണിക്കപ്പെടുന്നത്. തിരുവമ്പാടി പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതയുള്ള തേൻപാറ ഒലിച്ചു ചാട്ടം, ആനയ്ക്കാം പൊയിലിന് സമീപമുള്ള അരിപ്പാറവെള്ളച്ചാട്ടം എന്നിവിടങ്ങളിൽ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഗതാഗതസൗകര്യം വിപുലികരിക്കുകയുചെയ്താൽ ഒട്ടേറെപ്പേർക്ക് തൊഴിൽ കണ്ടെത്തുവാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. സംസ്ഥാന ടൂറിസം വകുപ്പ് തേൻപാറ ഒലിച്ചു ചാട്ടം ടൂറിസ്റ്റ് കേന്ദ്രമായി അംഗീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ തന്നെ വിദേശികളും സ്വദേശികളുമായ ഒട്ടേറെപ്പേർഇവിടെ സന്ദർശിക്കാനെത്തുന്നുണ്ട് പഞ്ചായത്ത് തലത്തിൽ ഒരു ടൂറിസംപ്രമോഷൻ കമ്മിറ്റി രൂപീകരിച്ച് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തനം നടത്താവുന്നതാണ്.

മേല്പറഞ്ഞ മേഖലകളിൽ പഞ്ചായത്തിൽ ആരംഭിക്കുവാൻ സാധ്യതയുള്ള വ്യാവസായ യൂണിറ്റുകളെ സംബന്ധിച്ച പട്ടിക നമ്പർ II, III ചുവടെ ചേർത്തിരിക്കുന്നു.

നിർദ്ദേശങ്ങൾ

★ വ്യാവസായിക മേഖലയിൽ ഈ പഞ്ചായത്തിലുള്ള സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

★ പഞ്ചായത്തിൽ വ്യാവസായം വളർത്തുവാനുതകുമാറ് വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹനം നല്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കഴിയുന്നവിധത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു ഇൻഡസ്ട്രിയൽ പ്രമോട്ടിംഗ് കമ്മിറ്റി രൂപികരിക്കുക.

★ വ്യവസായ വളർച്ചക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വൈദ്യുതി, ഗതാഗത സൗകര്യം, മൂലധനം, വിപണി എന്നിവ ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് മുൻഗണന അടിസ്ഥാനത്തിൽ

നടപ്പിലാക്കുക.

★ പഞ്ചായത്തിലുള്ള തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരിൽ സ്വന്തമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ താത്പര്യമുള്ളവരെ പഞ്ചായത്ത് തന്നെ രജിസ്റ്റർ ചെയ്ത് അവരവർക്ക് അഭിരുചിക്കനുസരിച്ച് സംരഭകത്വ പരിശീലനം നല്കുന്നതിനും ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുക്കേണ്ടതാണ്.

★ സ്ഥലത്തിന്റെ വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും, ജനസാന്ദ്രതയും കണക്കിലെടുത്ത് ഭാവിയിൽ ഭൂമി ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുമെന്നതിനാൽ ചുരുങ്ങിയത് 2ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനിവ്യവസായ കോപ്ലംക്സ് നിർമ്മിച്ച് വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് നല്കുവാനുള്ള സംവിധാനമുണ്ടാക്കണം.

★ മേല്പറഞ്ഞ നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കാൻ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വ്യാവസായിക മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കും. കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക വഴി പഞ്ചായത്തിലെ കർഷകർക്ക് ഉയർന്ന വില ഉല്പനങ്ങൾക്ക് ലഭിക്കുകയും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യാവുന്നതാണ്. പൊതു സാമ്പത്തിക സ്ഥിതി, ആളോഹരി വരുമാനം എന്നിവയുടെ വളർച്ച പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് വഴിയൊരുക്കുമെന്നും, ജനകീയ ആസൂത്രണ പരിപാടി പഞ്ചായത്തിൽ ഒരു പുത്തൻ വികസന സംസ്ക്കാരം വളർന്നു വരുന്നതിന് ഇടയാകുമെന്ന് പ്രത്യാശിക്കാം.



വനം



'ദശകൂപ സമോ വാപി
ദശവാപി സമഃ ഹ്രദഃ
ദശഹ്രദഃ പുത്രോ
ദശപുത്ര സമോദ്രുമ'

പത്തു കിണറിന് തുല്യമാണ് ഒരു കുളം, പത്തുകുളത്തിനു തുല്യമാണ് ഒരു തടാകം. പത്തു തടാകത്തിന് തുല്യമാണ് ഒരു പുത്രൻ. പത്തുപുത്രനു സമമാണ് ഒരു മരം 13-ാം നൂറ്റാണ്ടിൽ സംസ്കൃതത്തിൽ എഴുതപ്പെട്ട സസ്യ വിജ്ഞാനീയമാണ് 'വൃക്ഷായുർവേദം' ശാകംബരിദേശത്തെ (ഇന്നത്തെ യു.പി.) ഹമ്മീരന്റെ സദസ്യനായിരുന്ന ശാർങ്ഗധരനായിരുന്നു. ഇതിന്റെ കർത്താവ് ഈ പുസ്തകത്തിൽ നിന്നെടുത്ത പദ്യമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒമ്പതിനായിരം ഏക്കർ പ്രദേശത്ത് നിത്യഹരിത വനങ്ങൾ സ്ഥിതിചെയ്യുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വെള്ളരിമല കാടോത്തിമല, തൊണ്ണൂറ്, തേക്കിൻകാട് എന്നീ വന മേഖലകൾ ആനക്കാംപൊയിൽ പ്രദേശത്തും ഓളിക്കൽ മലവാരം പുന്നക്കൽ പ്രദേശത്തും സ്ഥിതിചെയ്യുന്നു. വയനാടൻ നിലമ്പൂർ വനമേഖലകളോട് ചേർന്ന് കിടക്കുന്ന ഈ നിക്ഷിപ്ത വനഭൂമിയിൽ നിത്യഹരിതവനങ്ങളാണുള്ളത്. കേരളത്തിൽ 4750 ച.കി.മീറ്റർ മഴക്കാടുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ പശ്ചിമതീര ഉഷ്ണമേഘലാ നിത്യഹരിത വനവിഭാഗത്തിൽ പെട്ടതാണ് നമ്മുടെ വനമേഖല. (ഗവേഷണം ചാമ്പ്യൻ & സേത്ത് 1968) നല്ലമഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ് ഇത്തരം കാടുകൾ ഉണ്ടാകുക. 100 മീറ്ററിനും 1500 മീറ്ററിനും ഇടക്കുള്ള പ്രദേശങ്ങളിൽ. കൽപകശ്ശേരി, മണലേടം ജന്മിമാരുടെ കൈവശത്തിലായിരുന്നഈ വനമേഖലകൾ ഓടച്ചാർത്തായി വാഴക്കാട്ടുകാരനായ കൊയ്പത്തൊടിക്ക് പാട്ടത്തിന് കൊടുക്കുകയാണുണ്ടായത്. ഇവിടെത്തെ ആദിമ സമൂഹം പണിയരും മുത്തൻമാരുമായിരുന്നു.

പാലിമരം ഈ വനമേഖലയിൽ ധാരാളമായി കണ്ടു വരുന്നു. മഹാഗണി, വെള്ളപൈൻ, മരുത്,ഈട്ടി, പൂവത്തി, ഇരുമ്പകം, മഞ്ഞക്കടമ്പ്, വേങ്ങ, ചീരളം, കറുവപ്പട്ട, ഏലമങ്ങലം, ഏച്ചിൽ, കുളമാവ്, കാട്ടുപ്ലാവ്, വെൻതേക്ക്, ആഞ്ഞിലി അഖിൽ എന്നിവയും ഈ വനപ്രദേശങ്ങളിൽ ആദ്യകാലത്ത് ഇടതൂർന്ന് വളർന്നിരുന്നു. ആനക്കയറിന് (കമ്പക്കയർ) ഉപയോഗിച്ചിരുന്ന ചീരളം,ഉള്ളിൽ മണലിന്റെ അംശമുള്ള പാതിരി എന്നീ മരങ്ങൾ കാര്യമായ ആക്രമണത്തിന് വിധേയമായിട്ടില്ല. ഇവിടെനിന്നും അന്യംനിന്നുപോയ ആദ്യജീവിവർഗ്ഗം സിംഹവാലൻകുരങ്ങുകളായിരുന്നു. കാട്ടുപോത്ത്, ആന, മാൻ, മലാൻ, കുരൻ, മെരുക്, കാട്ടാട്, മലയണ്ണാൻ, കുരങ്ങ്, കരിംകുരങ്ങ്, ഉടുമ്പ് എന്നിവ ആദ്യകാലത്തെ അപേക്ഷിച്ച് എണ്ണത്തിൽ കുറഞ്ഞിട്ടുണ്ട്. എന്നാൽ പുലി, പുള്ളിപ്പുലി, കടുവ എന്നിവക്ക് ഇവിടെ വംശനാശം സംഭവിച്ചു കഴിഞ്ഞു.

വാവൽ, വേഴാമ്പൽ, മലമുഴക്കിവേഴാമ്പൽ, നീർകാക്ക, ബുൾബുൾ, നാഗമോഹൻ, പരുന്ത്,മൂങ്ങ, നത്ത്, ചെമ്പോത്ത് എന്നിവ വംശനാശ ഭീഷണയിലാണ്. ഈ വന മേഖലയിൽ കാണ്പെടുന്ന വനവിഭവങ്ങൾ തേൻ, മെഴുക്, കുന്തിരിക്കം, കറുവപ്പട്ട, പാറമല്ലി, കാട്ടുകുരുമുളക് (ഇത് മൂന്നിനത്തിൽ കാണപ്പെടുന്നു) തിപ്പല്ലി, കന്മദം എന്നിവയാണ്.

ആദിവാസികൾ പണ്ടുകാലത്ത് ഈ വനവിഭവങ്ങൾ മുക്കം ചന്തയിലെത്തിച്ചിരുന്നു. പിന്നീട്ചൂഷണ വിദഗ്ദരായ ഇടത്തട്ടുകാർ ആദിവാസി ഊരുകളിലെത്തി വനവിഭവങ്ങൾ ശേഖരിക്കുന്ന അവസ്ഥനിലവിൽ വന്നു. കൂട്ട, മുറം എന്നിവ ചൂരൽ ഉപയോഗിച്ച് നെയ്യുന്നതിലും ഈറ്റ ഉപയോഗിച്ച് പനമ്പ് നെയ്യുന്നതിലും ഈ ആദിസമൂഹംസമർത്ഥരാ

യിരുന്നു. പീനാറി, ഗരുഡപ്പച്ച, ശതാവരി കാട്ടുവെള്ളരി, കല്ലുവാഴ, കാട്ടുകുരുമുളക്, പാറമല്ലി, കറുകപ്പട്ട, കന്മദം, മരോട്ടിക്കുരു തുടങ്ങി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ നിരവധി ഔഷധസസ്യങ്ങളെ ഇക്കൂട്ടർ ചികിത്സാക്കായി ഉപയോഗിച്ചിരുന്നു. ഇല, തണ്ട്, പൂവ്, കായ, തൊലി എന്നിവ ഉപയോഗിച്ചുള്ള എണ്ണകളും ചികിത്സക്ക് ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു.

കൊയ്പ്പത്തൊടി എസ്റ്റേറ്റുള്ള മുത്തപ്പൻപുഴയും കണിയാട് മല, കാടോത്തിമല, തൊണ്ണൂറ്, വെള്ളരിമല, സ്വർഗ്ഗം കുന്ന് തുടങ്ങിവ ഇരുവഞ്ഞിപ്പുഴയുടെ വൃഷ്ടിപ്രദേശമാണ്. ഈ വനമേഖലകളിൽ നടമാടുന്ന കാട്ടുകൊള്ളയും ഭൂമികൈയേറ്റവും ഇരുവഞ്ഞിപ്പുഴയുടെ നീരൊഴുക്കിനെ സാരമായി ബാധിച്ചു കഴിഞ്ഞിട്ടുണ്ട്. ദൈർഘ്യത്തിലും വനസമ്പത്തിലും പരിസ്ഥിതി പ്രശ്നങ്ങളിലും ഉണ്ടായ വിപത്ത് കുടിയേറ്റ കർഷകർക്ക് ഇപ്പോൾ അനുഭവപ്പെട്ട് തുടങ്ങിയിട്ടുണ്ട്.

ഭൂരഹിതർ നമ്മുടെ പഞ്ചായത്തിൽ ഭൂമി കൈയ്യേറിയിട്ടില്ല. കൈയ്യേറ്റക്കാരെ കൂലിക്കെടുത്താണ് വനംകൊള്ള നടത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ അറിവോടെ മരം മുറിയും സ്ഥലം വില്പനയും മുറക്ക് നടക്കുന്നു എന്നു പറയപ്പെടുന്നത് ശരിയോ എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻഒരു സംവിധാനം ഉണ്ടാകണം. കെട്ടുതാലിവരെ പണയം വെച്ച് ചില നിർഭാഗ്യവാൻമാർ ഇവരോട് ഭൂമിവാങ്ങിക്കാണും. കൂലിക്കെടുത്തവരിൽ ഭൂരഹിതർ ഉണ്ടായിരുന്നങ്കിൽ അവർക്ക് പത്തോ ഇരുപതോ സെൻറ് നക്കാപിച്ച കിട്ടിയിട്ടുണ്ടാകും. ഇങ്ങനെയാണ് കൂറെ ഭൂരഹിതർ വനഭൂമിയുടെ ഉടമകളാകുന്നത്.

ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന നേരിയ കാലാവസ്ഥാ വ്യതിയാനങ്ങൾ ക്രമേണ വർദ്ധിച്ചുവരികയും ഭൂമുഖത്ത് പരിസ്ഥിതിയുടെ സംതുലനാവസ്ഥ തകിടം മറിയുകയുംചെയ്യാൻ അധിക കാലം കാത്തിരിക്കേണ്ടതില്ല. വൃക്ഷങ്ങൾ കുറയുമ്പോൾ അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവുകൂടുക മൂലം വരൾച്ച ദ്രുത ഗതിയാകുന്നു.

ഇടവിട്ട് സ്ഥിതിചെയ്യുന്ന പാറകൂട്ടങ്ങൾ ഇവിടെത്തെ പ്രത്യേകതയാണ്. പാറയുടെ വിടവുകളിലും കുഴിവുള്ള ഭാഗങ്ങളിലും ഇത്തിരിമണ്ണുണ്ടാകും ഈ മണ്ണിലാണ് മരങ്ങളുടെ വളർച്ച. ഈ വനങ്ങൾ നശിക്കുന്നതോടെ മണ്ണൊലിപ്പ് രൂക്ഷമാകുകയും ഭീകരമായ ഉരുൾപൊട്ടലിന് സാധ്യത വർദ്ധിക്കുകയും ചെയ്യുന്നു. കണിയാട്ടുമലയുടെ പടിഞ്ഞാറ് ഭാഗത്തും, ചെറുശ്ശേരിമലയിലുമായി ചെറുതും വലുതുമായ നിരവധി ഉരുൾപൊട്ടലുകൾ ഈ കുടിയേറ്റ മേഖലയെ ഭീതിയുടെ താഴ്വരയാക്കി തീർത്തിട്ടുണ്ട്. കണിയാട്ടുമലയിലെ ഉരുൾപൊട്ടലിൽ ഒരു കുടുംബം മുഴുവൻ അപ്രത്യക്ഷമായത് നടക്കുന്ന ഓർമ്മകളായി ഇന്നും അവശേഷിക്കുന്നു.

കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവർ നാമമാത്രമായി വനവിഭവങ്ങൾ കൈയ്യേറുന്നുണ്ടെന്നത് ഒരു സത്യമാണ്, എന്നാൽ ഭൂമി കൈയ്യേറ്റവും വൻതോതിലുള്ള മരംമുറിയും നടത്തുന്നത് വൻകിടക്കാരാണ്.

ഇത്തരം കൈയ്യേറ്റങ്ങൾക്കും മറ്റും എതിരെ ശാസ്ത്ര സാഹിത്യപരിഷത്ത്, സ്പെക്ക്, പരിസ്ഥിതി ക്ലബ്ബുകൾ, മതസംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവ കൂട്ടായി നടത്തിയ പ്രക്ഷോഭസമരങ്ങളും ചെറുത്ത് നില്പും കുറേയൊക്കെ വിജയിച്ചിട്ടുണ്ട്.

വനഭൂമി കൈയ്യേറ്റത്തിനെതിരെ പരിസ്ഥിതി പ്രവർത്തകർ തീർത്ത മനുഷ്യ മതിലും പ്രതിജ്ഞയും മലയോരബന്ദും നമ്മുടെ രാജ്യത്ത്ആകമാനം വാർത്തകൾ സൃഷ്ടിക്കുകയുണ്ടായി. കാലഗതിയുടെ കുത്തൊഴുക്കിൽ കാട്ടുകള്ളൻമാരുടെ കടന്നു കയറ്റം വനമേഖലയെ ആശ്രയിച്ചു ജീവിച്ചിരുന്ന ആദിവാസി ഗിരിവർഗ്ഗ മേഖലയുടെ ആത്മാവിനെ കാർന്നു തിന്നുകയുണ്ടായി. മദ്യവും മയക്കുമരുന്നും നല്കി സാമ്പത്തികമായും ലൈംഗീകമായും പിച്ചിച്ചീന്തി എറിയപ്പെട്ട ഈ വർഗ്ഗത്തിന്നുമുമ്പിൽ വികസന പദ്ധതികളൊക്കെ ഇന്നും അന്യം നില്ക്കുകയാണ്. ഇവരിൽ കുറഞ്ഞൊരു ശതമാനം മാത്രമേ കർഷകതൊഴിലാളി മേഖലയിലേക്ക് ഇറങ്ങിത്തിരിച്ചിട്ടുള്ളൂ.

ഇന്ന് ഉല്പാദിക്കപ്പെടുന്ന മരുന്നുകളിൽ 40 ശതമാനവും പ്രകൃതിദത്തമായ വസ്തുക്കളിൽ നിന്നാണ്. ഇല, വേര്, കായ, തൊലി എന്നിവ ഇതിനുപയോഗിക്കുന്നു. വിപണിയിൽ ലഭിക്കുന്ന പശകൾ, സുഗന്ധദ്രവ്യങ്ങൾ, കീടനാശിനികൾ വർണ്ണപദാർത്ഥങ്ങൾ എന്നിവയുടെ ശ്രോതസ്സും കാടുകളാണ്. ഹൈഡ്രോ കാർബണുകൾ നിർമ്മിക്കാവുന്ന സസ്യങ്ങളെകുറിച്ചുള്ള ഗവേഷണങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ കാർഷിക ചെടികളുടെ താവഴികൾ ഇന്നും ഈ വനമേഖലയിൽ കാണാവുന്നതാണ്. തീറ്റപ്പുല്ല്, നെല്ല്, കുരുമുളക്, ഏലം, മല്ലി, പൂളി, ഇഞ്ചി എന്നിവ ഉദാഹരണം. ഈ പ്രാകൃത ജലസ്രോതസ്സുകളെ കേന്ദ്രീകരിച്ച് ഗവേഷണം നടത്തുകയാണെങ്കിൽ കാർഷികരംഗത്തെ പുതുതൻരോഗങ്ങൾക്കും കീടങ്ങൾക്കും തടയിടാവുന്ന കണ്ടെത്തലുകൾക്ക് സാധ്യതകൾ ഏറെയാണ്.

നമ്മുടെ പഞ്ചായത്തിലെ കാടും വെള്ളവും കാർഷികോൽപാദനവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. മേൽ മണ്ണിനു മുകളിൽ ചപ്പുചവറുകളോ, അടിക്കാടുകളോ, ,

ആവരണ സസ്യങ്ങളോ, മരമോ ഇല്ലാതെ വരുമ്പോൾ മഴ വെള്ളം നേരിട്ട് മണ്ണിൽ പതിക്കുന്നു. ഇത് ഭൂമിയിലേക്ക് കിനിഞ്ഞ് ഇറങ്ങാതെ ഒലിച്ചുപോകും അപ്പോൾ സംഭവിക്കുന്നത് മണ്ണൊലിപ്പും അമിതജലപ്രവാഹവുമാണ്. ഇത് പുഴകൾ തൂർന്ന് പോകുന്നതിനും പുഴക്കരകൾ ഇടിയുന്നതിനും കാരണമാകുന്നു. ഇതുമൂലം കൃഷിനാശം സംഭവിക്കുന്നു. മണ്ണൊലിപ്പ് സൃഷ്ടിക്കുന്ന മറ്റൊരുപ്രശ്നം ഉറവകണ്ണുകളെ അടച്ചുകളയുന്നു എന്നതാണ്. ഇത് നമ്മുടെ പഞ്ചായത്തിലെ പുഴകൾ, തോടുകൾ, കിണറുകൾ, കുളങ്ങൾ, ഓലികൾ എന്നിവയിൽ ദൃശ്യമായി തുടങ്ങിയിട്ടുണ്ട്.

നിത്യഹരിതവനം പോലെ അതി സങ്കീർണ്ണവും മൃതുവുമായ ഇക്കോവ്യൂഹത്തിന്റെ പുനർ ജീവനശേഷി നഷ്ടപ്പെടാൻ നാം അനുവദിച്ചു കൂടാ. വന ഉല്പന്നങ്ങൾ, നദികളുടെ ഉത്ഭവസ്ഥാനം, ജനിതക വൈവിധ്യം, വന്യജീവി സംരക്ഷണം, ആദിമനുഷ്യവർഗ്ഗങ്ങളുടെ സംരക്ഷണം തുടങ്ങിയവക്ക് പ്രാമുഖ്യം കൊടുക്കേണ്ടതുണ്ട്. ഒരു കുടിയേറ്റ മേഖലയെ സംബന്ധിച്ചിടത്തോളം ഇത് പരമപ്രധാനമാണ്.

പ്രശ്നങ്ങൾ:

★ വനവിസ്തൃതി കുറഞ്ഞുവരുന്നു.

★ വനം കൈയ്യേറ്റം, കള്ളത്തടിവെട്ട്കറുപ്പത്തൊലിമോഷണം ഇന്ധനത്തിനായുള്ള കരി നിർമ്മാണം എന്നിവ വ്യാപകം.

★ വനത്തിലേക്ക് അനധികൃതമായി കടക്കുന്നവരുടെ എണ്ണം കൂടുന്നു.

★ നായാട്ട് പെരുകുന്നു.

★ വന പരിപാലനത്തിൽ പ്രാദേശിക ജനവിഭാഗത്തിന്റെ താല്പര്യകുറവ്.

★ അശാസ്ത്രീയമായ സാമൂഹ്യവനവത്ക്കരണ പദ്ധതികൾ

★ കൃത്യമായ അതിർത്തിയും അളവുമില്ലാത്ത വനമേഖല

സാധ്യതകൾ നിർദ്ദേശങ്ങൾ

പരിസ്ഥിതി രംഗത്ത് പ്രവൃത്തിക്കുന്ന അർപ്പണ ബോധമുള്ള വ്യക്തികൾ, ക്ലബ്ബുകൾ എന്നിവയെ യോജിപ്പിച്ചു കൊണ്ട് വനപരിപാലനസംഘങ്ങൾക്ക് രൂപം നല്കണം. ഇവർക്ക് പരിശീലന ക്ലാസ്സുകൾ ഏർപ്പെടുത്താവുന്നതാണ്. വനമേഖലയോട് തൊട്ട് കിടക്കുന്ന കുടുംബങ്ങളെ നിർബന്ധമായും ഇതിൽ പങ്കെടുപ്പിക്കേണ്ടതാണ്.

വനമേഖലയുടെ സംരക്ഷണത്തിനായി ചിലവഴിക്കുന്ന പണം വനപരിപാലനസംഘത്തിന്റെ ഉയർച്ചക്കായി വിനിയോഗിക്കാവുന്നതാണ്. ഇന്ന് നിലവിലുള്ള ഫോറസ്റ്റ് ഗാർഡുകളെ ഈ വനപരിപാലനസംഘത്തിന്റെ സംരക്ഷണത്തിനായി വിട്ടുകൊടുക്കുക.

നമ്മുടെ വനമേഖലയുടെ അതിർത്തിയും വ്യാപ്തിയും കൃത്യമായി നിർണ്ണയിക്കണം. കോടതിയിലുള്ള തർക്കങ്ങൾക്ക് ഉടൻ പരിഹാരം കാണണം.

നായാട്ടുകാർ, വനം കൈയ്യേറ്റക്കാർ, തടിവെട്ടുകാർ, എന്നിവർക്ക് ഇന്ന് നല്കുന്ന ശിക്ഷ അപര്യാപ്തമാണ്. വിദ്യാർത്ഥി സമൂഹത്തിനിടയിൽ നാചുറൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ഇവർക്ക് വനമേഖലയെ സംബന്ധിച്ച പഠനസൗകര്യം ഉണ്ടാക്കുകയും വനങ്ങളിലേക്ക് വിനോദപഠനയാത്രകൾ സംഘടിപ്പിക്കാവുന്നതുമാണ്.

വനം വകുപ്പ് ലക്ഷങ്ങൾ മുടക്കി നിർമ്മിച്ചിരിക്കുന്ന ഫിലിമുകൾ ചാർട്ടുകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവ കാലോചിതമായി പരിഷ്ക്കരിച്ച് അടിയന്തിരമായി ജനങ്ങളിൽ എത്തിക്കണം.

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഗ്രാമീണ ക്ലബ്ബുകൾക്ക് നിരവധി പദ്ധതികളും ആനുകൂല്യങ്ങളും സർക്കാർ നല്കുന്നുണ്ടെങ്കിലും അതെല്ലാം നഗരങ്ങളിലെ താപ്പാനസംഘം തട്ടിയെടുക്കുന്ന പതിവാണ് അന്നും ഇന്നും നിലനില്ക്കുന്നത് ഇതിന് ഉടൻ പരിഹാരം കാണണം.

സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നല്കണം.

ഏലം, കാപ്പിത്തോട്ടങ്ങളുടെ രജിസ്ട്രേഷൻ കൃത്രിമമായി ഉണ്ടാക്കി നിബിഡവനഭൂമി വെട്ടിവില്ക്കുന്നതിനുള്ള അണിയറ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. ഇതിനെതിരെ ശക്തമായ ജനമുന്നേറ്റം ഉയർന്നുവരികയും തദ്ദേശഭരണസ്ഥാപനം ഇക്കാര്യത്തിൽ മുൻകൈയ്യെടുക്കുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള വനഭൂമിയിൽ ഒരു സെന്റ് പോലും നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലത്ത് വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കാവുന്നതാണ്. സാമൂഹ്യവനവൽക്കരണ പരിപാടിയിൽ ഇന്ന് വിതരണം ചെയ്യുന്ന വൃക്ഷതൈകൾ നമ്മുടെ കാലവസ്ഥയ്ക്ക് യോജിച്ചവയല്ല. പഞ്ചായത്ത് തലത്തിൽ പ്രാദേശികമായി യോജിച്ച വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് ഈ പരിപാടിക്കായി ഉപയോഗിക്കണം.

വനസംരക്ഷണത്തിനും വനവൽക്കരണത്തിനുമായി കോടിക്കണക്കിന് രൂപാ ചെലവഴിക്കുന്ന വിദേശസഹായമുള്ള ചില സ്ഥാപനങ്ങൾ നമ്മുടെ നാടുകളിലെ നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം നമ്മുടെ നാട്ടിലെ വനമേഖലയുടെ സംരക്ഷണത്തിനോ വ്യാപനത്തിനോ അശേഷം സഹായിക്കുന്ന രീതിയിലല്ല ഇത്തരം

സംഘടനകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാവേണ്ടതാണ്.

കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കുന്ന ഒരു പ്രദേശമായി മാറ്റിയെടുക്കുവാൻ സാധിക്കുന്ന സ്ഥലമാണ് വെള്ളരിമല. വനം വകുപ്പുംടൂറിസം വകുപ്പും സംയുക്തമായി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വിശദമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയാൽ ഇവിടെക്ക് നൂറുക്കണക്കിന് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കും.

വയനാടുമായി ബന്ധപ്പെടുവാനുള്ള ഏറ്റവും എളുപ്പവഴിയായി വർഷങ്ങൾക്ക് മുമ്പ് കണ്ടെത്തുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്ത ആനക്കാംപൊയിൽമേപ്പാടി റോഡ് പൂർത്തികരിക്കുവാൻ വനഭൂമിയിലൂടെ 5 കി.മിറ്ററോളം ദൂരം മാത്രം റോഡ് പൂർത്തികരിച്ചാൽ മതിയാവും ഇക്കാര്യത്തിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവണം.





4-4
വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ തിരുവമ്പാടിയുടെ ചരിത്രം ആരംഭിക്കുന്നത് ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ്. അക്കാലത്ത് ഇന്നത്തെ തിരുവമ്പാടി പഞ്ചായത്തിന്റെ I,II വാർഡുകൾ ഉൾക്കൊള്ളുന്ന ചെറുപ്ര, മരയ്ക്കാട്ടുപുറം, താഴെ തിരുവമ്പാടി എന്നിവിടങ്ങളിൽ 600 ഓളം ആളുകൾ ഉണ്ടായിരുന്നതായി പഴയകാല രേഖകൾ സൂചിപ്പിക്കുന്നു. ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസ പരമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഒന്നും ആദ്യകാലഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല. ആശാൻ കളരി ചില നായർ തറവാടുകളെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസവും നൽകിയിരുന്നതായി പറയപ്പെടുന്നു. കല്പകശ്ശേരി ജന്മിമാർ സ്ഥാപിച്ച നന്ദാനശ്ശേരി സ്ക്കൂളായിരുന്നു ആദ്യ വിദ്യാലയം. 1920കളിൽ ഈ സ്ക്കൂൾ പ്രവർത്തിച്ചിരുന്നു എന്നാണ് പറയപ്പെടുന്നത്. IV-ാം തരം വരെ പഠിക്കുന്നതിനുള്ള സൗകര്യം ഈ സ്ക്കൂളിൽ ഉണ്ടായിരുന്നു. നാമമാത്രമായ കുട്ടികളേ ഈ സ്കൂളിൽ പഠിച്ചിരുന്നുള്ളൂ. പുറമെ നിന്ന് വന്ന അധ്യാപകർ ജന്മിയുടെ വീട്ടിൽ താമസിച്ച് കുട്ടികളെ പഠിപ്പിക്കുകയായിരുന്നു ചെയ്തത്. ഭക്ഷണവും നാമമാത്രമായ വേതനവും ഇവർക്ക് ലഭിച്ചിരുന്നു. മദ്രാസ് ഗവൺമെൻറിൽ നിന്നും ഈ സ്ക്കൂളിന്റെ നടത്തിപ്പിനായി സഹായങ്ങൾ ലഭിച്ചിരുന്നതായി പറയപ്പെടുന്നു. ആവശ്യത്തിന് കുട്ടികൾ ഇല്ലാത്തതിനെ തുടർന്ന് കാലക്രമേണ ഈ സ്ക്കൂളിന്റെ പ്രവർത്തനം നിലച്ചു.

തിരുവമ്പാടി പഞ്ചായത്തിന്റെ വിദ്യാഭ്യാസമേഖലയിലെ പുരോഗതിക്ക് തുടക്കം കുറിച്ചത് തിരുവിതാംകൂറിൽ നിന്നും 1940 കളിൽ ഉണ്ടായ കുടിയേറ്റത്തോടെയാണ്. വിദ്യാഭ്യാസ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഉയർന്ന നിലവാരം പുലർത്തിയിരുന്ന തിരുവിതാംകൂർ മേഖലയിൽ നിന്നും വന്ന കുടിയേറ്റക്കാർക്ക് തങ്ങളുടെ ജീവിത വൃത്തിക്കായി പ്രതികൂല സാഹചര്യങ്ങളുമായി പോരാടുന്നതിനോടൊപ്പം തന്നെ അവരുടെ പിൻതലമുറക്കാർക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങളും ആരംഭിച്ചു. ഇക്കാര്യത്തിൽ ക്രൈസ്തവ പുരോഹിതന്മാരും ശ്രീനാരായണ പ്രസ്ഥാനവുമെല്ലാം അതിന്റെതായ പങ്ക് വഹിച്ചിട്ടുണ്ട്. 1947-ൽ തിരുവമ്പാടി L.P സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. 1951- ൽ പൊന്നാങ്കയത്തെ ശ്രീനാരായണ മിഷൻ വകയായി ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആരംഭിച്ചു. 1952-ൽ പുല്ലൂരാംപാറ കേന്ദ്രമാക്കി പ്രൈമറി സ്ക്കൂൾ ആരംഭിച്ചു. സർക്കാർമേഖലയിൽ ആദ്യമായി തുടങ്ങിയ വിദ്യാലയം 1957-ൽ തൊണ്ടിമ്മൽ ആരംഭിച്ച L.P സ്ക്കൂൾ ആയിരുന്നു.

ഹൈസ്ക്കൂൾ മേഖലയിൽ ആദ്യമായി തുടങ്ങിയത് 1955-ൽ തിരുവമ്പാടിയിൽ ആരംഭിച്ച സേക്രഡ് ഹാർട്ട് ഹൈസ്ക്കൂളായിരുന്നു. ഈ സ്ക്കൂളുകളിലെല്ലാം അക്കാലത്ത് അധ്യാപകരായി സേവനമനുഷ്ഠിച്ചിരുന്നത് കൂടുതലും തൃശൂർ ജില്ലയിൽ നിന്നുള്ളവരായിരുന്നു. കുടിയേറ്റക്കാരുടെ ഇടയിൽ അധ്യാപകരായി ജോലി ചെയ്യുന്നതിന് മതിയായ വിദ്യാഭ്യാസം ഉള്ളവരുടെ അഭാവത്തിൽ മാനേജ്മെൻറ് ഇവരെ ഇവിടെ വരുത്തുകയാണുണ്ടായത്. തിരുവമ്പാടിയിൽ ആദ്യത്തെ സ്ക്കൂൾ സ്ഥാപിച്ചതിന് പിന്നിൽ പ്രവർത്തിച്ചത് ഫാദർ സെക്വീര,ഫാദർ ഗിൽബർട്ട് ഗോൺസാൽവസ് എന്നീ വൈദികരായിരുന്നു. ശ്രീമാൻ റ്റി.പി. അബ്രാഹത്തിന്റെ നേതൃത്വത്തിൽ ശ്രീ. സി.ജെ. ജോസഫ് (പോപ്പുസാർ) പി.എം. ജോസഫ് പുറത്തുട്ട് എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ. വിവിധ സ്ക്കൂളുകളിൽ പ്രധാന അദ്ധ്യാപകരായിരുന്ന ശ്രീ. എം.ടി. തോമസ്, മത്തായി മാസ്റ്റർ, വി.ടി. താരുമാസ്റ്റർ എന്നിവരുടെ പേര് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

തിരുവമ്പാടി പഞ്ചായത്തിൽ ആകെ 12 വിദ്യാഭ്യാസസ്ഥാപനങ്ങളാണുള്ളത്. ഇതിൽ തിരുവമ്പാടി സേക്രട്ട്

ഹാർട്ട് ഹൈസ്ക്കൂൾ, സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ പന്നക്കൽ,സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ പുല്ലൂരാംപാറ എന്നിവ എയ്ഡഡ് ഹൈസ്ക്കൂളുകളാണ്. തിരുവമ്പാടി സേക്രട്ട് ഹാർട്ട് യു.പി. സ്ക്കൂൾ, പുന്നക്കൽ മുഹമ്മദ് അബ്ദുറഹിമാൻ മെമ്മോറിയൽ യു.പി. സ്ക്കൂൾ, സെൻറ് ജോസഫ്സ് യു.പി. സ്ക്കൂൾ, പുല്ലൂരാംപാറ, സെൻറ്മേരീസ് യു.പി. സ്ക്കൂൾ ആനക്കാംപൊയിൽ എന്നിവ എയ്ഡഡ് യു.പി. സ്ക്കൂളുകളാണ്. തൊണ്ടിമ്മൽ എൽ.പി. സ്ക്കൂൾ, ആനക്കാംപൊയിൽ എൽ. പി. സ്ക്കൂൾ എന്നിവ സർക്കാർ സ്ക്കൂളുകളാണ്. പൊന്നാങ്കയം ശ്രീനാരായണ മിഷൻ ലോവർ പ്രൈമറി സ്ക്കൂൾ, മുത്തപ്പൻപുഴസെൻറ് സെബാസ്റ്റ്യൻസ് എൽ.പി. സ്ക്കൂൾ, പുന്നക്കൽ മുഹമ്മദ് അബ്ദുറഹിമാൻ മെമ്മോറിയൽ എൽ.പി. സ്ക്കൂൾ എന്നിവ എയ്ഡഡ് എൽ.പി. സ്ക്കൂളുകളാണ്. തിരുവമ്പാടി ഇൻഫെൻറ്ജീസസ് ഹൈസ്കൂൾ അൺ എയ്ഡഡ് ഹൈസ്ക്കൂളുകളാണ്. ഇതിൽ എവിടെയും പെടാതെ, കുട്ടികളിൽനിന്നും ഫീസ് ഈടാക്കി, അധ്യാപകരെ വെച്ചു പഠിപ്പിക്കുന്നഒരു എൽ.പി. സ്ക്കൂൾ ആനക്കാംപൊയിലിൽ പ്രവർത്തിക്കുന്നു.

ഉന്നത വിദ്യാഭ്യാസമേഖലയിൽ തിരുവമ്പാടി പഞ്ചായത്തിൽ സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ സ്ഥാപനങ്ങൾ ഒന്നുമില്ല. എന്നാൽ 2000ത്തോളം വിദ്യാർത്ഥികൾകോളേജ് വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് 4 പാരലൽ കോളേജുകളെയാണ്. 1 നാഷണൽ & ഹീനിക്സ് കോളേജ് 2. മലബാർ കോളേജ് 3. പ്രസാദ് കോളേജ് 4. ക്രൈസ്റ്റ് കോളേജ് എന്നിവയാണ് ഈ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിന് തൊട്ടടുത്തുള്ള കോളേജുകൾ കോടഞ്ചേരിയിൽ പ്രവർത്തിക്കുന്ന Govt. കോളേജും അന്നാശ്ശേരിയിൽ പ്രവർത്തിക്കുന്ന എം .എ .എം .ഒ. കോളേജുമാണ്. സാങ്കേതിക വിദ്യാഭ്യാസരംഗത്തും സർക്കാർ സ്വകാര്യമേഖലകളിലും സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ലെങ്കിലും ഒരു കമ്പ്യൂട്ടർ പഠനകേന്ദ്രവും രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സ്വകാര്യവ്യക്തികൾ നടത്തി വരുന്നുണ്ട് തിരുവമ്പാടിയിൽ ആൻസിലാ ഭവൻെറ കീഴിൽ ഹോം സയൻസ് പഠനകേന്ദ്രം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിനായി ഈ പ്രദേശത്തുള്ളവർ ഇപ്പോഴും ആശ്രയിക്കുന്നത് കോഴിക്കോടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെയാണ്.

ശിശു വിദ്യാഭ്യാസമേഖലയിൽ 14 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് എന്നാൽ ഇവയ്ക്കൊന്നും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. കുട്ടികൾക്കുള്ള കളിസ്ഥലം, പഠന വസ്തുക്കൾ, കളിപ്പാട്ടങ്ങൾ എന്നിവ ഭൂരിഭാഗം അംഗനവാടികളിലുമില്ല. തിരുവമ്പാടി, പുന്നക്കൽ, ആനക്കാംപൊയിൽ, പുല്ലൂരാംപാറ എന്നിവിടങ്ങളിൽ ക്രൈസ്തവ സന്യാസിനിമാർ നടത്തുന്ന നഴ്സറി സ്ക്കൂളുകളും പുല്ലൂരാംപാറ 'ഉദയ' മഹിളാ സമാജത്തിൻെറ നേതൃത്വത്തിലുള്ള ഒരു നഴ്സറി സ്ക്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ മുമ്പ് കാൻഫെഡിൻെറ നേതൃത്വത്തിൽ വയോജന വിദ്യാഭ്യാസം നടന്നുവന്നിരുന്നു. എന്നാൽ സേവന തൽപ്പരതയും വേണ്ടത്ര അർപ്പണബോധവും സംഘാടകർക്കില്ലാതിരുന്നതിനാൽ ക്രമേണ പ്രസ്തുത പരിപാടി പൂർണ്ണമായും നിലച്ചു. 1987-ൽ കേരള സർക്കാർ ആവിഷ്ക്കരിച്ച സാക്ഷരതാ പ്രസ്ഥാനം തിരുവമ്പാടി പഞ്ചായത്തിൽ വളരെ ഫലപ്രദമായി നടത്തപ്പെടുകയുണ്ടായി. ഗ്രാമതലത്തിൽ പുത്തൻ ഉണർവ്വും സേവനതത്പരതയും ഉളവാക്കിയ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ആദിവാസികൾ അടക്കം നിരവധി പേരെ സാക്ഷരരാക്കാൻ സാധിച്ചു. എന്നാൽ തുടർ വിദ്യാഭ്യാസത്തിൻെറ അഭാവം മൂലം ഇവരിൽ പലരും വീണ്ടും നിരക്ഷരരായ അവസ്ഥ നിലവിലുണ്ട് തുടർ വിദ്യാഭ്യാസത്തിൻെറ ഭാഗമായി തിരുവമ്പാടി പഞ്ചായത്തിൽരണ്ട് ജനവിദ്യാകേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൻെറ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമല്ല. നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച പട്ടിക അവസാനം ചേർത്തിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ പൊതുവെ ഉണ്ടായിട്ടുള്ള നിലവാര തകർച്ച ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കാര്യമായി ബാധിച്ചിട്ടുള്ളതായി ഈ മേഖലയെ വിശകലനം ചെയ്യുമ്പോൾ ബോധ്യമാകുന്നു. ആദ്യകാല ഘട്ടങ്ങളിൽ മലബാർ മേഖലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മുൻനിരയിൽ നിന്നിരുന്ന പല വിദ്യാലയങ്ങളും ഇന്ന് വളരെ താഴെ തട്ടിലാണ് നിലകൊള്ളുന്നത്. പലകാലങ്ങളായി വിവിധ സർക്കാരുകൾ ഈ മേഖലയിൽ നടപ്പാക്കിയ അശാസ്ത്രീയമായ ഒട്ടേറെ പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസമേഖലയെ തകർക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. നമ്മുടെ നാടിൻെറ പ്രത്യേകതകൾക്ക് യോജിച്ച രീതിയിലുള്ള വിദ്യാഭ്യാസ രീതിയല്ല ആദ്യകാലം മുതൽ നടപ്പാക്കി വരുന്നത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി വരുന്ന കുട്ടികൾക്ക് പോലും മാതൃഭാഷയിൽ തെറ്റുകൂടാതെ എഴുതുവാൻ കഴിയാത്ത അവസ്ഥയാണ്ഇന്നുള്ളത്. പ്രാഥമിക മേഖലയിലുള്ള വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം പല

പട്ടിക 1

(ഭൗതിക സാഹചര്യങ്ങൾ)

	സ്ക്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	St. Joseph H.S. Pullurampara	742	32	1	5	ഉണ്ട്	ഉണ്ട്
2.	ഇൻഫന്റ ജീസസ് ഇംഗ്ലീഷ് മീഡിയം തിരുവമ്പാടി	262	12	14	ഉണ്ട്	ഉണ്ട്	ഉണ്ട്
3	സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂൾ തിരുവമ്പാടി	1071	48	2	5	ഉണ്ട്	ഉണ്ട്
4.	MAMU.P.S.വിളക്കാക്കോട്ട്	244	10	2	3 ഉണ്ട്	ഉണ്ട്	ഉണ്ട്
5.	St. Mary's U.P.S.ആനക്കാംപൊയിൽ	325	14	1	1ഉണ്ട്	ഉണ്ട്	ഉണ്ട്
6	സേക്രട്ട് ഹാർട്ട് U.P.S.തിരുവമ്പാടി	1466	43	3	4 ഉണ്ട്	ഉണ്ട്	ഉണ്ട്
7.	Govt. L.P.S.തൊണ്ടിമ്മൽ	118	5	1	2 ഉണ്ട്	ഇല്ല	ഇല്ല
8.	G.L.P.S. ആനക്കാംപൊയിൽ	154	6	1	1	ഉണ്ട്	ഇല്ല
9.	St. Joseph's U.P.S.പുല്ലൂരാംപാറ	1074	35	1	2	ഉണ്ട്	ഇല്ല
10.	St. സെബാസ്റ്റ്യൻ L.P.S.മുത്തപ്പൻപുഴ	101	4	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
11.	S.N.M.A.L.P.S.പൊന്നാങ്കയം	28	4	-	ഇല്ല	ഉണ്ട്	ഇല്ല
12.	M.A.M.L.P.S. വിളക്കാംതോട്	266	9	2	3ഉണ്ട്	ഉണ്ട്	ഉണ്ട്
13.	St. Sebastains High School Punnakka	291	15	2	2 ഉണ്ട്	ഉണ്ട്	ഉണ്ട്

പട്ടിക 2

വിദ്യാർത്ഥികൾ അധ്യാപകർ

		വിദ്യാർത്ഥികൾ			അധ്യാപകർ		
നമ്പർ	സ്ക്കൂൾ മാനേജ്മെൻറ്	ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂൾ തിരുവമ്പാടി എയ്ഡഡ്	517	554	1071	25	23	48
2	സെൻറ് ജോസഫ് ഹൈസ്കൂൾ പുല്ലൂരാംപാറ എയ്ഡഡ്	367	375	742	22	10	32
3	സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ പുന്നയ്ക്കൽ എയ്ഡഡ്	162	129	291	9	6	15
4	സേക്രട്ട് ഹാർട്ട് യു.പി. സ്ക്കൂൾ തിരുവമ്പാടി	834	632	1466	17	26	43
5	സെൻറ് ജോസഫ് യു.പി. സ്ക്കൂൾ പുല്ലൂരാംപാറ	534	540	1074	7	28	35
6	എം.എ.എം.യു.പി.എസ്.വിളക്കാംതോട്	145	99	249	1	9	10
7	സെൻറ് മേരീസ് യു.പി. എസ്. ആനക്കാംപൊയിൽ	166	159	325	6	8	14
8	ഗവ.എൽ.പി.സ്ക്കൂൾ തൊണ്ടിമ്മൽ	59	59	118	1	4	5
9	ഗവ.എൽ.പി. സ്ക്കൂൾ ആനക്കാംപൊയിൽ	87	67	154	2	4	6
10	എം.എ.എൽ.പി. സ്ക്കൂൾ വിളക്കാംതോട്	131	135	266	2	7	9
11	സെൻറ് സെബാസ്റ്റ്യൻസ് എൽ.പി. മുത്തപ്പൻ പുഴ	52	49	101	3	1	4
12	എസ്.എൻ.എം.എ.എൽ.പി. സ്ക്കൂൾ പൊന്നാങ്കയം	12	16	28	1	3	4
13	ഇൻഫൻറ് ജീസസ് ഇംഗ്ലീഷ്മീഡിയം സ്ക്കൂൾ	141	121	262	2	10	12
	ആകെ	**3207**	**2935**	**6147**	**98**	**139**	**237**

പട്ടിക 3

പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

LP			UP			HS		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
2230	172	7.71%	1684	111	6.59%	947	41	4.32

പഠനം നിറുത്തിയവരുടെ കണക്ക്

പട്ടികജാതി പട്ടികവർഗ്ഗം			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
11	8	9	38	18	56

സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അധ്യാപകർ	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
237	6047	3.47%

പ്പോഴും കല്പിക്കപ്പെടുന്നില്ല. ലോവർപ്രൈമറി വിഭാഗത്തിലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ നില ശോചനീയമാണ്. പ്രീപ്രൈമറി തലത്തിൽനിന്നും സാമാന്യം തൃപ്തികരമായി പരിശീലനം ലഭിച്ചുവരുന്ന കുട്ടികൾപോലും പ്രൈമറി സ്കൂളിൽ എത്തുമ്പോൾ നിലവാരത്തിന്റെ കാര്യത്തിൽ വളരെ താഴെ തട്ടിലേക്കു പോകുന്നതായി കാണാം. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയും രക്ഷാകർത്താക്കളുടെ ഭാഗത്തുനിന്നുള്ള മതിയായ സഹകരണമില്ലായ്മയും അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടാവുന്ന വീഴ്ചകളും സാമൂഹ്യമായ ചിലഘടകങ്ങളും ഇതിനു കാരണമാകുന്നുണ്ട്. പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന വിദ്യാഭ്യാസരംഗത്തെ നിലവാര തകർച്ച ഒരു പരിധിവരെ പരിഹരിക്കുന്നതിന് രക്ഷാകർത്തൃസമിതിയും അധ്യാപകരും തദ്ദേശഭരണ സ്ഥാപനങ്ങളും കൂട്ടായി പരിശ്രമിക്കുന്നതിലൂടെ സാധിക്കും.

തിരുവമ്പാടി പഞ്ചായത്തിലെ ഹൈസ്ക്കൂളുകളുടെ നിലവാരം പൊതുവെ തൃപ്തികരമാണെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി S.S.L.C വിജയശതമാനം കുത്തനെ ഇടിഞ്ഞുവരുന്ന പ്രവണതയാണ് കാണുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ S.S.L.C വിജയശതമാനം കാണിക്കുന്ന ഗ്രാഫ് അവസാനം ചേർക്കുന്നു.

ഈ പഞ്ചായത്തിലെ ആനക്കാംപൊയിൽ മുത്തപ്പൻപുഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള നൂറ് കണക്കിന് വിദ്യാർത്ഥികൾ പുല്ലൂരാംപാറ ഹൈസ്ക്കൂളിനെയാണ് ആശ്രയിക്കുന്നത്. ഇരുപത് കിലോമീറ്റർ ദൂരം ദിവസവും യാത്ര ചെയ്താണ് കുട്ടികൾ ഇവിടെ എത്തിച്ചേരുന്നത്. ആനക്കാംപൊയിലിൽ ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണെങ്കിലും ദീർഘകാലമായി ഈ പ്രദേശത്തുള്ളവർ ഉന്നയിക്കുന്ന ഈ ആവശ്യത്തിനനുകൂലമായ സമീപനം സർക്കാരിൽ നിന്നുണ്ടായിട്ടില്ല.

കായികരംഗത്ത് ഒട്ടേറെ പ്രതിഭകൾക്ക് ജന്മം നൽകുവാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. സ്കൂളുകളോടനുബന്ധിച്ച് കളി സ്ഥലങ്ങൾ കുറെയൊക്കെ നിലവിലുണ്ടെങ്കിലും ഇവയുടെ സൗകര്യം പരിമിതമാണ്. മൂന്ന് ഹൈസ്ക്കൂളിലുമുള്ള ഗ്രൗണ്ടുകൾ പൂർണ്ണമായും വികസിപ്പിച്ചെടുത്തിട്ടില്ല. അധ്യാപകരക്ഷാകർത്തൃസമിതി എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും യോഗങ്ങളിൽ പ്രാതിനിധ്യം കുറവാണ്. ഈ സമിതികൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ സാധിച്ചാൽ വിദ്യാലയങ്ങൾക്കാവശ്യമായ മുഴുവൻ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും വിദ്യാഭ്യാസ നിലവാരത്തിലുണ്ടാകുന്ന തകർച്ച തടയുന്നതിന് ഒരു പരിധിവരെ ഇടപെടുന്നതിനും സാധിക്കും. പല സ്കൂളുകളിലും മാതൃസംഗമങ്ങൾ വർഷത്തിലൊരിക്കലെങ്കിലും ചേർന്ന് പഠന നിലവാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന അവസ്ഥപൊതുവെ ഇവിടെ നിലനിൽക്കുന്നുണ്ട്.

ഇവിടെയുള്ള ആനക്കാംപൊയിൽ Govt. L.P. സ്കൂ

ഗ്രാഫ്







ളിന്റെ പ്രവർത്തനം മെച്ചപ്പെട്ടുവരുന്നുണ്ട്. ആനക്കാംപൊയിലിൽ ക്രിസ്ത്യൻ മാനേജ്മെൻറിന്റെ കീഴിൽ അംഗീകാരമില്ലാത്ത ഒരു L.P സ്ക്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. 200 കുട്ടികളും 4 അധ്യാപകരുംഈ സ്ക്കൂളിലുണ്ട്. വിദ്യാർത്ഥികളിൽ നിന്നും ഫിസ് ഈടാക്കിയാണ് ക്ലാസ് നടത്തുന്നത്.

പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള ഗവ.L.P. സ്ക്കൂളിന്റെ പ്രവർത്തനം വളരെ മോശമാണ്. സ്വന്തമായ കെട്ടിടമോ മറ്റുപഠന സൗകര്യങ്ങളോ ഇവിടെയില്ല. ഇത് മെച്ചപ്പെടുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ:

1. പരീക്ഷയെ ലക്ഷ്യമാക്കിയുള്ള ബോധനം വിദ്യാഭ്യാസത്തെ ഒരു യാന്ത്രിക വൃത്തിയാക്കി മാറ്റി. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമെന്ന ലക്ഷ്യം അട്ടിമറിക്കപ്പെട്ടു. അധ്യയനമെന്നത്കുട്ടിയും അധ്യാപകനും തമ്മിലുള്ള വിരസമായ ഒരിടപെടലായി മാറി.
2. അദ്ധ്യാപക രക്ഷകർത്തൃസമിതികളുടെ ഫലപ്രദമായ ഇടപെടലിന്റെ അഭാവം.
3. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
4. വീടുകളിലെ പഠന സാഹചര്യത്തിലെ പരിമിതികൾ, സാമൂഹികമായ പിന്നോക്കാവസ്ഥ.
5. മുത്തപ്പൻപുഴ എൽ.പി.സ്ക്കൂൾ, ആനക്കാംപൊയിൽ ഗവ. എൽ.പി.സ്ക്കൂൾ, തൊണ്ടിമ്മൽ ഗവ.എൽ.പി.സ്ക്കൂൾ പൊന്നാങ്കയം എസ്.എൻ.എം.എ. എൽ.പി.സ്ക്കൂൾ എന്നിവിടങ്ങളിൽ കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യം
6. അൺ എയ്ഡഡ് സ്ക്കൂളുകൾ ഉയർത്തുന്ന പ്രശ്നങ്ങൾ
7. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കിടയിൽ വിദ്യാഭ്യാസത്തോടുള്ള താത്പര്യമില്ലായ്മ.
8. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
9. ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, മറിപ്പുഴ ഭാഗങ്ങളിലെ കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ബുദ്ധിമുട്ട്
10. ശാസ്ത്രീയമായ ബോധനരീതികളുപയോഗിക്കുവാൻ അധ്യാപകർ കാണിക്കുന്ന വൈമുഖ്യം, സിലബസിൽ കാലോ

ചിതമായ മാറ്റം വരുത്താത്തത് മൂലമുള്ള പ്രശ്നങ്ങൾ

സാധ്യതകൾ

1. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഗവ. എൽ.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി.സ്ക്കൂൾആക്കി ഉയർത്തുന്ന പക്ഷം ഈ മേഖലയിൽനിന്നും ഇപ്പോൾ മുക്കം, തിരുവമ്പാടി സ്ക്കൂളുകളിൽപോകുന്ന നൂറുകണക്കിന് കുട്ടികൾക്ക് പ്രയോജനകരമായിരിക്കും. നിലവിലുള്ള സ്ക്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

2. പഞ്ചായത്തിലെ രണ്ടാം വാർഡിലും നാലാം വാർഡിലും ഒൻപതാം വാർഡിലും

   ഓരോ എൽ.പി.സ്ക്കൂൾ ആരംഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ജനകീയ സഹകരണത്തോടുകൂടി പഞ്ചായത്ത് സ്ക്കൂൾ ഇവിടെ ആരംഭിക്കാവുന്നതാണ്.

3. തിരുവമ്പാടിയിൽ സാങ്കേതികമേഖലയിലുള്ള ഒരു വിദ്യാലയം സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ ആരംഭിക്കാവുന്നതാണ്. നിലവിലുള്ള ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്താവുന്നതാണ്, പുല്ലൂരാംപാറ, പുന്നയ്ക്കൽ ഹൈസ്ക്കൂളുകളിലും ഹയർ സെക്കണ്ടറി കോഴ്സുകൾ തുടങ്ങുന്നതിന് സാധ്യതയുണ്ട്.

4. തിരുവമ്പാടിയിൽത്തന്നെ രണ്ടായിരത്തോളം കുട്ടികൾ കോളേജ് വിദ്യാഭ്യാസത്തിന് 4 പാരലൽ കോളേജുകളെ ആശ്രയിക്കുന്നുണ്ട് സർക്കാർ മേഖലയിലോ സഹകരണ, സ്വകാര്യമേഖലകളിലോഒരു കോളേജിനുള്ള സാധ്യതയുണ്ട്.

5. തിരുവമ്പാടി, പുന്നയ്ക്കൽ, പുല്ലൂരാംപാറ എന്നിവിടങ്ങളിലുള്ള ഹൈസ്ക്കൂൾ ഗ്രൗണ്ടുകൾമിനി സ്റ്റേഡിയങ്ങളാക്കി വികസിപ്പിച്ചെടുക്കാവുന്നതാണ്. ഇക്കാര്യത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിക്കണം.

6. ആനക്കാംപൊയിൽ ഗവ. എൽ.പി.സ്ക്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടിയെടുക്കണം. സ്ക്കൂളിലേക്കുള്ള റോഡ് അടിയന്തിരമായി ജനപങ്കാളത്തത്തോടെ പരിഷ്ക്കരിക്കുന്നതിന് മുൻകൈയ്യെടുക്കണം.

7. ഈ പഞ്ചായത്തിൽ വിദ്യാഭ്യാസമേഖലയിൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ആനക്കാംപൊയിൽ, മുത്തപ്പൻപുഴ മേഖലകളിലുള്ളവരാണ്. ആനക്കാംപൊയിലിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഇപ്പോൾതന്നെ അവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നേതൃപരമായ പങ്ക് വഹിക്കേണ്ടതാണ്.

8. മുത്തപ്പൻപുഴയിൽ നിലവിലുള്ള L.P സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി.സ്ക്കൂൾ ആക്കി ഉയർത്താവുന്നതാണ്. മുത്തപ്പൻപുഴ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ, പൂമരത്തും കൊല്ലി ഭാഗത്തെ കുട്ടികളുടെ സൗകര്യത്തിനായി തേൻപാറപുഴക്ക് ഉറപ്പുള്ള പാലം നിർമ്മിക്കണം.

9. അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം അംഗനവാടികൾ സ്ഥാപിക്കണം, നിലവിലുള്ള അംഗനവാടികൾക്ക് മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും കളിക്കോപ്പുകളും പഠനോപകരണങ്ങളും ലഭ്യമാക്കണം ഈ പ്രവർത്തനങ്ങളിലെല്ലാം ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്.

10. പട്ടികവർഗ്ഗകോളനികളിൽ ഗുരുകുലം മാതൃകയിലുള്ള ഏകാംഗ വിദ്യാലയങ്ങൾ സ്ഥാപിക്കണം.

11. പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് പഞ്ചായത്തല വിദ്യാഭ്യാസ സമിതിരൂപീകരിക്കണം അദ്ധ്യാപകരും രക്ഷകർത്താക്കളും ജനപ്രതിനിധികളും കൂട്ടായി പരിശ്രമിക്കുന്ന പക്ഷം തിരുവമ്പാടി പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സാധിക്കും.

12. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിനാവശ്യമായ രീതിയിൽ സിലബസിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തണം.

13. വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ അവധിക്കാലത്ത് വിദഗ്ധ പരിശീലനത്തിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ് കായികരംഗത്ത് വളർച്ചക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

14. കലാകായികമേഖലയിൽ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തണം, പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് എല്ലാ മേഖലകളിലും പ്രത്യേകം സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ഇവർക്കായി ആവശ്യമെങ്കിൽ പ്രത്യേകമായി പരിശീലനസൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.



4-5

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

പ്രകൃതി മനുഷ്യന് നൽകിയ ഏറ്റവും വിലിയ വരദാനമാണ് ജലം. തിരുവമ്പാടി പഞ്ചായത്ത് ഒരു കാലത്ത് ജല സമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമായിരുന്നു. തിരുവിതാം കൂറിൽ നിന്ന് മണ്ണിനെപൊന്നാക്കി മാറ്റാനുള്ള വ്യഗ്രതയൊടെ കർഷകർ വൻതോതിൽ ഈ ഗ്രാമത്തിലേക്ക് കുടിയേറുകയും വനം വെട്ടിത്തെളിച്ചു കൃഷി ചെയ്യുകയും ചെയ്തു. ഇടതൂർന്ന വനപ്രദേശങ്ങൾ മുഴുവൻ തെങ്ങും, കമുകും, റബ്ബറും, നിറഞ്ഞ കൃഷി ഭൂമിയായി മാറി. വർഷങ്ങൾ, പിന്നിട്ടപ്പോൾ നമ്മുടെ സമൃദ്ധമായ ജലസമ്പത്ത് അന്യമാവുന്ന അനുഭവത്തിൽ നാമെത്തി. ഏതാനും വർഷങ്ങൾക്കു മുമ്പു വരെ ഇടത്തരപ്പുഴയും, ഇരുവഞ്ഞിപുഴയും, പൊയിലിങ്ങാ പുഴയും, ഇരുകര മുറ്റി ഒഴുകിയിരുന്നു. ഈ പുഴകളൊക്കെ ഒഴുക്കു നിലച്ച് ഇടമുറിയുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. വ്യക്ഷ നിബ്ബിഡമായിരുന്ന പുഴയോരങ്ങളൊക്കെ ശൂന്യമായി മാറിയതിന്റെ പരിണിതഫലമാണ് ഇതെന്നു കരുതാം. വർഷം മുഴുവൻ ജനങ്ങൾക്ക് ശുദ്ധജലം ലഭിച്ചിരുന്ന ഓലികളും, നീരുറവകളും, അരുവികളും, ഇന്ന് വെറുമൊരു ഓർമ്മകൾ മാത്രമായി മാറിയിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവും ശുദ്ധ ജലത്തിന്റെ അധിക ഉപയോഗവും ഒരു കാരണമായി പറയാമെങ്കിലും ഇടതൂർന്നു നിന്നിരുന്ന മുളങ്കാടുകളും, മറ്റു പഴ്മരങ്ങളും വിവേക ശൂന്യമായി വെട്ടി നശിപ്പിച്ചതിന്റെ തിക്തഫലവും ഇതിനു കാരണമാണ്. 12 മാസവും യഥേഷ്ടം ശുദ്ധജലം ലഭ്യമായിരുന്ന കിണറുകളും കുളങ്ങളും ഇന്നു ഭാഗികമായി മാത്രമേ ജലം ലഭ്യമാകുന്നുള്ളൂ. മണ്ണൊലിപ്പ് കാരണം പുഴയുടെയും തോടുകളുടെയും ആഴം കുറഞ്ഞുപോയതും നമ്മുടെ കിണറുകളിലെയും കുളങ്ങളിലെയും ജലം കുറഞ്ഞുപോവുന്നതിന് കാരണമായിട്ടുണ്ടാവാം. ഈ ഗ്രാമ പഞ്ചായത്തിൽ 5047 വീടുകളിലായി 26219 ജനങ്ങൾ താമസിക്കുന്നുണ്ട്. ഈ ജനങ്ങളുടെ ശുദ്ധജല ആവശ്യം നിർവ്വഹിക്കപ്പെടുന്നതിനുള്ള പ്രധാന ശ്രോതസുകളുടെ വിവരം പട്ടിക 1-ൽ ചേർക്കുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ശുദ്ധജല ആവശ്യം നിർവ്വഹിക്കപ്പെടുന്നതിനുള്ള പ്രധാന ശ്രോതസ്സുകൾ കിണർ, കുളം, അരുവികൾ, K.W.A. യുടെ ടാപ്പുകൾ

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ				കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
പൊതു കിണറുകൾ 18		സ്വകാര്യ കിണറുകൾ 2048			
വെള്ളമുള്ളത്	കുളങ്ങൾ	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
18	26	1928	120	30	2096

എന്നിവയാണ്. നമ്മുടെ 11 വാർഡുകളിലും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. ആകെയുള്ള 5047 വീടുകളിൽ 2048 സാധാരണ കിണറുകളും, 47 സാനിട്ടറി കിണറുകളും 26 കുളങ്ങളും 226 ടാപ്പുകളുമുണ്ട്. ആകെയുള്ള 50%ത്തോളം വീട്ടുകാർക്കു മാത്രമെ സ്വന്തമായി ശുദ്ധജല ലഭ്യതക്ക് സൗകര്യങ്ങൾ ഉള്ളൂ എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. 2048 കിണറുകളിൽ കുടിവെള്ളക്ഷാമം ഇല്ലാത്തത് 1600 ൽപരം കിണറുകൾ

മാത്രമാണ്. K.W.A. യുടെ പദ്ധതിയിൽപെട്ട 61പൊതു ടാപ്പുകളും 111 ഹൗസ് കൺക്ഷനുകളും നിലവിലുണ്ട്. തിരുവമ്പാടി ശുദ്ധ ജല വിതരണ പദ്ധതി, പാമ്പിഴഞ്ഞ പാറ, ഓളിക്കൽ എന്നിവയാണ് കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ. ഈ മൂന്നു പദ്ധതികളും പൂർണ്ണാന്ധത്തിൽ ജനോപകരാപ്രദമായിട്ടില്ല. ഓളിക്കൽ പദ്ധതിക്ക് വൈദ്യുതി സഹായമില്ലാതെ തികച്ചും പ്രകൃതി ദത്തമായ നീരുറവയെ ആശ്രയിച്ച് നിർവ്വഹിക്കപ്പെട്ടതാണ്. ജീവനക്കാരുടെ അനാസ്ഥ, മോട്ടോറിന്റെ പ്രവർത്തനക്ഷമത, വോൾട്ടേജ് കുറവ് എന്നിവ മറ്റു രണ്ടു പദ്ധതിളെയും ഹാനികരമായി ബാധിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അധികൃതർ മുൻകൈ എടുത്ത് ആവശ്യമായ മാറ്റം വരുത്തിയാൽ രണ്ടും മൂന്നും അഞ്ചും വാർഡുകളിൽ ഇന്നനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം മാകും കേരളാവാട്ടർ അതോറിറ്റിയുടെ രണ്ടു ശുദ്ധജല വിതരണ പദ്ധതികൾ പണി പൂർത്തിയായെങ്കിലും ഇതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല. 4-ാം വാർഡിലുള്ള SEP സ്ക്രീമിലുള്ള തുമ്പക്കോടുമല ശുദ്ധ ജല വിതരണ പദ്ധതിയും 5-ാം വാർഡിലെ ചവലപ്പാറ ശുദ്ധജല വിതരണ പദ്ധതിയുമാണ് ഇത്. നമ്മുടെ പഞ്ചായത്തിലുള്ള മുഴുവൻ കുളങ്ങളും കിണറുകളും അരുവികളും ഓലികളും പ്രകൃതിദത്തമായ ചതുപ്പു നിലങ്ങളും സംരക്ഷിക്കേണ്ടതു സമൂഹത്തിന്റെ ബാദ്ധ്യതയും കടമയുമാണ്. ചതുപ്പു നിലങ്ങൾമണ്ണിട്ടു നികത്തി കൃഷി ഭൂമിയാക്കുന്നതിനും വീടു വയ്ക്കുന്നതിനും, എതിരെ ഗവർമ്മെണ്ട്മുൻകൈ എടുത്ത്, നിയമ നിർമ്മാണവും ബോധവൽക്കരണവും നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക II

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകളും പരിഹര നിർദ്ദേശങ്ങളും

വാർഡ് നമ്പർ	പ്രശ്ന മേഖല	പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ
I	ഒന്നാംവാർഡിൽ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്	ഇരവഞ്ഞി പുഴയുടെ തീരത്ത് കിണർ നിർമ്മിച്ച് കുന്നിൻ പ്രദേശമായ മുരട്ടകുന്നമ്മൽ ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിക്കുകയാണെങ്കിൽ വാർഡിന്റെ എല്ലാ പ്രശ്നമേഖലകളിലും കുടിവെള്ളം എത്തിക്കുവാൻ സാധിക്കും. കൂളിപ്പാറ, മുരട്ടക്കുന്നുമ്മൽ, കാരാളം കുഴി, മുതിയോട്ടുമ്മൽ, ചൂരക്കാട്ട്, കരളാട്ടുകുന്നുമ്മൽ എന്നിവടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.
II	പാണ്ടിക്കോട്ടമ്മൽ, താഴെ തിരുവമ്പാടി അംഗനവാടി പരിസരം, ലക്ഷം വീട് കോളനി,അമ്പലപ്പാറ,താഴെ തിരുവമ്പാടി അങ്ങാടി എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്.	തിരുവമ്പാടി ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലുള്ള മോട്ടോറിന്റെ ക്ഷമത വർദ്ധിപ്പിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യുക. താഴെ തിരുവമ്പാടി ലക്ഷം വീട്കോളനിയിൽ നിലവിലുള്ള ഉപയോഗ ശൂന്യമായകുഴൽ കിണർ റിപ്പയർ ചെയ്ത് നന്നാക്കുക.
III	തൊണ്ടൂർ കണ്ടി, ചെറുവളപ്പ്, പാച്ചൻ കുന്ന്, ചേപ്പിലം കോട് നാസെൻറ് കോളനി, തേറുപറമ്പ് ഹരിജൻ കോളനി	തിരുവമ്പാടി ശുദ്ധജല വിതരണ കാര്യക്ഷമമാക്കിയാൽ മൂന്നാം വാർഡിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

IV	തുമ്പക്കോട്ട് മല ,പാണ്ടിക്കോട്ട് മല,ഇലഞ്ഞിക്കൽ മല, ചെങ്ങോം മല, തമ്പലമണ്ണ ലക്ഷം വീട് കോളനി തുടങ്ങിയ പ്രദേശങ്ങളിലാണ് ശുദ്ധജല ക്ഷാമം രൂക്ഷമായിട്ടുള്ളത്	S LP സ്കീമിൽ 20 ലക്ഷം രൂപാ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ തുമ്പക്കോടുമല ജല വിതരണ പദ്ധതി വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് മാത്രം 100 കണക്കിന് കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഈ പദ്ധതിയുടെ തന്നെ പൈപ്പ് ലൈൻ പാണ്ടിക്കോട്ടുമല ചേങ്ങോം കോളനി, ഇലഞ്ഞിക്കൽ മല, തമ്പലമണ്ണ ലക്ഷം വീട് കോളനി, പാലക്കടവ് എന്നിവിടങ്ങളിലേക്ക് നീട്ടിയാൽ വാർഡിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാവും.
V	ചവലപ്പാറ, കരിയാത്തുംകുഴി,ഒറ്റപ്പൊയിൽ, പാലക്കടവ്, പാമ്പിഴഞ്ഞ പാറ എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്.	കേരള വാട്ടർ അതോറിറ്റിയുടെ ചവലപ്പാറ വാട്ടർ സപ്ലൈ സ്കീമിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാൽ ചവലപ്പാറ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. പാലക്കടവ് ഭാഗത്ത് കഴൽക്കിണർ നിർമ്മിച്ച് പുളിക്കത്തടം ജോസിന്റെ സ്ഥലത്തിന് സമീപം ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ചാൽ ഈ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കും. പാമ്പിഴഞ്ഞ പാറയിൽ നിലവിലുള്ളതു CHP മോട്ടോറിന്റെ ക്ഷമത കൂടിയാൽ ഈ പ്രദേശത്ത് പൂർണ്ണമായി ജല വിതരണം സാധ്യമാവും
VI	ഉറുമി, ലക്ഷം വീട്, മധുരമൂല, ഭജനമഠം പരിസരം എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്	ഓളിക്കൽ, ഉറുമി എന്നീ പ്രദേശങ്ങളിലുള്ള പ്രകൃതിദത്ത നീരുറവകളിൽ നിന്നും എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കുന്നതിന് സാധിക്കും കേരളാ വാട്ടർ അതോറിറ്റി ഇത്തരത്തിലുള്ള ഒരു പദ്ധതിയുടെ പ്രവൃത്തി പൂർത്തകരിച്ചിട്ടുണ്ട് കൂടരഞ്ഞി പഞ്ചായത്തിലെ ആനക്കയം പാറയിലുള്ള റെഗുലേറ്റർ കം ബ്രിഡ്ജ് വിപുലപ്പെടുത്തുക വഴി കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും
VII	മേലെ പൊന്നാങ്കയം, ശ്രീനാരായണ പുരം കോളനി, തൂപ്പരതാംപൊയിൽ,പൊന്നാങ്കയം 4 സെൻറ് കോളനി എന്നിവിടങ്ങളിലാണ് ഈ വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.	വാർഡിലുള്ള വേനൽക്കാലത്ത് പോലും ജലം ലഭിക്കുന്ന പ്രകൃതിദത്ത നീരുറവകളിൽ നിന്നുംവൈദ്യുതി ഉപയോഗിക്കാതെ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ശുദ്ധജല മെത്തിക്കാൻ സാധിക്കും. പേണ്ടാനത്ത് രാജപ്പന്റെ പറമ്പിലും,

		തുപ്പരത്താംപൊയിലിലുമുള്ള പ്രകൃതിദത്ത നീരുറവകളിൽ നിന്നും ആവശ്യമായ ശുദ്ധജലം ലഭ്യമാവും. പാമ്പിഴഞ്ഞ പാറ പദ്ധതിയുടെ ഭാഗമായ പൈപ്പ് ലൈൻ വഴിക്കടവിൽ നിന്നും ഒരുകി.മീറ്റർ നീട്ടിയാൽ 4 സെൻറ് കോളനിയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാം
VIII	താന്നിപ്പൊതി കോളനി, പന്തലാടിക്കൽ കോളനി, മോതിരപ്പാറകോളനി, പുളിക്കാട്ട് കോളനി, പള്ളിപ്പടിപാറയുടെ സമീപം എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്.	ഏഴാം വാർഡിൽ വാട്ടർഫെഡ് പദ്ധതിയിൽ നിർമ്മിച്ച കുളം, ഞാറക്കളം കുളം, മുരിക്കിൻ കൊടികുളം, ചിറ്റേട്ട് കുളം എന്നിവയിൽ നിന്നും പൈപ്പ് ലൈൻ മുഖേന കുടിവെള്ളം പ്രശ്ന പ്രദേശങ്ങളിൽ എത്തിക്കാവുന്നതാണ്. കോടഞ്ചേരി പഞ്ചായത്തിലെ നിലവിലുള്ള പത്തായപ്പാറയിലുള്ള വാട്ടർ അതോറിറ്റിയുടെ കിണറിൽ നിന്നും പൈപ്പ് പുല്ലൂരാം പാറയിലേക്ക് ദീർഘിപ്പിച്ചാൽ അങ്ങാടി ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.
IX	ലക്ഷം വീട് കോളനി, മേലാടം കുന്ന്, കൊടക്കാട്ടു പാറ, ചെറുശ്ശേരിഎന്നീ പ്രദേശങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്.	കൊടക്കാടുപാറ ശുദ്ധജല വിതരണ പദ്ധതിക്ക് ആവശ്യമായ ജലം ലഭിക്കുന്നത് പ്രകൃതിദത്തമായ നീരുറവയിൽ നിന്നുമാണ്. ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുകയും പഞ്ചായത്ത് നിർമ്മിച്ചമേലാടം കുന്ന് ശുദ്ധജല വിതരണ പദ്ധതിയും കാര്യക്ഷമമാക്കണം ലക്ഷം വീട് കോളനിയിൽ ഒരുകുഴൽ കിണർ നിർമ്മിച്ചാൽ ഇവിടുത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
X	ചെറുശ്ശേരി, മാവാതുക്കൽ, ഓടപ്പൊയിൽ, കാവുങ്ങലെൽ, ആനക്കാം പൊയിൽ അങ്ങാടി തുടങ്ങിയവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്.	ചെറുശ്ശേരിയിൽ നിലവിലുള്ള ടാങ്കിലേക്ക് വനത്തിൻെറ അതിർത്തിയിലുള്ള പ്രകൃതദത്തമായ ജല സ്രോതസിൽ നിന്നും ആവശ്യത്തിന് ജലം സംഭരിക്കാവുന്നതാണ്. കാവുങ്കലേൽ മൂസാഹാജിയുടെ പറമ്പിലുള്ള പ്രകൃതിദത്ത നീരുറവും ആവശ്യമായ ജലം ലഭിക്കുന്നതാണ് പതിനൊന്നാം വാർഡിലെ കിളിക്കല്ലിൽ കണിയാട്ട് പുഴക്ക് ബണ്ട് കെട്ടി ജല വിതരണം നടത്തിയാൽ X -ാം വാർഡിലും കുടിവെള്ള ക്ഷാമം പരിഹരിക്കാം. കറിമ്പിൻപുരയിടത്തിൽ മത്തായിയുടെ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് പ്രകൃതിദത്തമായ നീരുറവയിൽ നിന്നും ജലം സംഭരിച്ച് വിതരണം ചെയ്താൽ അരിപ്പാറമല, മിച്ച ഭൂമി കോളനി, ആദിവാസികോളനി ഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹൃതമാവും.

XI	കാവുങ്കൽ, കക്കാട്ടുപാറ, നടുക്കണ്ടം, മുത്തപ്പൻ പുഴ, എന്നിവിടങ്ങളിലാണ് ശുദ്ധജല ക്ഷാമം ഏറ്റവും രൂക്ഷമായിട്ടുള്ളത്.	കിളിക്കല്ലിൽ കണിയാട്ട് പുഴക്ക് ബണ്ട് കെട്ടി കുടിവെള്ളം സംഭരിച്ച് വിതരണം നടത്തിയാൽ വാർഡിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. പൂമരത്തും കൊല്ലി, മറിപ്പുഴ എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിച്ചാൽ അവിടങ്ങളിലുള്ള പുഴയിലെ ജലം യന്ത്ര സഹായമില്ലാതെ ടാങ്കുകളിൽ സംഭരിച്ച് എല്ലാ മേഖലകളിലും വിതരണം നടത്താൻ സാധിക്കും.

കുടിവെള്ള ക്ഷാമവും പരിഹാര മാർഗ്ഗങ്ങളും

വാർഡ്I തൊണ്ടിമ്മൽ

ശുദ്ധജലക്ഷാമം ഏറെ അനുഭവപ്പെടുന്ന ഒരു വാർഡാണിത്. ജലം സംഭരിക്കുന്നതിനുവേണ്ടി രണ്ടിൽ കൂടുതൽ കിലോ മീറ്റർ ദൂരം സഞ്ചരിക്കേണ്ടതായി വരുന്നു. ഈ വാർഡിന്റെ ഓരംചേർന്ന് ഒഴുകുന്ന ഇരുവഞ്ഞിപ്പുഴയുടെ തീരത്ത് കിണർ കുഴിച്ച് ഏറ്റവും ഉയർന്ന പ്രദേശമായ മുരട്ടക്കുന്നുമ്മൽ ദേശത്ത് ഒരു ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്. അല്ലെങ്കിൽ കുളിപ്പാറ, മുരട്ടക്കുന്നുമ്മൽ, കാരാളം കുഴി, മൃതിയോട്ടുമ്മൽ,ചൂരക്കാട്ട്, കരളാട്ടുകുന്നുമ്മൽഎന്നീ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ്II

പാണ്ടിക്കോട്ടുമ്മൽ, താഴെ തിരുവമ്പാടി അംഗൻവാടി പരിസരം, ലക്ഷം വീട് കോളനി, അമ്പലപ്പാറ, താഴെ തിരുവമ്പാടി അങ്ങാടി എന്നീ പ്രദേശങ്ങളാണ് ശുദ്ധജല ക്ഷാമമനുഭവപ്പെടുന്ന മേഖലകൾ. നിലവിലുള്ള ജലവിതരണ സംവിധാനം തീരെ ഫലപ്രദമല്ല. താഴെ തിരുവമ്പാടി ലക്ഷം വീടു കോളനിയിലെ കുഴൽ കിണർ ഉപയോഗശൂന്യമാണ് ഈ കിണർ ഉപയോഗക്ഷമമാക്കിയാൽ ഒരു പരിധി വരെ ഈ കോളനിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം. ഈ വാർഡിൽ നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കി ഉപയോഗപ്പെടുത്താവുന്നതുമാണ്. നിലവിലുള്ള പമ്പ് ഹൗസിന്റെ ക്ഷമത വർദ്ധിപ്പിക്കുകയും പൈപ്പ് ലൈൻ നീട്ടുകയും ചെയ്താൽ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

വാർഡ്III

തൊണ്ടൂർ കണ്ടി, ചെറുവളപ്പ്, പാച്ചൻ കുന്ന്, ചേപ്പിലം കോട് 4 സെൻറ് കോളനി തേറു പറമ്പ് പട്ടിക ജാതി കോളനി മുതലായ പ്രദേശങ്ങളാണ് ഈ വാർഡിലെ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ. തിരുവമ്പാടിയിലെ ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമാക്കിയാൽ ഈ വാർഡിലെ ജലക്ഷാമത്തിന് പരിഹാരമാകും.

വാർഡ്IV

തുമ്പക്കോട്ടു മല, പാണ്ടിക്കോട്ടുമല, ഇലഞ്ഞിക്കൽ മല, ചെങ്ങോം മല, തമ്പല മണ്ണലക്ഷം വീടുകോളനി തുടങ്ങിയ പ്രദേശങ്ങളിൽ ജല ദൗർല്ലഭ്യം അനുഭവപ്പെടുന്നു. 1993-ൽ S.E.P സ്കീമിൽ 20 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ശുദ്ധജല വിതരണ പദ്ധതി വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തന ക്ഷമമായിട്ടില്ല. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിരശ്രദ്ധ പതിയേണ്ടിരിക്കുന്നു. ഈ പദ്ധതി വികസിപ്പിച്ചാൽ പാണ്ടിക്കോട്ടുമല, ചെങ്ങോം കോളനി, ഇലഞ്ഞിക്കൽമല, തമ്പലമണ്ണ ലക്ഷം വീട് കോളനി പാലക്കടവ് മല എന്നിവിടങ്ങളിലെ ശുദ്ധജല ക്ഷാമത്തിൽസാശ്വത പരിഹാരമാകും.

വാർഡ്V

ചവലപ്പാറ,കരിയത്തംകുഴി, ഒറ്റപൊയിൽ പാലക്കടവ്, പാമ്പിഴഞ്ഞ പാറ എന്നീ മേഖലകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വാട്ടർ അതോറിട്ടി ചവലപ്പാറയിൽ നിർമ്മിച്ച ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി ലഭ്യമായാൽ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. പാലക്കടവിൽ ചുളിക്കത്തടം ജോസിന്റെ പറമ്പിനു

സമീപം വാട്ടർ ടാങ്ക് നിർമ്മിച്ചു ശുദ്ധജലം സംഭരിച്ച് വിതരണം ചെയ്താൽ പാലക്കടവു ഭാഗത്തെ ജലക്ഷാമത്തിന് പരിഹാരമാകും. അതിനായി ഇവിടെ കുഴൽ കിണർ നിർമ്മിക്കാവുന്നതാണ്. പാമ്പിഴഞ്ഞ പാറയിൽ ക്ഷമത കൂടുതലുള്ളമോട്ടോർ സ്ഥാപിച്ച് നിലവിലുള്ള ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ്VI

ഈ വാർഡിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഉറുമിലക്ഷംവീട്, മധുരമൂല, ഭജന മഠം പരിസരം എന്നിവിടങ്ങളിലാണ്. ഓളിക്കൽ, ഉറുമി ഭാഗങ്ങളിലുള്ള ജനങ്ങൾ പ്രകൃതിദത്തമായ നീരുറവകളിൽ നിന്നും ഹോസ് പൈപ്പിലൂടെ ഇപ്പോൾ ശുദ്ധജലം ശേഖരിക്കുന്നുണ്ട്. കൂടരഞ്ഞി പഞ്ചായത്തിന്റെ അതിർത്തിയിലുള്ള ആനക്കല്ലും പാറയിലുള്ള റെഗുലേറ്റർ കം ബ്രിഡ്ജ് വിപുലപ്പെടുത്തിയാൽ പുന്നക്കൽ വാർഡിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകും

വാർഡ്VII

മേലെ പൊന്നാങ്കയം, ശ്രീനാരയണ പുരം കോളനി, തൂപ്പരത്താൻ പൊയിൽ പൊന്നാങ്കയം 4സെൻറ് കോളനി എന്നിവടങ്ങളിലാണ് കുടിവെള്ളക്ഷാമമുള്ളത്. എന്നാൽ കടുത്ത വേനൽക്കാലത്തും ശുദ്ധജലം ലഭിക്കുന്ന നീരുറവകൾ ഈ വാർഡിലുണ്ട്. ഇവ ഉപയോഗപ്പെടുത്തിയാൽ ഈ വാർഡിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്. പാമ്പിഴഞ്ഞപാറ ശുദ്ധജല വിതരണ പൈപ്പ് ലൈൻ വഴിക്കടവിൽ നിന്നും ഒരു കിലോമീറ്റർ നീട്ടിയാൽ പൊന്നാങ്കയം 4 സെൻര് കോളനിയിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. അല്ലെങ്കിൽ ഇവിടെ കുഴൽ കിണർ നിർമ്മിക്കാവുന്നതാണ്.

വാർഡ്VIII

താന്നിപ്പൊതി കോളനി, പന്തലാടിക്കൽ കോളനി, മോതിരപ്പാറ കോളനി, പുളിക്കാട്ട് കോളനി, പള്ളിപ്പടി പാറയുടെ സമീപം എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. പ്രകൃതിദത്തമായ നീരുറവകളും ഓലികളും സുലഭമായുള്ള വാർഡാണ് ഇത്. ഏഴാം വാർഡിലുള്ള വാട്ടർ ഷെഡ് കുളം, ഞാറക്കുളം, മൂരിക്കിൻ കൊടികുളം, ചിറ്റാട്ടുകുളം ഇവ വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്താൽ കുറഞ്ഞ ചിലവിൽ വൈദ്യുതി ഉപയോഗപ്പെടുത്താതെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ്IX

ലക്ഷംവീട് കോളനി, മേലാടം കുന്ന്, കൊടക്കാട്ടുപാറ, ചെറുശ്ശേരി, എന്നീ ഭാഗങ്ങളാണ് എറ്റവും അധികം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ. നിലവിൽ പ്രവർത്തിച്ചു വരുന്ന കൊടക്കാട്ടുപാറ, മേലാടം കുന്ന് ശുദ്ധജല പദ്ധതികൾക്ക് ജലം ലഭിക്കുന്നതിന് പ്രകൃതിദത്തമായ നീരുറവകളിൽ നിന്നാണ്. വേനലിനു കാഠിന്യമേറുമ്പോൾ ഈ നീരുറവകൾ വറ്റി പോകാറുണ്ട്. ഇരുവഞ്ഞിപ്പുഴയിൽ നിന്നും കൊടക്കാട്ടു പാറ വാട്ടർ ടാങ്കിലേയ്ക്ക് ശുദ്ധജലം സംഭരിച്ച് വിതരണം നടത്തിയാൽ ഈ പ്രദേശത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമാകും. ലക്ഷം വീടു കോളനിയിൽ ഒരു കുഴൽ കിണറും നിർമ്മിക്കാവുന്നതാണ്.

വാർഡ്X

ചെറുശ്ശേരി, മാവാതുക്കൽ, ഓടപ്പൊയിൽ കാവുങ്കലേൽ, തുടങ്ങിയ പ്രദേശങ്ങളാണ് ജല ദൗർല്ലഭ്യ മേഖലകൾ. പ്രകൃതി ദത്തമായ ജല സ്രോതസ്സുകൾ ധാരാളമുള്ള പ്രദേശമാണ്. കരിമ്പിൻ പുരയിടത്തിൽ മത്തായി എന്നയാളുടെ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് നീരുറവയെ ഉപയോഗപ്പെടുത്തി അരിപ്പാറ മല, മിച്ച ഭൂമി കോളനി, ആദിവാസികോളനി, എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. പതിനൊന്നാം വാർഡിലുള്ള കിളിക്കല്ലിൽ കണിയാട്ടു പുഴയ്ക്ക് ബണ്ട് നിർമ്മിച്ച് വാർഡിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകും.

വാർഡ്XI

പ്രകൃതിദത്തമായ നീരുറവകളാൽ സമ്പന്നമാണ് ഈ പ്രദേശങ്ങൾ. ഇവയെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്നനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഇന്ന് നശിച്ചു കൊണ്ടിരിക്കുന്ന എല്ലാ പ്രകൃതിദത്ത ജല സ്രോതസ്സുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുടെയും കേരളാ ഇലക്ട്രിസിറ്റിബോർഡിന്റെയും അനാസ്ഥയും തടസ്സവാദങ്ങളും അവസാനിപ്പിക്കേണ്ടതാണ്

ചവലപ്പാറ, കരിയാത്തുംകുഴി,ഒറ്റപ്പൊയിൽ, പാലക്കടവ്, പാമ്പിഴഞ്ഞ പാറ എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത്.

സാദ്ധ്യതകൾ

I 1985-86ൽ സർവ്വെ പൂർത്തിയാക്കിയ A.R.P. സ്ക്രീം പ്രകാരമുള്ള കിളിക്കല്ല് കൊടക്കാട്ടുപാറ, ഓളിക്കൽ പദ്ധതികൾ പൂർത്തിയാക്കിയാൽ വൈദ്യുതിയുടെ സഹായമില്ലാതെ തന്നെ തിരുവമ്പാടി പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

II തുമ്പക്കോട്ടു മല ശുദ്ധജല വിതരണ പദ്ധതി വികസിപ്പിച്ചാൽ തൊണ്ടിമ്മൽ വരെ ശുദ്ധജലം എത്തിക്കാവുന്നതാണ്.

III ശുദ്ധജലം, പ്രകൃതി മനുഷ്യനു നൽകിയ വരമാണെന്ന് കണക്കാക്കി ദുരുപയോഗപ്പെടുത്താതെയും മലിനപ്പെടുത്താതെയും സംരക്ഷിക്കുകയും പൊതു ജനങ്ങൾക്കിടയിൽ ശക്തമായ ബോധവൽക്കരണം നടത്തുകയും വേണം.

IV കേരള വാട്ടർ അതോറിട്ടിയുടെ നിലവിലുള്ള പഴയതും കേടുവന്നതുമായ പൈപ്പുകൾ മാറ്റി പുതിയതും സ്ഥാപിക്കുക.

V നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ കോടഞ്ചേരി പഞ്ചായത്തിലുള്ള പൊട്ടൻകോട് ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പപ്പ് ലൈൻ നീട്ടി നീണ്ടു കുന്നേൽ തോമസിന്റെ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് 8-ാം വാർഡിലെയും 9-ാം വാർഡിലെയും ലക്ഷം വീട് ഭാഗത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയാണ് ഏതൊരു രാഷ്ട്രത്തിനേറെയും ഏറ്റവും വലിയ സമ്പത്ത്. കോഴിക്കോട് ജില്ലയുടെ ഒരു കിഴക്കൻ മലയോര ഗ്രാമമായ തിരുവമ്പാടി ആരോഗ്യമുള്ള ജനസമൂഹത്താൽ സമ്പന്നമാണെന്ന് പറയാം. ഇന്നത്തെ നിലയിലേയ്ക്കുള്ള മാറ്റത്തിന് പിന്നിലുണ്ടായിട്ടുള്ള യാതനാപൂർണ്ണവും, ത്യാഗ പൂർണ്ണവുമായ ചരിത്രം തിരുവമ്പാടിയിലെ ആധുനിക തലമുറ അറിഞ്ഞിരിക്കേണ്ടതാണ്.

പൊതു ജനാരോഗ്യം സംബന്ധിച്ച ഇന്നത്തെ തിരുമ്പാടിയുടെ ചരിത്രത്തെ നമുക്ക് പ്രധാനമായും മൂന്നായി തിരിയ്ക്കാൻ സാധിക്കും. കുടിയേറ്റത്തിന് മുമ്പുള്ള അവസ്ഥയും കുടിയേറ്റ ആരംഭത്തിലെ അവസ്ഥയും, കുടിയേറ്റം സ്ഥിരപ്പെട്ടതിനുശേഷമുള്ള അവസ്ഥയുമാണവ. തിരുവിതാംകൂറിൽ നിന്നുള്ള കർഷക ജനതയുടെ കുടിയേറ്റത്തിന് മുൻപ്തന്നെ ഇന്നത്തെ തിരുവമ്പാടി പഞ്ചായത്തിന്റെ ചെറുപ്ര - മരക്കാട്ടുപുറം ദേശം ഉൾപ്പെടുന്ന തൊണ്ടിമ്മൽ പ്രദേശത്ത് ജനവാസമുണ്ടായിരുന്നു. ആധുനിക ചികിത്സാ സമ്പ്രദായങ്ങളൊക്കെ അന്യമായിരുന്ന അക്കാലത്തെ ചികിത്സാ സമ്പ്രദായങ്ങളെകുറിച്ച് നമുക്ക് ഊഹിക്കാൻ കഴിയുന്നതാണ്. ഏതാനും ചില പാരമ്പര്യ വൈദ്യകുടുംബങ്ങളെ ആശ്രയിച്ചാണ് അക്കാലത്തെആരോഗ്യ രക്ഷാപ്രവർത്തനങ്ങൾ നടന്നിരുന്നത്. മന്ത്രം ചെയ്തു ഊതുക, അമ്പലങ്ങളിലേയ്ക്ക് വഴിപാടുകൾ നേരുക, തുടങ്ങിയ അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങളും അക്കാലത്ത് നിലനിന്നിരുന്നു. 1920- കാലഘട്ടത്തിൽ തിരുവമ്പാടിയിൽ പാരമ്പര്യ ചികിത്സാരംഗത്ത് ഉണ്ടായിരുന്ന പ്രഗൽഭരായ ചികിത്സകരായിരുന്നു ഇമ്പിച്ചി വൈദ്യർ, കോരുവൈദ്യർ തുടങ്ങിയവർ. കുടിയേറ്റത്തിന് മുൻപുള്ള തിരമ്പാടിയിൽ സാധാരണയായി കാണപ്പെട്ടിരുന്ന രോഗങ്ങൾക്ക് പുറമെ മനുഷ്യർ ഭയപ്പെട്ടിരുന്നത് വസൂരി രോഗമായിരുന്നവെന്ന് പഴമക്കാർ പറയുന്നു. വസൂരി രോഗം വന്നവരെ ഒറ്റപ്പെടുത്തി താമസിപ്പിക്കുകയും, അവരെ മരിയ്ക്കാൻ തള്ളി വിടുകയും ചെയ്തിരുന്നുവത്രേ

കുടിയേറ്റത്തിന്റെ ആരംഭ കാലഘട്ടത്തിൽ ജനങ്ങൾ അഭിമുഖീകരിച്ചിരുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒട്ടനവധിയാണ്. 1942-ൽ ആദ്യകുടിയേറ്റത്തിൽ വന്നവരിൽ ചിലർ മടങ്ങപ്പോവാൻപ്രധാന കാരണം മറ്റു പല കാരണങ്ങളോടൊപ്പം രോഗബാധയുമായിരുന്നു. 1944-ൽ കുടിയേറ്റം സ്ഥിരപ്പെടാൻ തുടങ്ങിയതായി കാണാം. അക്കാലത്തെ ജനങ്ങൾ നേരിട്ട പ്രധാന ആരോഗ്യപ്രശ്നം മലമ്പനിയായിരുന്നു. ആദ്യമായി ഈ പഞ്ചായത്തിൽ കുടിയേറി താമസം തുടങ്ങിയ സ്ഥലങ്ങൾ കറ്റ്യാട്, ഇരുമ്പകം, നാൽപത് മേനി, ഒറ്റപൊയിൽ ഭാഗങ്ങളാണെന്ന് കുടിയേറ്റ ചരിത്രം പരിശോധിച്ചാൽ കാണാം. ഈ ഭാഗങ്ങളിൽ ആദ്യമായി താമസം തുടങ്ങിയത് 15 വീട്ടുകാരായിരുന്നുവത്രേ. ഈ 16 വീട്ടുകാരേയും മഴ തുടങ്ങിയപ്പോൾ മലമ്പനി ബാധിച്ചു. ഇരുമ്പകം പുഴയ്ക്ക് സമീപം താമസിച്ചിരുന്ന മടിക്കിയാങ്കൽ ചാക്കോയുടെ മകൻ 3 വയസ്സുള്ളജോസഫ് എന്ന കുട്ടിയാണ് ഇങ്ങനെ കുടിയേറ്റ ജനതയുടെ ഇടയിൽ മലമ്പനി ബാധിച്ച് ആദ്യമായി മരണപ്പെട്ടതെന്ന് കുടിയേറ്റ ചരിത്രത്തിൽ പറയുന്നു. പെരുമാലി പടിയ്ക്ക് തെക്കുമാറി ഇന്നത്തെ റോഡിന്റെ മുകൾ ഭാഗത്തുള്ള കുന്നിൽ ക്രിസ്ത്യൻ പള്ളി ഉണ്ടാക്കണമെന്ന് കണക്കാക്കിയിരുന്നു. ആദ്യ കാലഘട്ടത്തിൽ മലമ്പനി ബാധിച്ച് കാര്യമായി ചികിൽസ കിട്ടാതെ മരണപ്പെട്ട 16 പേരെയെങ്കിലും ഇവിടെ സംസ്കരിച്ചിട്ടുണ്ട്. കറ്റ്യാട്, ഇരുമ്പകം ഭാഗങ്ങളിൽ ആദ്യമായി കുടിയേറിയ 16 വീട്ടുകാരിൽ 15 വീട്ടുകാരും മലമ്പനി കാരണം തിരുവിതാംകൂറിലേക്കോ, മലബാറിന്റെ ഇതര ഭാഗങ്ങളിലേയ്ക്കോ പോയ സംഭവം ഉണ്ടായിട്ടുണ്ട്. മലമ്പനിയുടെ അണുക്കൾ ശരീരത്തിൽ ഉള്ളവർ അല്പം അദ്ധ്വാനിച്ചാൽ വീണ്ടുംപനി വരുന്നത് സാധാരണമായിരുന്നു. കാട്ടിൽ ഉണ്ടായിരുന്ന പ്രത്യേക ഇനം കൊതുക് പരത്തുന്നതാകാം ഈ പനിയ്ക്ക് മലമ്പനി എന്ന് പേര് വരാൻ കാരണമെന്ന് കരുതുന്നു.

ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിന് 'കൊടുത്ത' കൊടുക്കുക മാത്രമായിരുന്നു ഏക ചികിത്സാമാർഗ്ഗം. ആ കാലഘട്ടത്തിൽ തിരുവമ്പാടിയിലെ ജനങ്ങളുടെ ഇടയിൽ മലമ്പനി മൂലം ഉണ്ടായ കൂട്ടമരണം തടയുന്നതിന് പ്രധാന പങ്ക് വഹിച്ചുവരാണ് തോമസ് ടി.ജോൺ എന്ന തോമസ് കമ്പോണ്ടറും, ഇടത്തിൽ വേലു വൈദ്യരും. മലമ്പനി ബാധിച്ച് നിരവധി ആളുകളെ തോമസ് കമ്പോണ്ടർ കൊടുത്ത് കൊടുത്ത് സുഖപ്പെടുത്തിയിട്ടുണ്ട്.

അക്കാലഘട്ടത്തിൽ തിരുവമ്പാടിയിലെ ജനങ്ങൾക്കുവന്നിട്ടുള്ള മറ്റു രോഗങ്ങൾക്കും തോമസ് കമ്പോണ്ടർ ചികിത്സിച്ചിരുന്നു. ആരോഗ്യവകുപ്പ് മലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാം പ്രകാരം വീടുകൾ തോറും D.D.T അടിച്ച് മലമ്പനിയുടെ വ്യാപനം ഒരു പരിധിവരെ തടഞ്ഞിരുന്നു 1950-52 കാലഘട്ടമായപ്പോഴേക്കും മലമ്പനിയുടെ ഭീഷണിയിൽനിന്നും തിരുവമ്പാടിയിലെ ജനത ഭാഗികമായി എന്നുപറയാം

കുടിയേറ്റം നടക്കുന്നതിനുമുമ്പ് തിരുവമ്പാടിയിലെ വനമേഖലകളിൽ ആദിവാസികൾ താമസിച്ചിരുന്നു. അവരുടെ ഇടയിൽ ഉണ്ടായിരുന്ന രോഗങ്ങൾക്ക് അവർ പാരമ്പര്യ രീതിയിലുള്ള ചികിത്സ നടത്തിയിരുന്നു. പച്ചമരുന്നുപയോഗിച്ചുള്ള പാരമ്പര്യ ചികിത്സഅവർ മറ്റുള്ളവർക്കും നടത്തിയിരുന്നു. കുടിയേറ്റ ആരംഭകാല ഘട്ടത്തിൽ പുല്ലൂരാംപാറ,മാവാതുക്കൽ തുടങ്ങിയ ഭാഗങ്ങളിൽ ആദിവാസികളുടെ ഇടയിൽ വസൂരിരോഗം കാരണം കൂട്ടമരണം സംഭവിച്ചിരുന്നു. അന്ന് അവരുടെ ഇടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തനം നടത്തിയവരിൽ പ്രധാനി ക്രിസ്ത്യൻ പുരോഹിതനായ ബർണാഡ് അച്ചനാണ്.

1950-52 കാലഘട്ടത്തിനുശേഷം കുടിയേറ്റം ശക്തിപ്പെടുകയും ജനസംഖ്യ ക്രമാനുഗതമായി വർദ്ധിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ നിന്നും വന്ന ജനങ്ങളിൽ നല്ലൊരു പങ്കും സാമാന്യ വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു. അവർ ആരോഗ്യ രക്ഷാകാര്യങ്ങളിൽ ഒരു പരിധിവരെ ശ്രദ്ധാലുക്കളായിരുന്നു. കുടിയേറ്റക്കാർ ചികിത്സയ്ക്കായി സമീപിച്ചിരുന്നത്. മുക്കത്ത് അന്നുണ്ടായിരുന്ന ഡോ.കുഞ്ഞു മുഹമ്മദിനെയായിരുന്നു. തോമസ് കമ്പൗണ്ടർ, ചുള്ളിക്കാട്ടുവൈദ്യർ കാവുങ്കൽ വൈദ്യർ, കുഞ്ഞുണ്ണി വൈദ്യർ, കുന്നത്തു പാപ്പച്ചൻ വൈദ്യർ, കുട്ടിയാനി വൈദ്യർ അപ്പൂട്ടിവൈദ്യർ തുടങ്ങിയവരും അക്കാലത്ത് ഇവിടെ ചികിത്സ നടത്തിയിരുന്നു. യാത്രാക്ലേശങ്ങൾ ഉണ്ടായിരുന്നെങ്കിലും ജനങ്ങൾ ചികിത്സാ ആവശ്യത്തിന് കോഴിക്കോടുമായും ബന്ധപ്പെട്ടിരുന്നതായി കാണാം. ചികിത്സാ കാര്യങ്ങളിൽ വളരെ ക്ലേശമനുഭവിച്ചിരുന്ന തിരുവമ്പാടിയിലെ ആദ്യകാല കുടിയേറ്റക്കാരുടെ പിൻമുറക്കാർ ഇന്ന്ഈ രംഗത്ത് ഏറെക്കുറെ എല്ലാ ആധുനിക സൗകര്യങ്ങളും അനുഭവിക്കുന്നു.

ഇന്ന് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ അവസാന കണക്ക് അനുസരിച്ച് 5047 വീടുകളിലായി 26219 പേർ താമസിക്കുന്നു. ഇവരിൽ 12430 പേർ പുരുഷൻമാരും, 11551 സ്ത്രീകളും ആണ്. 2238 പേർ 5 - വയസ്സിൽ താഴെ പ്രായമുള്ള കുട്ടികലും ആണ്. സ്ത്രീകളുടെ പ്രായക്രമം അടിസ്ഥാനമാക്കി 15 നും, 19 നും, ഇടയിൽ പ്രായമുള്ള 108 ദമ്പതിമാരും, 20 നും, 24 നും ഇടയിൽ പ്രായമുള്ള 673 ദമ്പതിമാരും, 25 നും, 29 നും ഇടയ്ക്ക് പ്രായമുള്ള 896 ദമ്പതിമാരും,30 നും 34 നും ഇടക്ക് പ്രായമുള്ള 823 ദമ്പതിമാരും, 35 നും, 39 നും ഇടക്ക് പ്രായമുള്ള 671 ദമ്പതിമാരും, 40 നും, 44 നും ഇടക്ക് പ്രായമുള്ള 406 ദമ്പതിമാരും ഉള്ളതായി കണക്കാക്കിയിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ 2245 വീട്ടുകാർക്ക് സെപ്റ്റിക്ക് ടാങ്കോടു കൂടിയ കക്കൂസുകളും, 1272 വീട്ടുകാർക്ക് E.S.P. കക്കൂസുകളും ഉണ്ട്. ഈ കണക്ക് പരിശോധിച്ചാൽ 1530 വീട്ടുകാർക്ക്ഇനിയും സ്വന്തമായി കക്കൂസ് ഇല്ല എന്നു കാണുന്നു. തിരുവമ്പാടി ചികിത്സാ രംഗത്ത് വളരെപിന്നിൽ ആണെന്നു പറയുവാൻ നിർവാഹമില്ല. നിലവിൽ ഉള്ള വിവിധചികിത്സാ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1

പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഡോക്ടർമാരുടെ എണ്ണം	കിടക്കകൾ	ജീവനക്കാരുടെ എണ്ണം	സ്വന്തം കെട്ടിടമാണോ
1.	പ്രൈമറി ഹെൽത്ത് സെന്റർ തിരുവമ്പാടി	1	ഇല്ല	24	ഇല്ല
2.	ഗവ.ഹോമിയോ ഡിസ്പെൻസറി തിരുവമ്പാടി	1	ഇല്ല	3	ഉണ്ട്
3.	സഹകരണ ആയുർവേദ ആസ്പത്രി തിരുവമ്പാടി	2	3	6	ഇല്ല
4.	ലിസാ ഹോസ്പിറ്റൽ തിരുവമ്പാടി	8	75	30	ഉണ്ട്
5.	ടി.കെ.എസ്.ഹോസ്പിറ്റൽ തിരുവമ്പാടി	2	15	8	ഉണ്ട്
6.	റെയ്സാ ഹോസ്പിറ്റൽ തിരുവമ്പാടി	1	6	4വാടക	
7.	അൽഫോൻസാ ഹോസ്പിറ്റൽ പുല്ലൂരാംപാറ	5	50	10	ഉണ്ട്
8.	രാജേന്ദ്ര ക്ലിനിക് പുല്ലൂരാംപാറ	1	ഇല്ല	1വാടക	
9.	കാവുങ്കൽ വൈദ്യശാല തിരുവമ്പാടി	-	ഇല്ല	4	ഉണ്ട്
10.	മലബാർ ഫാർമസി തിരുവമ്പാടി	1	ഇല്ല	2വാടക	
11.	പ്ലാട്ടേത്തിൽ വൈദ്യശാല	-	ഇല്ല	2വാടക	
12.	ആര്യവൈദ്യശാല പുല്ലൂരാംപാറ	-	ഇല്ല	1വാടക	
13.	സെൻറ് മേരിസ് ഡെൻറൽ ക്ലിനിക്	2	-	2 വാടക.	

ഇംഗ്ലീഷ് ചികിത്സാ രംഗത്ത് ഒരു സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം ഉൾപ്പെടെ 7 ആരോഗ്യാശു പത്രികളും ആയുർവേദ ചികിത്സാ രംഗത്ത് ഒരു സഹക രണ ആയുർവേദ ആശുപത്രി ഉൾപെടെ 10 ചികിത്സാ കേന്ദ്രങ്ങളും ഒരു സർക്കാർ ഹോമിയോ ആശുപത്രിയും ഉൾപ്പെടെ 8 ഹോമിയോ ചികിത്സാകേന്ദ്രങ്ങളും ഉണ്ട്.

ആധുനിക തിരുവമ്പാടിയിൽ അലോപ്പതി, ആയൂർവേദ, ഹോമിയോ ചികിത്സയും, പാരമ്പര്യ ചികിത്സാ രീതിയും ജനങ്ങൾ ഒരു പോലെ സ്വീകരി ച്ചിട്ടുണ്ട്. ഇന്ന് പുല്ലൂരാംപാറ തിരുവമ്പാടിഎന്നീ രണ്ടു കേന്ദ്രങ്ങളിലായി രോഗികളെ അഡ്മിറ്റ് ചെയ്തു ചികിത് സിക്കാൻ പര്യാപ്തമായ നാല് സ്വകാര്യ അലോപ്പതി ആശു പത്രികളും ഉണ്ട്. പുല്ലൂരാം പാറയിൽ സ്ഥിതിചെയ്യുന്ന അൽഫോൻസാ ആശുപത്രിയിൽ 50 -ൽ പരം രോഗികളെ അഡ്മിറ്റ് ചെയ്തു ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. വിദഗദ്ധരായ അഞ്ച് (5) ഡോക്ടർമാരടക്കം 15 ൽ പരം ജീവനക്കാരുടെ സേവനം അവിടെ ലഭ്യമാണ്. അതു പോലെ തന്നെ തിരുവമ്പാടിയിൽ പ്രവർത്തിക്കുന്ന അലോ പ്പതി ആശുപത്രിയായ T.K.S. ഉം, റെയ്സാ ഹോസ്പിറ്റ ലിലും രോഗികളെ അഡ്മിറ്റ് ചെയ്തു ചികിത്സിക്കുന്ന തിനുള്ള സൗകര്യം ലഭ്യമാണ്. എന്നാൽ ഈ കൊച്ചുഗ്രാമ പഞ്ചായത്തിന്റെ ആരോഗ്യരക്ഷാ രംഗത്ത് പ്രശംസ നിയ മായരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം ആണ് തിരു വമ്പാടി ടൗണിൽ തിരുവമ്പാടി സ്വദേശിയായ ഡോ.P.M മത്തായിയുടെ ഉടമസ്ഥയിലുള്ള ലിസാ ഹോസ്പിറ്റൽ. ഈ സ്ഥാപനം 1973 ഓഗസ്റ്റ് മാസത്തിൽ ചെറിയ രീതി യിൽ പ്രവർത്തനം ആരംഭിച്ച് പിന്നീട് 1976 സെപ്റ്റംബർ 6ന് രോഗികളെ അഡ്മിറ്റ് ചെയ്തു ചികിത്സിക്കാൻ സൗക ര്യങ്ങൾ ഉള്ള ഒരു സ്ഥാപനമായി മാറി. ഇന്ന് തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒട്ടുമിക്ക ആധുനിക ചികിത്സാ സൗകര്യങ്ങളും ഈ ആശുപത്രിയിൽ നിന്നും ലഭ്യമാണ്. 100 ൽ പരം രോഗികളെ ഒരേ സമയം അഡ് മിറ്റ് ചെയ്തു ചികിത്സിക്കുന്നതിനുള്ളസൗകര്യം ഈ ആശുപത്രിയിൽ ഉണ്ട്.

X-Ray, E.C.G, Scan മുതലായ ആധുനിക പരി ശോധനാ സൗകര്യം അവിടെ ലഭ്യമാണെന്നതിനുപുറമേ ഓപ്പറേഷൻ സൗകര്യങ്ങളും ഈ ആശുപത്രിയിൽനിന്നും തിരുവമ്പാടിയിലെ ജനങ്ങൾക്കു ലഭിക്കുന്നു. തിരുവമ്പാ യിലേയും സമീപ പഞ്ചായത്തുകളിലേയും ജനങ്ങൾ ആധുനിക ചികിത്സയ്ക്കുവേണ്ടി ആശ്രയിക്കുന്നത് ലിസാ ഹോസ്പിറ്റലിനെയാണ്.

തിരുവമ്പാടി പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ 8 സബ്ബ് സെന്ററുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും മൂന്നെണ്ണം 95-96 മാത്രമേ പ്രവർത്തിക്കുന്നുള്ള. വർഷ ത്തിൽ വിവിധരോഗങ്ങൾക്കായി 9812 രോഗികൾ ചികിത് സക്കായി ആശ്രയിച്ചിട്ടുള്ളതും 1991 ൽ പ്രവർത്തനം ആരംഭിച്ചതുമായ തിരുവമ്പാടി ഗവ.പ്രൈമറി ഹെൽത്തു സെന്ററിന് ഇതുവരെ സ്വന്തമായി കെട്ടിടം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

അവസാനത്തെ കണക്കനുസരിച്ച് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു കുട്ടിയുള്ള 774 അമ്മമാരും രണ്ട് കുട്ടികൾ ഉള്ള 1345 അമ്മമാരും, 2-ൽ കൂടുതൽ കുട്ടികൾ ഉള്ള 1195 അമ്മമാരും ജീവിച്ചിരിക്കുന്നു. ഒരു കുട്ടിയുള്ള 300 അമ്മമാർ കുടുംബാസൂത്രണം സ്വീകരിച്ചിട്ടുണ്ട്. 2 കുട്ടികൾ ഉള്ള 1017 അമ്മമാരും കുടുംബാസൂത്രണം സ്വീകരിച്ചിട്ടുണ്ട്. 2-ൽ കൂടുതൽ കുട്ടികൾഉള്ള 1137 അമ്മ മാരും കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരായിട്ടുണ്ട്. 1993-94 വർഷത്തിൽ ആകെ 438 ജനനവും 138 മര ണവും സംഭവിച്ചിട്ടുണ്ട്. 2 ചാപിള്ള ജനനവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1994-95 വർഷത്തിൽ 451 ജനനവും, 135 മരണവും, 1 ചാപിള്ള ജനനവും നടന്നിട്ടുണ്ട്. 95-96 വർ ഷത്തിൽ 453 ജനനവും 149 മരണവും 3 ചാപിള്ള ജന നവുംഈ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിലെ ജനനനിരക്ക് സംസ് ഥാന ശരാശരിയേക്കാൾ കൂടുതൽ ആണ്. കേരളത്തിലെ ശരാശരി ജനനനിരക്ക് 17 ആണ്. എന്നാൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ശരാശരി ജനനനിരക്ക് 17.27 ആണ്. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിലെ മരണ നിരക്ക് സംസ് ഥാന ശരാശരിയേക്കാൾ താഴെയാണ്. കേരളത്തിലെ പൊതുമരണ നിരക്ക് 5.90 ആണെന്നിരിക്കെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പൊതുമരണ നിരക്ക് 5.37 ആണ്. വർഷങ്ങൾക്ക് മുമ്പ് പ്രസവത്തോടനുബന്ധിച്ചുള്ള അമ്മ മാരുടെ മരണവും, ശിശുക്കളുടെ മരണവും ഈ പഞ്ചാ യത്തിൽ സാധാരണയായിരുന്നു. എന്നാൽ സമീപ കാല കണക്കുകൾ പരിശോധിച്ചാൽ മാതൃമരണങ്ങളും പ്രസ വത്തോടനുബന്ധിച്ചുള്ള ശിശുമരണവും അത്യപൂർവ്വമാ ണെന്നു കാണാം. ജനനമരണം സംബന്ധിച്ച വിവരങ്ങൾ ഗ്രാഫിൽ ചേർക്കുന്നു.

ഗ്രാഫ്

ജനനമരണ വിവരങ്ങൾ

1993-94
1994



1995-1996 1993

ചാപിള്ള ജനനം (93ൽ 2), 94ൽ 1, 95ൽ 3

മേൽ പറഞ്ഞ വസ്തുതകളുടെ പശ്ചാതലത്തിൽ ശുചിത്വകുറവുമൂലം ഉണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് നമുക്ക് കണ്ടില്ലെന്നു നടിക്കാൻ വയ്യ. കാർഷിക പ്രാധാന്യമുള്ള ഒരു കുടയേറ്റ ഗ്രാമമായ തിരുവമ്പാടി പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങളോ, വായു-ജല-അന്തരീക്ഷ മലിനീകരണ പ്രശ്നങ്ങളോ നിലവിൽ ഇല്ലെങ്കിലും തിരുവമ്പാടി റബ്ബർ എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഫാക്ടറിയിൽ നിന്നുള്ള ചില അവശിഷ്ടങ്ങൾസമീപ നിവാസികൾക്ക് സിസ്സാരമല്ലാത്ത ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.മറ്റു പല പ്രദേശങ്ങളുമായി തുലനപ്പെടുത്തുമ്പോൾ വിദ്യാസമ്പന്നരും, വിവേകശാലികളുമായ ജനങ്ങൾആണ് തിരുവമ്പാടിയിലേതെങ്കിലും ജല-വായു-പ്രാണി ജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നത് പ്രധാന്യമർഹിക്കുന്ന സംഗതിയാണ്. എന്നിരുന്നാലും സമീപകാല കണക്കുകൾ പരിശോധിച്ചാൽ മേൽപ്പറഞ്ഞ ശുചിത്വവുമായി ബന്ധപ്പെട്ട രോഗങ്ങൾക്ക്കുറവു വന്നിട്ടുണ്ട് എന്നത് ആശ്വാസ്യമായ സംഗതിയാണ്. ജല-വായു പ്രാണി ജന്യ രോഗങ്ങൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1993-'94	126	1126	2 -
1994-'95	118	1038	1 -
1995-'96	85	975	4 -

ഈ ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട അങ്ങാടികൾ തിരുവമ്പാടി ടൗൺ, പുല്ലൂരാംപാറ, പുന്നക്കൽ, ആനക്കാംപൊയിൽ എന്നിവയാണ്. ഈ നാല് അങ്ങാടികളിലും അഴുക്കുചാൽ സംവിധാനം സുഗമമായി പ്രവർത്തിക്കുന്നില്ല. ഇതു മൂലമുണ്ടാവുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത് തിരുവമ്പാടിയിലാണ്. അശാസ്ത്രീയമായ അഴുക്കുചാൽ നിർമ്മാണവും, ഹോട്ടലുകളിൽ നിന്നും, മറ്റു കച്ചവടസ്ഥാപനങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ വിവേക ശൂന്യമായി ഓവുചാലുകളിലേക്കും പരിസരപ്രദേശങ്ങളിലേക്കും നിക്ഷേപിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ശക്തമായ ഒരു മഴ പെയ്താൽ തന്നെ ഓവുചാലുകൾ നിറഞ്ഞു കവിഞ്ഞ് അങ്ങാടിയിലെ റോഡുകൾ മുഴുവൻ ജലം കെട്ടി നില്ക്കുന്ന അവസ്ഥ നിലവിൽ ഉണ്ട്. മേൽപ്പറഞ്ഞ കേന്ദ്രങ്ങളിലെല്ലാം ഓവുചാലുകളിൽ മലിനജലം കെട്ടി നിൽക്കുന്നത് വായു-ജല-പ്രാണിജന്യരോഗങ്ങൾക്കും കാരണമായി തീർന്നു.

അങ്ങാടികളിലെ ഓവുചാലുകളിൽ മലിനജലം കെട്ടിനിൽക്കുന്നതുകൊണ്ട് കൊതുകുകൾ ഉൾപ്പെടെയുള്ള ക്ഷുദ്രപ്രാണികൾ പെരുകുന്നതിനുകാരണമായി തീരുന്നുണ്ട്. അടിയന്തരപ്രധാന്യത്തോടെ തന്നെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് മുൻകൈയെടുത്തു കണ്ടുപിടിക്കണം. അതുപോലെ തന്നെ മറ്റൊരു പ്രധാന ആരോഗ്യ പ്രശ്നംആണ് ഈ ഗ്രാമ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല എന്നത്. നിരവധി, പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഉള്ള ഈ പഞ്ചായത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഒരു പൊതുശ്മശാനം ഇല്ലാത്തതുകൊണ്ട് വളരെ അധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് ഒരു പൊതുശ്മശാനം ഈ പഞ്ചായത്തിൽ ഉണ്ടാക്കുന്നതിന് പ്രധാന്യം നല്കേണ്ടതായിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ ശരാശരി ഒരു ദിവസം 10ഓളം ആടുമാടുകളെ കശാപ്പ് ചെയ്ത് വില്പന നടത്തുന്നുണ്ട്. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ ഒരെണ്ണംപോലും ഇല്ല. ഇവിടെ 12 അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ മേൽ ആരോഗ്യവകുപ്പിനോ, പഞ്ചായത്തിനോ യാതൊരു വിധ നിയന്ത്രണവും ഉള്ളതായി കാണുന്നില്ല. അത്യാവശ്യമായി പാലിക്കേണ്ട പ്രതിരോധ നടപടികളോ, ശുചിത്വ നടപടികളോ, അറവുശാലയിലെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനോ ഇപ്പോൾ യാതൊരുവിധ സൗകര്യങ്ങളും നിലിവൽ ഇല്ല. അതുപോലെ തന്നെ അറവുശാലയിൽ കശാപ്പു ചെയ്യുന്ന ഉരുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. രോഗബാധ ഉള്ളതും, രോഗം വന്നു ചത്തതുമായ ഉരുക്കളുടെ മാംസം വില്പന നടത്തുവാൻ ശ്രമിച്ച സംഭവങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കശാപ്പു ചെയ്യുന്ന ഉരുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് കശാപ്പു നടത്തുന്ന ഉരുക്കളുടെ ഗുണനിലവാരവും ആരോഗ്യ നിലയും നിർബന്ധമായും പരിശോധിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്ന അറവുശാലകൾ ആണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുകയും വേണം.

തിരുവമ്പാടിയിൽ സ്വന്തമായി കെട്ടിടം ഉള്ള ഒരു സർക്കാർ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായ കെട്ടിടം ആണെങ്കിൽപ്പോലും അത് ഇത്വരെ വൈദ്യുതീകരിച്ചിട്ടില്ല. അടിയന്തിരമായി ഈ കെട്ടിടം വയറിംങ്ങ് നടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ ഹോമിയോ ആശുപത്രിയിൽസമീപ കാലത്തു ചികിത്സിച്ച രോഗികളുടെ എണ്ണവും രോഗവും താഴെ പട്ടികയിൽ ചേർക്കുന്നു.

ഈ കുടിയേറ്റ ഗ്രാമത്തിലെ ഏക ലൈബ്രറി ഹെൽത്ത് സെന്ററായ തിരുവമ്പാടി ഗവൺമെൻറP.H.C ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1991ൽ പ്രവർത്തനം ആരംഭിച്ച ഈ ഗവൺമെൻറ് P.H.Cൽ ഒരു മെഡിക്കൽ ഓഫീസറും രണ്ട് ഹെൽത്ത് ഇൻസ്പെക്ടർമാരും, മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും,8 ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരും, ഒരുസ്റ്റാഫ് നേഴ്സും, ഒരു ഫാർമസിസ്റ്റും മറ്റു ജീവനക്കാരും അടക്കം 21 പേർ ഉണ്ട്. പ്രതിദിനം 200-ൽപരം രോഗികൾ ഇവിടെ ചികിത്സ തേടി എത്തുന്നു. സമീപകാലങ്ങളിൽ ഇവിടെ ചികിത്സക്കെത്തിയ രോഗികളുടെ എണ്ണവും, രോഗവിവരവും പട്ടിക V, VIൽ ചേർക്കുന്നു.

പട്ടിക 2

ഗവ.ഹോമിയോ ഡിസ്പെൻസറി രോഗികളെ സംബന്ധിച്ച വിരങ്ങൾ

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	തൃക്ക് രോഗം (എല്ലാ വിഭാഗവും)	വാത രോഗം	പകർച്ച വ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	ഇല്ല	19931	5800	6900	400	6831	19931
1993-94	ഇല്ല	18076	3700	5600	500	8276	18076
1994-95	ഇല്ല	20132	4200	7700	300	7932	20132
1995-96	ഇല്ല	16859	3600	5600	350	7309	16859
1996	ഏപ്രിൽ മുതൽ സെപ്തംബർ വരെ ഇല്ല	7652	1900	2100	600	3052	7652
ആകെ		82650	19200	27900	2150	33400	82650

പട്ടിക 3

തിരുവമ്പാടി പ്രാഥമിക ആരോഗ്യ കേന്ദ്രം ജീവനക്കാരെ സംബന്ധിച്ച വിവിരങ്ങൾ

ക്രമ നമ്പർ	തസ്തികയുടെ പേര്	അനുവദിച്ച എണ്ണം	നിലവിലുള്ളത്	ഒഴിവ്
1	മെഡിക്കൽ ഓഫീസർ	1	1	-
2	ഹെൽത്ത് ഇൻസ്പെക്ടർ	2	2	-
3	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	-	1
4	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I	1	-	1
5	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	5	3	2
6	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	8	8	-
7	സ്റ്റാഫ് നേഴ്സ്	1	1	-
8	ഫാർമസിസിസ്റ്റ്	1	1	-
9	ഹെൽത്ത് അസിസ്റ്റൻറ്	1	1	-
10	നേഴ്സിഗ് അസിസ്റ്റൻറ്	1	1	-
11	എൽ.സി.ക്ലാർക്ക്	1	1	-
12	പിയൂൺ	1	1	-
		24	20	4

പട്ടിക 4

രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	തൃക്ക് രോഗങ്ങൾ	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992	ഇല്ല	8216	524		-172-		7520	8216
1993	"	9121	416		-121-		8584	9121
1994	"	9436	338		-103-		8995	9436
1995	"	1039	200		-95-		9812	10328

ഈ സ്ഥാപനത്തിൽ ജീവനക്കാർക്കും രോഗികൾക്കും നിന്നു തിരുയുവാൻ പോലും സ്ഥലം ഇല്ലാത്ത അവസ്ഥയാണുള്ളത്. ഈ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയാണെങ്കിൽഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ രക്ഷാപ്രവർത്തന രംഗത്ത് വമ്പിച്ച നേട്ടം ആയിരിക്കും. ഈ ആശുപത്രിക്ക് വേണ്ടി കണ്ടു വച്ച സ്ഥലം ഇപ്പോഴും അതേ അവസ്ഥയിൽ തുടരുന്നു. തിരുവമ്പാടി P.H.C. ൽ ഒരു ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഒരു ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. അടിയന്തിരമായി ഈ തസ്തികകളിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്.ഈ P.H.C. യുടെ കീഴിൽ 8 സബ്ബ് സെൻററുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മുത്തപ്പൻപുഴ, പുല്ലൂരാം പാറ, തിരുവമ്പാടി, തുടങ്ങിയ മൂന്നിടത്തോളം മാത്രമേ സ്വന്തമായി ബിൽഡിംങ്ങ് നിർമ്മിച്ചിട്ടുള്ളൂ. ഇതിൽ തന്നെ തിരുവമ്പാടി, പുല്ലൂരാം പാറ തുടങ്ങിയ സബ്ബ് സെൻറ്ററുകളുടെ കെട്ടിടങ്ങൾ യഥാകാലം അറ്റകുറ്റപണികൾ നടത്താൻ സർക്കാർ തയ്യാറാവാത്തതു കൊണ്ട് ശോച്യാവസ്ഥയിലാണ്. ഇതിൻെറ അറ്റകുറ്റപണികൾ അടിയന്തരിമായി നടത്തേണ്ടിയിരിക്കുന്നു.കൂടാതെ പുന്നക്കൽ, പൊന്നാങ്കയം, അത്തിപ്പാറ, ആന്ക്കാംപൊയിൽ തുടങ്ങിയ സ്ഥലങ്ങളിൽ അനുവദിച്ചിട്ടുള്ള സബ്ബ് സെൻറ്ററുകൾക്ക് അടിയന്തിരമായി കെട്ടിടം നിർമ്മിക്കണം. നിലിവിലുള്ള സർക്കാർ നിയമങ്ങൾ അനുസരിച്ച് സ്വന്തമായി അഞ്ച് സെൻറ് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ സർക്കാർ കെട്ടിടം നിർമ്മിച്ചു കൊടുക്കുമത്രേ. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ബഹുജന പങ്കാളിത്തത്തോടെ സബ്ബ് സെൻറ്ററുകൾക്ക് സ്ഥലം ലഭ്യമാക്കുവാൻ സാദ്ധ്യതയുണ്ട്. തിരുവമ്പാടി പഞ്ചായത്തിലെ ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കേണ്ട ആരോഗ്യ വകുപ്പിൻെറ കീഴിൽ ഒരു വാഹനം പോലും സ്വന്തമായിട്ടില്ല. ഈ പഞ്ചായത്തിൽ നിലവിലുള്ള 4 ആദിവാസികോളനിയിലേയും മറ്റു നിരവധി പട്ടിക ജാതി കോളനികളിലേയും അന്തേവാസികളുടെ ആരോഗ്യ പരിശോധന, സ്ക്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന, രോഗപ്രതിരോധ കുത്തിവെയ്പ് സബ്ബ് സെൻറർ സന്ദർശനം എന്നിവ വാഹനത്തിൻെറ അപര്യാപ്ത കൊണ്ട് യഥാസമയം നടത്തുവാനും പ്രവർത്തനം വിലയിരുത്തുവാനും സാധിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി P.H.C ക്ക് ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

1994-ൽ തിരുവമ്പാടിയിൽ ആസ്ഥാനമായി ഇ പ്രവർത്തനം ആരംഭിച്ച സഹകരണ ആയുർവേദ ആശുപത്രിയും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. രണ്ടു ഡോക്ടർമാരും, ഒരു സെയിൽസുമാനും, മറ്റു ജീവനക്കാരുമടക്കം എട്ടു(8) ജീവനക്കാരുള്ള ഈ സ്ഥാപനത്തിൽഇപ്പോൾ മൂന്ന് കിടക്കകൾ മാത്രമേ ഉള്ളൂ. ഈസ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം. ഇപ്പോൾ പ്രതിമാസം ശരാശരി 1200 രോഗികൾ ഇവിടെ ആയുർവ്വേദ ചികിത്സക്കായി എത്തുന്നു. ഈ സ്ഥാപനത്തിൻെറ കീഴിൽ ഔഷധ ചെടികളുടെ കൃഷിക്കുള്ള സ്ഥലവും , ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റും ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ മുൻകൈയെടുത്താൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

ഈ ഗ്രാമപഞ്ചായത്തിൽ അലോപ്പതി-ആയുർവേദ-ഹോമിയോ-ചികിത്സാ സമ്പ്രദായങ്ങൾക്കുപുറമേ ഒട്ടനവധി നാട്ടു ചികിത്സ നടത്തുന്നവരും ഉണ്ട്. മഞ്ഞപ്പിത്തം, വില്ലൻ ചുമ, വിഷബാധ, ടോൺസലൈറ്റിസ്, കൊടിഞ്ഞി, മൂണ്ടിനീര്, വയറിളക്കം, കണ്ണിലസുഖം, തുടങ്ങിയവയ്ക്ക് ഫലപ്രദമായി ഒറ്റ മൂലി ചികിത്സ ഇവർ നടത്തുന്നു. ഇവരിൽ മിക്കവരും, ഈ ചിക്ത്സക്ക് പ്രതിഫലം പറ്റുന്നവരല്ല. അമൂല്യമായ ഈ നാട്ടറിവ് നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കേണ്ടത് ഒരു സാമൂഹ്യ ബാധ്യതയായി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അടപ്പുപുത്തൻപുര ജോർജ്ജ് ആനക്കാം പൊയിൽ, ജോസഫ് കൊല്ലംപറമ്പിൽ, പൂല്ലൂരം പാറ, തരണിയിൽ കുഞ്ഞിലോ പുന്നക്കൽ, പത്മനാഭൻ പെരമ്പട്ടികാട്ടിൽ തിരുവമ്പാടി, നാരായണൻ കിഴക്കേ പേണ്ടാനത്ത്തമ്പല മണ്ണു തുടങ്ങിയവർ വളരെ ഫലപ്രദമായ മഞ്ഞപ്പിത്ത രോഗത്തിനു ചിക്ത്സിക്കുന്നവരിൽ ചിലരാണ്. അതുപോലെ തന്നെ കുട്ടികളിൽ കാണുന്ന വില്ലൻ ചുമക്ക് കാളിയാമ്പുഴയിൽ ഉള്ള V.P. സേവ്യറിൻെറ പക്കൽ വളരെ ഫാലപ്രദമായ ഒറ്റമൂലി ചിക്ത്സ ഉണ്ട്. ജോസഫ് സക്കറിയാ മണ്ഡപത്തിൽ, ശശിധരൻ ചുള്ളിക്കാട്ട് തുടങ്ങിയവർ വിഷബാധയ്ക്കുള്ള ഒറ്റമൂലി ചികിത്സാ അറിയുന്നവരാണ്. വിഷബാധക്കും ശരീരത്തിലെ ഉണങ്ങാത്ത മുറിവുകൾക്കും ഉള്ള ഒറ്റ മൂലി ചിക്ത്സ ജേക്കബ് പുത്തൻപുരക്ക് വശമാണ്. അതുപോലെ തന്നെ തലയിലേയും ശരീരത്തിലേയും രോമം വട്ടത്തിൽ കൊഴിഞ്ഞു പോവുന്ന അത്യപൂർവ്വ രോഗത്തിന് അലോപ്പതിയിൽ ഫലപ്രദമായ ചിക്ത്സ ഇല്ലെന്നിരിക്കെ ഈ രോഗത്തിന് ഫലപ്രദമായ ഒറ്റമൂലി ചിക്ത്സ അറിയാവുന്ന വ്യക്തിയാണ് ഈ പഞ്ചായത്തിലെ പൊന്നാംകയം സ്വദേശിയായ ആൻറണി

പെരുംമ്പള്ളിൽ അതുപോലെ തന്നെ തീപ്പൊള്ളലിനുള്ള ചികിത്സയും ആൻറണിക്കു വശമാണ്. അതുപോലെ തന്നെ അലോപ്പതിയിൽ കാര്യമായ ചികിത്സ ഇല്ലാത്ത കൊടിഞ്ഞി എന്ന പ്രത്യേക ഇനം തലവേദന, മൂണ്ടിനീര് എന്നിവയ്ക്കുള്ള ഒറ്റമൂലി ചികിത്സ അറിയാവുന്നവർ ഈ കൊച്ചു ഗ്രാമത്തിലുണ്ട്. ടോൺസലൈറ്റിസ് എന്ന രോഗത്തിനുള്ള ചികിത്സ അറിയാവുന്നവരാണ് ജോസഫ് ശൗര്യാമാക്കൽ, ജോബി ചെറുമുഖം, ജോർജ് ജോസഫ് മണിമല തറപ്പിൽ തുടങ്ങിയ വ്യക്തികൾ. സൂര്യനുദിക്കുന്നതിനുമുമ്പ് പച്ച മരുന്ന് ഉപയോഗിച്ചിട്ടുള്ള ഒരു ചികിത്സയാണ് ഇവർ നടത്തുന്നത്. അതുപോലെ തന്നെ ഉളുക്ക്, ചതവ്,പൈൽസ് എന്നിവക്കുള്ള നാട്ടുചികിത്സ അറിയാവുന്ന വ്യക്തിയാണ് കരോട്ടുമല കുഞ്ഞേട്ടൻഎന്ന മാത്യു. ഇങ്ങനെ അമൂല്യങ്ങളായ നാട്ടറിവിൻെറ ഉടമകളായ സ്ത്രീകൾ അടക്കം നിരവധിപേർ അറിയപ്പെടാതെ ഈ ഗ്രാമത്തിലുണ്ട്. ഉപജീവന മാർഗ്ഗമായിട്ടല്ലാതെ തികച്ചും ഒരു സേവനംഎന്ന നിലയിൽ തേടി എത്തുന്ന രോഗികൾക്ക് മരുന്നു കൊടുക്കുന്ന ഇവർക്ക് ഈ അറിവ് തലമുറകൾ കൈമാറികിട്ടിയതാണ്. ഈ തരത്തിലുള്ള നാട്ടറിവുകൾ പലതും പിൻതലമുറക്ക് പകർന്നു കൊടുക്കാത്തതിൻെറ ഫലമായി നാമാവശേഷമാകുന്ന അവസ്ഥയാണ്. അമൂല്യങ്ങളായഈ ചികിത്സാവിധികൾ നഷ്ടമാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ പഞ്ചായത്ത് മുൻകൈയെടുത്തു ചെയ്യേണ്ടതാണ്.

തിരുവമ്പാടി പഞ്ചായത്ത് പരിധിക്കുള്ളിൽ കുഷ്ഠ രോഗത്തിന് അടിമയായവർ മൂന്നുപേരുണ്ട്. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈ പഞ്ചായത്തിൽ ക്യാൻസർ രോഗംബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 15 പേരും, ഹൃദ്രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 200 ഓളം പേരുംഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ക്ഷയരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ടെന്നുള്ളത് ശ്രദ്ധേയമായ സംഗതിയാണ്. തുടർച്ചയായി ചികിത്സ നടത്താത്തതാണ് ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മാത്രമല്ല ചികിത്സാ, ചിലവിലുണ്ടായിട്ടുള്ള വർദ്ധനവും ഇതിനുകാരണമായി ചൂണ്ടികാണിക്കപ്പെടുന്നു.

നിർദ്ദേശങ്ങൾ

1 കക്കൂസ് ഇല്ലാത്ത വീട്ടുകാർക്ക് കക്കൂസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. അങ്ങാടിയിലെ അഴുക്കുചാൽ സംവിധാനം കാര്യക്ഷമമാക്കണം

3. മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ പ്രത്യേക സ്തലം കണ്ടെത്തണം.

4. അറവുശാലകൾക്കു മുഴുവൻ ലൈസൻസ് ഫീസ് ഈടാക്കുകയും, നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുമെന്ന് ഉറപ്പ് വരുത്തുകയും വേണം.

5. തിരുവമ്പാടി പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.

6. ആരോഗ്യ വകുപ്പ് ഫീൽഡു വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

7. കെട്ടിടമില്ലാത്തതുകൊണ്ട് പ്രവർത്തനം ആരംഭിക്കാത്ത ആ സബ്സെന്ററുകൾക്ക്എത്രയുംവേഗം കെട്ടിടം നിർമ്മിക്കുക

8. പകർച്ച വ്യാധികൾ, സാംക്രമിക രോഗങ്ങൾ എന്നിവ തടയുന്നതിന്ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം.

9. പാരമ്പര്യ ചികിത്സാ, സമ്പ്രദായങ്ങൾ സംരക്ഷിക്കണം.

10. തിരുവമ്പാടിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന P.H.C ക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും വാഹന സൗകര്യം ഏർപ്പെടുത്തുകയും ജീവനക്കാരുടെ ഒഴിവു നികത്തുകയും വേണം.

11. സമൂഹത്തിലെ മുഖ്യ ആശ്രിത വിഭാഗമായി വൃദ്ധ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യ കേന്ദ്രം ആരംഭിക്കണം.

12. ചികിത്സക്കെത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും അതേസമയം കുറ്റമറ്റതുമാക്കാൻ സഹായിക്കുമെന്നതുകൊണ്ട് 'ഹെൽത്ത് കാർഡ് ' സംവിധാനം ആരംഭിക്കാവുന്നതാണ്.

13. "മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ട്" ട്രാവൻകൂർ - കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് എന്നീ നിയമങ്ങളിൽ കാലോചിതമായി പൊളിച്ചെഴുത്ത് നടത്തി ആരോഗ്യരംഗത്ത് പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമാക്കണം.





4-6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

മുൻകാല ചരിത്രം:

ഏതൊരു മേഖലയുടെയും വികസനത്തിന് ഏറ്റവും പ്രധാനമായി വേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാമതായി കണക്കാക്കാവുന്നത് ഗതാഗത സൗകര്യത്തെയാണ്. തിരുവമ്പാടിയുടെ ഗതാഗതചരിത്രം രണ്ട് ഘട്ടങ്ങളായി വിലയിരുത്താവുന്നതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇന്നത്തെ തിരുവമ്പാടിയുടെ ഒന്നും രണ്ടും വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ജനവാസമുണ്ടായിരുന്നു എന്നാൽ ഇരുവഞ്ഞിപ്പുഴയാൽ മനോഹരമായ അരഞ്ഞാണം തീർത്തിട്ടുള്ള ഈ പ്രദേശത്തുനിന്നും പുറം ലോകവുമായി ബന്ധപ്പെടുവാനുതകുന്ന ഗതാഗതമാർഗ്ഗം ജലഗതാഗതം മാത്രമായിരുന്നു. നായരുകൊല്ലി-മുക്കം റോഡും, ഗെയ്റ്റും പടി അഗസ്ത്യൻമുഴി റോഡും ഈ പഞ്ചായത്തിലെ പൗരാണിക റോഡുകളിൽപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. ഈ റോഡുകൾ തന്നെ ഗതാഗതയോഗ്യവുമല്ലായിരുന്നു. ഈ മേഖലയിൽനിന്നും ശേഖരിക്കപ്പെട്ടിരുന്ന ഉല്പന്നങ്ങളും വനവിഭവങ്ങളും, മരം, ഈറ്റ എന്നിവയും പുഴയിലൂടെ കല്ലായിയിലെത്തിക്കുകയാണ് ചെയ്തിരുന്നത്. കോഴിക്കോടും മുക്കവുമായി വളരെക്കാലങ്ങൾക്ക് മുമ്പ് തന്നെ റോഡ് മൂലം ബന്ധിക്കപ്പെട്ടിരുന്നു. ജനങ്ങൾ അവരുടെ ആവശ്യത്തിനായി ആശ്രയിച്ചിരുന്നത് മുക്കം അങ്ങാടിയെയായിരുന്നു. ഇത് തന്നെ മഴക്കാലത്ത് ഇരവഞ്ഞിപ്പുഴയിൽ വെള്ളപ്പൊക്കമുണ്ടാവുമ്പോൾ അസാദ്ധ്യമായിരുന്നു.

തിരുവമ്പാടി മേഖലയുടെ വികസനത്തിന് തുടക്കമിടുന്നത് 1940 കളിൽ ആരംഭിച്ച വൻതോതിലുള്ള കുടിയേറ്റത്തോടെയാണ്. ഇവിടെ കുടിയേറിയ കർഷകർ തങ്ങളുടെ കാർഷികമേഖല വിപുലമാക്കുന്നതോടൊപ്പം തന്നെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും അതുവഴി തങ്ങളുടെ കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും താത്പര്യമുള്ളവരായിരുന്നു. പ്രതികൂലമായ സാഹചര്യത്തിൽ കാടിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് ജീവിതമാർഗ്ഗം കരുപ്പിടിപ്പിക്കുവാൻ എത്തിയ കർഷകരോടൊപ്പം ഒട്ടേറെ ക്രൈസ്തവ പുരോഹിതൻമാരും ഈ മേഖലയിൽ സേവനത്തിന്റെ പ്രകാശം പരത്തിക്കൊണ്ട് കടന്നുവന്നു. കുടിയേറ്റ കർഷകരുടെ ദുഃഖങ്ങൾ ഏറ്റുവാങ്ങി അവരോടൊപ്പം ജീവിച്ച ഈ വൈദിക ശ്രേഷ്ഠൻമാരാണ് ഈ പ്രദേശത്തിന്റെ ഗതാഗത, വിദ്യാഭ്യാസമേഖലകളിൽ പുരോഗതിക്ക്നേതൃത്വം നല്കിയത്. ജനങ്ങളുടെ കൂട്ടായ പരിശ്രമഫലമായി ആദ്യമായി നിർമ്മിക്കപ്പെട്ട റോഡ് തിരുവമ്പാടി മുക്കം റോഡായിരുന്നു. വേനൽക്കാലത്ത് ഈ റോഡിലൂടെ തിരുവമ്പാടിയിലേക്കും തുടർന്ന് പുല്ലുരാംപാറ, പുന്നക്കൽ തുടങ്ങിയ ഭാഗങ്ങളിലേക്കും മരം കയറ്റുന്നതിന് ലോറികൾ സർവ്വീസ് ആരംഭിച്ചു വക്കുന്നതിന് ആരംഭിച്ചു. എന്നാൽ മഴക്കാലം ആരംഭിക്കുന്നതോടെഇതും നിലയ്ക്കുമായിരുന്നു. 1960 കളുടെ മദ്ധ്യഭാഗം വരെ നിത്യോപയോഗസാധനങ്ങൾ എല്ലാം തോണിയിലാണ് ഇവിടെ എത്തിച്ചിരുന്നത്. ക്രമേണ തിരുവമ്പാടിയിൽനിന്നും പുല്ലുരാംപാറ, കൂടരഞ്ഞി, പുന്നയ്ക്കൽ ഭാഗങ്ങളിലേക്ക് കുടിയേറ്റ കർഷകർ റോഡുകൾ നിർമ്മിച്ചു. തിരുവമ്പാടി പുല്ലുരാംപാറ റോഡിന്റെ നിർമ്മാണത്തിൽ ഫാദർ ബർത്തലോമിയോ, ഫാദർ അഗസ്റ്റിൻ കീലത്ത് തുടങ്ങിയവരാണ് നേതൃത്വം നല്കിയത്. റോഡുകളോടൊപ്പം തന്നെ പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകൾക്ക് മുകളിലൂടെ കലുങ്കുകളും പാലവും നിർമ്മിക്കേണ്ടതും ആവശ്യമായിത്തീർന്നു.

തിരുവമ്പാടി-പുന്നക്കൽ റോഡിലുള്ള വഴിക്കടവ് പാലം, പുല്ലുരാംപാറ റോഡിലുള്ള കറ്റിയാട്പാലം, ഇരുമ്പകം പാലം, കാളിയാമ്പുഴ പാലം തുടങ്ങിയവ മനുഷ്യപ്രയത്നത്തിന്റെ മഹനീയ മാതൃകകളായി നാല് ദശാബ്ദങ്ങൾക്ക് ശേഷവും നിലനില്ക്കുന്നു. ക്രൈസ്തവദേവാലയങ്ങളിൽനിന്നും ഞായറാഴ്ചകളിലെ ദിവ്യപൂജക്ക്ശേഷം പുരോഹിതൻമാരോടൊപ്പം കിലോമീറ്ററുകൾ നടന്ന് സ്ത്രീകളും, പുരുഷന്മാരും, കുട്ടികളും ഈ പാലങ്ങ

ളുടെ നിർമ്മാണത്തിൽ പങ്കെടുത്തത് പഴയ തലമുറയിൽ പ്പെട്ടവർ ഇന്നും ആവേശത്തോടെ സ്മരിക്കുന്നു. . മേല്പ റഞ്ഞ പാലങ്ങളുടെ നിർമ്മാണം പൂർത്തികരിച്ചതോടുകൂടി ജീപ്പും,ലോറിയും എല്ലാക്കാലവും പഞ്ചായത്തിൽ എത്തു മെന്ന അവസ്ഥ നിലവിൽവന്നു. എന്നാൽ അഗസ്ത്യൻ മുഴിയിൽ പാലമില്ലാത്തതുകൊണ്ട് ഫലപ്രദമായ ഒരു ഗതാഗത സംവിധാനംഅപ്പോഴും പൂർത്തികരിക്കപ്പെട്ടില്ല. കുടിയേറ്റ കർഷകരിൽ ആദ്യമായി ജീപ്പ് വാങ്ങിയത് പഴയവീട്ടിൽ മത്തായി എന്ന കർഷകനായിരുന്നു. ഇക്കാ ലഘട്ടത്തിൽതന്നെ മുക്കം-ഓമശ്ശേരി-താമരശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തികരിക്കപ്പെട്ടു. ഓമശ്ശേരി വഴി തിരുവമ്പാടിയിലേക്ക് പുതുതായി ഒരു റോഡ് നിർമ്മിക്കണമെന്ന താത്പര്യം വളർന്നുവരുന്നതിന് ഇത് ഇടയാക്കി. തോട്ടത്തിൽ കടവിലുള്ള കല്ലുക എസ്റ്റേറ്റ് ഉട മസ്ഥന്മാരായിരുന്ന ചാക്കോപിള്ള, പൈലി പിള്ള എന്നീ സഹോദരന്മാരാണ് ഈ റോഡിന്റെ നിർമ്മാണത്തിന് വേണ്ടി പ്രത്യേക താത്പര്യമെടുത്തത്. പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ കരാർ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിയിരുന്ന ഇവരാണ് 1969 ൽ ഓമശ്ശേരി തോട്ടത്തിൽ കടവ് റോഡ് പണി പൂർത്തികരിച്ചത്. ഇതോടുകൂടി തിരു വമ്പാടിയിൽനിന്നും 1.കി.മീറ്റർ അകലെ തോട്ടത്തിൽ കടവ് വരെ ബസ് ഗതാഗതം ആരംഭിച്ചു.

കല്പറ്റ അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്ന ഈ പ്രദേശത്തിന്റെ എം.എൽ.എയും അന്നത്തെ ആരോ ഗ്യവകുപ്പ് മന്ത്രിയുമായിരുന്ന ബി. വെല്ലിംഗ്ടനാണ് ആദ്യ മായി പി.പി.വിശ്വനാഥമേനോൻ മോട്ടോഴ്സ് വക ബസ് സർവീസ് ഉൽഘാടനം ചെയ്തത്. തോട്ടത്തിൻ കടവിൽ പാലം നിർമ്മിക്കണമെന്ന ആവശ്യം ഇതോടെ ശക്തമായി ഉയർന്നുവരുവാൻ ആരംഭിച്ചു. ഇതിനിടയിൽ പുരാതന റോഡായ തിരുവമ്പാടി മുക്കംറോഡും, അഗസ്ത്യൻമുഴിക്ക ടവ് പാലത്തിനുവേണ്ടിയുള്ള ആവശ്യവും പിന്തള്ളപ്പെട്ടു പോയി. 1970 ൽ തോട്ടത്തിൽ കടവിലുണ്ടായ തോണി അപകടത്തിൽ തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂൾ വിദ്യാർത്ഥികളായിരുന്ന ജോസ്, പൗലോസ് എന്നിവർ മരണപ്പെട്ടു. ഇതേത്തുടർന്നുണ്ടായ വമ്പിച്ച ജനരോ ഷത്തിന് മുമ്പിൽ സർക്കാർ പുതിയ പാലത്തിന്റെ പണിക്ക് അനുമതി നല്കി. 1974 ലാണ് തോട്ടത്തിൽ കടവ് പാലത്തിന്റെ പണിപൂർത്തികരിച്ചത്

തോട്ടത്തിൽകടവ് പാലത്തിന്റെ നിർമ്മാണം തിരുവമ്പാടിയുടെ വളർച്ചയുടെ ചരിത്രത്തിലെ നാഴികക്ക ല്ലാണ്. ഇതിനുശേഷം കഴിഞ്ഞ രണ്ട് ദശകങ്ങളിൽ തിരു വമ്പാടി മേഖല സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസ, സാംസ്ക്കാരിക മേഖലകളിൽ കുതിച്ചുചാട്ടം തന്നെ നടത്തി. ഇതോടൊപ്പം തന്നെ പുന്നക്കൽ, പുല്ലൂരാംപാ റ, കൂടരഞ്ഞി തുടങ്ങിയ അങ്ങാടികളും വികസിക്കുവാൻ ആരംഭിച്ചു. പുല്ലൂരാംപള്ളി വികാരിയായിരുന്ന ഫാദർ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ ഈ വിഷയത്തിൽ പ്രത്യേക താൽപര്യം എടുത്തിരുന്നു. വികസനത്തിന്റെ പാതയിൽ നാഴികക്കല്ലായിത്തീർന്ന തോട്ടത്തിൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ പ്രേരകമായിത്തീർന്ന ജോസിന്റെ യും, പൗലോസിന്റെയും ദുരന്തം ഈ കുടിയേറ്റ മേഖല ഒരിക്കലും മറക്കുകയില്ല.

പുല്ലൂരാംപാറ ആനക്കാംപൊയിൽ റോഡ് 1960 കളിൽ രൂപപ്പെട്ടിരുന്നുവെങ്കിലും പൂർണ്ണമായ രീതിയിൽ ഗതാഗതസൗകര്യം റോഡിനുണ്ടായിരുന്നില്ല. കുത്തനെ യുള്ള കയറ്റവും പാറക്കെട്ടുകളും ആനക്കാംപൊയിലി ലേക്കുള്ള യാത്ര ദുഷ്ക്കരമാക്കിയിരുന്നു. ഇതോടൊപ്പം തന്നെ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ഉരുൾപൊട്ട ലുകൾ കുടിയേറ്റകർഷകർക്ക് ഒരു നിരന്തര ഭീഷണിയാ യിരുന്നു. ആനക്കാംപൊയിൽ റോഡ് ഗാതാഗതയോഗ്യ മായ്തിന്റെ പിന്നിൽഒരു പിഞ്ചു പെൺകുട്ടിയുടെ ദുരന്തത്തിന്റെ കഥയാണുള്ളത്. കല്ലോലിക്കൽ തോടിന് കുറുകെ താല്ക്കാലികമായി ഉണ്ടാക്കിയിരുന്ന മരപ്പാ ലത്തിൽനിന്നും ഷീല എന്ന വിദ്യാർത്ഥിനി ഉരുൾ പൊട്ട ലിൽ കുതിച്ചുവന്ന വെള്ളത്തിൽപ്പെട്ട് മരിച്ചുപോയി. ഈ സംഭവത്തെത്തുടർന്ന് കേന്ദ്ര സംസ്ഥാനമന്ത്രിമാർ ആനക്കാംപൊയിലിൽ കുതിച്ചെത്തി. ആദ്യമായി ഒരു കേന്ദ്രമന്ത്രി ആനക്കാംപൊയിലിൽ എത്തിയത് അങ്ങിനെ യായിരുന്നു. ശ്രീ.ഡി.പി.ധർ ആയിരുന്നു ഇവിടെഎത്തിയ കേന്ദ്രമന്ത്രി. ഇതിന്റെ ഫലമായി തൊട്ടടുത്ത വർഷം തന്നെ ആനക്കാംപൊയിൽപുല്ലൂരാം പാറ റോഡിന്റെ ഏറ്റവും ബുദ്ധിമുട്ട് നിറഞ്ഞ ഭാഗം ടാറിംഗ് നടത്തപ്പെട്ടു. ആനക്കാംപൊയിലിലേക്ക് റോഡ് ഗതാഗതം മെച്ചപ്പെട്ടത് ഇതോടുകൂടിയാണ്.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ നീളം 146.250 കി.മീറ്ററാണ്. ഈ മേഖല യിലുള്ള മുഴുവൻ റോഡുകളും ജനപങ്കാളിത്തത്തോടെ ശ്രമദാനമായിട്ടാണ് നിർമ്മിക്കപ്പെട്ടത് എന്ന വസ്തുത ഈ പഞ്ചായത്തിന്റെ റോഡ് ഗതാഗതത്തിലുണ്ടായ പുരോഗ തിയുടെ അടിസ്ഥാനകാരണത്തിലേക്കുള്ള ചൂണ്ടുപലക യാണ്. നിലവിലുള്ള റോഡുകളിൽ 241/2 കി.മി.റോഡ് ടാറിംഗ് നടത്തിയ റോഡുകളാണ്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതും പണി പൂർത്തിയാവാത്തതുമായ 9 കി.മി. റോഡ് ഈ പഞ്ചായത്തിലുണ്ട്.

കേരളത്തിലെ സമ്പദ്ഘടനയിൽ നിർണ്ണായക മായ പങ്ക് വഹിക്കുന്ന കാർഷികമേഖലയിലെ പ്രധാന പ്പെട്ട കേന്ദ്രമായ തിരുവമ്പാടി പഞ്ചായത്തിന് ഗതാഗതമേ ഖലയിൽ സർക്കാർതലത്തിൽലഭിച്ച സഹായം തികച്ചും പരിമിതമായിരുന്നു. റോഡുകളുടെയും, പാലങ്ങളുടെയും വികസന കാര്യത്തിൽ രണ്ടാം തരം പൗരന്മാരായാണ് മല ബാർ മേഖലയിലെ ജനങ്ങളെ ഭരണാധികാരികൾ എന്നും പരിഗണിച്ചിരുന്നത്. മലയോരമേഖലയായ ഈ പഞ്ചാ യത്തിലെ ഗതാഗത സൗകര്യം ഇന്ന് മെച്ചപ്പെട്ട അവസ്ഥ യിലെത്തിച്ചേർന്നിട്ടുള്ളത് ജാതിമതചിന്തകൾക്കതീതമായി കുടിയേറ്റമേഖലയിലെ ജനങ്ങൾ ഒന്നടങ്കം തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിച്ചതുമൂലമാണ്. പഞ്ചായത്ത് രാജ് നിയമപ്രകാരം ദേശീയപാത, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ എന്നിവ ഒഴിച്ചുള്ള ഗ്രാമപഞ്ചായത്തു കളിലെ റോഡുകളുടെ പൂർണ്ണമായ ഉത്തരവാദിത്വം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കയാണ്. ഇത്തരുണത്തിൽ പരിമിതമായ വരുമാനമാർഗ്ഗങ്ങൾ മാത്ര മുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ക്രിയാത്മകമായി ഈ മേഖലയിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ ആവശ്യമായ ഫണ്ടും, സാങ്കേതിക വൈദഗ്ധ്യവും ഗ്രാമപഞ്ചായത്തു കൾക്ക് ലഭ്യമാവണം.

ഗതാഗത മേഖലയിലെ പ്രധാന പ്രശ്നങ്ങൾ:-

അഗസ്ത്യൻ മുഴിക്കടവ് പാലം: പൊതുമരാമത്ത് വകുപ്പ് വർഷങ്ങൾക്ക് മുമ്പ് ഏറ്റെടുത്തതിരുവമ്പാടി - അഗ സ്ത്യൻമുഴിക്കടവ് റോഡ് 1988 ൽ നിർമ്മാണം പൂർത്തി കരിച്ചു പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതി നെത്തുടർന്ന് ഗതാഗതത്തിന് റോഡ് പൂർണ്ണമായും പ്രയോ ജനപ്പെടുന്നില്ല. തിരുവമ്പാടിമേഖലയിലെ ഏറ്റവും പഴക്കം ചെന്ന റോഡുകളിലൊന്നായ മേൽപ്പറഞ്ഞ റോഡിന്റെ കാര്യത്തിൽ മതിയായ പൊതുജന താത്പര്യം ഉയർന്ന വരില്ലെന്നതാണ് അനുഭവം. ടെണ്ടർ ചെയ്യപ്പെട്ട പാലത്തിന്റെ പണി എത്രയും വേഗം പൂർത്തികരിക്കണം എന്നതാണ് ഈ മേഖലയിൽ സർക്കാർ തലത്തിൽ സ്വീക രിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട നടപടി.

പുല്ലൂരാംപാറ - പുന്നക്കൽ - കൂടരഞ്ഞി റോഡ്

കേരള സർക്കാറിന്റെ ഹിൽറോഡ് ഡവലപ്പ് മെൻറ് സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ 1980 ൽടെണ്ടർ ചെയ്ത് പ്രവർത്തി ആരംഭിച്ച റോഡായിരുന്ന പുല്ലൂരാം പാറ-പുന്നക്കൽ-കൂടരഞ്ഞിറോഡ് പ്രാദേശികമായുണ്ടായ ചില പ്രശ്നങ്ങളും, സാങ്കേതിക തകരാറുകളും മൂലം പ്രവർത്തി പകുതിയായപ്പോൾ ഉപേക്ഷിക്കപ്പെട്ടു. കഴിഞ്ഞ 15 വർഷമായി മേല്പറഞ്ഞ റോഡിന്റെ നിർമ്മാണം പൂർത്തികരിക്കണമെന്ന് മാറിമാറി വന്ന സർക്കാരുകളുടെ മുമ്പിൽ ഈ പ്രദേശത്തെ ജനങ്ങൾ നിവേദനം നടത്തി യെങ്കിലും നാളിതുവരെയായി ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് 1994 ൽ ഈ റോഡ് ഏറ്റെടുക്കുകയും നിലവിൽ 1.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധമായ ചില പ്രശ്നങ്ങളിൽപ്പെട്ട് ഇതിന്റെ പരിഷ്ക്കരണവും അനിശ്ചിതമായി നീണ്ടുപോവുകയാണ്. ഈ റോഡിന്റെ നിർമ്മാണം പൂർത്തിയായാൽ അടിവാ രത്തുനിന്നും കോടഞ്ചേരി-പുല്ലൂരാംപാറ-കൂടരഞ്ഞി വഴി അരീക്കോടിന് ബസ് ഗതാഗതം ആരംഭിക്കുവാൻ സാധിക്കും. ദൂരം 30 കി.മി.കുറയുന്നതുമാണ്.

തിരുവമ്പാടി - പുല്ലൂരാംപാറ- മേപ്പാടി റോഡ്

തിരുവമ്പാടി - പുല്ലൂരാംപാറ- ആനക്കാംപൊ യിൽ വഴി വയനാട്ടിലേക്ക് ഒരു ഹിൽ ഹൈവേ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 1970 കളിൽ വളരെ ശക്തമായ രീതിയിൽ ഉയർന്നുവരികയും പൊതു മരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. വയനാടുമായി ബന്ധ പ്പെടുന്നതിന് ഏറ്റവും എളുപ്പമായ മേല്പറഞ്ഞ റോഡിന്റെ പ്രവർത്തനവും പിന്നീട് കോൾഡ് സ്റ്റോറേജിലാവുകയാ ണുണ്ടായത്. വനത്തിലൂടെ 4 കി.മീറ്ററോളം നിലവിലുള്ള റോഡ് പരിഷ്ക്കരിച്ചാൽ ഈറോഡ് നിർമ്മിക്കുവാൻ സാധിക്കും. ഇക്കാര്യത്തിലും സർക്കാറിന്റെ സജീവ പരി ഗണന ഈ മേഖലക്ക് ലഭിക്കേണ്ടതാണ്.

തിരുവമ്പാടി- തമ്പലമണ്ണ-കോടഞ്ചേരി - കൈതപ്പൊയിൽ റോഡ്

തിരുവമ്പാടി- തമ്പലമണ്ണ - കോടഞ്ചേരി - കൈത പ്പൊയിൽ റോഡ് ദീർഘകാലമായി കുടിയേറ്റ കർഷകരുടെ ആവശ്യങ്ങളിൽ പ്രധാനമായിരുന്നു. ഇതിന്റെ നിർമ്മാണം പൂർത്തികരിക്കപ്പെട്ടാൽ വയനാട് ജില്ലയും മലപ്പുറം ജില്ലയും തമ്മിലുള്ള ദൂരത്തിന് 50 കി.മിറ്ററോളം കുറവുണ്ടാവുമെന്ന് മാത്രമല്ല ഈ മേഖലയിലുള്ള ജനങ്ങൾക്ക് തിരുവിതാംകൂർ ഭാഗവുമായി ബന്ധപ്പെടുന്ന തിന് വളരെ ഗുണപ്രദവുമായിരിക്കും. റോഡിന്റെ രണ്ട് റീച്ചിന്റെ പ്രവർത്തിനടന്നു വരുന്നുണ്ട്. മൂന്ന് പാലങ്ങ ളുടെയും പ്രവർത്തി ആരംഭിച്ചു കഴിഞ്ഞു. റോഡിൽ അവ ശേഷിക്കുന്ന ഭാഗത്തെ പരിഷ്ക്കരണ പ്രവർത്തികൾ പാലത്തിന്റെ പണി പൂർത്തികരിക്കുന്നതിന് മുമ്പാ യിത്തന്നെ നടത്തിയാൽ മാത്രമേ റോഡ് പ്രയോജനപ്പെ ടുകയുള്ളൂ. ഇക്കാര്യത്തിൽ സർക്കാർ ഭാഗത്തുനിന്നും

അടിയന്തിര നടപടികൾ ആവശ്യമാണ്.

ജനകീയ ആസൂത്രണത്തിലൂടെ പദ്ധതികൾ തയ്യാറാക്കുക എന്ന ലക്ഷ്യവുമായി നടത്തപ്പെട്ട വാർഡ് തല ഗ്രാമസഭകളിൽ ഏറ്റവുമധികം ഉയർന്നുവന്ന ആവശ്യം നിലവിലുള്ള റോഡുകളുടെ പരിഷ്ക്കരണവും പുതിയ റോഡുകളുടെ നിർമ്മാണവുമായിരുന്നു. മറ്റ് മേഖലകളിൽനിന്നും വ്യത്യസ്തമായി റോഡുകളുടെ പരിഷ്ക്കരണത്തിലും നിർമ്മാണത്തിലും മനുഷ്യാദ്ധ്വാനം ധാരാളമായി ഇവിടെ ലഭിക്കുവാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തുകളിൽനിന്നും ന്യായമായ വിഹിതം ലഭ്യമാകുന്നതോടൊപ്പം മനുഷ്യശക്തി സഹകരണാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുവാൻ സാധിച്ചാൽ നിലവിലുള്ള പഞ്ചായത്ത് റോഡുകൾ അടുത്ത 5 വർഷക്കാലത്തിനിടയിൽ ഒരു പരിധിവരെ പരിഷ്ക്കരണം നടത്തുവാൻനമുക്ക് സാധിക്കും. ഇതിനായി കുടിയേറ്റ കാലഘട്ടങ്ങളിൽ നമ്മുടെ മുൻ തലമുറക്കാർ പ്രകടിപ്പിച്ച കൂട്ടായ്മയുടെയും പരസ്പര സഹകരണത്തിന്റെയും പാഠങ്ങൾ നാം ഉൾക്കൊള്ളേണ്ടതാണ്.

തിരുവമ്പാടി ബൈപ്പാസ് റോഡ്

കേരളത്തിൽ ഇന്ന് പൊതുവെ ഗതാഗത രംഗത്ത് അനുഭവപ്പെടുന്ന ഏറ്റവും വലിയ പ്രശ്നം വാഹനങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വമ്പിച്ച വർദ്ധനവും റോഡുകളുടെ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന തിരുവമ്പാടി ടൗണിൽ വാഹനപ്പെരുപ്പം സൃഷ്ടിക്കുന്ന ഗതാഗതക്കുരുക്ക് ഒരു നിത്യസംഭവമായിരിക്കയാണ്. ഇതന് സ്ഥായിയായ ഒരു പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. റോഡുകളുടെ വികസനത്തിന് പദ്ധതികൾ തയ്യാറാക്കുമ്പോൾ അടുത്ത കാൽനൂറ്റാണ്ടു കാലത്തിനുള്ളിൽ വരാൻ സാധ്യതയുള്ള മാറ്റങ്ങളെങ്കിലും പരിഗണിക്കേണ്ടതാണ്. റോഡുകളുടെ ആവശ്യമായ വീതി 8 മീറ്റർ എന്നത് പഴയ ഒരു സങ്കൽപ്പമായി മാറിക്കഴിഞ്ഞു. ഏറ്റവും ചുരുങ്ങിയത് 12 മീറ്ററെങ്കിലും വീതിയുള്ള റോഡുകൾ വേണം ഇനിയും ഗ്രാമീണ മേഖലയിൽ പോലും നിർമ്മിക്കുന്നത്. തിരുവമ്പാടിയിൽ നിന്നും തോട്ടത്തിൽ കടവിലേക്കുള്ള നിലവിലുള്ള റോഡ് വൺവേ ആക്കി മാറ്റുവാൻ സാധിക്കുന്ന രീതിയിൽ തോട്ടത്തിൽ കടവിൽനിന്നും ബൈപ്പാസ് റോഡ് നിലവിലുള്ളഅമ്പലം റോഡ് വഴി മറിയപ്പുറം റോഡുമായി ബന്ധിപ്പിച്ചുകൊണ്ടോ, ചേപ്പിലംകോട് റോഡുമായി ബന്ധിപ്പിച്ചുകൊണ്ടോ നിർമ്മിക്കാവുന്നതാണ്. ഭൂമിയുടെ ലഭ്യതക്കുറവും, വിലയിലുണ്ടാവുന്ന വർദ്ധനവും പരിഗണിക്കുമ്പോൾ വളരെയധികം പണച്ചെലവുണ്ടാകുവാൻ സാധ്യതയുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണം അടിയന്തിര പരിഗണന നല്കി പൂർത്തികരിക്കേണ്ടതാണ്.

തിരുവമ്പാടി ടാക്സിസ്റ്റാൻറ് നിർമ്മാണം

തിരുവമ്പാടിയിൽ നിലവിലുള്ള ബസ്സ്റ്റാൻറ് കാലതാമസമെന്യേ ബസുകൾക്ക് അപര്യാപ്തമായിത്തീരുമെന്നതിൽ സംശയമില്ല. ടാക്സികൾക്കും, ഓട്ടോറിക്ഷകൾക്കും, മിനി ലോറികൾക്കും പാർക്ക് ചെയ്യുന്നതിന് പ്രത്യേക സ്ഥലമില്ലാത്തതിനാൽ അവയെല്ലാം റോഡരികിൽ നിറുത്തിയിട്ടിരിക്കുന്നത് മൂലം വളരെയധികം പ്രശ്നങ്ങൾ ഗതാഗതത്തിൽ ഉണ്ടാവുന്നുണ്ട്. ടാക്സികൾക്കും, ഓട്ടോറിക്ഷകൾക്കുമായി പാർക്കിംഗിനായി പ്രത്യേക സ്റ്റാൻറ് നിർമ്മിക്കേണ്ടത് അടിയന്തിര ആവശ്യമായിതീർന്നിരിക്കയാണ്. ബസ് സ്റ്റാൻറിനോടനുബന്ധിച്ചുതന്നെ കണ്ടെത്തുന്നതിന് സാധിക്കണം. ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന സ്റ്റാൻറ് ഗ്രാമപഞ്ചായത്തിന് ഒരു സ്ഥിര വരുമാനമാർഗ്ഗവുമായിരിക്കും.

തിരുവമ്പാടി ബസ് സ്റ്റാൻറ് നിലവിലുള്ളത് ഭാവിയിൽ അപര്യാപ്തമായിത്തിരുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് കൂടുതൽ സൗകര്യപ്രദമായ ഒരു ബസ്സ്റ്റാൻറ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം മുൻകൂട്ടി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തുകൾക്ക് വിട്ടുതരുന്ന റോഡുകളുടെ വീതി പലപ്പോഴും മൂന്നും, നാലും മീറ്ററാണ്. ഇതു മൂലം കേന്ദ്ര ഗവൺമെൻറും മറ്റ് പല ഏജൻസികളും വഴിയായി ലഭിക്കുന്നതുക ഇത്തരം റോഡുകൾക്ക് ചെലവഴിക്കുന്നതിന് സാധിക്കാത്ത അവസ്ഥ നിലവിലുണ്ട് ഇതിന് പരിഹാരമായി നിലവിലുള്ള 8 മീറ്റർ വീതി ഇല്ലാത്ത പഞ്ചായത്ത് റോഡുകൾക്ക് ആവശ്യമായ ബാക്കിസ്ഥലം കൂടി വിട്ടു കിട്ടുന്നതിനും, പുതുതായി ഏറ്റെടുക്കുന്ന റോഡുകൾക്ക് ചുരുങ്ങിയത് 8 മിറ്ററെങ്കിലും വിതി ഉണ്ടെന്ന് ഉറപ്പ്വരുത്തുന്നതിനും സാധിക്കേണ്ടതാണ്.

തിരുവമ്പാടി - പുന്നക്കൽ റോഡ്

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള റോഡുകളിലൊന്നാണ് തിരുവമ്പാടി പുന്നക്കൽ റോഡ്, 6 കി.മിറ്റർ ദൂരമുള്ള ഈ റോഡ് വിവിധ തൊഴിൽദാനപദ്ധതികളിലും, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളിലും ഉൾപ്പെടുത്തിയാണ് കാലാകാലങ്ങളിൽ പരിഷ്ക്കരണം നടത്തി വരുന്നത്. റോഡ് PWD ഏറ്റെടുക്കണമെന്ന് ദീർഘകാലമായി ആവശ്യപ്പെട്ടു വന്നതാണെങ്കിലും ഇതുവരെയും ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ വരവോടുകൂടി റോഡുകൾ പുതുതായി സർക്കാർ ഏറ്റെടുക്കേണ്ടതില്ലാ

യെന്നാണ് തിരുമാനമെന്നറിയുന്നു. ആയിരക്കണക്കിന് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത റോഡ് ഇപ്പോൾ താറുമാറായിരിക്കയാണ്. റോഡ് പരിഷ്ക്കരണം അടിയന്തിരമായി നടത്തുവാൻ ആവശ്യമായ നടപടികൾ ഉണ്ടാവേണ്ടതാണ്.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ റോഡുകളും റിപ്പയർ ആവശ്യമുള്ളവയാണ്. ഗ്രാമസഭകളിൽനിന്നും വിവിധ വാർഡുകളിലുള്ള റോഡുകളുടെ പരിഷ്ക്കരണം അടിയന്തിരമായി പൂർത്തികരിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുമുണ്ട്. പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെയും, പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട റോഡുകളുടെയും വിശദാംശങ്ങൾ പട്ടികയായി ചേർത്തിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുള്ള റോഡുകളുടെ പരിഷ്ക്കരണം പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാവണം. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ പരിഷ്ക്കരണ കാര്യത്തിൽ ലഭ്യമാവുന്ന തുക വർദ്ധിച്ച ജനപങ്കാളിത്തത്തോടുകൂടി പ്രയോജനപ്പെടുത്തുവാൻ സാധിക്കണം. ഇടത്തട്ടുക്കാരെയും, കരാറുക്കാരെയും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള വികസനപ്രക്രിയയാണ് ഒമ്പതാം പദ്ധതി വിഭാവനം ചെയ്യുന്നത്. ഇത് ഏറ്റവും ഫലപ്രദമായ രീതിയിൽ നമുക്ക് നടപ്പിലാക്കുവാൻ സാധിക്കുന്നത് റോഡുകളുടെ വികസന പരിപാടികളിലാണ്. ഈ മേഖലയിൽ 1940 കളിൽ നമ്മുടെ സമൂഹത്തിലുണ്ടായിരുന്ന ഐക്യം തിരിച്ചുകൊണ്ടുവന്നുകൊണ്ട് പ്രവർത്തികൾ നടപ്പിലാക്കുകയാണെങ്കിൽ വലിയൊരളവുവരെ ഗതാഗതമേഖലയിൽ തിരുവമ്പാടി പഞ്ചായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും.

തിരുവമ്പാടി പഞ്ചായത്തിലുള്ള P.W.D റോഡുകൾ

നമ്പർ	റോഡിന്റെ പേർ	വാർഡ് നമ്പർ	നീളം KM	വീതി M
1.	അഗസ്ത്യൻമൂഴി - തിരുവമ്പാടി റോഡ്	I, II	4.500	8
2.	തിരുവമ്പാടി - മണ്ടാം കടവ്	I	1.700	8
3.	തോട്ടത്തിൽകടവ് - തിരുവമ്പാടി - ആനക്കാംപൊയിൽ റോഡ്	II,III,IV, VII, VIII,X	14.1	
4.	തിരുവമ്പാടി - കൂടരഞ്ഞി റോഡ്	III	3KM	
5.	തിരുവമ്പാടി - സിലോൺകടവ് - തമ്പലമണ്ണ റോഡ്	III,IV	4KM പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നത്.	
6.	പുല്ലൂരാംപാറ - പുന്നക്കൽ - കൂടരഞ്ഞി റോഡ്	VIIII, VII, VI	5KM റോഡ് ഏറ്റെടുത്ത് പ്രവർത്തി തുടങ്ങിയിട്ടില്ല.	

നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേർ	വാർഡ്	നീളം	വീതി KM	ടാർ ചെയ്തത്	മെറ്റൽ ചെയ്തത്	മണ്ണ് റോഡ്
1	2	3	4	5	6	7	8
1.	ആഗസ്ത്യൻമൂഴികടവ് - വെള്ളരിച്ചാൽ റോഡ്	I	2 KM	5			✓
2.	തൊണ്ടിമേൽ - ഇരുന്നകുഴി റോഡ്	I	1 KM	3			✓
3.	പേനക്കാവ് - ചാലിൽതൊടിക റോഡ്	I	1 KM	3			✓
4.	തൊണ്ടിമേൽ - സ്ക്കൂൾ പടി - മൈലോട്ടുപാറ ഇരുനംകുഴി റോഡ്	I	1.500 KM	3			✓
5.	തൊണ്ടിമേൽ - ഗേറ്റുപടി റോഡ്	I	0.500 KM	8		✓	
6.	തൊണ്ടിമേൽ - തൊണ്ടിമേൽകടവു നീളം	I	0.500 KM	8			✓
7.	തിരുവമ്പാടി പോലീസ്സ്റ്റേഷൻ - മറിയപ്പുറം റോഡ്	II	0.500 KM	3			✓
8.	തോട്ടത്തിൽകടവ് - കുണ്ടിയോട്ട് പറമ്പ് കല്ലായിക്കടവു റോഡ്	II	2 KM	3			✓
9.	പോലീസ് സ്റ്റേഷൻ-പാണക്കാട്ട് - തോട്ടത്തിൽ കടവ് റോഡ്	II	1 KM	3			✓
10.	തിരുവമ്പാടി - അമ്പലപ്പാറ-തോട്ടത്തിൽ കടവ് റോഡ്	II	1 KM	6			✓
11.	താഴെ തിരുവമ്പാടി കല്ലായിറോഡ്	II	0.500 KM	6			✓
12.	തേറുപറമ്പ് ഹരിജൻ കോളനിറോഡ്	II	0.500 KM	4	325.00		✓
13.	തിരുവമ്പാടി -ചേപ്പിലങ്ങോട്ടു റോഡ്	III	1.500 KM	4	1KM		500
14.	തിരുവമ്പാടി മറിയപ്പുറം -കക്കുണ്ട് റോഡ്	III	3 KM	5	2		1
15.	തിരുവമ്പാടി - മാർക്കറ്റ് റോഡ്	III	3 KM	3			✓
16.	പള്ളികുന്ന് - ചെപ്പിലങ്ങോട്ട് റോഡ്	III	1.5 KM	3			✓
17.	മറിയപ്പുറം ഹരിജൻ കോളനി റോഡ്	III	0.800 KM	3			✓
18.	കക്കുണ്ടു-മണ്ണുത്തി-തിണ്ടുർകണ്ടിറോഡ്	III	1.500 KM	3			✓
19	ഇരുമ്പകം ഇലഞ്ഞിക്കൽ റോഡ്	IV	1.000	8	✓		
20	അത്തിപ്പാറ നമ്പലമണ്ണ്	IV	1.500	8			✓
21	ഇലഞ്ഞിക്കൽ ലക്ഷംവീടു കോളനി ഇരുവഴിഞ്ഞിപ്പുഴ						
	തോട്ടംസൈഡ് റോഡ്	IV	1.500	4			✓
22	കാളിയാംപുഴ പാലക്കടവ് ഇരുമ്പകം റോഡ്	IV	4.00	8			✓
23	അത്തിപ്പാറ-ഇരുവഴിഞ്ഞിപ്പുഴ റോഡ്	IV	1.00	6		0.500	0.500
24	ഇരുമ്പകം തുമ്പക്കോടു ശ്രീകൃഷ്ണഗിരി ക്ഷേത്രം റോഡ്	IV	2.000	3			✓
25	അത്തിപ്പാറ പാലക്കടവ് റോഡ്	IV	1.5	3			✓
26	ഒറ്റപ്പൊയിൽ ചവലപ്പാറ റോഡ്	V	2.00	8			✓
27	ഒറ്റപ്പൊയിൽ നെല്ലാനിച്ചാൽ	V	1.500	4			✓
28	തിരുവമ്പാടി പുന്നക്കൽ റോഡ്	V	6.00	8	✓		
29	തിരുവമ്പാടി ഹൈസ്ക്കുൾ പടി പുന്നക്കൽ ലിങ്ക് റോഡ്	V	0.5006		✓		

ക്രമ നമ്പർ	റോഡിന്റെ പേർ	വാർഡ്	നീളം	വീതി KM	ടാർ ചെയ്തത്	മെറ്റൽ ചെയ്തത്	മണ്ണ് റോഡ്
30	പെരുമാലിപ്പടി പാമ്പിഴഞ്ഞപാറ ക്രോസ് റോഡ്	V	1.00	3			✓
31	പെരുമാലിപ്പടി പാലക്കടവ് റോഡ്	V	1.500	6		0.500	0.500
32	തറിമറ്റം കരിയാത്തൻ മല റോഡ്	V	1.500	3			✓
33	നാല്പത് മേനി-പാമ്പിഴഞ്ഞപാറ റോഡ്	V	1.500	3			✓
34	ചവലപ്പാറ- കരിയാത്തൻ റോഡ്	V	1.200	3			✓
35	തറിമറ്റം-കാരാട്ടുപാററോഡ്	V	2.00	5			✓
36	പുന്നക്കൽ - കാരാട്ടുപാറ റോഡ്	VI	2.00 KM	5			✓
37	പുന്നക്കൽ - ഓളിക്കൽ ആദിവാസി കോളനി റോഡ്	VI	3.500 KM	6	3.500		✓
38	ഓളിക്കൽ ആദിവാസി കോളനി പൂവാറൻതോടു റോഡ്	VI	2.500 KM	5	2..500	6	✓
39	പുന്നക്കൽ - ഉറുമി റോഡ്	VI	3.600 KM	8	0.600		✓
40	പുന്നക്കൽ - ചളിപ്പൊയിൽ-പൊന്നാകയം റോഡ്	VI	2.00 KM	5		8	✓
41	ചളിപ്പൊയിൽ-ചേരിറോഡ്	VI	1.00 KM	4			✓
42	പുന്നക്കൽ - ഓളിക്കൽ ലിങ്ക് റോഡ്	VI	0.600 KM	8		✓	
43	പുന്നക്കൽ - മധുരമൂല റോഡ്	VI	1.600 KM	3			✓
44	കാളിയാംപ്പുഴ പൊന്നാങ്കയം റോഡ്	VII	1.00	4			✓
45	പൊന്നാകയം വഴിക്കടവ്	VII	2	4			✓
46	പൊന്നാകയം കിയാത്തൻപാറ റോഡ്	VII	2.00	4			✓
47	പൊന്നാങ്കയം മേമല അമ്പലപ്പടി	VII	3.00	8		500	✓
48	കല്ലേകാവുങ്കൽ എസ്റ്റേറ്റു റോഡ്	VII	1.500	3			✓
49	ശ്രീനാരായണ പുരം റോഡ്	VII	1.00	3			✓
50	അമ്പലപ്പടി-കരിയാത്തൻപാറ റോഡ്	VII	1.500	3			✓
51	പേണ്ടാനത്തുംപടി കാടോത്തിമല റോഡ്	VII	1.00	3			✓
52	അമ്പലപ്പടി-കാടോത്തിമല	VII	1.00	3			✓
53	ചളിപ്പൊയിൽ കരിയാത്തൻപാറ റോഡ്	VII	1.00	3			✓
54	പുല്ലൂരാംപാറ പന്നലാടിക്കൽ റോഡ്	VIII	1.00	6		500	✓
55	പുല്ലൂരാംപാറ പത്തായപ്പാറ റോഡ്	VIII	0.500	4			✓
56	പുല്ലൂരാംപാറ ഹൈസ്ക്കൂൾ പടിപൊന്നാങ്കയം റോഡ്	VIII	0.750	6		✓	
57	എലത്തുകടവ് പാലം-അപ്രോച്ച് റോഡ്	VIII	0.300			✓	
58	എലത്തുകടവ് പത്തായപ്പാറ റോഡ്	VIII	1.00				✓
59	പുല്ലൂരാംപാറ കെടക്കാട്ടുപാറ റോഡ്	VIII	1.00	6			✓
60	പൊന്നാങ്കയം മേമല അമ്പലപ്പടി ആദിവാസി കോലനി റോഡ്	XI	2.500	6			✓

60	പൊന്നാങ്കയം മേമല അമ്പലപ്പടി ആദിവാസി കോലനി റോഡ്	XI	2.500	6	✓		
61	തരിപ്പപൊയിൽ മേലെകൊടക്കാട്ടുപാറ റോഡ്	XI	100	6			✓
62	കൊടക്കാട്ടുപാറ മേലെപൊന്നാകയം ആദിവാസി കോലനി റോഡ	IX	1.800	6			✓
63	പുല്ലൂരാംപാറ - ചെറുശ്ശേരി (ജോയി) റോഡ്	IX	3.00	8			✓
64	കൊടക്കാട്ടുപാറ K.P.എസ്റ്റേറ്റ് റോഡ്	IX	1.500	3			✓
65	തരിപ്പപ്പൊയിൽ നാരങ്ങാപ്ലാവ് റോഡ്	IX	0.800	4			✓
66	ആനക്കാം പൊയിൽ പതങ്കയം റോഡ്	X	1.5	4			✓
67	ആനക്കാംപൊയിൽ ആനക്കുവി ഗിരിജൻ കോളനി റോഡ്	X	2.00	4			✓
68	ആനക്കാംപൊയിൽ ചെറുശ്ശേരി റോഡ്	X	2.00	8		1.300	✓
69	ചെറുശ്ശേരി കൊടക്കാട്ടു പാറ	X	1.5	6			✓
70	ആനക്കാംപൊയിൽ കാവുങ്കലേൽ റോഡ്	X	2.00	5			✓
71	മാവാതുക്കൽ ചെറുശ്ശേരി റോഡ്	X	1.500	3			✓
72	മാവാതുക്കൽ-അരിപ്പാറ-ആനക്കാംപൊയിൽ റോഡ്	X	1.500	3			✓
73	മാവിൻചോടു ചെറുശ്ശേരി-ഹരിജൻ കോളനി റോഡ്	X	1.200	3			✓
74	ആനക്കാംപൊയിൽ ഓടപ്പൊയിൽ റോഡ്	X	2.000	6			✓
75	ആനക്കാംപൊയിൽ G.L.P സ്ക്കൂൾ റോഡ്	X	0.300	3			✓
76	ആനക്കുഴി ഓടപ്പൊയിൽ റോഡ്	X	1.500	3			✓
77	മാവതുക്കൽ ആനക്കുഴി റോഡ്	X	1.500	3			✓
78	ആനക്കാം പൊയിൽ കളരിക്കൽ റോഡ്	XI	2.500	8	1.500		✓
79	കളരിക്കൽ തേമ്പാറ റോഡ്	XI	4.00	6			✓
80	കളരിക്കൽ മുത്തപ്പൻ റോഡ്	XI	1.500	8			✓
81	മുത്തപ്പൻ മറിപ്പുഴ റോഡ്	XI	3.00	8			✓
82	ആനക്കാംപൊയിൽ കരിമ്പ് റോഡ്	XI	3.00	8			✓
83	കരിമ്പ് പൂമരത്തിൽ കൊല്ലി റോഡ്	XI	3.00	6			✓
84	കരിമ്പ് കക്കാട്ടുപാറ റോഡ്	XI	2.00	3			✓
85	മുത്തപ്പൻപുഴ മേലെ മുത്തപ്പൻപുഴ	XI	2.00	4			✓
86	കാവുകലേൽ, കക്കാട്ടുപാറ റോഡ്	XI	1.200	4			✓
87	മുത്തപ്പൻപുഴ തേൻപാറ റോഡ്	XI	1.00	6			✓
88	കാവുങ്കലേൽ മാകുന്ന് റോഡ്	XI	1.00	3			✓
89	കരിമ്പ് പുന്നക്കുറ്റി റോഡ്	XI	2.100		4		
	Total	146.250	20.025	4.150	122.175		

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് P.W.D, റോഡുകൾ



4323



ഊർജ്ജം

പ്രധാനമായും വിറക്, വൈദ്യുതി, ചപ്പുചവറുകൾ മനുഷ്യ പ്രയത്നം, മൃഗങ്ങൾ മുതലായവയാണ് പഞ്ചായത്തിലെ പ്രധാന ഊർജ്ജ ശ്രോതസുകൾ.

വിറക് :-

പ്രാചീനകാലം മുതൽ യഥേഷ്ടം ലഭിച്ചിരുന്ന ഊർജ്ജ ശ്രോതസ്സാണ് വിറക് ഏതാണ്ട് 1980 വരെ ഇത് സുലഭമായിരുന്നു. നാണ്യ വിളകളുടെ വ്യാപനത്തോടു കൂടിയും മാവൂർ ഗ്വോളിയോർ റയൺസിന്റെ പ്രധാനപ്പെട്ട അസംസ്കൃത പദാർത്ഥം പടുമരങ്ങളായതുകൊണ്ടും വ്യാപകമായ രൂപത്തിൽ ഈ വസ്തുക്കൾ മുറിച്ച് കയറ്റിപോയതുകൊണ്ടും ഇന്ന് വിറകിന്റെലഭ്യത വല്ലാതെ അനുഭവപ്പെടുന്നുണ്ട്. ഇത് ഇപ്പോൾ ഒരു പരിധിവരെ പരിഹരിക്കുന്നത് തെങ്ങിന്റെ ഉല്പന്നങ്ങളും, റബ്ബർ മരങ്ങളിൽ നിന്നും ലഭിക്കുന്ന ചുരുങ്ങിയ വിറകും കൊണ്ടാണ്. സ്വന്തമായി കൃഷി ഭൂമി ഇല്ലാത്തവരും, സമൂഹത്തിലെ താഴെക്കിടയിലുള്ള വീട്ടമ്മമാരുമാണ് ഇതുമൂലം ക്ലേശിക്കുന്നത്. വെളുപ്പാൻ കാലത്ത് അടുത്തുള്ള റബ്ബർ, തെങ്ങിൻ തോപ്പുകളിൽ നിന്ന്വിറക് ശേഖരിക്കാൻ പരക്കം പായുന്ന സ്ത്രീകളെ ദിവസവും ഇവിടെ കാണാം. പാഴ്മരങ്ങൾ മുറിച്ച് നീക്കിയതുമൂലം സ്വന്തമായി കൃഷിഭൂമിയുള്ള കർഷകർ വരെ ഇന്ന് വിറകിന്റെ ക്ഷാമംമൂലം കഷ്ടപ്പെടുകയാണ് വനഭൂമിയോട് തൊട്ടുകിടക്കുന്ന കുടുംബങ്ങൾ വനത്തിൽ കടന്ന് വിറക് ശേഖരിക്കുന്നത് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ കർശനമായി വിലക്കിയിരിക്കുന്നു. റബ്ബർ എസ്റ്റേറ്റിൽ നിന്ന് വിറക് എടുക്കുന്നത് തോട്ടം ഉടമകൾ തടയുന്നത് കൊണ്ട് വിറകിന്റെലഭ്യത ഇന്ന് വളരെ രൂക്ഷമാണ്. നാണ്യ വിളകൾക്ക് നല്ല വില ലഭിക്കുന്നതുകൊണ്ട് വയലുകൾ മുഴുവൻ തോട്ടങ്ങളാക്കി മാറ്റപ്പെട്ടു . തൻമൂലം മൃഗപരിപാലനത്തിലും കുറവുണ്ടായി. ഇതുമൂലം ഊർജ്ജത്തിന്റെ മറ്റൊരു ശ്രോതസ്സിലും കുറവ് നേരിട്ടു.

വൈദ്യുതി : -

1961 -ൽ ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയെങ്കിലും ഇന്നും മുത്തപ്പൻ പുഴ,ആനക്കാം പൊയിൽ കളരിക്കൽ തേൻ പാറ, പൂമരത്തും കൊല്ലി, കൊടക്കാട്ടു പാറ, മേലെ പൊന്നാങ്കയം, ഓളിക്കൽ മുതലായ പ്രദേശങ്ങളിൽ വൈദ്യുതി പൂർണ്ണമായി എത്തിക്കാൻ സാധിച്ചിട്ടില്ല. കളരിക്കൽ കൊടക്കാട്ട് പാറ പ്രദേശത്തുകാർ മിനിമം ഗാരണ്ടി വെച്ച് വൈദ്യുതീകരണത്തിന് കാത്തിരിക്കുകയാണ്. പൂമരത്തും കൊല്ലി, ഓളിക്കൽ മേലെ പൊന്നാങ്കയം പ്രദേശങ്ങളിൽ വൈദ്യുതികരണത്തിനുള്ള സ്കീം പോലും ആയിട്ടില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും എണ്ണത്തിൽ കുറഞ്ഞതുമായ കുടുംബങ്ങൾ മാത്രം - 350-400 താമസിക്കുന്ന പൂമരത്തും കൊല്ലി പ്രദേശത്ത് ട്രാൻസ് ഫോർമർ സ്ഥാപിച്ച് വൈദ്യുതി വിതരണം നടത്തുന്നതിനുള്ള ചെലവ് വളരെ കൂടുതലാണ്. പ്രസ്തുത ചെലവ് മിനിമം ഗാരണ്ടിവെച്ച് ഗുണഭോക്താക്കൾ വഹിക്കണമെന്ന വ്യവസ്ഥ പ്രതിമാസം ഒരാൾക്ക് ഈ ആവശ്യത്തിൽ തന്നെ 380,400 രൂപയോളം ചെലവ് വരുത്തും. ഇതൊരു ഭാരിച്ച ബാധ്യതയാണ്. ഓളിക്കൽ കോളനിയിലേക്ക് 11 KV ലൈൻ വലിച്ച് ട്രാൻസ് ഫോർമർ സ്ഥാപിച്ച് വൈദ്യുതി വിതരണം മെച്ചപ്പെടുത്താനുള്ള ശ്രമം ചില സാങ്കേതിക കാരണങ്ങളാൽ ഇന്നും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതോടെ ഓളിക്കൽ ഉറുമി മുതലായ പ്രദേശങ്ങളിലേക്ക്വൈദ്യുതി എത്തിക്കുന്നതിനുള്ള ശ്രമം അടുത്തകാലത്തെങ്ങും നടക്കാതെയായി. സർക്കാർ തലത്തിൽ കോളനികളിൽ വൈദ്യുതി എത്തിക്കാൻ നടത്തുന്ന ശ്രമങ്ങളെ പരമാവധി ചൂഷണംചെയ്തു തൊട്ടടുത്ത പ്രദേശങ്ങളിലേക്കും വൈദ്യുതി എത്തിക്കാൻ ശ്രമം ആവശ്യമാണ്. ലൈൻ വലിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങളെ പഞ്ചായത്ത് തന്നെ മുൻകൈ എടുത്ത് തരണം ചെയ്യാൻ സഹായിക്കണം. പഞ്ചായത്ത് മുൻകൈ എടുത്ത് തടസ്സങ്ങൾ നീക്കി വൈദ്യുതി ലഭ്യമാക്കുമ്പോൾ മിനിമം ഗ്യാരണ്ടി വ്യവസ്ഥകൾക്ക് അയവുള്ളതുകൊണ്ട് ഒരു നിശ്ചിത കാലത്തേക്ക് പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ ലക്ഷം വീട് കോളനികളിൽ വൈദ്യുതി ലഭിച്ചിരുന്നുവെങ്കിലും പലരും പണം അടയ്ക്കാതിരുന്നതുമൂലം കണക്ഷൻ നഷ്ടപ്പെടുത്തി.2-ാം വാർഡിലെ ലക്ഷം കോളനികളിൽ തന്നെ ഇങ്ങനെ 10 ഓളം കുടുംബങ്ങളുണ്ട്. കണക്ഷൻ നിലവിൽ ഉണ്ടായിരുന്നെങ്കിൽ ഇന്നിവർക്ക് നിലവിൽ സൗജന്യമായി വൈദ്യുതി ലഭിക്കുമായിരുന്നു. പഞ്ചായത്തിൽ പുതുതായി വൈദ്യുതികരണ സ്കീമുകൾ തയ്യാറാക്കുമ്പോൾ ബോർഡിന്റെ അറിവും അംഗീകാരവും വേണമെന്ന വ്യവസ്ഥ ഉണ്ടാകമണം. അപ്രകാരമില്ലാത്തത് മൂലം കഴിവും സ്വാധീനവുമുള്ള മേഖല ആദ്യം മിനിമം ഗ്യാരണ്ടി വെച്ചാൽ ആ പ്രദേശത്ത് ആദ്യം വൈദ്യുതി ലഭിക്കും. ഇത് മൂലം മുൻഗണന അർഹിക്കുന്ന പ്രദേശങ്ങൾ പിൻതള്ളപ്പെടുപോകുന്നു.

ഗ്രാമപഞ്ചായത്ത് ബോർഡ് ചർച്ച ചെയ്തു ഇതിന് മുൻഗണന തീരുമാനിക്കണം. അപ്രകാരം നിശ്ചയിക്കുന്ന പണികൾ മുൻ ഗണനാ ക്രമത്തിൽ നടത്തുവാൻ ബോർഡിനോട് നിർദ്ദേശിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടാവണം. നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിക്കുന്ന രീതി ഒഴിവാക്കണം. അയ്യായിരത്തിനാൽപ്പത്തിയേഴ് കുടുംബങ്ങളുള്ള ഈ പഞ്ചായത്തിൽ വൈദ്യുതി എത്തി 35 കൊല്ലം കഴിഞ്ഞിട്ടും 2931 കുടുംബങ്ങൾക്കേ വൈദ്യുതി ലഭിച്ചിട്ടുള്ളൂ. ലഭിച്ചവർക്കു തന്നെ സന്ധ്യാ സമയങ്ങളിൽ മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. വോൾട്ടേജ് ക്ഷാമം അത്ര രൂക്ഷമാണ്. കോഴിക്കോട്ട് നല്ലളത്തു നിന്ന് വരുന്ന വൈദ്യുതി തിരുവമ്പാടിയുടെ സമീപത്തുകൂടി കടന്നു താമരശ്ശേരി 66 K.V സബ്സ്റ്റേഷനിൽ എത്തി അവിടെ നിന്നും 15 കിലോമീറ്റർ അകലെയുള്ള തിരുവമ്പാടിയിലെത്തുന്നത് ഏതാണ്ട് 27 കിലോമീറ്റർ ചുറ്റിയാണ്. ഇത് വോൾട്ടേജ് ക്ഷാമത്തിന് ഒരു പ്രധാന കാരണമാണ്. വൈദ്യുതികരിച്ച വീടുകൾക്ക് ലഭിക്കുന്ന 2 ലിറ്റർ മണ്ണെണ്ണ പോലും ഇന്ന് അവർക്ക് അപര്യാപ്തമായിരിക്കുകയാണ്

ഈ പഞ്ചായത്തിൽ KSEB യുടെ ഒരു സെക്ഷൻ ഓഫീസ് 1986 ൽ പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഉൽഘാടന വേളയിൽ തന്നെ ഇതൊരു മേജർ സെക്ഷൻ ആക്കുന്ന കാര്യം അന്നത്തെവൈദ്യുതി വകുപ്പുമന്ത്രി K.M. മാണി തന്നെ സൂചിപ്പിരുന്നതാണ്. തിരിവമ്പാടി, ഓമശ്ശേരി കൂടരഞ്ഞി പഞ്ചായത്തുകളിലെ മുഴുവൻ ആവശ്യത്തിനുമായി പ്രവർത്തിക്കുന്ന ഈ സെക്ഷൻ ഓഫീസ് ഇന്നും നിരവധി ബുദ്ധിമുട്ടുകളെ നേരിടുന്നു. ജീവനക്കാരുടെ കുറവ്, വാഹനം ഇല്ലായ്മ, സാധന സാമഗ്രികൾ യഥാസമയം ആവശ്യത്തിന് ലഭിക്കാതിരിക്കുക എന്നിവ പ്രധാനപ്പെട്ടവയാണ്.പ്രധാനപ്പെട്ട പല കാര്യങ്ങൾക്കും ഈ പഞ്ചായത്തിലെ ആളുകൾ കുന്ദമംഗലം മേജർ സെക്ഷനെ ആശ്രയിക്കേണ്ടി വരുന്നു. തിരുവമ്പാടി പഞ്ചായത്തിൽ ഇന്ന് 2931 ഗാർഹിക കണക്ഷനും, 685 വ്യാപാരകണക്ഷനും, 46 ചെറുകിട വ്യവസായിക കണക്ഷനും, 181 കാർഷിക ആവശ്യത്തിനുള്ള കണക്ഷനും നിലവിലുണ്ട്. നിലവിൽ 19 ട്രാൻസ്ഫോർമറും, 37 കിലോമീറ്റർ 11 KV ലൈനും ഉണ്ട്. വൈദ്യുതി കൂടാതെ 300 ഓളം കുടുംബങ്ങൾ പാചക വാതകം ഉപയോഗിക്കുന്നതായി മനസ്സിലാക്കുന്നു. എന്നാൽ പലരുടെയും കണക്ഷൻ മറ്റൊരിടെയൊ ഉള്ള മേൽവിലാസങ്ങളിലാണ്. അംഗീകൃത ഏജൻസികൾ ഇവിടെയില്ലായെന്നുള്ളത് ഗുണഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. കൂടുതലായിട്ടുള്ള ആവശ്യക്കാരെയും വിഷമിപ്പിക്കുന്നു. ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഡീസലും മണ്ണെണ്ണയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഏതാനും പമ്പ് സെറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. കൽക്കരി ഒരു ഇന്ധനമായി ഇവിടെ ഉപയോഗിക്കുന്നില്ല. മരക്കരി ഇന്ധനമായി ഉപയോഗിക്കുന്ന ചിലഹോട്ടലുകളും, പണിശാലകളും ഇവിടെയുണ്ട്. മുത്തപ്പൻപുഴ ഭാഗത്ത് ജല സ്രോതസ്സ് ഉപയോഗപ്പെടുത്തി ചില കുടുംബങ്ങൾ വൈദ്യുതി ഉല്പാദിപ്പിച്ച് ഗാർഹിക ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നു. സൗരോർജ്ജം ഉത്തേ ഉപയോഗിക്കപ്പെടുത്തി കൊണ്ടുള്ള വിളക്കുകളും നാമമാത്രമായി ഇവടെയുണ്ട്. പഞ്ചായത്തിൽ 50-ൽപരം ഗോബർ ഗ്യാസ് പ്ലാന്റ് നിലവിൽ ഉണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ ശ്രദ്ധ പതിപ്പിക്കുന്ന അവസ്ഥ നില നിൽക്കുന്നില്ല. ഗവൺമെന്റ് ഈ മേഖലയിൽ നിരവധി സൗജന്യങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വിറകിന്റെ ലഭ്യത കുറവ്, വില വർദ്ധനവ്, വനപ്രദേശത്തു നിന്നും തോട്ടങ്ങളിൽ നിന്നുംവിറക് ശേഖരിക്കാൻ സമ്മതിക്കാത്ത അവസ്ഥ
2. പാചക വാതകത്തിന്റെ ലഭ്യത കുറവ്
3. വോൾട്ടേജിന്റെ ക്ഷാമം
4. ഇടയ്ക്കിടെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ
5. സമ്പന്നരും , ഗൾഫുകാരും വ്യാപകമായി സ്റ്റെബിലൈസർ ഉപയോഗിക്കുന്നത് കൊണ്ടുള്ള പ്രശ്നങ്ങൾ.

പ്രതിവിധികൾ :-

1. ചിലവ് കുറഞ്ഞ ഇന്ധന ക്ഷമതയുള്ള പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം. ഇതിലേയ്ക്ക് പ്രാദേശികമായി പരിശീലനം കൊടുക്കുകയും ഇതിന് കൊടുക്കുന്ന സബ്സിഡി കലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്യുക. വീടിന്റെ പ്ലാൻ അംഗീകരിച്ച് കൊടുക്കുന്നതോടൊപ്പം സാനിട്ടറി സാദ്ധ്യതകൾ നിർബ്ബന്ധിക്കുന്നതുപോലെ തന്നെ പുകയില്ലാത്തഅടുപ്പ് വേണമെന്ന വ്യവസ്ഥ നിർബന്ധമാക്കണം. പ്രഷർകുക്കർ മാതിരിയുള്ള ഉപകരണങ്ങളുടെ പ്രചരണം വ്യാപകമാക്കുക. വിറക് ഉല്പാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണ പരിപാടി ശക്തമായി നടപ്പിലാക്കുക. ഇതിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തുക. ഈ പഞ്ചായത്തിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളെല്ലാം ഉപയോഗപ്പെടുത്തുക.
2. പ്രസരണ ശേഷി നഷ്ടപ്പെടുത്തുന്ന വിധം വൈദ്യുത ലൈനിൽ തട്ടുന്ന വൃക്ഷശാഖകളും മറ്റുംമുറിച്ചു നീക്കുന്നതിനും സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുവാൻ വളരെയധികം സാദ്ധ്യതയുണ്ട്. നേതൃത്വപരമായ പങ്ക് വഹിക്കണമെന്ന് മാത്രമെയുള്ളൂ.
3. തിരുവമ്പാടി ആസ്ഥാനമാക്കി 66 K.Vസബ് സ്റ്റേഷൻ സ്ഥാപിക്കുക. അഗസ്ത്യാം മുഴിയിൽനിന്നും വെറും 4

കിലോ മീറ്റർ ദൂരം മാത്രമെ തിരുവമ്പാടിയിലേയ്ക്കുള്ളു. ഇതിന്റെ പ്രയോജനം സമീപ പഞ്ചായത്തുകളായ കോടഞ്ചേരി, ഓമശ്ശേരി, കൂടരഞ്ഞി, മുക്കം, കാരശ്ശേരി, കൊടിയത്തൂർ പഞ്ചായത്തുകൾക്കും കൂടി ലഭ്യമാക്കാവുന്നതാണ്.

4. താമരശ്ശേരി സബ് സ്റ്റേഷനിൽ നിന്ന് തിരുവമ്പാടിയിലേക്ക് വൈദ്യുതി എത്തുന്ന 11 KVലൈനിന്റെ ദൈർഘ്യം കുറച്ച് വേനപ്പാറ, കല്ലുരുട്ടി, താഴെ തിരുവമ്പാടിയുമായി ബന്ധിപ്പിക്കുന്ന പണി വേഗം പൂർത്തിയാക്കുക. ഇതിന് പഞ്ചായത്തിന് മുൻകൈ എടുക്കാവുന്നതാണ്. കൂടാതെ പുല്ലൂരാംപാറ, തിരുവമ്പാടി, ഇരുമ്പകംലൈൻ, നീലേശ്വരം എസ്റ്റേറ്റിൽ എത്തി നിൽക്കുന്ന ലൈനുമായി ബന്ധിപ്പിക്കാനുള്ള പണിക്ക് ഭരണാനുമതി ലഭിച്ചെങ്കിലും എസ്റ്റേറ്റിന്റെ തടസ്സം മൂലം തുടങ്ങാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്ത് മുൻകൈ എടുത്ത് ഇത് പരിഹരിക്കാവുന്നതേയുള്ളു. ഇപ്രകാരം ലൈൻ വന്നാൽ ഇടയ്ക്കിടെ വൈദ്യുതി മുടങ്ങുന്നത് നല്ല ഒരു ശതമാനം ഒഴിവാക്കാൻ സാധിക്കും. മേൽപ്പറഞ്ഞരണ്ട് ജോലികളും സമയ ബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി ആവശ്യമാണ്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും പാസ്സായി കിടക്കുന്നതുമായ 3 ഫേയ്സ് ലൈൻ പണികൾ വേഗത്തിൽ പൂർത്തിയാക്കണം പഞ്ചായത്തിലെ ഗുരുതരമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഇത് വളരെ ആവശ്യമാണ്. ആവശ്യമായ സാധന സാമഗ്രികൾ ലഭിക്കുന്നതിനുള്ള കാലതാമസവും. ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങളും പരിഹരിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട മേഖലകളിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമാണ്.

5. വോൾട്ടേജ് ക്ഷാമം ഗുരുതരമായി അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പുല്ലൂരാം പാറ ലക്ഷംവീട് കോളനി പൊന്നാങ്കയം, പുന്നക്കൽ പ്രദേശം മുഴുവനും. ക്ഷാമം പരിഹരിക്കാൻ പുല്ലൂരാംപാറയിൽ നിന്ന് 2.6 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ വളരെ വേഗം പൂർത്തീകരിക്കുക. പുല്ലൂരാം പാറ ലക്ഷം വീട് കോളനി ഭാഗത്ത് നിലവിലുള്ള 11 കെ. വി. ലൈൻ സ്ഥാപിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് 3 ഫേയ്സ്ലൈനാക്കി മാറ്റുക. തിരുവമ്പാടി പുല്ലൂരാംപാറ ലൈനിൽ 11 കെ. വി. ലൈൻ സ്ഥാപിച്ച് കറ്റ്യാട് ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് സിംഗിൾ ഫേയ്സ് ലൈൻ 3 ഫേയ്സ് ലൈനാക്കുക. അമ്പലപ്പാറ, വഴിക്കടവ് പാമ്പിഴഞ്ഞപാറ തിണ്ടുർക്കണ്ടി ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കും. വോൾട്ടേജ് കുറഞ്ഞ സ്ഥലങ്ങളിൽ പ്രത്യേകിച്ച് പാമ്പിഴിഞ്ഞം പാറയിൽ ഒരുട്രാൻസ് ഫോർമർ സ്ഥാപിച്ച് ക്ഷാമം പരിഹരിക്കാം. ഇവിടെയുള്ള ശുദ്ധജല പദ്ധതിക്കും ഉപയോഗപ്പെടുത്താം. K.S.E.Bപലപ്പോഴും പറയുന്ന തടസ്സങ്ങൾ പഞ്ചായത്തുകൾ മുൻകൈഎടുത്തു പരിഹരിക്കാൻ ശ്രമിക്കണം. പുതിയതായി ലൈൻ വലിക്കുമ്പോൾ പ്രത്യേകിച്ചും 11 കെ.വി. ലൈൻ വലിക്കുമ്പോഴുണ്ടാകുന്ന തടസ്സങ്ങൾ പഞ്ചായത്ത് ഇടപെട്ട് പരിഹരിക്കേണ്ടതാണ്. ഇപ്പോൾ മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് നൽകുന്ന പ്രതിഫല സംഖ്യ വർദ്ധിപ്പിക്കണം. ചുരുങ്ങിയത് ഇന്നുള്ളതിന്റെ 3 ഇരട്ടിയെങ്കിലും നൽകണം. വൈദ്യുതി പ്രശ്നവുമായി ബന്ധപ്പെടുത്തേ തിരുവമ്പാടിയിൽ പഞ്ചായത്ത് തല വികസന സമിതി രൂപപ്പെടുത്താവുന്നതാണ്.

6. തിരുവമ്പാടി മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തണം. ഇവിടുത്തെ പ്രത്യേക പരിസ്ഥിതി കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ ഏർപ്പെടുത്തുകയും ഒരു വാഹനം ലഭ്യമാക്കുകയും വേണം.

7. നിശ്ചിത അളവിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വൈദ്യുതി സെസ്സ് ഏർപ്പെടുത്തണം. ഇത് പഞ്ചായത്തിന് വരുമാനമാകും. ഇതുമൂലം അനാവശ്യ ഉപയോഗം കുറയുകയും ചെയ്യു. 10ഉം 15ഉം H.Pപമ്പ് സെറ്റുകൾ വെച്ച് പറമ്പ് തോടാക്കി മാറ്റുന്ന കർഷകരിൽ നിന്ന് വൈദ്യുതി, ജല നികുതി ഈടാക്കാം. വൈദ്യുതി ചാർജ്ജ് കർഷകർക്ക് സൗജന്യമാക്കുന്ന സാഹചര്യത്തിൽ ഒരു ചെറിയ സെസ്സ് പഞ്ചായത്ത് തലത്തിൽ ചുമത്താവുന്നതാണ്.

8. ആനക്കാംപൊയിൽ മുത്തപ്പൻപുഴ ഭാഗത്ത് വിജയകരമായി പ്രവർത്തിക്കുന്ന ജലശ്രോതസ്സുമായി ബന്ധപ്പെടുത്തി ബാറ്ററി ചാർജ്ജിങ്ങ് പരിപാടി കുറെകൂടി വിപുലീകരിക്കാനുള്ള സാധ്യത ആരാഞ്ഞ് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9. ആനക്കാംപൊയിലിലും പൂവ്വാറംതോട്ടിലും (കുന്നീദേവി) സാധ്യതയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ അടിയന്തര നടപടി കൈകൊള്ളാൻ മുൻകൈ എടുക്കണം. ഇതിന് പുറമെ വെള്ളരിമല ജലശ്രോതസ്സിൽ നിന്ന് വൈദ്യുതിഉല്പാദിപ്പിക്കാൻ തീവ്രശ്രമവും പഠനവും ആവശ്യമാണ്.

10. വൈദ്യുത ക്ഷാമം രൂക്ഷമായ സംസ്ഥാനം എന്ന നിലയിലും, അതിന്റെ ഭാഗമായ നമ്മളും പാരമ്പര്യേതര ഊർജ്ജം പരാമാവധി ഉപയോഗപ്പെടുത്താൻ താല്പര്യം കാണിക്കണം. പ്രത്യേകിച്ചും സാമ്പത്തികമായി ഉയർന്ന് നില്ക്കുന്നവർ. ഇതിനാവശ്യമായ പ്രചാരണവും ബോധവൽക്കരണവും പഞ്ചായത്ത് തലത്തിൽ ശക്തമാക്കാവുന്നതാണ്. ഇതിന് അനർട്ട് മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെടാവുന്നതാണ്. കൂടാതെ കാർഷികാവശ്യത്തിന് മണ്ണെണ്ണ കൂടുതലായി ഉപയോഗിക്കുന്ന പമ്പ് സെറ്റുകൾ പ്രചാരത്തിൽകൊണ്ടുവരണം.

മാർക്കറ്റ്

ആധുനിക കാലഘട്ടത്തിൽ മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള വ്യാപനങ്ങളും മാർക്കറ്റുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പുത്തൻ കമ്പോള സംസ്ക്കാരം തന്നെ ആഗോള വ്യാപകമായി രൂപപ്പെട്ടുവരുന്ന കാല ഘട്ടത്തിലാണ് നാം ജീവിക്കുന്നത് അതിനനുസരിച്ച് നമ്മുടെ മാർക്കറ്റുകളും അവയുടെ സ്വഭാവത്തിനും മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാല ഘട്ടങ്ങളിൽ മാർക്കറ്റുമായി ബന്ധപ്പെട്ടുകൊണ്ട് യാതൊന്നും തിരുവമ്പാടിയിൽ ഉണ്ടായിരുന്നില്ല. തിരു വമ്പാടിയിലെ ആദ്യത്തെ വിപണന ഉല്പന്നം തടിവ ലിക്കാൻ ഉപയോഗിച്ച "വക്ക" ഉണ്ടാക്കുന്നതിനുള്ള കെട്ട് നാര് അഥവാ കൈയ്യൂന്നം ആയിരുന്നു. ഈ വസ്തു ഇന്ന് അന്യം നിന്നിരിക്കുന്നു. മുക്കം അങ്ങാടിയെ ആശ്രയിച്ചു കൊണ്ടുള്ള ക്രയവ്രിക്രയങ്ങളാണ് നടന്നിരുന്നത്. കൃഷിക്കാർ തങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങിത ലചുമടായി കൊണ്ടുവരുകയായിരുന്നു. കുട്ടിയസ്സൻ, പരേറ്റുകുഴി അബ്ദുള്ള, കരിമ്പനക്കണ്ടി മമ്മത് തുടങ്ങി യവരുടെ ചെറിയ ചെറിയ കുമ്മുട്ടികളും ചായമക്കാനിയും 1950 കളുടെ ആദ്യപാദത്തിൽ തിരുവമ്പാടിയിൽ വന്നു. തുടർന്ന് വെള്ളാരം കുന്നേക്കാരുടെ നിത്യോപയോഗ സാധ നങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനവും ആരംഭിച്ചു. തോണിയിലൂടെ സാധനങ്ങൾ കൊണ്ടുവരുകയും കൊണ്ടു പോകുകയും ചെയ്യുന്ന അവസ്ഥ റോഡുകളുടെ ആവിർ ഭാവത്തോടുകൂടി തിരുവമ്പാടിക്ക് അന്യമായി. പഞ്ചാ യത്തിൽ കടത്തുതോണികൾ അഗസ്ത്യൻമുഴിക്കടവിലും, ചക്കനാരികടവിലും, സിലോൺകടവിലും, ചേപ്പലങ്ങോട്ട് കടവിലും മഴക്കാലത്ത് ആളുകളെ അക്കരെയിക്കരെ എത്തിക്കുന്നതിന് മാത്രം ഉപയോഗിക്കുന്നു. ഇതിൽ അഗ സ്ത്യാംമുഴിക്കടവ് വളരെ പ്രധാനപ്പെട്ടതാണ്.

റോഡുകളുടെ വർദ്ധനവിനനുസരിച്ച് മാർക്കറ്റിങ്ങ് സംവിധാനത്തിലും മാറ്റങ്ങൾ പ്രത്യക്ഷമായി തുടങ്ങി. ഇതിന്റെ ഫലമായി ആനക്കാം പൊയിൽ, പുല്ലൂരാം പാറ, പള്ളിപ്പടി, പൂന്നക്കൽ, അത്തിപ്പാറ, പാമ്പ് ഴിഞ്ഞംപാറ, ഇരുമ്പുകൂ, താഴെതിരുവമ്പാടി , തിരുമ്പാടി ഇവിടെങ്ങളിലെല്ലാം നിരവധി ചെറുകിട വ്യാപാര വ്യവ സായ സ്ഥാപനങ്ങൾ നിലവിൽ വന്നു. പഴയ കാലങ്ങ ളിൽആഴ്ച ചന്തകളാണ് ഉണ്ടായിരുന്നതെങ്കിലും ഇന്ന് തിരു വമ്പാടിയിൽ ദിവസവും ചന്തയാണ്. പ്രതിദിനം തിരു വമ്പാടി പഞ്ചായത്തിലെ ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ വാങ്ങലും കൊടുക്കലും നടക്കുന്നുണ്ട്. ഇതിന്റെറയൊരു വ്യക്തമായ കണക്ക് ശേഖരിക്കാൻ കഴിയുകയില്ല. ചില മേഖലകളിൽ മൊത്തക്കച്ചവടവും നടക്കുന്നുണ്ട്. ഇതിന്റെറയൊരു വ്യക് തമായ കണക്ക് ശേഖരിക്കാൻ കഴിയുകയില്ല. ചില മേഖ ലകളിൽ മൊത്തക്കച്ചവടവും നടക്കുന്നുണ്ട്. മലപ്പുറം ജില്ല യിൽ നിന്ന് കച്ചവടം ഉപജീവനമായി മാറ്റിയവർ ആഴ്ച യിലൊരു ദിവസം സാധനങ്ങളുമായി തിരുവമ്പാടിയി ലെത്തി കച്ചവടം നടത്തിതിരിച്ച് പോകുമായിരുന്നു. ഇന്നും മൺപ്രാതങ്ങൾ, കിടക്കകൾ, മൺഭരണികൾ തുടങ്ങിയ സാധനങ്ങളെല്ലാം കച്ചവടം തൊഴിലായി സ്വീകരിച്ചിട്ടുള്ള ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ടവർ വീടുകളിൽ കൊണ്ടു നടന്നു വില്പന നടത്തി വരുന്നുണ്ട്. ഈറ്റയിൽ മണ്ണെണ്ണ നിറച്ച് തുണികൊണ്ടടച്ച് വെളിച്ചത്തിന് വേണ്ടി വില്പന നടത്തിയിരുന്ന സൂറുംകുറ്റി, ഓലച്ചൂട്ട് എന്നിവയുടെ സ്ഥാ നത്ത് ഇന്ന് ഇലക്ട്രിക് സ്റ്റോറേജ് ലൈറ്റുകൾ സ്ഥാനം പിടിച്ചിരിക്കുന്നു. കാർഷിക മേഖലയുടെ വളർച്ചയോടു കൂടിയാണ് കേരളമലനാട് മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം തിരുവമ്പാടിയിൽ ആരംഭിച്ചത്. ഇന്ന് തിരു വമ്പാടി അങ്ങാടിയിൽ ബഹുനില കെട്ടിടങ്ങളിൽ ചെറുതും വലുതുമായ നിരവധി വ്യാപാര സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പിന്നിലുള്ള ലക്ഷ്യം കാർഷിക മേഖലയെ പരാമാവധി ചൂഷണം ചെയ്യുകയും അത്വഴി തൊഴിലും ലാഭവും ഉണ്ടാക്കുകയുമാണ്. ഉല് പാദകരും ഉപഭോക്താക്കളും ഒരുപോലെ ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന മേഖലയാണ്ഇന്നത്തെ സ്വകാര്യ കച്ചവട ശൃംഖല. ഉല്പാദകന് യഥാർത്ഥവില ലഭിക്കാതി രിക്കുക, കച്ചവട മേഖലകളിലെല്ലാം ഇത് പ്രകടമായി കാണാം. ഇന്ന് നമ്മുടെ മാർക്കറ്റുകളെ നിയന്ത്രിക്കുന്നതു പോലും വൻനഗരങ്ങളിലും പട്ടണങ്ങളിലുമുള്ള വ്യാവ സായിക ലോബികളാണ്. ഊഹകച്ചവടവും ഷെയർ മാർക്കറ്റുകളും വ്യാപകമാകുന്നുണ്ട്. കൃഷിമേഖല മാർക്കറ്റിനെ അടിസ്ഥാനമാക്കി ഭക്ഷ്യവിളകളുടെ ഉല്പാ ദനത്തിൽ നിന്നും നാണ്യവിളകളിലേയ്ക്കും മറ്റു രംഗങ്ങ ളിലേയ്ക്കും മാറി കൊണ്ടിരിക്കുന്നു. ഇത്തരം അപകടക രമായ സമീപനങ്ങളിൽ നിന്നും ആരോഗ്യകരമായ ഒരു മാർക്കറ്റിങ്ങ് സമ്പ്രദായം നാം രൂപപ്പെടുത്തേണ്ടതുണ്ട്.

1980 കാലഘട്ടം മുതൽ നമ്മുടെ പഞ്ചാ

യത്തിൽ നാണ്യവിളകളുടെ ഉല്പാദനത്തിൽ ഒരു വമ്പിച്ചകുതിച്ചു കയറ്റം ഉണ്ടായിട്ടുണ്ട്. പഴയ കച്ചവട സ്ഥാപനങ്ങളെല്ലാം പുതുക്കി വൻകെട്ടിട സമുച്ചയങ്ങളായി തിരുവമ്പാടി പഞ്ചായത്തിൽ രൂപാന്തരപ്പെട്ടിട്ടുണ്ട്. ദീർഘ വീക്ഷണവും വേണ്ടത്രപ്ലാനും ഇല്ലാതെ നിർമ്മിച്ചിട്ടുള്ള ഇത്തരം കെട്ടിടങ്ങൾ പരിസ്ഥിതി പ്രശ്നങ്ങളും ഗതാഗതക്കുരുക്കുകളും സൃഷ്ടിക്കുന്നു. പഴയകാല കച്ചവടക്കാരെ പിൻതള്ളി പുത്തൻ കച്ചവട സംഘങ്ങൾ തിരുവമ്പാടി മാർക്കറ്റിനെ കൈയ്യടക്കിയിരിക്കുന്നു.

ഇങ്ങനെ ആണെങ്കിൽപ്പോലും നാണ്യവിളകളുടെ സംഭരണത്തിന് മതിയായ രൂപത്തിലുള്ള ഫലപ്രദമായ മാർക്കറ്റിങ്ങ് സംവിധാനം ഇന്നും തിരുവമ്പാടിയിലില്ല. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഗോഡൗണുകൾ സ്വകാര്യമേഖലയിലോ പൊതു മേഖലയിലോ, നിലവിലില്ല. ആവശ്യമായ സ്ഥലം കണ്ടെത്തി ഇത് പരിഹരിക്കാൻ കഴിഞ്ഞാൽ മാർക്കറ്റിങ്ങ് മേഖലയിൽ പുതിയ മുന്നേറ്റം ഉണ്ടാക്കാം.

പ്രശ്നങ്ങൾ

കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക നാണ്യവിളകളുടെ വിപണനത്തിൽ ശക്തമായ പൊതു ഏജൻസി ഇല്ല.

കാർഷിക മേഖലയിൽ സാമ്പത്തിക കുതിച്ചു ചാട്ടത്തിന്റെ ഭാഗമായി രൂപം കൊണ്ട പുത്തൻ ഉപഭോഗ സംസ്കാരം ഈ പഞ്ചായത്തിൽ സജീവമാണ്. തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു പൊതു മാർക്കറ്റ് ഇവിടെ നിലവിലില്ല.

സാധ്യതകൾ

1. കാർഷിക നാണ്യ വിളകകളുടെ വിപണനത്തിന് റഗുലേറ്റഡ് മാർക്കറ്റ് ആരംഭിക്കാവുന്നതാണ്.
2. പച്ചക്കറി, മത്സ്യം, മാംസം എന്നിവയ്ക്കുവേണ്ടി സ്ഥിരം സ്റ്റാളുകൾ ഏർപ്പെടുത്തുകയും, സാധനങ്ങളുടെ ഗുണനിലവാര സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക.
3. ഉപഭോഗ വസ്തുക്കളുടെ ആധുനിക ഷോറൂമുകൾ സ്വകാര്യമേഖലയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത്വഴി ഈ ആവശ്യങ്ങൾക്കായി മറ്റ് പല സ്ഥലങ്ങളിൽ ചെലവഴിച്ചു കൊണ്ടിരിക്കുന്ന തുക ഇവിടെത്തന്നെ ഉപയോഗിക്കുവാൻ സാധിക്കും.
4. കച്ചവട സ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കണം.
5. കൺ സ്യൂമർ സ്റ്റോറുകളുടെ സ്ഥാപനവും അവയുടെ നടത്തിപ്പും ഫലപ്രദവും, കുറ്റമറ്റതുമാക്കുക.

പഞ്ചായത്തിൽ നിലവിലുള്ള P.W.D റോഡുകൾ

നമ്പർ റോഡിന്റെ പേര് വാർഡ് എന്നീ ക്രമത്തിൽ

P-1 തിരുവമ്പാടി - മങ്ങാംകടവ് റോഡ് **I**
P-2 തിരുവമ്പാടി-തൊണ്ടിമ്മൽ - അഗസ്ത്യൻമുഴി റോഡ് **I,II**
P-3 തോട്ടത്തിൻ കടവ് - തിരുവമ്പാടി റോഡ **III,Iv,VII**
P-4 തിരുവമ്പാടി പുല്ലൂരാംപാറ - ആനക്കാംപൊയിൽ റോഡ് **III**
P-5 തിരുവമ്പാടി - കൂടരഞ്ഞി റോഡ് **III**
P-6 തിരുമ്പാടി-തമ്പലമണ്ണ - കോട്ടഞ്ചേരി റോഡ് **III,IV**
P-7 പുല്ലൂരാംപാറ-പുന്നക്കൽ-കൂടരഞ്ഞി റോഡ് **VIII,VII,VI**

പഞ്ചായത്ത് റോഡുകൾ റോഡിന്റെ പേര്

I

2 പേക്കാവ് - ചാലിൽതൊടികറോഡ്
3 തൊങ്ങിമ്മൽ -ഗേറ്റുവെഴി റോഡ്
4 തൊങ്ങിമ്മൽ - ഇരുന്ന കുഴിറോഡ്
5 തൊങ്ങിമ്മൽ - സ്കൂൾവഴി - മൈലാടംപാറ - ഇരുന്നംകുഴിറോഡ്
6 അഗസ്റ്റ്യൻ മുഴികടവ് - വെള്ളരിച്ചാൽ റോഡ്
7 തൊങ്ങിമ്മൽ - തൊങ്ങിമ്മൽ കടവ് റോഡ്

II

1 തിരുവമ്പാടി - അമ്പലപ്പാറ - തോട്ടത്തിൽ കടവ് റോഡ്
2 പോലീസ്സ്റ്റേഷൻ - മറിയപ്പുറം ക്രോസ് റോഡ്
3 തോട്ടത്തിൽ കടവ് - കുണ്ടേ്യാട്ട് കടവ് - കല്ലായി റോഡ്
4 താഴെതിരുവമ്പാടി- കല്ലായി കടവ് റോഡ്
5 തേറ്പരമ്പ് ഹരിജൻ കോളനിറോഡ്

III

1 തിരുവമ്പാടി - മറിയമുക്കം - കക്കുണ്ട് റോഡ്
2 കക്കുങ്ങ് - മണ്ണഞ്ഞി - തീണ്ടൂർ കണ്ടി റോഡ്
3 തിരുവമ്പാടി - ചെപ്പിലകോട്ട് റോഡ്
4 പള്ളിക്കുന്ന് - ചേപ്പിലികോട് റോഡ്
5. തിരുവമ്പാടി - മാർക്കറ്റ് റോഡ്
6. മറിയപ്പുറം ഹരിജൻ കോളനി റോഡ്

IV

1. ഇരുമ്പകം - ഇലഞ്ഞിക്കൽ റോഡ്
2. ഇലഞ്ഞിക്കൽ - ലക്ഷം വീട് കോളണി - തോട്ടം സൈഡ് റോഡ്
3. ആഞ്ഞിപ്പാറ - തമ്പലിമണ്ണ റോഡ്
4. ആഞ്ഞിപ്പാറ - ഇരുവത്തിപ്പുഴ റോഡ്

5. കാളിയാവും - പാലിക്കടവ് - ഇരുമ്പകം റോഡ്
6. ഇരുമ്പകം - തുമ്പക്കോട് ശ്രീകൃഷ്ണഗിരി ക്ഷേത്രം റോഡ്
7. അത്തിപ്പാറ - പാലിക്കടവ് റോഡ്

V

1. തിരുവമ്പാടി - പുന്നക്കൽ റോഡ്
2. ഹൈസ്കൂൾപ്പടി - പുന്നക്കൽ ലിങ്ക് റോഡ്
3. പെരുമാലിപ്പടി - പാലക്കടവ് റോഡ്
4. പെരുമാലിപ്പടി - പാലക്കടവ് റോഡ്
5. ഒറ്റപ്പൊയിൽ - ചവലപ്പാറ റോഡ്
6. നെല്ലാനിച്ചാൽ - ഒറ്റപ്പോയിൽ റോഡ്
7. തറിമറ്റം -കാരാട്ടുപാറ റോഡ്
8. ചവലിപ്പാറ-കരിയാത്തൻ മല റോഡ്

നാല്പതുമേനി - പാമ്പിഴഞ്ഞപാറ റോഡ്

10 തറിമറ്റം, കരിയാത്തൻ മല റോഡ്.

VI

1. പുന്നക്കൽ - കാരാട്ടുപാറ റോഡ്
2. പുന്നക്കൽ - ഉറുമി റോഡ്
3. പുന്നക്കൽ - മധുരമാല റോഡ്
4. പുന്നക്കൽ - ഓളിക്കൽ ക്രോസ് റോഡ്
5. പുന്നക്കൽ - ഓളിക്കൽ റോഡ്
6. ഓളിക്കൽ പൂവ്വാറം തോട് റോഡ്
7. പുന്നക്കൽ - ചളിപ്പൊയിൽ റോഡ്
8. ചളിപ്പൊയിൽ - ചേരിറോഡ്

VII

1 കാളിയാംപുഴ പൊന്നങ്കായം റോഡ്
2. വഴിക്കടവ് - പൊന്നങ്കായം റോഡ്
3. പൊന്നങ്കയം - കരിയാത്തൻപാറ റോഡ്
4. ചളിപ്പൊയിൽ - കരിയാത്തൻപാറ റോഡ്
5. വേങ്ങാനത്ത് വഴി -കാടോത്തിമല റോഡ്
6. അമ്പലപ്പടി - കരിയാത്തൻപാററോഡ്
7. പൊന്നങ്കയം - മേമല - അമ്പലപ്പടി റോഡ്
8. പൊന്നങ്കയം-ശ്രീനാരയണപുരം റോഡ്
10. താബലപ്പടി - കാദേത്തിമല റോഡ്

VIII

1. പുല്ലൂരാംപാറ ഹൈസ്കൂൾ പടി-പൊന്നങ്കയം റോഡ്
2. പുല്ലൂരാംപാറ - പന്തലാടിക്കൽ റോഡ്
3. പുല്ലൂരാംപാറ - പത്താഴപ്പാറ റോഡ്
4. എലത്തുകടവ് പാലം പ്രോച്ച് റോഡ്
5. എലത്തുകടവ് - പത്താഴപ്പാറ റോഡ്
6. പുല്ലൂരാംപാറ കൊടക്കട്ടപ്പാറ

IX

1. പുല്ലൂരാംപാറ-ചെറുശ്ശേരി (ജോയി) റോഡ്
2. കൊടക്കാട്ടുപാറ - മേലെപൊന്നാങ്കയം ആദിവാസി കോളനി റോഡ്
3. പൊന്നാങ്കയം - മേമല അമ്പലപ്പടി-ആദിവാസികോളണി റോഡ്
4. കൊടക്കാട്ട്പാറ - K.P എസ്റ്റെയിറ്റ് റോഡ്
5. തരിപ്പപ്പൊയിൽ മേലെ കൊടക്കാട്ടു പാറ റോഡ്
6. തരിപ്പപ്പൊയിൽ - നാരങ്ങാപ്പാവ് റോഡ്

X

1. മാവിൻചോട് - ചെറുശ്ശേരി (ഹരിജൻ കോളനി റോഡ്)
2. മാവുതുക്കൽ, ചെറുശ്ശേരി റോഡ്
3. മാവുതുക്കൽ - ആനക്കുഴി റോഡ്
4. ആനക്കാംപൊയിൽ - ചെറുശ്ശേരി റോഡ്
5. ചെറുശ്ശേരി - കൊടക്കാട്ട്പാറ റോഡ്
6. ആനക്കാംപൊയിൽ - ആനക്കുഴി റോഡ്
7. ആനക്കാംപൊയിൽ - കാവുങ്കൽ റോഡ്
8. ആനക്കാംപൊയിൽ-ഓടപ്പൊയിൽ റോഡ്
9. ആനക്കുഴി-ഓടപ്പൊയിൽ റോഡ്
10. മറാതുക്കൽ-അരിപ്പാറ-ആനക്കാംപൊയിൽ റോഡ്
11. ആനക്കാംപൊയിൽ ജി.എൽ.പി. സ്കൂൾ റോഡ്
12. ആനക്കാംപൊയിൽ പനങ്കയം റോഡ്

XI

1. ആനക്കാംപൊയിൽ - മുത്തപ്പൻ പുഴ റോഡ്
2. മുത്തപ്പൻപുഴ-മരിപ്പുഴ റോഡ്
3. കാവുങ്കൽ ഏൽ- കക്കാട് പാറ റോഡ്
4. കാവുങ്കൽ ഏൽ-മാൻകുന്ന് റോഡ്
5. ആനക്കാംപൊയിൽ-കരിമ്പ് പൂമരത്തും കൊല്ലിറോഡ്
6. കരിമ്പ് - കക്കാട്ട്പാറ റോഡ്
7. കരിമ്പ്-പുന്നക്കുറ്റി റോഡ്
8. കളരിക്കൽ-തേൻപാറ റോഡ്
9. മുത്തപ്പൻപുഴ-മേലെമുത്തപ്പൻ പുഴ റോഡ്
10. മുത്തപ്പൻപുഴ-തേൻപാറ റോഡ്



4-7

പാർപ്പിടവും സാമൂഹ്യക്ഷേമവും

നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ തിരുവമ്പാടിയുടെ ചില മേഖലകളിൽ ജനവാസമുണ്ടായിരുന്നു. വാസ്തുശില്പ മാതൃകയിൽ നിർമ്മിച്ച ചില വീടുകളും മരംകൊണ്ട് മാത്രം നിർമ്മിച്ച വീടുകളും ഒന്നും രണ്ടും വാർഡുകളിൽ ഇന്നും കാണാവുന്നതാണ്. കുടിയേറ്റക്കാരായ കർഷകർ ആദ്യകാലത്ത് മരങ്ങളുടെ മുകളിൽ നിർമ്മിച്ച ഏറുമാടങ്ങളിലും, പിന്നീട് കാടുകളിലുണ്ടാകുന്ന ഈറ്റ, ചണ്ണ, മരങ്ങൾ ഇവ ഉപയോഗിച്ചുണ്ടാക്കിയ കുടിലുകളിലും , പിന്നീട് മൺകട്ട, മരം, മുള, തെരുവപുല്ല്, പാറപുല്ല് , എന്നിവ ഉപയോഗിച്ച് വീടുകൾ നിർമ്മിച്ച് താമസമാരംഭിച്ചു. സാമ്പത്തിക ഉയർച്ചയോടുകൂടി അറുത്തുരുപ്പടികളും, കല്ല്, സിമൻറ് ഓട് എന്നിവ ഉപയോഗിച്ചും വീടുകൾ നിർമ്മിച്ചു തുടങ്ങി. വീട് മേയുന്നതിന്പനയുടെ ഓലകൾ വ്യാപകമായിരുന്നു. സാമൂഹ്യസാമ്പത്തിക ചുറ്റുപാടുകളും വീട് നിർമ്മാണത്തിന് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവവും വാസയോഗ്യമായ വീടുകളുടെ നിർമ്മാണത്തിന് പ്രധാന പ്രതിബന്ധങ്ങളായായിരുന്നു. സാമൂഹ്യ സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ഭവനനിർമ്മാണരംഗത്തും വൻതോതിലുള്ള മാറ്റങ്ങൾ ദൃശ്യമായി 1970-ന് ശേഷമാണ് ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടായത്. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതയും തടി ഈർന്നു കിട്ടുന്നതിന് യന്ത്രവൽകൃത സമ്പ്രദായം ആരംഭിച്ചതും ഓട് നിർമ്മാണരംഗത്തെ വളർച്ചയും വർദ്ധിച്ച ഗതാഗതസൗകര്യങ്ങളുടെ വളർച്ചയും ഇതിന് കാരണമായിട്ടുണ്ട്. മൺകട്ടകൊണ്ട് സ്ഥാപിച്ച വീടുകളുടെ സ്ഥാനത്ത് കരിങ്കല്ല്, വെട്ടുകല്ല് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും ആരംഭിച്ചു.

1980 മുതൽ നിർമ്മാണരംഗത്ത് വീണ്ടും വ്യതിയാനങ്ങൾ കാണപ്പെടുവാൻ തുടങ്ങി. ഓടിട്ട വീടുകൾക്ക് പകരം കോൺക്രീറ്റ് വീടുകൾ ഉയർന്നുവരുവാൻ തുടങ്ങി. മരങ്ങളുടെ ദൗർലഭ്യവും കോൺക്രീറ്റ് കെട്ടിടങ്ങൾക്കാവശ്യമായ സിമൻറ്, കമ്പി,മെറ്റൽ തുടങ്ങിയ വസ്തുക്കളുടെ ലഭ്യത വർദ്ധിച്ചതും സാമ്പത്തിക വളർച്ചയും ഇതിന് പ്രേരകമായിട്ടുണ്ട്.

പഴയകാലത്ത് മരങ്ങൾകൊണ്ട് തന്നെ വീടുകൾ നിർമ്മിച്ചിരുന്നിടത്ത് ഇപ്പോൾ മരം തീരെ ഉപയോഗിക്കാത്ത വീടുകൾ നിർമ്മിക്കുന്ന അവസ്ഥ സംജാതമായിരിക്കുന്നു. അനാവശ്യചിലവുകളും ആഡംബരഭ്രമവും ഇന്നത്തെ കെട്ടിടനിർമ്മാണത്തിൽ പരക്കെ കാണാവുന്നതാണ്. 15 ലക്ഷത്തിലധികം രൂപ ചിലവഴിച്ച് നിർമ്മിച്ചിട്ടുള്ള ഒട്ടേറെ വീടുകൾ ഇന്ന് ഈ പഞ്ചായത്തിലുണ്ട്. കെട്ടിടനിർമ്മാണതൊഴിലാളികളുടെ മേഖല ഏതാണ്ട് പൂർണ്ണമായും തമിഴ്നാട്ടിൽനിന്നും വന്ന തൊഴിലാളികളുടെ നിയന്ത്രണത്തിലാണ്. കേരളത്തിൻെറ തനത് വാസ്തുശില്പമാതൃകകളിൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഇന്ന് തിരുവമ്പാടിയിൽ കാണാൻ ഇല്ലാതായിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധതൊഴിലാളികൾക്ക് പഴയരീതികൾ പരിചിതവുമല്ല. സമൂഹത്തിലെ ഒരു വിഭാഗം ഭവനനിർമ്മാണരംഗത്ത് ലക്ഷങ്ങളുടെ ധൂർത്ത് നടത്തുമ്പോൾ ദുർബ്ബല വിഭാഗങ്ങളായ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ , കർഷകതൊഴിലാളികൾ, ചെറുകിട നാമമാത്രകർഷകർ എന്നീ വിഭാഗങ്ങൾക്ക് ഒരു നല്ല വീട് ഒരു വിദൂരസ്വപ്നമായി അവശേഷിക്കുകയാണ്.

ഭവനനിർമ്മാണരംഗത്ത് അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്ന ചിലവ് സാധാരണക്കാർക്ക് ഭവനനിർമ്മാണത്തിന് വിലങ്ങുതടിയാകുന്നു. നിർമ്മാണവസ്തുക്കളുടെയും കൂലി ചിലവിൻെറയും മേഖലയിൽ ഉണ്ടായ വലിയ വർദ്ധനവ്, ഭവനനിർമ്മാണവസ്തുക്കളുടെ ദൗർലഭ്യം എന്നിവയാണ് പ്രധാനപ്പെട്ട പ്രതിബന്ധം. ഭവനരഹിതരായ ദുർബ്ബലവിഭാഗങ്ങൾക്ക് സർക്കാർ നിർമ്മിച്ചു നൽകിയ ലക്ഷം വീടുകൾ അവർക്കൊരു ആശ്വാസമായിതീർന്നെങ്കിലും അടിസ്ഥാന സൗകര്യങ്ങളൊന്നും അവയ്ക്കില്ലായിരുന്നു. പഞ്ചായത്തിലെ മുഴുവൻ ലക്ഷം വീടുകളും പുതുക്കി പണിയേണ്ടവസ്ഥയിലാണ് ഇപ്പോഴുള്ളത്. ഭവനനിർമ്മാണരംഗത്ത് സർക്കാർ ഏജൻസികളും, തദ്ദേശ ഭരണ സ്ഥാപനങ്ങളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും 4 സെൻറ് കോളനികളിലും മറ്റും താമസിക്കുന്ന ഭവനരഹിതരായ ദുർബ്ബല വിഭാഗങ്ങൾക്ക് നിരവധി വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നൽകപ്പെടുന്ന

സഹായം ഭവന നിർമ്മാണത്തിന് അപര്യാപ്തമാണ്. ഹൗസിംഗ് സൊസൈറ്റി മുഖേന 74, ഹൗസിംഗ്ബോർഡ് മുഖേന 75, വികസന വകുപ്പിലൂടെ 170, വില്ലേജ്കളിലൂടെ 627, പഞ്ചായത്തിലൂടെ 139, 8പേർക്ക് കാർഷിക വികസന മേഖലയിലൂടെയും വിവിധ സ്കീമുകളിലായി വീടുകൾ ലഭ്യമാക്കിയിട്ടുണ്ട്. ക്യസ്ത്യൻ മതവിഭാഗത്തിന്റെ നേതൃത്വത്തിലുള്ള വിവിധ സംഘടനകൾ പാവപ്പെട്ട ജനങ്ങൾക്കായുള്ള ഭവന നിർമ്മാണ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനം നടത്തുന്നുണ്ട്. മറ്റു ചില സംഘടനകളും ഈ രംഗത്ത് പ്രവർത്തനം തുടങ്ങിയതായി കാണാം. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നും കാണപ്പെടുന്നില്ല. കെട്ടിട നിർമ്മാണ രംഗത്ത് നിരവധി സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്ന ശില്പനികേതൻ എന്ന ഒരു സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പുല്ലൂരാംപാറ, പുന്നക്കൽ, തിരുവമ്പാടി എന്നിവടങ്ങളിൽ സ്വകാര്യ വ്യക്തികളും കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറ്, ഇഷ്ടികകൾ, കട്ടിള, ജനൽ മുതലായവ നിർമ്മിച്ച് നൽകി വരുന്നു. തിരുവമ്പാടി പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കുന്നത്ന് കേരള സംസ്ഥാനഭവന നിർമ്മാണ ബോർഡും, കൂടരഞ്ഞി ആസ്ഥാനമായുള്ള ഹൗസിംഗ് സൊസൈറ്റിയും മുക്കം കാർഷിക വികസന ബാങ്കും ആണ്. കൂടരഞ്ഞി സൊസൈറ്റിയിൽ നിന്നും 78 പേർക്ക് ഭവന നിർമ്മാമത്തിന് വേണ്ടി 58,96,500 രൂപ വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വികസന ബാങ്കിൽനിന്നും 8 പേർക്ക് 6,90,000 രൂപ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട് മറ്റ് ഏജൻസികളിൽനിന്നും വിതരണം ചെയ്ത കണക്ക് ലഭ്യമല്ല. സർക്കാർ, അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഭവന നിർമ്മാണ വായ്പയും L.I.C വാണിജ്യ ബേങ്കുകൾ എന്നിവയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചും വീടുകൾ നിർമ്മിച്ചു നൽകുന്ന സ്ഥിതിയും നിലവിലുണ്ട്. കെട്ടിട നിർമ്മാണരംഗത്ത് യന്ത്രവൽക്കരണം പടിപടിയായി ആരംഭിച്ചിട്ടുണ്ട്

നടപ്പു പദ്ധതികളുടെ വിശകലനം : - പഞ്ചായത്തിലൂടെ നടപ്പിലാക്കുന്ന JRY, UNITEDപദ്ധതികൾ, ഗ്രാമവികസന വകുപ്പു വഴി നടപ്പിലാക്കുന്ന JRY, ഇന്ദിരാ ആവാസ്യോജന, മില്ല്യൻ വെൽസ്കീം എന്നീ പദ്ധതികളിലൂടെയും, വില്ലേജിലൂടെ നടപ്പിലാക്കുന്ന പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിലൂടെയും, ഭവന നിർമ്മാണ ബോഡിന്റെ മൈത്രി ഭവന നിർമ്മാണ പദ്ധതി, പ്രകൃതി ക്ഷോഭ ദുരിതാശ്വാസ ഭവന നിർമ്മാണ പദ്ധതി എന്നിവയുമാണ് നിലവിലുള്ളഭവന നിർമ്മാണ പദ്ധതി. ഈ പദ്ധതികളിലൂടെ വായ്പ എടുക്കുന്ന ഗുണഭോക്താക്കൾക്ക് യഥാസമയം വായ്പ ലഭിക്കുന്നില്ല. ലഭിക്കുന്ന വായ്പയ്ക്കാവട്ടെ വർദ്ധിച്ച പലിശയും കൊടുക്കേണ്ടി വരുന്നു. തിരുവമ്പാടി പഞ്ചായത്തിലെ നിലവിലുള്ള കെട്ടിടങ്ങളുടെയും വീടുകളുടെയും വിശദാംശങ്ങൾ

തിരുവമ്പാടി പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്തുള്ള വളർച്ചാനിരക്ക്

ഗ്രാഫ്



പട്ടിക - 2

കെട്ടിടം സംബന്ധിച്ചുള്ള വിവരങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെഎണ്ണം	മേൽപുരയുടെ സ്വഭാവം				
			ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
1	450	6	19	208	90	133	4
2	574	14	98	316	156	4	40
3	746	45	200	386	153	7	15
4	543	22	322	152	43	26	24
5	629	49	326	162	112	29	1
6	592	31	230	133	131	98	17
7	399	22	53	222	118	6	6
8	409	14	124	180	91	14	
9	295	5	13	142	137	3	24
10	570	11	73	290	175	34	4
11	616	6	41	310	250	15	4
ആകെ	**5825**	**225**	**1499**	**2501**	**1456**	**369**	**139**

പട്ടിക - 3

തിരുവമ്പാടി പഞ്ചായത്ത്

പഞ്ചായത്തിലെ ആകെ വീടുകൾ				
ആകെ വീടുകൾ	കോൺക്രീറ്റ് വീടുകൾ	ഓടിട്ട വീടുകൾ	ഓടുമേഞ്ഞ വീടുകൾ	കുടിലുകൾ
5047	529	3402	877	239

പട്ടിക - 4

തിരുവമ്പാടി പഞ്ചായത്ത്

കോളനികൾ				
പട്ടിക വർഗ്ഗ കോളനികൾ	പട്ടിക ജാതി കോളനികൾ	ലക്ഷം വീടു കോളനികൾ	പഞ്ചായ്ത്ത് 4 സെൻറ് കോളനികൾ	രാജീവ് ദശലക്ഷ ഭവന നിർമ്മാണ കോളനികൾ
4	16	4	3	1

പട്ടിക - 5

വിവിധ പദ്ധതി- വീടുകൾ

വിവിധ പദ്ധതികളാലായി അനുവദിച്ച വീടുകൾ 95 - 96				
പഞ്ചായത്ത് J.R.Y	ബ്ലോക്ക് സ്കീം J.R.Y.IAY-MWS	ഹൗസിംഗ് സൊസൈറ്റി	ഹൗസിംഗ് ബോർഡ്	വില്ലേജ് അനുവദിച്ച വീടുകൾ
4	15	4	3	1

പട്ടികയിൽ രേഖപ്പെടുത്തുന്നു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടു കൊണ്ട് 4 പട്ടിക വർഗ്ഗ കോളനികൾ 16 പട്ടിക ജാതി കോളനികൾ, മൂന്ന് 4സെൻറ് കോളനികൾ, ഒരു രാജീവ് ദശ ലക്ഷം കോളനി എന്നിവയാണ് നിലവിലുള്ളത്. രാജീവ് ദശ ലക്ഷം കോളനിയിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തി കാര്യക്ഷമമല്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഗവൺമെൻറ് നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇവയൊന്നും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. നാമമാത്രമായ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്.

പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ വസ്തുക്കളുടെ രൂക്ഷമായ വിലകയറ്റം.
2. വിദഗ്ധരായ നിർമ്മാണ തൊഴിലാളികളുടെ ലഭ്യത കുറവ്, കൂലിയിലുണ്ടായ വമ്പിച്ച വർദ്ധനവ്.
3. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനുള്ള താല്പര്യമില്ലായ്മ.
4. ഭവന നിർമ്മാണ വായ്പ ഏജൻസികളുടെ കാര്യക്ഷമത ഇല്ലായ്മ.
5. കെട്ടിട നിർമ്മാണ രംഗത്ത് വർദ്ധിച്ചു വരുന്ന ആഡംബരഭ്രമവും ദുർവ്യയവും.
6. മലമ്പ്രദേശങ്ങളിലും കോളനികളിലും ഗതാഗത സൗകര്യത്തിൻെറ അപര്യാപ്തതമൂലം ഉണ്ടാകുന്ന വർദ്ധിച്ച ചെലവ്.
7. ദുർബ്ബല വിഭാഗങ്ങൾക്കും പട്ടിക ജാതിക്കാർക്കുമുള്ള ഭവന നിർമ്മാണ സഹായം ഇപ്പോൾ 22000യ- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് തികച്ചും അപര്യാപ്തമാണ്.
8. ലക്ഷം വീടുകളുടെ ജീർണ്ണാവസ്ഥയും ഒരേ വീട്ടിൽ തന്നെ രണ്ട് കുടുംബങ്ങൾ താമസിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.
9. ഭവനരഹിതരായ പലർക്കും സ്വന്തമായി ഭൂമിയില്ലാത്ത അവസ്ഥ.

സാധ്യതകൾ

1. ഭവന നിർമ്മാണ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന സഹകരണസംഘം കൂടരഞ്ഞിയിലാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ മേഖലയിൽ ഒരു സഹകരണ സംഘം രൂപീകരിക്കാൻ സാധിച്ചാൽ ജനങ്ങളിൽ നിന്ന് ഡിപ്പോസിറ്റുകൾ സ്വീകരിച്ചും, ധനകാര്യ ഏജൻസികൾ മുഖേനസഹായം ലഭ്യമാക്കിയും വിജയകരമായി പ്രവർത്തിക്കാൻ സാധിക്കും.

2. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലുള്ള ഭവന നിർമ്മാണ രംഗത്തെ പ്രവർത്തനങ്ങൾ പ്രാദേശിക ഭവന നിർമ്മാണ സഹകരണ സംഘവുമായി യോജിപ്പിച്ച് സംഘടിപ്പിച്ചാൽ കൂടുതൽ ഫലപ്രദമാകുന്നതാണ്.

3. ശാസ്ത്രീയമായ രീതിയിൽ ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം സംബന്ധിച്ച് ശക്തമായ പ്രചാരണ പരിപാടികൾ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തണം.

4. ഭവന നിർമ്മാണ രംഗത്ത് വൻതുക മുടക്കി ദുർവ്യയവും, ധൂർത്തും നടത്തുന്നവരിൽ നിന്ന് പ്രത്യേക നികുതി ഈടാക്കുകയും ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം സമൂഹത്തിലെ പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

5. ദുർബ്ബല വിഭാഗങ്ങൾക്ക് നൽകപ്പെടുന്ന ഭവന നിർമ്മാണ സഹായം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന വീടുകൾ ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നുവെന്ന് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉറപ്പു വരുത്തണം

6. ലക്ഷം വീടു കോളനികളിൽ നിലവിലുള്ള ഡ്യൂപ്ലക്സ് വീടുകൾ വെവ്വേറെ വീടുകളാക്കിമാറ്റി നിർമ്മിക്കണം. നാല് സെൻറ് കോളനികളിൽ ഭൂമി നൽകപ്പെട്ടവർക്ക് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വീടുകൾ നിർമ്മിച്ചു നല്കുന്നതിന് പദ്ധതികൾ തയ്യാറാക്കാൻ സാധിക്കും.

7. ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും പഞ്ചായത്തിലുള്ള മിച്ച ഭൂമികളും പുറംപോക്കു ഭൂമികളും കണ്ടെത്തി, ഇപ്രകാരം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ഹൗസിംഗ്കോപ്ലക്സ്കൾ നിർമ്മിക്കുന്നതിന് സാധിക്കണം.

8. പഞ്ചായത്തിൽ 1200 വീടുകൾ ഓലപ്പുരകളോ ചെറ്റ കുടിലുകളോ ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവക്കെല്ലാം സമയബന്ധിതമായി സന്നദ്ധ സംഘടനകളെയുംവിവിധ ഭവന നിർമ്മാണ ഏജൻസികളും ഉപയോഗപ്പെടുത്തി കൊണ്ട് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇവിടെ ലഭ്യമാണ്. അത് പ്രയോജനപ്പെടുത്താൻ നടപടിയുണ്ടാവണം.



സാമൂഹ്യക്ഷേമം

സ്വതന്ത്രഭാരതം അംഗീകരിച്ചിട്ടുള്ള വികസനമാർഗ്ഗം സ്വയം നിർണ്ണയാവകാശത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ആസൂത്രണവും വികസനവുമാണ്. ഭരണഘടനയിൽ ഇത് വിഭാവനം ചെയ്തിരുന്നുവെങ്കിലും പതിറ്റാണ്ടുകൾ പിന്നിട്ടതിനുശേഷമാണ് പ്രയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. 1951 ലെ ഒന്നാം പഞ്ചവത്സര പദ്ധതിയോടു കൂടിയാണ് കേന്ദ്രീകൃത രീതിയിലുള്ള ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിച്ചത്. ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പദ്ധതികളല്ല തയ്യാറാക്കപ്പെട്ടിരുന്നത് എന്നതായിരുന്നു ഇതിന്റെ ഏറ്റവും വലിയ പോരായ്മ. ഭക്ഷ്യ സ്വയം പര്യാപ്തതയും, വ്യാവസായിക പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടായിരുന്നു ആദ്യപദ്ധതികൾക്ക് രൂപം നല്കപ്പെട്ടത്. എന്നാൽ ഈ മേഖലകളിലുണ്ടായ വളർച്ചയുടെ ഗുണഫലങ്ങൾ രാജ്യത്തെ എല്ലാവരിലും, പ്രത്യേകിച്ച്ഗ്രാമീണ മേഖലയിൽ ഒരേ അളവിലല്ല എത്തിയിരുന്നത്. ഇതുമൂലം സമൂഹത്തിലെ ഒരുവിഭാഗം സമ്പന്നരായിത്തീരുകയും മറ്റൊരു വിഭാഗം കൂടുതൽ ദരിദ്രരാക്കപ്പെടുകയും ചെയ്തു. സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ട് പിന്നിട്ടിട്ടും, എട്ട് പഞ്ചവത്സര പദ്ധതികൾക്ക് ശേഷവും സാമൂഹ്യക്ഷേമരംഗത്ത് ഒരു വലിയ മാറ്റം ഉണ്ടാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല, ഒട്ടനവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. സമൂഹത്തിലെ താഴെക്കിടയിലുള്ള ആളുകളുടെ വളർച്ചയിലൂടെ മാത്രമേ നമ്മുടെ ക്ഷേമരാഷ്ട്ര സങ്കല്പം യാഥാർത്ഥ്യമാവുകയുള്ളു. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒട്ടേറെ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ പ്രയോജനം ഒട്ടൊക്കെ തിരുവമ്പാടിയുടെ സാമൂഹ്യമേഖലയിലും ലഭിച്ചിട്ടുണ്ട്.

സ്വതന്ത്രഭാരതത്തിന്റെ ചരിത്രവും തിരുവമ്പാടിയുടെ വളർച്ചയുടെ ചരിത്രവും ഒരേകാലത്താണ് ആരംഭിക്കുന്നത്.

1940 കളിൽ മലബാറിന്റെ കന്നിമണ്ണ് തേടിയെത്തിയ കുടിയേറ്റ കർഷകരാണ് ഈ പ്രദേശത്തെ മുഖ്യജനവിഭാഗം. ഈ പഞ്ചായത്തിലെ മുഖ്യ ഉല്പാദനമേഖലയും തൊഴിൽമേഖലയും, കാർഷികമേഖലയുമായി ബന്ധപ്പെട്ടതാണ്. 50 സെൻറിനും 21/2 ഏക്കറിനും ഇടയിൽ ഭൂമിയുള്ള പരിമിത കർഷകരാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ജനവിഭാഗം. ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലമുള്ള കർഷകർ സാമ്പത്തികമായി സുരക്ഷിതരാണ്. തദ്ദേശിയരായ കർഷക തൊഴിലാളികളും കർഷകരും തമ്മിൽ പൊതുവേ നല്ല ബന്ധമാണ് നിലവിലുള്ളത്. പുരുഷതൊഴിലാളിക്ക് 75 രൂപാ മുതൽ 100 രൂപാവരെയും, സ്ത്രീ തൊഴിലാളിക്ക് 50 രൂപാ മുതൽ75 രൂപാ വരെയും ലഭിക്കുന്നു. കർഷികേതരമേഖലയിലെ തൊഴിലാളികളുടെ കൂലി നിരക്ക് തൃപ്തികരമാണ്. ഈ മേഖലയിൽ നിർമ്മാണത്തൊഴിലാളികൾ, ആശാരിമാർ, കൊല്ലൻമാർ, ചെത്തുതൊഴിലാളികൾ, ചുമട്ട്തൊഴിലാളികൾ, ഹോട്ടൽ ജോലിക്കാർ, കരകൗശല തൊഴിലാളികൾ, ഈറ്റ, മുള ഉപയോഗിച്ച് നെയ്ത് ജോലി ചെയ്യുന്നവർ, തയ്യൽത്തൊഴിലാളികൾ തുടങ്ങിയവരെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നുണ്ട്. മുൻകാലങ്ങളിൽ മുള, ഈറ്റ എന്നിവ സുലഭമായി ലഭ്യമായിരുന്നതിനാൽ പരമ്പ്, കൊട്ട , മുറം നെയ്ത് വളരെ സജീവമായി ഈ മേഖലയിൽ ഉണ്ടായിരുന്നു. പുല്ലൂരാംപാറ സ്ക്കൂളിൽ ഈ തൊഴിൽ പഠിപ്പിക്കുന്നതിന് ഒരദ്ധ്യാപകൻ ഉണ്ടായിരുന്നുവെന്നത് സ്മരണീയമാണ്.

തയ്യൽ തൊഴിലാളികൾ, മത്സ്യവിതരണ മേഖല ചെറുകിട കച്ചവടം, ചായക്കട, പലഹാരനിർമ്മാണവും വില്പനയും, തുടങ്ങിയ തൊഴിൽ മേഖലകളുടെ പ്രവർത്തനം തൃപ്തികരമാണ്.

വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ മേഖല ഈ പഞ്ചായത്തിൽ തീരെയില്ലായെന്ന് പറയാം. കാർഷിക ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടത് ഈ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആവശ്യമാണ്. ഇത് കാർഷികമേഖലയുടെ സുസ്ഥിരതക്കും അനിവാര്യമാണ്. ഇക്കാര്യത്തിൽ ദീർഘകാല അടിസ്ഥാനത്തിലുള്ള ആസൂത്രണം ആവശ്യമാണ്. തൊഴിൽ രഹിതരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത് രണ്ടാം വാർഡിലാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണ് നമ്മെ അലട്ടുന്ന പ്രധാന പ്രശ്നം. ഉല്പാദനമേഖലയുമായി ബന്ധപ്പെടുത്തിയുള്ള തൊഴിൽ മേഖലയുടെ വികസനം അനിവാര്യമാണ്. ഈ മേഖലയിൽ നാളിതുവരെ നടത്തിയ പദ്ധതികളിൽ എടുത്തു പറയേണ്ടുന്ന ഒരു പദ്ധതിയാണ് സംയോജിത ഗ്രാമവികസന പരിപാടി. (IRDP) ഈ പദ്ധതി 'അന്ത്യോദയ' എന്ന പേരിലാണ് ആദ്യം അറിപ്പെട്ടിരുന്നത്. 11000 രൂപായിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്

സഹായം നല്കുന്നതിനായി നടപ്പിലാക്കപ്പെട്ട പദ്ധതിയാണ് ഇത്. പരമാവധി ആനുകുല്യം 6000 ക പട്ടികജാതിക്കാർക്കും 4000 രൂപ ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും ലഭിക്കുന്നതാണ്. കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ്, ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കൽ, കറവമാടുകളെ വളർത്തൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദന തുടങ്ങിയവക്ക് സഹായം ലഭ്യമാക്കുന്നു.

വ്യാവസായിക വികസനത്തെ ലക്ഷ്യംവെച്ചു കൊണ്ട് പ്രാദേശികമായ അസംസ്കൃത സാധനങ്ങളെ തിരിച്ചറിയുകയും, അവ ഉപയോഗിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും IRDPവിഭാവനം ചെയ്യുന്നു. നാളികേരം, റബ്ബർ, കൊക്കോ, ചകിരി തുടങ്ങിയ കാർഷിക വിഭവങ്ങൾ നമുക്ക് സുലഭമാണ്. മനുഷ്യവിഭവവും നമുക്ക് സുലഭമായുണ്ട്. ശാസ്ത്രസാങ്കേതികവിദ്യകളെ ഈ മേഖലയിൽ സമന്വയിപ്പിച്ചാൽ തിരുവമ്പാടിയെ വ്യവസായ വൽക്കരിക്കുവാൻ സാധിക്കും. എന്നാൽ സാങ്കേതിക വൈദഗ്ധ്യം ഉള്ളവരുടെ അഭാവം ഒരു പ്രശ്നമായി നിലനില്ക്കുന്നുണ്ട്. ദീർഘവീക്ഷണമുള്ള സംരംഭകത്വ പരിശീലന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാക്കാൻ സാധിക്കും.

സേവനമേഖല കൂടുതൽ തൊഴിൽ അവസരമോ ഉല്പാദനവർദ്ധനവോ ഉണ്ടാക്കുന്നില്ല സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ആശ്വാസം പകരുന്ന പരിപാടികൾ എന്ന നിലയിൽ ക്ഷേമപ്രവർത്തനങ്ങൾക്ക് വളരെ നിർണ്ണായകമായ പങ്കാണ് ഉള്ളത്. സാമൂഹ്യക്ഷേമമേഖലയിൽ ഈ പഞ്ചായത്തിൽ നടത്തപ്പെട്ട പല പ്രവൃത്തികളും യഥാർത്ഥലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടില്ലായെന്നാണ് മനസ്സിലാവുന്നത്. പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്ക് കറവമാടുകളെ വിതരണം ചെയ്ത പരിപാടി തികഞ്ഞ പരാജയമായിതിരുകയാണുണ്ടായത്. നല്കിയ കാലികളുടെ ഗുണമേന്മയില്ലായ്മയും, മദ്ധ്യവർത്തികളുടെ ഇടപെടലും ഇതിന് കാരണമായിരുന്നു. അതുപോലെതന്നെ നല്കിയ കന്നുകാലികളെ ശരിയാംവണ്ണം സംരക്ഷിക്കുന്നതിനുള്ള അറിവ് പട്ടിക വർഗക്കാർക്കില്ലാതിരുന്നതിനാൽ നല്കിയ പശുക്കൾ പട്ടിണി മൂലവും, രോഗം മൂലവും കൊല്ലപ്പെട്ടു. ഈ പദ്ധതി വിജയകരമായി നടപ്പാക്കണമെങ്കിൽ ചുരുങ്ങിയത് 50 സെന്റ് സ്ഥലമെങ്കിലും സ്വന്തമായുള്ള ചെറുകിട കർഷകരുടെ മേഖലയിൽ ഇവ നല്കണം, തിറ്റപ്പുല്ലിന്റെ ലഭ്യതയില്ലായ്മയും, കാലിത്തീറ്റയുടെ വിലവർദ്ധനവും പരിഗണിക്കുമ്പോൾ സ്വന്തമായി സ്ഥലമുള്ള കർഷകർക്കാണ് ഈ മേഖലയിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുക.

വ്യവസായമേഖലയിൽ ഏതാനും ചില യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് DWCRAയുടെകീഴിൽ തിരുവമ്പാടിയിൽ പ്രവർത്തിക്കുന്ന കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉല്പാദനം തദ്ദേശിയ വിപണന സാധ്യത മൂലം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. ചെരുപ്പ്, തുകൽ ഉല്പന്നങ്ങൾ,ചകിരി ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ റെക്സിൻ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയ ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് IRDP സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. IRDP പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ടാർജറ്റ് സമ്പ്രദായം പദ്ധതിയുടെ ഗുണനിലവാര തകർച്ചക്ക് കാരണമായിട്ടുണ്ട്. ആവശ്യാധിഷ്ടിത സമീപനം സ്വീകരിച്ച് ഗ്രാമസഭകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്താൽ ഈ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിക്കും.

വനിതകളുടെ സ്വാശ്രയത്വം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായവും നല്കുന്ന പരിപാടിയാണ് ഗ്രാമീണ വനിതാശിശുവികസന പരിപാടി. യൂണിസെഫിന്റെ സഹായത്തോടുകൂടിയുള്ള ഈ പരിപാടികൾ ഗ്രൂപ്പ് അംഗങ്ങളുടെ വായ്പ കൂട്ടായി സമാഹരിക്കപ്പെടുന്നതിനാൽ മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് കഴിയും. വനിതകളുടെ സാമ്പത്തിക ഉന്നമനത്തോടൊപ്പം തന്നെ അവരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനവും ഇതോടൊപ്പം നടക്കുന്നതാണ്. വായ്പ, സഹായധനം എന്നിവക്ക് പുറമേ കേന്ദ്ര സർക്കാറും യൂണിസെഫും പങ്കുവച്ച് നല്കുന്ന 25000/- രൂപായുടെ റിവോൾവിങ്ങ് ഫണ്ടും ലഭ്യമാവും. ഈ പദ്ധതിയിൽ കീഴിൽ രണ്ട് യൂണിറ്റുകൾ തിരുവമ്പാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് പത്ത് മുതൽ പതിനഞ്ച് വരെ അംഗങ്ങളുള്ള ഗ്രൂപ്പാണ് ഇത് നടത്തുന്നത്.

സ്ത്രീകളിൽ സ്വയം തൊഴിൽ ഗ്രൂപ്പ് പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീകളുടെ ചെറുകിട സമ്പാദ്യഗ്രൂപ്പുകൾ (Thrift and Credit Groups) രൂപീകരിക്കാവുന്നതാണ്. ഗ്രൂപ്പ് അംഗങ്ങളുടെ സമ്പാദ്യത്തിൽനിന്നും ചെറിയ തുക വീതം സ്വരൂപിച്ച് അംഗങ്ങളുടെ ചെറുകിടവായ്പാ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കും.

സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്കും പിന്നോക്കവിഭാഗക്കാർക്കും കൃഷിഭൂമിവികസനത്തിനും, പൊതു ജലസേചനത്തിനുമുള്ള കിണറുകൾ ടാങ്കുകൾ, കനാലുകൾ, തുടങ്ങിയവ നിർമ്മിക്കുക. പ്രകൃതിദത്തമായ ജല സ്രോതസുകളും, ചാനലുകളും വികസിപ്പിക്കുക, മണ്ണൊലിപ്പ് തടയുക തുടങ്ങിയ ഒട്ടേറെ പരിപാടികൾ ദശലക്ഷം കിണർ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. തിരുവമ്പാടി പഞ്ചായത്തിലെ പൊന്നാംകയം, മുത്തപ്പൻപുഴ, ഓളിക്കൽ

തുടങ്ങിയ പ്രദേശങ്ങളിൽ പ്രകൃതിദത്ത നീരുറവകളെ ആശ്രയിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ളതിനേറെ സാധ്യതയുണ്ട്.

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് കേന്ദ്രഗ്രാമ ശുചിത്വ പരിപാടി. ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള വർക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് ഈപദ്ധതി വിഭാവനം ചെയ്യുന്നു. യു.എൻ.സി.പി.മാതൃകയിലുള്ള കക്കൂസുകൾ 2000/- രൂപാസഹായം നല്കുന്ന ഈ പദ്ധതി തിരുവമ്പാടിയിൽ നാമമാത്രമായി നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമീണ കൈത്തൊഴിലുകൾക്ക് മെച്ചപ്പെട്ട ഉപകരണങ്ങൾ നല്കി അദ്ധ്വാനഭാരം ലഘൂകരിക്കുക, ഉല്പാദനം വർദ്ധിപ്പിക്കുക എന്നി ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ കൈത്തൊഴിലുകൾക്ക് ഉപകരണം നല്കുന്ന പദ്ധതി. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം കൈത്തൊഴിലുകാർക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘടനകളാണ് മഹിളാ സമാജങ്ങൾ. കൊടുവള്ളി ബ്ലോക്കിന്റെ കീഴിൽ പത്ത് മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീ സമൂഹത്തിന് പോഷണം, പ്രതിരോധ ചികിത്സ, സമ്പാദ്യശീലം, കുടുംബ സംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് അവബോധം നല്കേണ്ട മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഇവിടെ കാര്യക്ഷമമല്ല. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ മഹിളാ സമാജങ്ങളെ ഏകോപിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

അവശജനവിഭാഗങ്ങളുടെയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും നാല് വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 14 അംഗനവാടികൾ ഇവിടെയുണ്ട്. എല്ലാ അംഗനവാടികളുടെയും പ്രവർത്തനം തൃപ്തികരമല്ല. പോഷകാഹാര വിതരണം ഈ സ്ഥാപനങ്ങളിലൂടെ നടന്നുവരുന്നുണ്ട് അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ, കളിസ്ഥലങ്ങൾ, കുടിവെള്ളം എന്നിവയുടെ അഭാവം പല അംഗനവാടികൾക്കുമുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന വേതനം വളരെ പരിമിതമാണ് ഇത് കാലോചിതമായ രീതിയിൽ പരിഷ്ക്കരിക്കേണ്ടതാണ്. അംഗനവാടികളെ സംബന്ധിച്ച പട്ടികചുവടെ ചേർക്കുന്നു.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും ലക്ഷ്യബോധത്തെയും കർമ്മശേഷിയേയും നശിപ്പിക്കുന്നതിന് കാരണമാവുന്നു. ഉല്പാദനമേഖലയേയും തൊഴിൽ മേഖലയേയും ഈ പ്രവണത പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇവയുടെ ഉപയോഗം മൂലമുണ്ടാവുന്ന ദൂഷ്യവശങ്ങൾ വ്യാപകമായ ബോധവൽക്കരണത്തിലൂടെ എല്ലാ ജനങ്ങളിലും എത്തിക്കുകയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യത നിയമം മൂലം നിരോധിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ജവഹർ തൊഴിൽദാന പദ്ധതി (JRY) 1989 ഏപ്രിൽ മാസത്തിലാണ് ആരംഭിച്ചത്. അതുവരെ നിലവിലുണ്ടായിരുന്ന ദേശീയ ഗ്രാമീണതൊഴിൽദാന പരിപാടി (NREP) ഗ്രാമീണ ഭൂരഹിതതൊഴിൽ ഭദ്രതാ പരിപാടി(RLEGP) എന്നിവയെ ഈ പരിപാടിയിൽ ലയിപ്പിച്ചു. തൊഴിൽരഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ മുഖ്യ ഉദ്ദേശ്യം. അതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളും പൊതു ആസ്തികളും മെച്ചപ്പെടുത്തുകയും അതുവഴി ജീവിതവിലവാരം ഉയർത്തുകയുമാണ് ലക്ഷ്യം. ഗുണഭോക്താക്കൾ നേരിട്ട് പ്രവൃത്തി നടത്തണമെന്നും അതുവഴി ഇടത്തട്ടുകാരെ ഒഴിവാക്കണമെന്നും ലക്ഷ്യമിട്ടിരുന്നുവെങ്കിലും ഇന്ന്ഈ പദ്ധതി പൂർണ്ണമായും കരാറുകാരുടെ കൈയിലുടെയാണ് നടത്തപ്പെടുന്നത്. അതുകൊണ്ട്തന്നെ ഈ പദ്ധതിയുടെ വിഹിതം പൂർണ്ണമായും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. തദ്ദേശഭരണസ്ഥാപനങ്ങൾ, ഗ്രാമസഭകളുടെ മേൽനോട്ടത്തിൽ മനുഷ്യപ്രയത്നത്തെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കണം.

വിവിധ ക്ഷേമ പദ്ധതികളിലായി 726 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹതയുള്ള ഒട്ടേറെപ്പേർ ഇനിയും ഈ പദ്ധതിയുടെ പരിധിയിൽപ്പെടാതെ നിലവിലുണ്ട്. സർക്കാർതലത്തിലുള്ള ക്ഷേമപദ്ധതികൾ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്. മുഴുവൻ പെൻഷൻ പദ്ധതികളുടെയും വിതരണം തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കണം. തൊഴിലില്ലായ്മ വേതനത്തിന്റെ വിതരണവും ഗ്രാമപഞ്ചായത്തുകൾ വഴി നടത്തണം.

പൊതുവിതരണം:

തിരുവമ്പാടി പഞ്ചായത്തിൽ നിലവിൽ 7 (ഏഴ്) പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ഇവയിലൂടെ അരി, പഞ്ചസാര, ഗോതമ്പ്, റവ, മൈദ, പാമോയിൽ തുടങ്ങിയ ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണയും വിതരണം ചെയ്യുന്നുണ്ട്. പല പൊതുവിതരണകേന്ദ്രങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല. യഥാസമയം കാർഡുടമകൾക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാവുന്നില്ല. പലപ്പോഴും ഗുണനിലവാരത്തെപ്പറ്റിയും പരാതികൾ

ഉയർന്നു വരാറുണ്ട്. വിലനിലവാരം നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങളുടെ വിതരണം ഉറപ്പുവരുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടുവാൻ സാധിക്കണം. മറ്റ് നിത്യോപയോഗ സാധനങ്ങൾകൂടി ന്യായമായ വിലക്ക് പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുകയും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്യണം.

പ്രശ്നങ്ങൾ:-

1. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾവളരെ കുറച്ചു കുടുംബങ്ങൾക്കു മാത്രമെ പ്രയോജനപ്പെടുന്നുള്ളു.
2. അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും
3. പദ്ധതികളുടെ വിവരം പലർക്കും അറിയില്ല.
4. ആനുകൂല്യം പലപ്പോഴും യഥാസമയം ലഭിക്കുന്നില്ല.

സാധ്യതകൾ

1. ക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്താൻ ഇന്ന് അവലംബിക്കുന്ന ഔദ്യോഗികതലപ്രക്രിയ പൂർണ്ണമായും മാറ്റി തദ്ദേശഭരണസ്ഥാപനങ്ങൾമുഖേന അർഹരായവരെ കണ്ടെത്തണം.
2. വനിതകൾക്കായി പ്രത്യേക DWCRA പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
3. വിവിധ കൈത്തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചിട്ടുള്ള യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുവാൻ സാധ്യതകൾ സൃഷ്ടിക്കുക.
4. ക്ഷേമപദ്ധതികൾ ശരിയാംവണ്ണം നടപ്പിലാവുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ജനകീയ മേൽനോട്ടം ഏർപ്പെടുത്താവുന്നതാണ്.
5. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

പട്ടിക 1

IRDP പദ്ധതിയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ

തിരുവമ്പാടി പഞ്ചായത്ത്

1991 ലെ IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ	1915
പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ	225

പട്ടിക I

നാളിതുവരെ IRDP സഹായം ലഭിച്ചവരുടെ എണ്ണം	1223
സഹായം ലഭിച്ച പട്ടിക ജാതി/വർഗ്ഗ അംഗങ്ങൾ	405
IRDP സഹായം ഉപയോഗപ്പെടുത്തി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ	122
ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)	1793

നാളിതുവരെ ട്രൈസം പദ്ധതിയിൽ വിവിധ ട്രേഡുകളിലായി പരിശീലനം നേടിയവർ

1.	പരിശീലനം ലഭിച്ചവരുടെ ആകെ എണ്ണം	=	25
2.	സ്വയം തൊഴിൽ കണ്ടെത്തിയവർ	=	19
3.	ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ	=	6
	വനിതാശിശുവികസന പരിപാടിയിൽ DWCRA ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം	=	5

പട്ടിക 2

വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി നിർമ്മിച്ച വീടുകൾ

		വർഷം	വീടുകളുടെ എണ്ണം	
1.	പുനരധിവാസ ഭവന പദ്ധതി ഒന്നാം ഘട്ടം	1985	= 452	വീടുകൾ
		1987	= 56	"
		1989	=. 59	"
2	കൈരളി ഭവന പദ്ധതി	1990	= 25	"
3	രാജീവ് ദശലക്ഷം ഭവന പദ്ധതി	1993	= 7	"
4.	പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി	1994	= 28	"

വിവിധ പെൻഷൻ/ക്ഷേമപദ്ധതികളിലായി നാളിതുവരെ സഹായിച്ചവരുടെ എണ്ണം:

1	വിധവാ പെൻഷൻ	=	130 എണ്ണം
2.	വികലാംഗ പെൻഷൻ	=	54 "
3.	വാർദ്ധക്യകാല പെൻഷൻ	=	14 "
4.	അവശകലാകാരന്മാർക്കുള്ള പെൻഷൻ	=	2 "
5.	ക്ഷയരോഗികൾക്കുള്ള പെൻഷൻ	=	24 "
6.	കർഷകത്തൊഴിലാളി പെൻഷൻ	=	222 "
7	തൊഴിലില്ലായ്മാ വേതനം	=	280 "
			726

ദുർബ്ബല വിഭാഗങ്ങളിലെ ജനങ്ങൾക്ക് വിവിധ സ്കീമുകളിലായി അനുവദിച്ച് നല്കിയ വീടുകളുടെ ആകെ എണ്ണം (JRY, IAY, MWS) — 170

CRSP (സെൻട്രൽ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം പദ്ധതിയിൽ കീഴിൽ അനുവദിച്ച കക്കൂസുകളുടെ എണ്ണം — 148

C.S.S., MWS പദ്ധതിപ്രകാരം അനുവദിച്ച ആസ്ഥികൾ

1 കിണർ = 36

2 കുളം = 7

3. വാട്ടർടാങ്ക് = 38

4. പമ്പ്സെറ്റ് = 60

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കിയത് 26 എണ്ണം

പട്ടിക - 4

പഞ്ചായത്തിലുള്ള അംഗൻവാടികളിലെ സ്ഥിതി വിവരക്കണക്ക്

വാർഡ്	അംഗൻ വാടികളുടെ എണ്ണം	കുട്ടികളുടെ വയസ്സ്				ഗർഭിണികളുടെ എണ്ണം	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	മരണനിരക്ക്			പോഷക ആഹാരം സംബന്ധിച്ച		
		ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ	1-2 വയസ്സുവരെയുള്ള കുട്ടികൾ	2-3 വരെയുള്ള കുട്ടികൾ	3-5 വരെയുള്ള കുട്ടികൾ			1 വയസ്സിനു താഴെ മരിച്ച കുട്ടികൾ	1-3 വയസ്സിനുള്ളിൽ മരിച്ച കുട്ടികൾ	3-6വയസ്സിനുള്ളിൽ മരിച്ച കുട്ടികൾ	അനുപൂരകാഹാരം ലഭിക്കുന്ന കുട്ടികൾ	അനുപൂരകാഹാരം ലഭിക്കുന്ന ഗർഭിണികൾ	അനുപൂരക ആഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ
1	1	26	22	28	72	15	16	2	-	-	60	14	12
2	2	84	80	66	197	40	32	2	-	-	114	26	19
4	-	-	-	-	-	-	-	-	-	-	-	-	-
5	2	95	75	86	156	44	40	-	-	-	112	16	19
6	2	47	41	60	83	19	18	1	-	-	67	12	13
7	1	26	21	18	64	13	13	1	-	-	45	6	2
8	ഇല്ല	-	-	-	-	-	-	-	-	-	-	-	-
9	2	61	132	82	126	46	35	-	-	-	115	33	30
10	1	41	39	40	75	19	21	-	-	-	30	12	15
11	1	36	35	36	27	19	18	2	-	-	52	7	10



4-8

സംസ്ക്കാരം

വളരെ ആഴത്തിലുള്ള ഒരു സാംസ്കാരിക പൈതൃകം ഈ വലിയ കുടിയേറ്റ കേന്ദ്രത്തിന് അവകാശപ്പെടാനില്ലെങ്കിലും രണ്ട് ഘട്ടങ്ങളായി വേർതിരിക്കുന്ന ഈ ഗ്രാമചരിത്രത്തിൽ സാമുദായിക സൗഹൃദവും സാംസ്കാരിക വിനിമയവും ഒരു അന്തർധാരയായി പ്രവർത്തിച്ചിട്ടുണ്ട്. ഫ്യൂഡൽ സമ്പ്രദായം നിലനിന്നകാലത്ത് വിധേയത്വവും കുടിയേറ്റ ഘട്ടത്തിൽ പ്രീണനവുമായിരുന്നു തദ്ദേശിയരുടെ രീതി എന്നു പറയാം. അതുകൊണ്ടു തന്നെ സമരത്തിന്റെയോ കലാപത്തിന്റെയോ രീതി ഉടലെടുക്കുകയുണ്ടായില്ല. വേഷവും ഭാഷയും ദുരിതവും കൂടിക്കലർന്ന ചുറ്റുപാടുകളുടെ ഈ സാംസ്കാരിക വൈവിധ്യത്തിൽ, ബാഹ്യമായ പ്രേരണയുടെ തൂവൽ സ്പർശം ഏറ്റാൽ സംഹാരത്തിന്റെ ഉരുൾപൊട്ടലിനും ഈ മനുഷ്യ മനസ്സുകളിൽ ഇടമുണ്ടായിരുന്നു.

കർഷകരുടെയും കർഷക തൊഴിലാളികളുടെയും ഇടയിലേക്ക് ആശയസ്പർശമായെത്തിയവരിൽ പ്രമുഖരായിരുന്നു മൊന്തനാരിയച്ചൻ ഫാ.ഗോൺസാലീസ്, ഫാ.സെക്യൂരി, ഫാ.അത്തനേഷ്യസ്, ഫാ.കെർബിൻ, ഫാ.എവരിസ്റ്റസ് കർഷക സംഘം നേതാവ് ചാത്തുണ്ണി മാഷ്, കെ. കെ. ഉണ്ണിക്കുട്ടി, പി.സി. രാഘവൻനായർ, റ്റി.ചന്തു, റ്റി. കുഞ്ഞൻ മുതലായവർ. ക്രൈസ്തവ ദേവാലയങ്ങൾ, എസ്. എൻ.ഡി.പി. പ്രസ്ഥാനം തുടങ്ങിയവ നടത്തിയ വിദ്യാഭ്യാസപരവും സാംസ്കാരികവും ആത്മീയവുമായ പ്രവർത്തനങ്ങൾ നവോത്ഥാനത്തിന്റെ സുവർണ്ണ രേഖകളാണ്.

അധീശ വർഗ്ഗത്തിനെതിരെ പടയണിചേർന്നവരുടെ തലമുറക്കാരും, സഹജാതരുമായ ബീഡിതൊഴിലാളികൾ, അധ്യാപകർ എന്നീ വിഭാഗങ്ങളുടെ കുടിയേറ്റൊ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പുത്തൻ ഉണർവ്വിന് കാരണമായി എന്നുമാത്രമല്ല വിവിധ മതങ്ങളുടെയും മതേതര ദർശനങ്ങളുടെയും സമന്വയത്തിനും ഇത് ഹേതുവായി.

ആഢ്യസാഹിത്യത്തിന്റെ ദുർനീതികളെ വിചാരണ ചെയ്യുന്ന പുരോഗമന കലാസാഹിത്യ പ്രസ്ഥാനത്തിന്റെ ഉദയം നമ്മുടെ ഗ്രാമത്തിലും അലയൊലികളിളക്കുകയുണ്ടായി. ആശാൻകൊച്ചു മുഹമ്മദ്, കെ.സി. സെയ്തു മുഹമ്മദ്, ചക്കുങ്കൽ ബേബി, ഇളമ്പാശ്ശേരി കൊപ്പേട്ടൻസേവ്യർ അക്കുറ്റ്, അബ്ദു കിളിയമണ്ണിൽ തുടങ്ങിയവർ നമ്മുടെ ഗ്രാമ നാടക പ്രസ്ഥാനത്തിലെ പ്രമുഖരിൽ ചിലർ മാത്രമാണ്. പ്രബല ആർട്സ് തിരുവമ്പാടി, അനശ്വര തീയേറ്റഴ്സ് പുല്ലുരാംപാറ എന്നിവ നാടകരംഗത്ത് അതികായകൻമാരായിരുന്നു. എന്നാൽ പുരാണ നാടകങ്ങൾ, ബാലെ,നാടോടി നൃത്തം, ഭരതനാട്യം എന്നിവയിൽ പരിശീലനം നല്കുകയും പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്ന തിരുവമ്പാടി നാട്യകലാലയം നമ്മുടെ നാടിന്റെ കലാവിദ്യാലയമാണ്. ഇതിന്റെ മുഖ്യ സംഘാടകർ ചുരക്കുഴിയിൽ ഭാസ്കരൻ എന്ന വ്യക്തിയാണ്.

സ്ത്രീ സ്വാതന്ത്ര്യത്തിന് കൃത്യവും കണിശവുമായ അതിരുകൾ തിരിച്ചിരുന്ന ഈ കാലഘട്ടത്തിൽ പോലും ഒരു മുസ്ലിം വനിത നാടകത്തിൽ മുഖം കാണിക്കുക, അതിന്റെര പേരിൽ സമുദായപീഡനം ഏറ്റു വാങ്ങുക ഇത്തരം വിപ്ലവകരമായ ജീവിതാനുഭവങ്ങളാണ് പുത്തൻപുരയിൽ സൈനബക്ക് പറയുവാനുള്ളത്. കലാസമിതികളുടെ ഉദയവും ഗനമേളാ സംഘങ്ങളും ഈ കാലഘട്ടത്തിന് പുത്തൻ ദിശാബോധം നൽകിയെന്നതിൽ സംശയമില്ല. തൊണ്ടിമ്മലുള്ള പാണരുകണ്ടി ഗോപാലൻ, പാണരുകണ്ടി ദാമോദരൻ, പാണരുകണ്ടി ചന്ദ്രൻ തുടങ്ങിയവർ ഹാർമോണിയം, തകിൽ, കുഴൽ, തബല എന്നിവയിൽ വിദഗ്ദരായിരുന്നു. ഇതിൽ ചന്ദ്രൻ ഇപ്പോൾ AIR ൽ പ്രവർത്തിക്കുന്നു. ഈ പ്രദേശങ്ങളിലെ തിറ, ചെണ്ട, എന്നിവയിൽ വിദഗ്ദനായിരുന്ന തറോൽ കണ്ടപ്പൻ, ഇടക്കാട്ടിൽ ജോസഫ് സഹോദരൻമാരുടെ ഗാനമേള സംഘവും നമ്മുടെ ഗ്രാമത്തിന്റെ പുളകച്ചാർത്തുകളായിരുന്നു.

ഉടുക്ക്, മോർസിംഗ് മുതലായ വാദ്യോപകരണങ്ങളും ഇക്കാലത്ത് ഉണ്ടായിരുന്നു. "ആനകൾ തന്നുടെ ആലയ മാകും ആനക്കാം പൊയിൽ എന്നൊരു ദേശം " മേൽ ചൊന്ന വരികളുമായി കഥാപ്രസംഗ വേദികളിൽ നിറഞ്ഞു നിന്ന ആനക്കാം പൊയിലിലെ തുണ്ടിയിൽ ബേബി ഈ ഗ്രാമത്തിന്റെ ആദ്യകാല കഥാ പ്രാസംഗികനാണ്. കഥാ പ്രസംഗം, ഓട്ടൻതുള്ളൽ എന്നിവ ഇദ്ദേഹം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുന്നയ്ക്കലുണ്ടായിരുന്ന പുറം ചിറയിൽ ബ്രദേഴ്സ് ബാൻറ് സംഘം പ്രസിദ്ധമാ യിരുന്നു. കല്ലുപ്രായിൽ കൊച്ചേട്ടൻ വയലിൻ വായനയിൽ അഗ്രഗണ്യ നായിരുന്നു. പുഴവുങ്കൽ കുര്യാക്കോസ് ക്ലാർ നറ്റിൽ വിദഗ്ദനായിരുന്നു.ദേവാലയങ്ങൾ, ക്ഷേത്രങ്ങൾ മറ്റു ആഘോഷ പരിപാടികൾ എന്നിവയിൽ കരിമരുന്ന് കലാപ്രകടനം നടത്തിയിരുന്ന മടിക്കാങ്കൽ കൊച്ചേട്ടനും ഗ്രാമവാസികളുടെ മനസ്സിൽമായാതെ കിടക്കുന്നു.

തിരുവമ്പാടി കത്രീഡൽ ചർച്ചിലെ പെരുന്നാൾ മഹോത്സവം മലബാറിലെതന്നെ തിരുനാൾ ആഘോഷങ്ങളിൽ എടുത്തു പറയാവുന്നതാണ്. ഈ ഇടവകയിലെ മറ്റൊരു സവിശേഷആഘോഷം പുത്തരി പെരുന്നാളാണ്. കർഷകർ തങ്ങളുടെ കന്നിവിളവെടുപ്പ് വള്ളിക്ക് സമർ പ്പിക്കുന്നു. ധാരാളം ആളുകൾ എത്തുകയും ചെയ്യും. ഈ സമ്പ്രദായം എല്ലാ ഇടവകകളിലും നടന്നു വരുന്നു. ആനക്കാം പൊയിൽ സെ.മേരീസ് ദേവാലയം, പുല്ലുരാംപാറ സെ.ജോസഫ് ദേവാലയം പുന്നക്കൽ സെ. സെബാസ്റ്റ്യൻ ദേവാലയം, തിരുവമ്പാടി തിരുഹൃദയ ദേവാലയം മുത്തപ്പൻപുഴയിലെ സെ.സബാസ്റ്റ്യൻ ദേവാ ലയം എന്നിവയാണ് ക്രൈസ്തീയ ദേവാലയങ്ങളിൽ പ്രമു ഖം. ക്രിസ്തീയ വിഭാഗത്തിലെ തന്നെ മറ്റ് അവാന്തര വിഭാ ഗങ്ങളുടെ ആരാധനാലയങ്ങളും ഉണ്ട്.

ഇലഞ്ഞിക്കൽ ദേവീക്ഷേത്രത്തിലെ ഉത്സവ മാണ് ഈ ഗ്രാമത്തിലെ ഉത്സവങ്ങളുടെ മഹോത്സവ മായി ഗണിക്കപ്പെടുന്നത്. ഈ ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠ ദേവിയാണ്. ഗുരുദേവൻ, ശ്രീ അയ്യപ്പൻ, ശിവൻ, സുബ്രഹ്മണ്യൻ എന്നീ പ്രതിഷ്ഠകളും ഇവിടെ യുണ്ട്. കാവടിയാട്ടവും വാദ്യമേളങ്ങളുമായി ആമ്പലപ്പാറ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന ഘോഷയാ ത്രയിൽ നാനാജാതി മതസ്ഥർ പങ്കെടുക്കുന്നു. ഈ ഗ്രാമത്തിന്റെ സ്ഥലനാമവുമായി ബന്ധപ്പെട്ടു കിടക്കുന്ന ക്ഷേത്രമാണ്. അമ്പലപ്പാറ ശ്രീകൃഷ്ണ ക്ഷേത്രം. ഇതിനോട് ചേർന്ന് ശിവക്ഷേത്രവും ഉണ്ട്. ഇടക്കാലത്ത് ഉത്സവങ്ങൾ മുടങ്ങിയിരുന്നെങ്കിലും ഇപ്പോൾ സജീവാവസ്ഥയിലാണ്. പേനക്കാവിലെ തിറമഹോത്സവും ഈ ഗ്രാമത്തിലെ ഒര പൂർവ്വതയാണ്. ഓലച്ചൂട്ട് തിറയിലും, കതിനനേർച്ചയിലും നാനാജാതി മതസ്ഥർ ഭാഗഭാക്കാവാറുണ്ട്. ഇവിടത്തെ ആചാര അനുഷ്ഠാനങ്ങൾക്കും സംഘാടനത്തിനും നേതൃത്വം കൊടുക്കുന്നവരിൽ പ്രമുഖരായിരുന്നു അന്തനാ യി, വെള്ളൻ തുടങ്ങിയവർ. തിരുവമ്പാടി ഗ്രാമ പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിലായ ഏഴുക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നു. ശ്രീകൃഷ്ണക്ഷേത്രം (ശിവക്ഷേത്രം) കൽപ്പുഴയി ശിവക്ഷേത്രം തുടങ്ങിയവ. ഇതോട് ചേർന്ന് വിഷ്ണു ക്ഷേത്രവും ഉണ്ട്. ഇലഞ്ഞിക്കൽ ദേവിക്ഷേത്രം, കൃഷ്ണഗിരി ശ്രീകൃഷ്ണ ക്ഷേത്രം, പൊന്നാങ്കയം മേൽ മലമുത്തപ്പൻക്ഷേത്രം, താഴെതിരുവമ്പാടി മക്കോട്ടിരി ശ്രീ സുബ്രമണ്യ ക്ഷേത്രം, പേനക്കാവ് ഭഗവതി ക്ഷേത്രം പൊന്നാങ്കയത്തെ ശ്രീ ഗുരുമന്ദിരം, ആനക്കാംപൊയിൽ ഗുരു മന്ദിരം എന്നിവയാണ് അവ..

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ വിദ്യാ ഭ്യാസ സാംസ്കാരിക രംഗത്ത് ഒരു തിലകക്കുറിയായി പരി ലസിക്കുന്നത്. തിരുവമ്പാടിയിലെ പൊതുജന വായനശാ ലയാണ്. ഈ നാടിന്റെ സാക്ഷരതാ നിലവാരത്തെ ഉയർത്തുന്നതിലും വായനാശീലത്തെ പരിപോഷിക്കുന്ന തിലും ഈ സ്ഥാപനം വഹിച്ച പങ്ക് മഹനീയമാണ്. 1959 ൽ സ്ഥാപിക്കപ്പെട്ട് നാലായിരത്തോളം പുസ്തകങ്ങളും പന്ത്രണ്ടോളം ആനുകാലിക പ്രസിദ്ധീകരണങ്ങളും റഫ റൻസ് വിഭാഗവും ഉണ്ടായിരുന്ന ഈ സ്ഥാപനം ഇന്ന് മൃതാവസ്ഥയിലാണ്.

ആദ്യകാല കുടിയേറ്റ ചരിത്രത്തെകുറിച്ച് പുറം ലോകത്തിന് ലിഖിതമായ രേഖകൾ നല്കിയവർ കുടി യേറ്റ ചരിത്ര ഖണ്ഡകാവ്യമെഴുതിയ. അരഞ്ഞാണിയിൽ ഔസേപ്പ്, ആക്കാട്ടുമുണ്ടേൽ മൈക്കൾ മാസ്റ്റർ, ജോസഫ് കുറവിലങ്ങാട് തുടങ്ങിയവരാണ്. ഇവരുടെ പിൻ തലമു റക്കാരാണ് സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ കവിതാ രചനയിൽ മെഡൽ നേടിയ കേശവൻ നമ്പൂതി രിയും ഉണ്ണികൃഷ്ണനും. ആനക്കാംപൊയിലിന് ഹോമിയോ ചികിത്സാലയം നടത്തിവരുന്ന ഡോ. നന്ദകു മാറും.

കലാരംഗത്തെ പ്രശസ്തരെ കുറിച്ച് എടുത്തു പറയാവുന്നത് ചുവർ ചിത്രരചനാ പ്രാഗത്ഭ്യം തെളിയിച്ച കെ.ആർ ബാബു, ചിത്രകാരനായ പവിത്രൻ എന്നിവരാണ്. പന്ത്രണ്ടോളം ഗ്രന്ഥശാലകളുടെ സജീവവും സൂക്ഷ്മവു മായ സാന്നിധ്യം തന്നെ ജനങ്ങളുടെ ബോധ-ധിക്ഷണ ധാര കളുടെ അളവുകോലായി എടുക്കാവുന്നതാണ്. നല്ല നില യിൽ പ്രവർത്തിച്ചിരുന്ന എട്ടോളം വായനശാലകൾ

പ്രവർത്തനം മന്ദീഭവിച്ച് പോയിട്ടുണ്ട്. ഈ കൂട്ടത്തിൽ എടുത്തു പറയാവുന്നത് എഴുപതുകളുടെ മധ്യത്തിൽ വീടുകളിൽ വായനാ പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്ന പദ്ധതികളുമായി ആരംഭിച്ച പാലസ്തീൻ വായനശാലയാണ്.

കേരളാ ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരത്തോടും സഹായത്തോടും പ്രവർത്തിക്കുന്നആനക്കാംപൊയിലിലുള്ള വി.കെ. കൃഷ്ണമേനോൻ വായനശാല. പുന്നക്കലുള്ള നാഷണൽ ലൈബ്രറി, പുല്ലൂരാം പാറയിലെ നെഹ്റു സ്മാരക വായനശാല, തിരുവമ്പാടിയിലെ സാംസ്കാരിക നിലയം വായനശാല എന്നിവ നിലവാരം പുലർത്തുന്ന പുസ്തക ശേഖരങ്ങളാണ്. 1960 കളിൽ സാഹിത്യ കൃതികളായ വ്യക്തികളെ കേന്ദ്രീകരിച്ചും സ്കൂൾ തലങ്ങളിലും കൈയ്യെഴുത്തു മാസികകൾ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് കോസ്മോസ് ക്ലബിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'മിത്ത് ',' നിലവിളി ' എന്നീ കൈയ്യെഴുത്തു മാസികകൾ ഇക്കൂട്ടത്തിൽ ശ്രദ്ധയാകർഷിക്കുന്നവയാണ്. തിരുവമ്പാടി പഞ്ചായത്തിലെ ആദ്യ അച്ചുകൂടം 1969 ൽ ആരംഭിച്ച വിക്ടറി പ്രസ്സാണ്. തുടർന്ന് നവജീവൻ,യുണൈറ്റഡ്, അലങ്കാർ, പുത്തൻപുരക്കൽ പ്രസ്സ് എന്നിവ ആരംഭിച്ചു. പുസ്തക പ്രസാധനരംഗത്തെ നവാഗതർ കെ.എഫ്. ഫ്രാൻസീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒമോ ബുക്സ് ആണ്.

ഓലപ്പുരകളിൽനിന്ന് കോൺക്രീറ്റ് സംസ്കാരത്തിലേക്കും റേഡിയോവിൽ നിന്ന് ടെലിവിഷനിലേക്കുള്ള കടന്നുകയറ്റം ദ്രുതഗതിയിലായിരുന്നു. ഇന്ന് 500 ഓളം വീടുകളിൽ ടെലിവിഷനുണ്ട് ഈ വിഭാഗത്തിൽ കേബിളും, ഡിഷ് ആൻറിനയും പ്രചാരത്തിലായികഴിഞ്ഞു. കൂടാതെ ദൃശ്യ മാധ്യമ രംഗത്ത് തിരുവമ്പാടി ടൗണിൽ രണ്ട് തിയേറ്ററും പുല്ലൂരാം പാറയിൽ ഒരുസിനിമാ ടാക്കീസും വിജയകരണായി പ്രവർത്തിച്ചു വരുന്നു. എഴുപതുകളിൽ ആരംഭിച്ച് 1980കളിൽ നിലച്ച ലിബർട്ടി ടാക്കീസാണ് നമ്മുടെ പഢ്ചായത്തിലെ ആദ്യത്തെ സിനിമാശാല.

ഈ പഞ്ചായത്തിലെ സ്ത്രീസാക്ഷരതാ 52 ശതമാനമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പത്തോളം മഹിളാസമാജങ്ങൾ പ്രവർത്തിച്ചു വരുന്നു. നാല്പത് വർഷങ്ങൾക്ക്മുമ്പ് മറിയപ്പുറത്ത് പ്രവർത്തിച്ചിരുന്ന ബാലവാടി ഇതിന്റെ തുടക്കമായിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി എഴുത്താശാൻമാരുടെ കളരികൾ സരസ്വതീ ക്ഷേത്രങ്ങളായി പരിലസിച്ചിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ അംഗനവാടികളുടെയും നഴ്സറികളുടെയും പിറവിയൊടെ ഈ താവഴികൾ നാമാവശേഷമായി.

കമ്പോളവത്കരണത്തിന്റെയും ഹരിത വിപ്ലവത്തിന്റെയും കുത്തിയൊഴുക്കിൽ പച്ചപ്പുകൾ നഷ്ടമാവുകയും ഞാറ്റുപാട്ടിന്റെ നാവടഞ്ഞു പോകുകയും ചെയ്തു. മാപ്പിളപ്പാട്ടും ഒപ്പനയും ദഫ്മുട്ടും കോൽക്കളിയും, മാർഗ്ഗം കളിയും, ചവിട്ടു നാടകവും, തിറയും, പുലിക്കളിയും ക്ലാസിക്കൽ കലകൾക്കും മുമ്പിൽ തലകുത്തി വീണപ്പോൾ ക്ഷതമേറ്റ് നമ്മുടെ ഗ്രാമ സംസ്കാരത്തിനാമ്. ഐതീഹ്യങ്ങൾ,പുരാവൃത്തങ്ങൾ, നാടോടിപ്പാട്ടുകൾ, നാടോടിക്കഥകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയവ ശേഖരിച്ച് കൈമാറ്റം തെയ്യുവാനോ സാധിക്കാത്തത് മൂലം നമ്മുടേതായ ഉൺമയെ തിരിച്ചറിയുന്നതിൽ നമുക്ക് ബുദ്ധിമുട്ട് വന്നിട്ടുണ്ട്. ഈ പ്രശ്നങ്ങൾനമ്മുടെ ഗ്രാമത്തിന്റെ പാരമ്പര്യവൈദ്യശാഖയിലും നിഴലിക്കുന്നുണ്ട്. അയ്യപ്പൻ വൈദ്യർ, ചുള്ളിയാട്ട് വൈദ്യർ, കാവുങ്കൽ വൈദ്യർ, കുഞ്ഞുണ്ണിവൈദ്യർ, കുന്നത്ത് പാപ്പച്ചൻ വൈദ്യർ, കുട്ടിയാനി വൈദ്യർ, അപ്പൂട്ടി വൈദ്യർ തുടങ്ങിയവർ ഈ നിരയിലെ പ്രഗദ്ഭരായിരുന്നു. ആയോധനകലയുടെയും മർമ്മ ചികിത്സയുടെയും രംഗത്ത് രാമുഗുരുക്കൾ, കേളുഗുരുക്കൾ,ശാഫി ഗുരുക്കൾ കരോട്ട് മലമാത്യു ഗുരുക്കൾ,ഉണ്ണിയേപിള്ളി മത്തായി എന്നിവർ എടുത്തു പറയേണ്ടവരാണ്. ആദ്യത്തെ ഹോമിയോ ചികിത്സകൻ കുഴിമണ്ണിൽ വൈദ്യരായിരുന്നു.കരാട്ടെ സ്ക്കൂളുകൾ, കുംങ്ഫു സ്ക്കൂളുകൾ, ജിംനേഷ്യങ്ങൾ, യോഗാസന ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയവയും കൂടുതൽ പ്രചാരത്തിലുണ്ട്. കേരള ചിത്ര കലയിൽ 'റത്തായ' എന്നറിയപ്പെടുന്ന അൾത്താര ചിത്രങ്ങൾ, ഹൈന്ദവക്ഷേത്രങ്ങളിലെ കൊത്തു പണികൾ മുതലായവ നമ്മുടെ കലാസംസ്കാരത്തിന്റെ മുന്നോടികളാണ്.

കായികം

കായിക കേരളത്തിന്റെ ചരിത്രത്തിൽ നമ്മുടെ പഞ്ചായത്തിന് ഒരു പ്രമുഖ സ്ഥാനമുണ്ട് കോഴിക്കോട് ജില്ലയിലെ തന്നെ മനോഹരമായ ഒരു പുൽമൈതാനം തിരുവമ്പാടി ഹൈസ്ക്കൂളിനുണ്ട്. അതുപോലെ തന്നെ പുല്ലുരാംപാറ, പുന്നക്കൽ എന്നീ സ്ഥലങ്ങളിലുള്ള ഹൈസ്ക്കൂളുകൾക്ക് മൈതാനങ്ങളുണ്ട്. കോഴിക്കോട് വയനാട് ജില്ലകൾ ഒന്നായിരുന്നപ്പോൾ തിരുവമ്പാടിയിൽ വെച്ച് ജില്ലാ സ്കൂൾ കായികമേള നടത്തിയിട്ടുണ്ട്. കായികരംഗത്ത് ഒട്ടനവധി ക്ലബുകളുടെ ഉദയവും അസ്തമനവും ഉണ്ടായിട്ടുണ്ടെങ്കിലും ആദ്യ കാലത്തെ പ്രമുഖർ തിരുവമ്പാടി സ്പോട്സ് ക്ലബാണ്. ബോൾ-ബാഡ് മിൻറൺ, ഫുട്ബോൾ എന്നിവയിൽ നിരവധിജില്ലാ സംസ്ഥാന താരങ്ങളെ സൃഷ്ടിക്കുവാൻ ഈ ക്ലബിന് കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ തന്നെ മികച്ച ബാഡ്മിൻറൺ ടൂർണമെൻറും ഫുട്ബോൾ ടൂർണമെൻറും സംഘടിപ്പിക്കുന്നതിന് മുൻകൈ എടുത്തു. എന്നിരുന്നാലും ജനകീയ കായിക വിനോദം എന്ന നിലയിൽ ഫുട്ബോൾഒന്നാം സ്ഥാനത്ത് തന്നെ നില്ക്കുന്നു. നമ്മുടെ നാട്ടിൽ ഫുട്ബോളിന് വിത്ത് പാകിയത് താണ്ടൂർക്കണ്ടി എസ്റ്റേറ്റ് സൂപ്രണ്ടായിരുന്ന കുഞ്ഞാഗസ്റ്റി അവർകർ ആണ്. ഇദ്ദേഹം മുൻകൈഎടുത്ത് 1958 ൽ ഇന്ത്യൻ നേവിയും ഇന്ത്യൻ എയർഫോഴ്സും തമ്മിലുള്ള ഒരു മത്സരം സംഘടിപ്പിക്കുകയുണ്ടായി. ഇക്കാലയളവിൽ പുല്ലുരാംപാറ, പുന്നക്കൽ, തൊണ്ടിമ്മൽ പോലുള്ള പ്രദേശങ്ങളിൽ വോളിബോളിനായിരുന്നു പ്രാമുഖ്യം. പിന്നീട് തിരുവമ്പാടി പഞ്ചായത്ത് മുൻകൈ എടുത്ത് സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെൻറ് വളരെക്കാലം വിജയകരമായി നടത്തുകയുണ്ടായി. ഇക്കാലത്തെ നമ്മുടെ കളിക്കാരിൽ പ്രമുഖർ മതിച്ചിപറമ്പിൽ രാജു, മതിച്ചിപ്പറമ്പിൽ ജോണി, വെട്ടിക്കാട്ട് ഫിലിപ്പ് വെട്ടിക്കാട്ട് ഡൊമാനിക്ക്, ചാരുപ്ലാക്കാൽ ദേവസ്യ തുടങ്ങിയവരാണ്. ഇതിൽ ഫുട്ബോൾ പ്രേമികളുടെ മനസ്സിൽ രാജുവേട്ടൻ പുളകമായി നില്ക്കുന്നു.

ഇപ്പോൾ സജീവമായി കായികരംഗത്ത് പ്രവർത്തിക്കുന്നത് കോസ്മോസ് ക്ലബാണ്. മുൻപഞ്ചായത്ത് പ്രസിഡണ്ടായിരുന്ന പി.ടി.വർഗ്ഗീസിന്റെ സ്മാരകമായി പതിനെട്ട് വർഷമായി കോസ്മോസ് ഫുട്ബോൾ ടൂർണമെൻറ് നടന്നു വരുന്നു. കായികരംഗത്ത് പുത്തൻ നാമ്പുകളെ കണ്ടെത്തുന്നതിന് ഫുട്ബോളിലും അത്ലറ്റിക്സിലും ഇവർ ക്യാമ്പുകൾ നടത്തി വരുന്നു. കേരളസ്കൂൾ കായിക ചരിത്രമെടുത്താൽ തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂളിനുള്ള സ്ഥാനം പ്രമുഖമാണ്. പി.ടി. ഏലിയാമ്മ, ടോമി ചെനക്കര, മാണിവർഗീസ്, അബ്ദുൾ സലാം, കടായിക്കൽ ബഷീർ, സത്യൻ സി.കെ. മുഹമ്മദ് ഹുസൈൻ, ടി.എം. ഉമ്മർ, മീനാ .എം. സി.ഡോളീ ആൻസി ജോസഫ്, മനോജ് പനന്തോട്ടം, ബെന്നി ഇനാസ്, കെ.എൻ. ബാബു, പീറ്റർ, പി.പോൾ, ഷീനാജോൺ, സുനിൽ,ആറങ്ങോടൻ ബഷീർ, ബൈജു .എം.ആർ.കെ.ടി സജീവൻ, കെ.ടി.ജി.ജി അഷ്റഫ് കെ.എ. തുടങ്ങിയവർ സംസ്ഥാന ദേശീയ യൂണിവേഴ്സിറ്റി തലങ്ങളിൽ നേട്ടങ്ങൾ കൊയ്തവരിൽ ചിലർ മാത്രമാണ്

പുന്നക്കൽ, പുല്ലുരാംപാറ, തൊണ്ടിമ്മൽ എന്നീപ്രദേശങ്ങളിൽ സംസ്ഥാന ദേശീയ താരങ്ങൾ പങ്കെടുക്കുന്ന വോളിവോൾ ടൂർണമെൻറുകൾ അരങ്ങേറാറുണ്ട്. ബാസ്ക്കറ്റ് ബോളിൽ ശക്തരായ തലമുറ വളർന്നു വരുന്നുണ്ട്. ഷട്ടിൽ, കബഡി, ക്രിക്കറ്റ് എന്നീ രംഗങ്ങളിലും പുത്തൻ നാമ്പുകൾ ഉയർന്നുവരുന്നു.

പ്രശ്നങ്ങൾ

വാർഡ് I - തൊണ്ടിമ്മൽ മരക്കാട്ടുപുറം ചെറുപ്രദേശത്ത് സാംസ്കാരിക നിലയവും വായനാശാലയും ഇല്ല. കളിക്കളം, പോസ്റ്റാഫീസ്,ടെലിഫോൺ സൗകര്യങ്ങളും ഇല്ല. ജി.എൽ.പി സ്ക്കൂളിന് കെട്ടിടം സ്വന്തമായി ഇല്ല. അനുഷ്ടാന കലകളുടെ അപചയം ഏറിവരുന്നു.

വാർഡ് II കലാകായിക സാംസ്കാരിക സ്ഥാപനങ്ങളില്ല. ഉള്ള ടെലിവിഷൻ പ്രവർത്തനക്ഷമമല്ല. കളിസ്ഥലവും വായനശാലയും ഇല്ല. രണ്ടാംഘട്ടം സാക്ഷരതാ പ്രവർത്തനം നിർജീവമായിരുന്നു. മാപ്പിളകലകൾ തോറ്റുപാട്ട് എന്നിവക്ക് അപചയം.

വാർഡ്III തിരുവമ്പാടിയുടെ തലസ്ഥാനമാണിത് നിരവധി സംഘടനകളുടെ പ്രവർത്തനകേന്ദ്രം, സാംസ്കാരിക നിലയത്തിന്റെ പരിസരം ദുർഗ്ഗന്ധ പൂരിതമാണ്. 8 വർഷമായി പ്രവർത്തനരഹിതമായ പബ്ലിക്ക് ലൈബ്രറിയും ഈ വാർഡിൽ തന്നെ. പ്രവർത്തിക്കുന്ന ലൈബ്രറിയിൽ സ്ഥിരം ലൈബേറിയൻ ഇല്ല. ദിനപ്പത്രങ്ങൾ ഓഴിച്ചുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ വേണ്ടത്ര വികസിപ്പിച്ചിട്ടില്ല. കോളനിഭാഗങ്ങളിൽ രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം കടലാസിൽ മാത്രമായിരുന്നു. പാരമ്പര്യ കലകൾ ക്ഷയിക്കുന്നു.

വാർഡ്IV തമ്പലമണ്ണ വിജയാ വായനശാല നിർ

ജീവമാണ് അത്തിപ്പാറയിൽ ഒരു സാംസ്കാരിക സ്ഥാപനമോ, വായനശാലയോ ഇല്ല. രണ്ടാംഘട്ടം സാക്ഷരതാ നിർജീവം

വാർഡ് V ജോൺ അബ്രഹാം വായനശാല ജീർണാവസ്ഥയിലാണ്. കലാകായിക സാംസ്കാരിക കേന്ദ്രങ്ങളൊന്നും പ്രവൃത്തിക്കുന്നില്ല. ഇവിടെയും ചവലപ്പാറയിലും പാലക്കടവിലും വായനശാലകൾ ഇല്ല. രണ്ടാംഘട്ടം സാക്ഷരതാ പ്രവർത്തനം നിർജീവം.

വാർഡ് VI നാഷണൽ ലൈബ്രറിക്ക് സ്വന്തമായി കെട്ടിടമില്ല. L.P U.P. സ്കൂളുകൾക്ക് കളിക്കളമില്ല. വായനക്കാരിൽ സ്കീം പ്രാധിനിത്യം കുറവ്.

വാർഡ് VII സാക്ഷരതാ പ്രവർത്തനം നിലച്ചത് ഈ വാർഡിൽ ഏറെ ദോഷം തെയ്തു. കലാകായിക സാംസ്കാരിക പ്രസ്ഥാനങ്ങൾ ഒന്നും ഇല്ല. നാലുസെൻറ് കോളനിയിൽ ഇല്ലായ്മകളാണ് ഏറെ, കലാസാഹിത്യ അഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളുടെ ഭാവി ഇരുളടഞ്ഞു പോകുന്നു.

വാർഡ് VIII കലാകായിക പ്രസ്ഥാനങ്ങൾ അപചയത്തിലാണ്.കളിക്കളങ്ങളുടെയും പരിശീലകരുടേയും കുറവ് ഏറെയുണ്ട്.

വാർഡ് IX പത്രമാസികകൾ ഏറെ കുറവുള്ള വാർഡാണിത്. കലാകായിക സാംസ്കാരിക രംഗംവളരെ നിർജീവം. ടി.വി.കേന്ദ്രത്തോട് അനുബന്ധിച്ച് സാംസ്കാരിക കേന്ദ്രമില്ല. വായനശാലകൾഒന്നും നിലവിലില്ല. കളിക്കളങ്ങളും കുറവ്.

വാർഡ് X മാവാതുക്കലുള്ള ടി.വി. കേന്ദ്രത്തോടനുബന്ധിച്ച് സാംസ്കാരിക കേന്ദ്രമില്ല. വായനശാലകൾ ഒന്നും ഇല്ല.

വാർഡ്XI സാംസ്കാരിക നിലയം, കളിക്കളം, എന്നിവയില്ല. പരിസ്ഥിതിപഠന സംഘങ്ങളുടെകുറവ് കാരണം വനനശീകരണം ഏറെ നടക്കുന്നു.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

നമ്മുടെ പഞ്ചായത്തിലെ കലാകായിക സാംസ്കാരിക പ്രസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പൊതു ധാരണയുണ്ട് വാർഡ്I, വാർഡ്II, വാർഡ്IV, വാർഡ്V,വാർഡ് X, വാർഡ്XI ഈ വാർഡുകളിലെല്ലാം അത്യാവശ്യം റീഡിങ്ങ് റൂം സൗകര്യം ഉണ്ടെങ്കിലും ഗ്രന്ഥശാലകൾ ഒന്നും ഇല്ല.സ്വന്തമായി കെട്ടിടം ഉള്ളവയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും മുന്നിട്ടിറങ്ങിയാൽ കെട്ടിടമുണ്ടാക്കാൻ സ്ഥലം സൗജന്യമായി ലഭിക്കുന്ന പ്രദേശങ്ങളും ഇക്കൂട്ടത്തിലുണ്ട് തിരുവമ്പാടി ഗ്രാമ പഞ്ചായത്തും കേരള ഗ്രന്ഥശാല സംഘവും കൃത്യമായപഠനം നടത്തി ഈ രംഗത്തെ പരിപോഷിപ്പിക്കേണ്ടതാണ്.മറ്റൊരു സമാനത നിഴലിക്കുന്ന രംഗം കളിക്കളങ്ങളുടെ പ്രശ്നമാണ്. മേൽ പറഞ്ഞ വാർഡുകളിലെല്ലാം കളിക്കളങ്ങളുടെ അപര്യാപ്തതമുഖ്യ പ്രശ്നമാണ്. ഈ പ്രദേശങ്ങളിൽ അത്യാവശ്യ സൗകര്യങ്ങളുള്ള കളിക്കളങ്ങൾ നിർമ്മിച്ച് കൊടുക്കണം. വാർഡ് III വാർഡ് VI വാർഡ് റതതത എന്നിവിടങ്ങളിലെ സ്കൂൾ മൈതാനങ്ങൾ വികസിപ്പിക്കേണ്ടത് ആത്യവാശ്യമാണ്.

ഭൂരിപക്ഷം വാർഡുകളിലും സാക്ഷരതാ പ്രവർത്തനം രണ്ടാംഘട്ടം നിർജീവാവസ്ഥയിലായതുമൂലം നിരക്ഷരർ ഇന്നും നിലനില്ക്കുന്നു. ആയതിനാൽ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഊർജ്യസ്വലത കൊടുക്കുവാൻ മുൻകൈ എടുക്കുക. ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകൾക്ക് സാമ്പത്തിക സഹായവും ചെയ്യണം.

എല്ലാ വായനശാലകൾക്കും, കലാ സാംസ്കാരിക സമിതികൾക്കും, പഞ്ചായത്ത് വക ദിനപ്പത്രങ്ങൾ നല്കണം. സ്വന്തമായി കെട്ടിടമില്ലാത്ത വായനശാലകൾക്കും കലാകായിക സാംസ്കാരിക സംഘടനകൾക്കും കെട്ടിടം പണിയുന്നതിന് സാമ്പത്തിക സഹായം നല്കണം.

വായനശാലകളിൽ പ്രവർത്തിക്കാത്ത ടെലിവിഷൻ സെറ്റുകൾ പ്രവർത്തനക്ഷമമാകുന്നതിന് കാലതാമസമില്ലാത്ത സ്ഥിരം സംവിധാനം വേണം. കലാസാംസ്കാരിക സംഘടനകൾക്കും വായനശാലകൾക്കും ടെലിവിഷൻ നല്കേണ്ടതാണ്. എല്ലാ വായനശാലകളിലും ലൈബ്രറേറിയൻമാരെ നിയമിക്കണം

എല്ലാവർഷവും വായനശാല പ്രവർത്തകരുടെയും കലാസമിതി പ്രവർത്തകരുടെയും വിപുലമായ കൂടിച്ചേരൽ നടത്തേണ്ടതും അതതുരംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ടതാണ് ഇതിന് പഞ്ചായത്ത് തലത്തിൽ മുൻകൈയെടുക്കേണ്ടതാമ്.

III -ാം വാർഡിലെ സാംസ്കാരിക നിലയം വായനശാല ദുർഗന്ധങ്ങളും വിളനിലങ്ങളാണ് നടപടികൾ മൂലവും, സമീപത്തോട് കൂടി ഒഴുകുന്ന ഓടകളും മൂലമാണീ ഈ ദുർഗതി സംസ്കാരത്തിനുണ്ടായത്. രൂടിയന്തിരമായി സാമൂഹ്യ ബോധവൽക്കരണത്തോടുകൂടി ഈപ്രശ്നം പരിഹരിക്കണം. സാംസ്കാരിക നിലയത്തിൽ മാസികകളും ആഴ്ചപ്പതിപ്പുകളും വായനക്കാർക്ക് വായിക്കുവാൻ സാഹചര്യം ഉണ്ടാക്കണം. സാംസ്കാരിക നിലയം ദിവസവുംതുടിച്ചു വൃത്തിയാക്കണം.

തിരുവമ്പാടി ടൗണിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

മൺമറഞ്ഞു പോകുന്ന അനുഷ്ഠാന കലകൾ,

വാദ്യോപകരണങ്ങൾ, എന്നിവയെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പുത്തൻ നാമ്പുകൾക്ക് പരിശീലനം നല്കുകയും, നിലവിലുള്ളവയെ വീഡിയോ-ഓഡിയോ കാസറ്റുകളിൽ ശേഖരിച്ച് സൂക്ഷിച്ച് വെക്കുകയും വേണം.

ചിത്ര ശില്പങ്ങളുടെ പൗരാണികവും ആധുനികവുമായ പഞ്ചായത്തുതല കാഴ്ച ബംഗ്ലാവ് ഒരുക്കണം.

പഞ്ചായത്തിൽ ഒരു ഫിലിം പ്രൊജക്റ്റർ യൂണിറ്റ് അത്യാവശ്യമാണ്.

ഒരു വാന നിരീക്ഷണ കേന്ദ്രവും ഇൻഫർമേഷൻ സെൻറരും അത്യാവശ്യമാണ്

പ്രത്യേക പരിഗണനക്ക്

1. സാംസ്ക്കാരിക നിലയം എന്നതു പോലെ പഞ്ചായത്തുകളിൽ കായിക നിലയങ്ങൾ സ്ഥാപിക്കണം. ഇവിടെ ആവശ്യമായ കളി ഉപകരണങ്ങൾ, സ്പോട്സ് മെഡിസിൻ, സ്പോട്സ് പരിശീലകർ, കളികളുടെ ആധുനിക സങ്കേതങ്ങളെ കുറിച്ച് ലഭ്യമാകുന്ന വീഡിയോ, സ്പോട്സ് സാഹിത്യം.

2 ഈ കായിക നിലയങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ കായിക ക്ലബുകളും അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്. അഫിലിയേഷൻ ഫീസ് എല്ലാവർഷവും അടച്ച് ക്ലബുകൾ അംഗത്വം പുതുക്കേണ്ടതാണ്.

3. ഈ കായിക നിലയത്തിനു കീഴിൽ പഞ്ചായത്തിൽ പ്രചാരത്തിലുള്ള കളികളുടെ ലീഗ് ടൂർണ്ണമെൻറുകൾ നടത്തണം. ഇവിടെ നിന്ന് വിജയി ആകുന്ന ടീം ബ്ലോക്ക് കായിക നിലയം സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ മാറ്റുരക്കണം. ഇവിടെ നിന്ന് വിജയിക്കുന്നവരാണ് ജില്ലാ ലീഗ് ചാമ്പ്യൻഷിപ്പുകളിലും മീറ്റിങ്ങുകളിലും മത്സരിക്കേണ്ടത്.

4. പഞ്ചായത്ത് തലത്തിൽ വിവിധ കായികയിനങ്ങളിൽ കൂടുതൽ പോയിൻറ് നേടുന്ന ക്ലബിൻെറ ഒരു പ്രതിനിധി ബ്ലോക്ക് കായികനിലയത്തിൻെറ സ്പോട്സ് കമ്മറ്റിയിൽ അംഗമായിരിക്കണം.ബ്ലോക്ക് കായിക മത്സരങ്ങളിൽ കൂടുതൽ പോയിന്റ് നേടുന്ന ക്ലബിൻെറ ഒരു പ്രതിനിധി ജില്ലാകായിക നിലയത്തിൻെറ സ്പോർട്സ് കമ്മറ്റിയിൽ അംഗമായിരിക്കണം.

5. ജില്ലാതലത്തിൽ നിലവിലുള്ള സ്പോട്സ് കൗൺസിലുകളും മറ്റുകായിക അസോസിയേഷനുകളും പിരിച്ചു വിടണം. പരിശീലകർ, ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്ന മുഴുവൻ ടീമുകളുടെയും പ്രതിനിധികൾ, ജില്ലയിലെ കോളേജുകളിലെ കായിക അധ്യാപകർ, സ്പോട്സ് ജേർണലിസ്റ്റുകളുടെ ഒരു പ്രതിനിധി, സ്പോട്സ് ഡോക്ടർ വിഖ്യാതരായ മുൻകായിക താരങ്ങൾ എന്നിവരടങ്ങിയിരിക്കുന്നവരായിരിക്കണം ജില്ലാ കായിക നിലയങ്ങൾ.

6. പഞ്ചായത്തു തലങ്ങളിലെ കായികപരിശീലകരുടെ ക്ഷാമം പരിഹരിക്കുന്നതിന് കായികരംഗത്ത് ബിരുദമെടുത്ത് ജോലിയില്ലാതെ നിൽക്കുന്നവരെ ഒരു നിശ്ചിത ശമ്പളത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

7. ഇന്നുള്ള സാംസ്കാരിക നിലയങ്ങൾ അപൂർണ്ണമാണ് കായികരംഗത്ത് നിർദ്ദേശിച്ചിട്ടുള്ള രീതിയിലുള്ള ചുവടുവെപ്പുകൾ ഈ രംഗത്തും പിൻതുടരാവുന്നതാണ്.

പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ

വർത്തമാന പത്രങ്ങൾ	എണ്ണം	വാരികകൾ	എണ്ണം	ദൈവാരിക ദൈവാരിക	എണ്ണം	കുട്ടികളുടെ	എണ്ണം	മാസികകൾ	എണ്ണം	മറ്റുപ്രസിദ്ധീകരണങ്ങൾ	എണ്ണം
മലയാള മനോരമ	1000	മലയാള മനോരമ	2500	വനിത	250	കുട്ടികളുടെ ദീപിക	800	സിനിമ	1500	സ്ത്രീധനം	350
മാതൃഭൂമി	400	രാഷ്ട്രദീപിക	380	ഇന്ത്യാടുഡെ	100	ബാലരമ	500	കർഷകൻ	200	കായികലോകം	100
ദീപിക	650	മംഗളം	250	ഗൃഹലക്ഷമി	60	ബാലഭൂമി	150	കർഷകശ്രീ	150	കരിയർ ദീപിക	60
മംഗളം	250	സത്യദീപം	60	കേരളശബ്ദം	35	ചിത്രകഥ	100	വചനോത്സവം	80	ബിസ്സിനസ്സ് ദീപിക	50
രാഷ്ട്ര ദീപിക	460	മാതൃഭൂമി	50	നാന	35	ബാലമംഗളം	100	ശാലോം	30	മഹിളാ ചന്ദ്രികാ	35
ദേശാഭിമാനി	118	ചിത്രഭൂമി	50	മഹിളാ രത്നം	30			അസ്സീസി	30	ചിന്ത	18
ഇന്ത്യൻ എക്സ്പ്രസ്സ്	70	തൊഴിൽ വാർത്ത	50					യൂറിക്ക	20	ഭാഷാപോഷിണി	15
മാദ്ധ്യമം	60	പ്രബോധനം	30					പെൻഷണർ	60	ശാസ്ത്ര കേരളം	11
ചന്ദ്രിക	27	കലാകൗമുദി	15								
സിറാജ്	25	ചന്ദ്രിക	15								
ഹിന്ദുഡെയ്ലി	15										

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	ഗ്രന്ഥാലയങ്ങളുടെ പേര്	സ്ഥാപിതമായ വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം	കെട്ടിടം സ്വന്തമായി ഉണ്ടോ	മറ്റ്അനുബന്ധ പ്രവർത്തനങ്ങൾ
1	തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറി	1990		1230	365	5	ഉണ്ട്	T.V, പ്രക്ഷേപണം.
2	വി.കെ. കൃഷ്ണ മേനോൻ സ്മാരക വായനശാല ആനക്കാം പൊയിൽ	1977	C	4000	550	17	ഉണ്ട്	T.V, റേഡിയോ പ്രക്ഷേപണ പഠന പ്രോത്സാഹനം
3	നെഹ്റു സ്മാരക ലൈബ്രറി, പുല്ലുരാം പാറ	1967	C	3642	620	7	ഉണ്ട്	T.V, പ്രക്ഷേപണം സാക്ഷരതാ പ്രവർത്തനം, കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ
4	നാഷ്ണൽ ലൈബ്രറി പുന്നക്കൽ	1984	E	2005	215	6 പത്രം 4 വീക്കിലി 10 മാസിക	വാടകയ്ക്ക്	ശ്രമദാനങ്ങൾ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, വീടുനിർമ്മിച്ചു നൽകൽ അങ്കണവാടി കലോത്സവം
5	സഹകരണ വായനശാല മരക്കുട്ടുപുറം							
6	യുവജന വായനശാല തൊണ്ടിമ്മൽ							
7	ഇരത്തം കുഴി വായനശാല തൊണ്ടിമ്മൽ							
8	പ്രിയ ദർശിനി വായനശാല, കളരിക്കൽ							
9	വിജയ ആർട്ട്സ് and സ്പോർട്സ് ക്ലബ് ലൈബ്രറി, തമ്പലമണ്ണ							

പഞ്ചായത്തിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽ വിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനക്കോട് അഫിലിയേറ്റു ചെയ്തിരിക്കുന്നു	പ്രവർത്തനത്തിന്റെ ലഘുവിവരം
1	കോസ്മോസ് ആർട്ട്സ് & സ്പോർട്സ് ക്ലബ് തിരുവമ്പാടി	1974	87	വാടകകെട്ടിടം	1.	സ്പോർട്സ് ക്ലബ് കൗൺസിൽ 2.സംഗീത നാടക അക്കാദമി. 3.ഫോറസ്ട്രിബോർഡ് 4.അമച്വർ അത്ലറ്റിക് അസ്സോശിയേഷൻ5. ബ്ലഡ് ഡൊണേഴ്സ് ഫോറം	ഫുട്ബോൾ അത്ലറ്റിക്സ് ക്യാമ്പും ടൂർണമെൻറും നടത്തുന്നു. ജനകീയ സിനിമയുടെ തെരുവോരപ്രദർശനം പരിസ്ഥിതി പഠനവും ബോധവൽകരണ ക്യാമ്പുകളും, ഫലവൃക്ഷതൈ കളുടെ വിതരണം, ശില്പശാല ടൂർണമെൻറുകൾ, കുട്ടികളുടെ ലിറ്റിൽ തിയേറ്റർ
2	വൈ.എ.സി.എ. തിരുവമ്പാടി	1984	60	വാടക			ഭവന നിർമ്മാണം വിദ്യാഭ്യാസം മെഡിക്കൽ ക്യാമ്പ്, നഴ്സറി കലോത്സവം, സ്പോർട്സ് മീറ്റ്, വിവാഹസഹായം
3	ലയൺസ് ക്ലബ് തിരുവമ്പാടി	1992	29	വാടക			ആതുരസേവനം, വിദ്യാഭ്യാസം
4	ജേസീസ് തിരുവമ്പാടി	1993	43	വാടക			മെഡിക്കൽ ക്യാമ്പുകൾ, വിദ്യാഭ്യാസം, സാമൂഹ്യ പ്രശ്നങ്ങൾ
5	ബ്ലൂജാസ് തിരുവമ്പാടി	1986	42	വാടക			പൂക്കള മത്സരം, നോട്ടു പുസ്തക വിതരണം, നഗര ശുചീകരണം.
6	സ്പോർട്സ് ക്ലബ്, തിരുവമ്പാടി						
7	ജൂവാൻറ്റസ് സ്പോർട്സ് ക്ലബ് തിരുവമ്പാടി						
8	ഫെയിമസ് ആർട്ട്സ് ആൻറ് സ്പോർട്സ് ഓറ്റപ്പായിൽ						
9	ചെറുപ്ര ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ചെറുപ്ര 35 സ്വന്തം കെട്ടിടങ്ങൾ						
10	ഭവന കലാസമിതി താഴെ തിരുവമ്പാടി						
11	സംഘമിത്ര താഴേ തിരുവമ്പാടി						
12	എ.കെ.ജി. ആർട്ട്സ് ആൻറ് സ്പോർട്സ് പൊന്നാങ്കായം						
13	സെൻറ് ജോസഫ് റിക്രിയേഷൻ ക്ലബ് പുല്ലൂരാം പാറ						
14	മാറ്റൊലി യൂത്ത്ക്ലബ് ആനക്കാം പൊയിൽ						രക്തനിർണ്ണയ ക്യാമ്പുകൾ, മദ്യവർജ്ജന പ്രവർത്തനങ്ങൾ
15	ചെറുശ്ശേരി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ആനാക്കാം പൊയിലിൽ						
16	നെൽസൺ മണ്ടേല ഇന്ദ്രഗിരി ആനക്കാം പൊയിൽ						
17	ബെഞ്ചമിൻ മൊളോയിസ് കളരിക്കൽ ആനക്കാം പൊയിൽ						

4-9

വനിതാക്ഷേമം

ഏതൊരു സമൂഹത്തിന്റെയും വികസനം സ്ത്രീകളുടെ ക്ഷേമവുമായി ബന്ധപ്പെട്ടു കിടക്കുന്നു. 1991 ലെ സെൻസസ്സ് രേഖപ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 11874 പേർ സ്ത്രീകളാണ്. ജനസംഖ്യയിൽ 49.55% വനിതകളാണെങ്കിലും സാമൂഹ്യ സാമ്പത്തിക രംഗത്തേ പങ്കാളിത്തം വളരെ പരിമിതമാണ്. കേരളത്തിലെ മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി ഇവിടെ പുരുഷന്മാരാണ് കൂടുതലുള്ളത്. കുടിയേറ്റ ചരിത്രം പരിശോധിക്കുമ്പോൾ സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾക്ക് പിന്നിൽ തിരുവമ്പാടിയുടെ വളർച്ചയുടെ ചരിത്രത്തിൽ വനിതകൾ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല. വിവിധ മതവിഭാഗങ്ങൾക്കിടയിൽ വനിതകളോടുള്ള കാഴ്ചപാടുകളിൽ വ്യത്യസ്തമായ സമീപനമായിരുനു. പ്രാചീനകാലം മുതൽ നിലനിന്നിരുന്നത്. ഈ കാഴ്ചപാട് സ്ത്രീ സമൂഹത്തിന്റെ പൊതുവായ വളർച്ചക്കും വികസനത്തിനും തടസ്സം നിന്നിരുനതായി കാണാം. വദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥക്കും ഇത് കാരണമായിട്ടുണ്ട്. സ്ത്രീകൾ വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ അടങ്ങി ഒതുങ്ങി കഴിയുക എന്നപൊതു സമീപന മായിരുന്നു സമൂഹത്തിന്റേത്. വനിതകളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതുള്ള വിവാഹവും, ബാലികാ വിവാഹവും, ഇന്നും സർവ്വ സാധാരണമാണ്.

സമ്പന്ന മേഖലകളിലെ വനിതകൾ ദുർബ്ബല മേഖലകളിലെ വനതികളെ അപേക്ഷിച്ച് സാമ്പത്തികമായി സുരക്ഷിതരാണ്. സ്ത്രീകളുടെ ഇടയിൽ സാമ്പത്തിക മേഖലയിലുള്ള അന്തരം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒരു വശത്ത് ദൈനം ദിന ജീവിത യഥാർത്ഥ്യങ്ങളുമായി മല്ലടിക്കുന്നവരും മറുഭാഗത്ത് സുഖലോലുപതയുടെ കുത്തൊഴുക്കും പ്രകടമാണ്. ഇതു സൃഷ്ടിക്കുന്ന സാംസ്ക്കാരിക വൈരുദ്ധ്യങ്ങളെ തിരിച്ചറിയണം. ഈ തിരിച്ചറിവുള്ള വനിതാ സമൂഹത്തിനു മാത്രമെ അവകാശ-ചുമതല ബോധത്തിന്റെ വിവിധ മണ്ഡലങ്ങളിലേക്ക് എത്തിപ്പെടാൻ കഴിയുകയുള്ളു. രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക-കായിക മേഖലകളിൽ വനിതകളുടെ പങ്കാളിത്തം തൃപ്തികരമാണെന്ന് അവകാശപ്പെടാൻ കഴിയില്ല. എന്നാൽ വായനയിൽ പുരുഷന്മാരെ അപേക്ഷിച്ച് ഇവർ മുമ്പിലാണ്. പൊതുപ്രവർത്തന രംഗത്ത് വരുന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്നതിൽ നമ്മുടെ സ്ത്രീ-പുരുഷ സമൂഹം ഒട്ടും പിന്നിലല്ല. വിദ്യാഭ്യാസ മേഖലയിൽ വനിതകൾ പുരുഷന്മാരേക്കാൾ മുമ്പിലാണ്. പുരുഷ മേധാവിത്വം, മതങ്ങളുടെ അദൃശ്യമായ വിലക്കുകൾ, സുരക്ഷിതത്വമില്ലായ്മ, സ്വന്തം വരുമാനമില്ലാത്ത പ്രശ്നങ്ങൾ തുടങ്ങിയവ പൊതുരംഗത്തേക്കുള്ള വനിതകളുടെ പ്രവേശികതടച്ചു കളയുന്നു. സ്ത്രീ-പുരുഷ സമത്വം ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ഇത് അംഗീകരിച്ചു കൊടുക്കുന്നതിൽ പുരുഷൻമാർ കാട്ടുന്ന വിമുഖതയും, വനിതകളുടെ അജ്ഞതയും മൂലം ഇത് പ്രാവർത്തിക്മായി എന്ന് അവകാശം ഉന്നയിക്കാൻ കഴിയില്ല. ചെറിയ മാറ്റങ്ങൾ പ്രകടമാണ്. വിശ്വാസ പ്രമാണങ്ങളിലധിഷ്ഠിതമായ മേഖലകളിൽ കണ്ടുവരുന്ന വനിതാ പങ്കാളിത്വം ഇതര മേഖലകളിൽ വ്യാപിക്കുന്നില്ല.

സ്ത്രീ പുരുഷ മേഖലകളിലെ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഭരണഘടനയുടെ 73,74 വകുപ്പുകൾ ഭേദഗതിചെയ്ത് മൂന്നിൽ ഒന്ന് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിലേക്ക്നടന്ന തിരഞ്ഞെടുപ്പികളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിക്കുകയും തന്മൂലം വിവിധപ്രവർത്തന മേഖലകളിൽ പ്രവർത്തിക്കുവാൻ നിർബന്ധിതരാവുകയും, അവസരം ലഭിക്കുകയും ചെയ്തിരിക്കുന്നു. പ്രാദേശിക രാഷ്ട്രീയ പ്രവർത്തന മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

ആരോഗ്യ മേഖലയിൽ പൊതുവേ സ്ത്രീകൾ സമ്പന്നരാണ്. സ്ത്രീ വിദ്യാഭ്യാസത്തിലുണ്ടായ പുരോഗ

തി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ് ഇവയെല്ലാം ഇതിന് കാരണമാണ്. എന്നാൽ കോള നിവാസികളുടെയിടയിലും ആദിവാസി സമൂഹത്തിലും ആരോഗ്യ പ്രശ്നങ്ങൾ നിലവിലുണ്ട്.

സ്ത്രീകളുടെ തൊഴിൽ മേഖല:

തൊഴിൽ മേഖലയിൽ സേവന തുറകൾ ഒഴിച്ച് ബാക്കിയുള്ളതിൽ പുരുഷന്മാരാണ് മുമ്പിൽ. വിദ്യാലയങ്ങളിലും, ആതുരാലയങ്ങളിലും ജോലിക്കാരുടെ എണ്ണത്തിൽ സ്ത്രീകളാണ് മുമ്പിൽ. നിർമ്മാണ തൊഴിലാളികളുടെ സഹായികളായും, കാർഷിക മേഖലകളിലുമാണ് വനിതകൾ അധികമായി ജോലി ചെയ്യുന്നത്. വേതനങ്ങളിൽ സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു. ഈ വിഭാഗത്തിന്റെ പുറമെയുള്ള അധ്വാന ഭരവും, കുടുംബപ്രാരാംബ്ധവും ഇവരുടെയെല്ലാംകുടുംബ സുരക്ഷിതത്വത്തെ സാരമായി ബാധിക്കുന്നതായി കാണാം. വിള ക്രമങ്ങളിലുണ്ടായമാറ്റം തൊഴിൽ മേഖലയിലും മാറ്റങ്ങൾ സൃഷ്ടിച്ചു. തൽഫലമായി "ഞാറ്റുപാട്ടിന്റെ ഈരടികളോ കൊയ്തുപാട്ടിന്റെ ആരവങ്ങളോ" കേൾക്കാതായി. തൽഫലമായി കാർഷികമേഖലയിൽ തൊഴിൽ നിലനില്പിന്റെ നാമ്പടഞ്ഞു. തൊഴിലെടുക്കുന്ന വനിതാ സമൂഹത്തിനിടയിൽ നിരവധി യാതനകളുടെയും പീഢനങ്ങളുടെയും കഥ പറയാനുള്ളവരാണ് ഏറെയും. പീഡനങ്ങൾക്കെതിരെ ഒറ്റപ്പെട്ട ചെറുത്തുനില്പുകൾ ആദ്യകാലത്തും, പിന്നീട് വ്യാപകമായതോതിലും വളർന്നുവന്നു. ഈ ചെറുത്തു നിൽപ്പുകളുടെ ഫലമായി തൊഴിലാളി വർഗ്ഗ അവബോധം രൂപീകൃതമാവുകയും വിധവാ പെൻഷൻ, അഗതി പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വനിതകളുടെ ക്ഷേമത്തിനായുള്ള പ്രത്യേക പദ്ധതികൾ എന്നിവയെല്ലാം രൂപപ്പെട്ടു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പട്ടികയിൽ വിവരിക്കുന്നു.

വനിതകളെ സംബന്ധിച്ച് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ഭീഷണി സ്ത്രീധന സമ്പ്രദായമാണ്. ഇത് എല്ലാ വിഭാഗങ്ങളിലുമുണ്ട്. സ്ത്രീധന പീഡനമനുഭവിക്കുന്ന ഒട്ടേറെ പേർ ഇവിടുണ്ട്. കൂടുതലും മാനസിക പീഡനമനുഭവിക്കുന്നവരാണ്. ഇതുമൂലമുണ്ടാവുന്ന കുടുംബ ശിഥിലീകരണം തലമുറകളുടെ താളപ്പിഴകൾക്ക് കാരണമാവുന്നു. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 640 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സ്ത്രീ വിമോചന പ്രസ്ഥാനങ്ങളോ പ്രവർത്തനങ്ങളോ ഇവിടെ ശക്തമല്ല. 14 അംഗനവാടികളും 10 ൽ അധികം മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുവെങ്കിലും വേണ്ടത്ര സജീവമല്ല. വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ DWCRAയുടെ ചില യൂണിറ്റുകൾ ആരംഭിച്ചുവെങ്കിലും ലക്ഷ്യപ്രാപ്തിയിൽ എത്തിയെന്ന് പറയാനാവില്ല. ബാങ്കുകളുടെ നിസ്സഹകരണം, മാർക്കറ്റിംഗ് പ്രശ്നങ്ങൾ, സ്ത്രീകളുടെ കൂട്ടായ്മയുടെ അഭാവം ഇവയെല്ലാം ഇതിന്റെ തകർച്ചക്ക് കാരണമാവാം. തയ്യൽ, ടൈപ്പ്റൈറ്റിംഗ്, പ്ലാസ്റ്റിക് നെയ്ത്ത്, എംബ്രോയിഡറി, പെയിന്റിംഗ്,ഹോം സയൻസ്, ബ്യൂട്ടിഷൻ കോഴ്സ് തുടങ്ങിയ മേഖലകളിൽ പ്രാവിണ്യം നേടിയ ധാരാളം വനിതകൾ ഇവിടെയുണ്ട്. ഈ മേഖലകളിൽ പ്രാവീണ്യം നൽകുന്ന "ആൻസിലാഭവ്ൻ" എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സ്തുത്യർഹമാണ്. COD പോലുള്ള സംഘടനകൾ ഈ മേഖലയിൽ കാര്യമായി ശ്രദ്ധിക്കുന്നത് അഭിനന്ദനാർഹമാണ്. പുഷ്പകൃഷി- പ്രത്യേകിച്ച് കുറ്റിമുല്ല, ആന്തൂറിയം, വിവിധതരം ഓർക്കിഡുകൾ - എന്നിവയിലും കൂൺ കൃഷിയിലും നിരവധി തൊഴിൽ സാധ്യതകൾ നിലവിലുണ്ട്. ഇവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി കാണുന്നില്ല.

ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ വനിതകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. അയൽപക്കങ്ങളിലെ ടി.വി. യുടെ മുമ്പിലും, സിനിമാശാലകളിലും ഇതു പ്രകടമായി കാണാം. വായനശാലകൾ കേന്ദ്രികരിച്ച് വനിതാപങ്കാളിത്തം നന്നേകുറവാണ്. വിദേശ തൊഴിൽ മേഖലകളിൽ ധാരാളംസ്ത്രീകൾ ഈ പഞ്ചായത്തിൽനിന്നും ജോലിക്കാരായുണ്ട്. രണ്ടു മഹിളാ സമാജങ്ങൾക്ക് സ്വന്തം സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല. ഒരു മഹിളാ സമാജം സ്വന്തമായി ഒരു നഴ്സറി നടത്തുന്നുണ്ട്.

മദ്യപാനമെന്ന മഹാമാരി സാമൂഹ്യ സുസ്ഥിതിക്ക് ഭീഷണിയാണ്. ഇത് ഭൂരിപക്ഷം വരുന്ന സ്ത്രീ സമൂഹത്തെ നിത്യ ദാരിദ്രത്തിലേക്കും നിത്യദുരന്തത്തിലേക്കും വലിച്ചിഴക്കുന്നു. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന നിരവധി വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

1. രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഇടപെടുന്നതിന് സ്ത്രീകൾക്കുള്ള വൈമുഖ്യം.
2. തൊഴിൽ മേഖലയിൽ നിലവിലുള്ള വേതന അന്തരവും നാനാവിധ വിവേചനങ്ങളും
3. സ്ത്രീധനം, മദ്യപാനം, സ്ത്രീപീഡനം, ശൈശവ വിവാഹം, അന്ധവിശ്വാസങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവ
4. തൊഴിലില്ലായ്മ, സ്വയം തൊഴിലിനോടുള്ള വൈമുഖ്യം,

സാങ്കേതിക പരിജ്ഞാനമില്ലായ്മ.

5. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1 സ്വയം തൊഴിൽ സംരംഭക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

2. സാമൂഹ്യ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3. പച്ചക്കറി കൃഷി, പുഷ്പ കൃഷി, കൂൺ കൃഷി എന്നിവയിൽ പരിശീലനം നൽകു.

4 മഹിളാ സമാജങ്ങളോടനുബന്ധിച്ച് വായനശാലകളും റീഡിംഗ് റൂമുകളും സ്ഥാപിക്കുക.

6 മഹിളാ സമാജങ്ങളുടെ പ്രവർത്തനവും, അയൽകൂട്ടങ്ങളും ശക്തിപ്പെടുത്തുക.

7. വനിതകളുടെ നേരെയുണ്ടാവുന്ന അതിക്രമങ്ങൾ, മദ്യവിപത്ത് എന്നിവ തടയുന്നതിന്ന് സന്നദ്ധ സംഘടനകൾ രൂപീകരിക്കുക.

8. ആദിവാസികളിലും, ഇതരകോളനി നിവാസികളിലും സാമൂഹ്യ- സാംസ്കാരിക വളർച്ചക്ക് ഉതകുന്ന പ്രവർത്തനങ്ങൾ കോളനി കേന്ദ്രമാക്കി മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ നടത്തുക.

9. കലാകായിക മത്സരങ്ങളിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുക.

പട്ടിക 1

	തൊഴിലിന്റെ പേര്	പുരുഷൻ	സ്ത്രീകൾ
1	കാർഷിക മേഖല	1140	23
2	കർഷകത്തൊഴിലാളികൾ	1291	447
3	ചെറുകിട വ്യവസായ മേഖല	319	35
4	നിർമ്മാണ തൊഴിലാളി	164	60
5	കച്ചവടം വാണിജ്യം	528	26
6	സേവനമേഖലകൾ	442.	322
7	നാമമാത്ര തൊഴിലാളികൾ	235	277
8	മറ്റു തൊഴിൽമേഖലകളിൽ	1627	105



4-10

സഹകരണമേഖല

തിരുവമ്പാടി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ തുടക്കംകുറിക്കുന്നത് തിരുവമ്പാടി ആസ്ഥാനമായി 1953-ൽ L 56ാം നമ്പർ ആയി രജിസ്റ്റർ ചെയ്ത വിവിതോദ്ദ്യേശ ഐക്യനാണയ സംഘത്തിന്റെ രൂപീകരണത്തോടു കൂടിയാണ്. തുടർന്നു 1960-ൽ കാർഷിക നാണ്യ വിളകളുടെ സംഭരണവിപണനം ലക്ഷ്യമാക്കി കേരള മലനാട് കർഷക പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപം കൊണ്ടു. 1960-ൽ തന്നെ ക്ഷീരോൽപ്പാദന മേഖലയിലും പുല്ലൂരാംപാറ, പുന്നക്കൽ, തിരുവമ്പാടി, ആനക്കാംപൊയിൽ എന്നിവിടങ്ങളിൽ സഹകരണസംഘങ്ങൾ രൂപം കൊണ്ടു. ഈ പ്രദേശത്തെ ചെറുകിട നാമമാത്ര കർഷകരുടെ സാമ്പത്തിക ദുരിതങ്ങൾക്ക് ഒരളവ്വരെ പരിഹാരം കണ്ടെത്തുന്നതിനും കർഷകരുടെ ഉല്പന്നങ്ങളായ നാണ്യ വിളകൾക്ക് വിപണന സാധ്യത ഉറപ്പു വരുത്തുന്നതിനും ക്ഷീരോൽപ്പാദനം വളരെ കൂടുതലായി ഉണ്ടായിരുന്ന അക്കാലത്ത് അതിന്റെ മെച്ചപ്പെട്ട വിപണനത്തിനുംവേണ്ടിയാണ് മേൽസംഘങ്ങൾ രൂപം കൊണ്ടത്.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ:-

1953-ൽ 41 മെമ്പർമാരോടെ ആരംഭിച്ച ഐക്യ നാണയസംഘത്തിന്റെ പ്രസിഡണ്ട് തറയിൽ തോമസ് എന്ന ആളായിരുന്നു. പിന്നീട് തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്കായി രൂപപ്പെട്ട ഈ സ്ഥാപനത്തിന്റെ കഥ ക്രമാനുഗതമായ വളർച്ചയുടെതാണ്. തുടക്കത്തിൽ വസ്തുപണയത്തിൽ 750രൂപയും ആൾ ജാമ്യത്തിൽ 300 രൂപയും മാണ് അംഗങ്ങൾക്ക് വായ്പയായി അനുവദിച്ചിരുന്നിടത്ത് ഇന്ന് ഒരംഗത്തിന് 50,000 രൂപ വരെ കാർഷിക വായ്പ അനുവദിക്കുന്നതരത്തിലേക്ക് സംഘത്തിന്റെ പ്രവർത്തനം ഉയർത്തിയിട്ടുണ്ട്. സംഘത്തിന്റെ കീഴിൽ പുല്ലൂരാംപാറ, പുന്നക്കൽ എന്നിവിടങ്ങളിൽ രണ്ട് ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. 17 ജീവനക്കാരും 4 കളക്ഷൻ ഏജൻറുമാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. സ്ഥാപനത്തിന്റെ അംഗീകൃത മൂലധനം 79,40,000 രൂപയാണ്. 31,07,081 ഓഹരി മൂലധനമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 1,60,050 ഗവൺമെൻറ് ഷെയറുള്ളതിൽ ഒരു ലക്ഷം കേരഫെഡിന്റെതാണ്. സ്ഥാപനത്തിന്റെ പരമാവധി കടം ഏടുക്കാവുന്ന തുക 6,23,87,502 ഇത്രയുമാണ്. ഇന്ന് ഈ സ്ഥാപനത്തിലെ ഷെയർ ഉടമകളുടെ എണ്ണം 10584 ആണ്. ഈ സ്ഥാപനം പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം 2,73,52,262 രൂപയാണ്. ഇതിൽ ഒന്നേമുക്കാൽ കോടിരൂപയോളം സ്ഥിര നിക്ഷേപമാണ്. വായ്പമേഖലയിൽ ആകെ 5,04,87,518 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 65,96,568 രൂപ കുടിശ്ശികയാണ്. ഈ സ്ഥാപനം 2,33,83,759 രൂപ ജില്ലാ ബാങ്കിൽ നിന്നും വായ്പ വാങ്ങിയിട്ടുണ്ട്. ഹെഡ്ഓഫീസ് ബാങ്കിന്റെ സ്വന്തം സ്ഥലത്തുള്ള ഇരുനില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കേരള മലനാട് കർഷക പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തന പരിധി കോഴിക്കോട് താലൂക്ക്ആണ്. സംഘം ആരംഭകാലത്ത് ഏറ്റെടുത്ത് നടത്തിയിരുന്നത് അന്നത്തെ പ്രധാനപ്പെട്ട നാണ്യവിളകളായ പുൽതൈലും രാമച്ച തൈലം എന്നിവയുടെ സംഭരണവും വിപണനവുമായിരുന്നു. റബ്ബർ, കുരുമുളക്, കശുവണ്ടി തുടങ്ങിയവയുടെ സംഭരണം ഏറ്റെടുത്ത് നടത്തുകയുണ്ടായി. അക്കാലത്ത് 6 റേഷൻ കടകളും 2 കൺസ്യൂമർ സ്റ്റോറുകളും നടത്തിയിരുന്നു. 1985-87 കാലത്ത് നാണ്യവിളകളുടെ വിലയിലുണ്ടായ തകർച്ച മൂലം സംഘം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലെത്തി. ഈ കാലഘട്ടങ്ങളിൽ സംഘം ഏറ്റെടുത്ത് നടത്തിയിരുന്ന റേഷൻ ഷാപ്പുകൾ നിർത്തലാക്കി. കാര്യക്ഷമമായ മാനേജ്മെൻറിന്റെ ഫലമായി 1990-കളുടെ ആദ്യഘട്ടത്തിൽ സംഘം വീണ്ടും മുൻനിരയിലെത്തുകയുംഇന്ന് മാതൃകാപരമായ പ്രവർത്തനം വഴി സംസ്ഥാനത്ത് ഈ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. 2412 പേർ ഇതിന്റെ ഓഹരി ഉടമകളാണ്. സ്ഥാപനത്തിലെ നിക്ഷേപം 16,97,100 രൂപയാണ്. ഇതിന്റെഓഹരി മൂലധനത്തിൽ 3,78,925 രൂപ വ്യക്തികളിൽ നിന്നും വിവിധ സഹകരണ സ്ഥാപനങ്ങളുടെ 73,325 രൂപയും എൻ.സി.ഡി.സി.യുടെ 10,00,000 രൂപയും, സംസ്ഥാന ഗവൺമെൻറിന്റെ 2,15,525 രൂപയുമാണ് ഉള്ളത്. ഈ സ്ഥാപനത്തിൽ നിലവിൽ 8 ജീവനക്കാർ ജോലിചെയ്തു വരുന്നു. ഈ സ്ഥാപനത്തിലൂടെ ചുരുങ്ങിയ

തോതിൽ കുരുമുളക്, അടക്ക, റബ്ബർ, കൊപ്രഎന്നിവ ശേഖരിച്ച് വരുന്നു. മാർടെക്സ് എന്ന പേരിൽ ഒരു വസ്ത്ര വ്യാപാര സ്ഥാപനവും ഉണ്ട്. നാളികേര സംസ്ക്കരണവുമായി ബന്ധപ്പെട്ട് കൊണ്ട് രാജീവ് ഗാന്ധി കോക്കനട്ട് കോംപ്ലക്സ് എന്ന ഒരു യൂണിറ്റ് ഈ അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട്. ബാങ്കിന്റെ ഓഫീസ് കെട്ടിടവും, കോക്കനട്ട് കോംപ്ലക്സും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

ക്ഷീരോൽപ്പാദക മേഖലയിൽ 4 സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആദ്യകാല കുടിയേറ്റക്കാരുടെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗം ഹ്രസ്വകാല വിളകളിൽ നിന്നും ക്ഷീരോൽപ്പാദനത്തിൽ നിന്നുമായിരുന്നു. ഇക്കാലത്ത് ഉൽപ്പാദനത്തിന് അനുസൃതമായി ഉപഭോഗം വർദ്ധിക്കാത്ത സാഹചര്യത്തിൽ കോഴിക്കോട് പോലുള്ള നഗര പ്രദേശങ്ങളിലേക്കുപാൽ കയറ്റുമതി ചെയ്യുന്നതിന് വേണ്ടിയാണ് ക്ഷീരോൽപ്പാദകമേഖലയിൽ സഹകരണ സ്ഥാപനങ്ങൾ സ്ഥാപിച്ചത്. കാർഷിക മേഖലയിൽ ഉണ്ടായ വൻകുതിച്ചു ചാട്ടം ക്ഷീരോൽപ്പാദന മേഖലയെ അനാകർഷകമാക്കി. ക്ഷീരോൽപ്പാദന മേഖലയിലെ സൊസൈറ്റികളുടെ പ്രവർത്തനം ഇതുമൂലം കാര്യക്ഷമമല്ല. സൊസൈറ്റികളുടെ സ്ഥാപനവിവരങ്ങളും ജീവനക്കാരെ സംബന്ധിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ചും പട്ടിക 1-ൽ ചേർക്കുന്നു.

സഹകരണ ആയുർവേദ ആശുപത്രി:-

1994-ൽ കോഴിക്കോട് ജില്ല പ്രവർത്തന പരിധിയായി സഹകരണ ആയുർവേദ ആശുപത്രി തിരുവമ്പാടിയിൽ പ്രവർത്തനമാരംഭിച്ചു. ഓഹരിയുടെ മുഖവില 50 രൂപയാണ്. നിലവിൽ 386 മെമ്പർമാർ ഉണ്ട്. ആകെ 1,27,350 രൂപ മൂലധനമുണ്ട്. ഗവൺമെൻറ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടപടികൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഒരു ബ്രാഞ്ച് കോടഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു സെക്രട്ടറിയും അറ്റൻഡറും മാത്രമേ സ്ഥിരം ജീവനക്കാരായുള്ളൂ. ബാക്കിയുള്ള 6 പേർ ആ സ്ഥാപനത്തിൽ കോൺട്രാക്റ്റ് വ്യവസ്ഥയിലുമാണ് ജോലി ചെയ്യുന്നത്. ശരാശരി 1200 പേർ പ്രതിമാസം ഈ സ്ഥാപനത്തെ ആശ്രയിച്ച് ചികിത്സകൾ നടത്തുന്നുണ്ട്. ശ്രീ. പി. എൻ. ചിദംബരൻ ആണ് സ്ഥാപനത്തിന്റെ പ്രഥമ പ്രസിഡണ്ട്. ആശുപത്രി നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ 3 രോഗികളെ കിടത്തി ചികിത്സിക്കാനെ ഇപ്പോൾ സൗകര്യമുള്ളൂ. 100 കണക്കിന് രോഗികൾ നിത്യേന വരുന്ന ഈ സ്ഥാപനത്തിന് സ്വന്തം കെട്ടിടം ഇല്ലായെന്നുള്ളതാണ് ഏറ്റവും വലിയ പരിമിതി.

കാർഷിക മേഖല:- തിരുവമ്പാടി സർവ്വീസ് സഹകരണബേങ്കിന്റെ പ്രവർത്തന മേഖലയിൽ ഹ്രസ്വകാല വായ്പയായിഒരു കോടി അറുപത്തിനാലു ലക്ഷം രൂപയും ദീർഘകാല വായ്പയായി ഒരുകോടി 14 ലക്ഷം രൂപയും 1994-95 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കാർഷികേതര മേഖലയിൽ മദ്ധ്യകാല വായ്പയായി 12 ലക്ഷം രൂപയും ദീർഘകാല വായ്പയായി 11 ലക്ഷം രൂപയും അംഗങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. സ്വർണ്ണ പണയത്തിൻമേൽ ഒരുകോടി 47ലക്ഷം രൂപയും I.R.D.P. വായ്പയായി 1.35 ലക്ഷം രൂപയും നിക്ഷേപ വായ്പയായി 35ലക്ഷം രൂപയും മറ്റു വായ്പകളായി 20 ലക്ഷം രൂപയും സംഘം നൽകിയിട്ടുണ്ട്. ആകെ. വായ്പ ഇനത്തിൽ നൽകിയിട്ടുള്ള സംഖ്യ 5 കോടി 5ലക്ഷം രൂപയാണ്. സംഘത്തിന്റെ വളം ഡിപ്പോകൾ വഴി രാസവളങ്ങളും ജൈവ വളങ്ങളും ന്യായ വിലക്ക് വിതരണംചെയ്തു വരുന്നു. കോഴിക്കോട് താലൂക്കിൽ സഹകരണ വായ്പ മേഖലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണ് തിരുവമ്പാടി സർവ്വീസ് സഹകരണ ബേങ്ക്. സെയ്ഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യവും ഇവിടെ ലഭ്യമാണ്.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ:- കാർഷിക മേഖലയിൽ വായ്പ എടുക്കുന്നവർക്ക് വായ്പ തിരിച്ചടച്ചാൽ കാലതാമസമെന്യെ പുതിയ വായ്പ അനുവദിക്കുന്നതിന് റീഇബേഴ്സ്മെൻറ് സംവിധാനം നടപ്പിലാക്കണം. ഇതിന് ജില്ലാ ബേങ്കിന്റെ നടപടികളിൽ കാര്യമായ മാറ്റം ആവശ്യമാണ്. സഹകാരികളിലൂടെ ബോധവൽക്കരണം സംഘടിപ്പിച്ച് കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം. തെക്കൻ ജില്ലകളിൽ ചില ധനകാര്യസ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള ഉല്പന്ന വായ്പ കർഷകരുടെ നാണ്യവിളകൾക്ക് ബാധകമാക്കണം. വായ്പ എടുക്കുന്ന കർഷകർക്ക് ലോൺ ലിങ്ക്ഡ് ഇൻഷ്യൂറൻസ് സമ്പ്രദായം ഏർപ്പെടുത്തണം. ഇത് മൂലം കാർഷിക വായ്പ എടുക്കുന്ന കർഷകന് മരണം സംഭവിച്ചാൽ ആ വ്യക്തിയുടെ കുടുംബവും, വായ്പ നല്കിയ സംഘവും ഋണ ബാധ്യതയിൽ നിന്നും മോചിതമാകും. സംഘത്തിലെ മുഴുവൻ അംഗങ്ങളെയും വിവിധ നിക്ഷേപ പദ്ധതികളിൽ ചേർക്കുവാനുള്ള പ്രവർത്തനം ഉണ്ടായാൽ നിലവിലുള്ള നിക്ഷേപം പതിൻമടങ്ങായി വർദ്ധിപ്പിക്കാൻ സാധിക്കും. കൂടാതെ ജില്ലാബേങ്കിനെ കൂടുതലായി ആശ്രയിക്കാതെ സംഘത്തിന് കൂടുതൽ സ്വാതന്ത്ര്യവും ലാഭകരവുമായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും. കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകുവാൻ സംഘം മുന്നോട്ട് വരണം. കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് സംഘത്തിന് ഒരു മാതൃകാ വ്യവസായ യൂണിറ്റിന് തുടക്കം കുറിക്കാൻ സാധിക്കും. ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പകൾ തിരിച്ചടപ്പിക്കുന്നതിന് പ്രത്യേകം പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിത്യോപ

യോഗസാധനങ്ങൾ ജനങ്ങൾക്ക് ന്യായമായ വിലക്ക് ലഭ്യ മാക്കാനും ഉതകുന്ന കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് സഹകരണബേങ്കിന് മുൻകൈ എടുക്കാ വുന്നതാണ്. ജൈവവളങ്ങളുടെപ്രാധാന്യം വർദ്ധിച്ചു വരുന്ന ഈ കാലത്ത് ഗുണ നിലവാരമുള്ള ജൈവവളങ്ങൾ ഉണ്ടാക്കി കർഷകർക്ക് ന്യായമായ വിലക്ക് ലഭ്യമാക്കുവാൻ വേണ്ട നട പടികൾ സ്വീകരിക്കാവുന്നതാണ്.

കാർഷിക ഉല്പന്ന വിപണന മേഖല:-

മലബാർ മേഖലയിൽ തന്നെ കാർഷിക നാണ്യവി ളകളായ റബ്ബർ, അടയ്ക്ക, നാളികേരം എന്നിവയുടെ ഉൽപാദ നത്തിൽ മുൻപന്തിയിലാണ് തിരുവമ്പാടി പഞ്ചായത്ത്. എന്നാൽ ഇവയുടെ വിപണനത്തിൽ ശക്തമായ ഒരു പൊതു ഏജൻസിയുടെ അഭാവം മൂലം കർഷകർക്ക് അർഹിക്കുന്ന വില പലപ്പോഴും ലഭിക്കാറില്ല. നാളികേരത്തിന്റെ ഈ പഞ്ചാ യത്തിലെ വാർഷിക ഉല്പാദനം ഏകദേശം 11/2 കോടിയും, അടയ്ക്ക 3000 ടണ്ണും റബ്ബർ 5000 ടണ്ണും ആണെന്നാണ് ഏക ദേശ കണക്ക്, മൊത്തം ഉല്പാദനത്തിന്റെ വളരെ ചെറിയ ഒരു ശതമാനം മാത്രം സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനു മുള്ള സൗകര്യമേ നിലവിലുള്ള മാർക്കറ്റിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 1996-ൽ ആരംഭിച്ച കോക്കനട്ട് കോംപ്ലക്സിൽ ഇന്നുള്ളൂ. ഒരു വർഷം പരമാവധി 40 ലക്ഷം നാളികേരം മാത്ര മാണ് സംസ്ക്കരിക്കുവാൻ ഇപ്പോൾ സൗകര്യമുള്ളത്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകൾ ഭൂരിഭാഗവും വിപണന സൗകര്യത്തിന്റെ അപര്യാപ്തമൂലം പഞ്ചായത്തിന് പുറമെ നിന്നുള്ള കച്ചവടക്കാർക്ക് വിൽക്കുകയാണ് ചെയ്തുവരുന്നത്. ഈ കച്ചവടക്കാർ തെങ്ങിൻ തോട്ടങ്ങളും, കവുങ്ങിൻ തോട്ടങ്ങളും മുൻകൂറായി കച്ചവടം ചെയ്ത് വാങ്ങുന്നത് മൂലം കർഷകർക്ക് ന്യായമായി ലഭിക്കാവുന്ന വിലയുടെ 25% എങ്കിലും നഷ്ടപ്പെടുന്നുണ്ട്. അപ്രകാരം കണക്കി ലാക്കുമ്പോൾ ഈ പഞ്ചായത്തിലെ കർഷകർക്ക് പ്രതിവർഷം ചുരുങ്ങിയത് 1 കോടി രൂപയെങ്കിലും നഷ്ടം ഉണ്ടാ വുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. വിളവെടുക്കൽ, സംഭര ണം, സംസ്ക്കരണം എന്നീ മേഖലകളിൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മാർക്കറ്റിംഗ് സൊസൈറ്റിക്ക് വിപുലമായ രീതിയിൽ പ്രവർത്തിക്കുവാനുള്ള സാധ്യതകളുണ്ട്. 1995-96ൽ സംഘം 21ലക്ഷം നാളികേരം കർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചു. ഈ നാളികേരം ഉന്നതഗുണനിലവാരമുള്ള കൊപ്ര യാക്കി വിപണനം നടത്തിയിട്ടുണ്ട്. സംഘത്തിന്റെ രണ്ടാംഘട്ട വികസന പരിപാടിയായ ചിരട്ടക്കരി സംസ്ക്കരണവും, തേങ്ങാ വെള്ളത്തിൽ നിന്നും വിനാഗിരിയും, നാറ്റാ-ദി-കോക്കേയും ഉല്പാദനം ആരംഭിക്കുമ്പോൾ നാളികേരത്തിന് വീണ്ടും മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ കഴിയും. ഇതോടെ വെളിച്ചെണ്ണയുടെ ഉല്പാദനവും ആരംഭിക്കാൻ സാദ്ധ്യതകൾ ഏറെയുണ്ട്. കൊപ്ര സംസ്ക്കരണ പരിപാടി വിജയകരവും കർഷകർക്ക് ഗുണപ്ര ദവും എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംഘം ചെറിയ രണ്ടു സംസ്ക്കരണ യൂണിറ്റുകൾ പുല്ലൂരാംപാറയിലും പുന്നക്കലും തുടങ്ങുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്

കാംകോയുമായി സഹകരിച്ചുള്ള അടക്കാ സംഭ രണം ആഴ്ചയിൽ മൂന്നു ദിവസം എന്നതുമാറ്റി എല്ലാ പ്രവൃത്തി ദിവസവും ആക്കേണ്ടതാണ്.

റബ്ബർ സംഭരണം കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്. മാർക്കറ്റിംഗ് സ്ഥാപനം എന്ന നിലക്ക് കർഷകർക്ക് കൂടുതൽ ഗുണപ്രദമായിരിക്കും.

വില്പനക്കുള്ള കാർഷിക നാണ്യ ഉല്പന്നങ്ങൾ കേടു കൂടാതെ ശാസ്ത്രീയമായി സൂക്ഷിക്കുവാനുള്ള സൗകര്യം ഇന്നു പരിമിതമാണ്. കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്താൻ സംഘം ഗോഡൗണുകൾ നിർമ്മിക്കേണ്ടതാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വിളകളുടെ ഉല്പാദന സീസണിൽ അവധി കച്ച വടത്തിന് സംഘം തയ്യാറായാൽ കർഷകന് മെച്ചപ്പെട്ട വില ഉറപ്പുവരുത്താനും സംഘത്തിന് കൂടുതൽ ലാഭം കണ്ടെത്താനും കഴിയും.

സംഘം തന്നാണ്ടു പ്രവർത്തനത്തിൽ ക്രമാനുഗത മായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 1991-92ൽ സംഘത്തിന്റെ ഷെയർ കാപ്പിറ്റൽ 75,000 ആയിരുന്നു. 96 മദ്ധ്യം കഴിഞ്ഞ തോടെ ഇത് 3-8ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ നിക്ഷേപത്തിലും വർദ്ധനവ് കൈവരിച്ചിട്ടുണ്ട്.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

തിരുവമ്പാടി പഞ്ചായത്തിൽ സഹകരണമേഖല യിൽ ആദ്യമായി ആരംഭിച്ച ക്ഷീരോല്പാദക സഹകരണ സംഘം 1963-ൽ തിരുവമ്പാടി ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച സംഘമായിരുന്നു. 1982-ൽ ആനക്കാംപൊയിലിലും 1985-ൽ പുന്നക്കലും 1989-ൽ പുല്ലൂരാംപാറയിലും ഓരോ സഹകരണ സംഘങ്ങൾ രൂപം കൊള്ളുകയുണ്ടായി. ഇവയുടെ നിലവി ലുള്ള പ്രവർത്തനം പരിശോധിക്കുമ്പോൾ തിരുവമ്പാടിയിലും, ആനക്കാംപൊയിലിലും പ്രവർത്തിച്ചു വരുന്ന സംഘങ്ങൾ മാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നുള്ളുവെന്ന് മനസ്സിലാ വുന്നു. പുന്നക്കലിൽ പ്രവർത്തനം നിലക്കുകയും 1996-ൽ വീണ്ടും പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരു വമ്പാടിയിലും ആനക്കാംപൊയിലിലും പ്രവർത്തിക്കുന്ന സംഘങ്ങൾ ശരാശരി 300 ലിറ്റർ പാൽ വീതം സംഭരിക്കുന്നുണ്ട്. എന്നാൽ മറ്റ് രണ്ട് സംഘങ്ങൾക്കും പ്രതിദിനം 70 ലിറ്റർ പാൽ മാത്രമേ സംഭരിക്കുവാൻ സാധിക്കുന്നുള്ളൂ. പൊതുവേ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മന്ദീഭ വിച്ചു വരികയാണ്. ഇതിന് പ്രധാന കാരണം ഉല്പാദന ചില വുമായി താരതമ്യം ചെയ്യുമ്പോൾ പാലിന് നിലവിലുള്ള

വിലക്കുറവാണ്. ഈ പ്രദേശത്ത് റബ്ബർ കൃഷി വ്യാപിച്ചതോടുകൂടി തീറ്റപ്പുല്ലിന്റെ ലഭ്യതകുറഞ്ഞതും നെൽകൃഷി പൂർണ്ണമായും ഇല്ലാതായതും കാലിത്തീറ്റയുടെ വർദ്ധിച്ചവിലയും ഈ മേഖലയുടെ തകർച്ചക്ക് കാരണമായിട്ടുണ്ട്. തിരുവമ്പാടി പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് പൂർണ്ണമായും മതിയാവുന്നത്ര പാൽ ഇപ്പോൾ ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. നിലവിലുള്ള സംഘങ്ങളിൽ കൂടുതൽ പേരെ അംഗങ്ങളാക്കുകയും കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മാത്രമെ പാൽ ഉല്പാദക സംഘങ്ങൾക്ക് നിലനില്ക്കുവാൻ സാധിക്കുകയുള്ളു. പാൽ ഉല്പാദക സംഘങ്ങൾ വഴി തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും കാലിത്തീറ്റ വിതരണം പൂർണ്ണമായും സംഘങ്ങളുടെ മേൽനോട്ടത്തിൽ കൊണ്ടുവരികയും ചെയ്യണം.

പാൽ സംസ്ക്കരിക്കുന്നതിനും അതിൽ നിന്നും മറ്റ് ഉപഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സഹകരണമേഖലയിലെ പ്രശ്നങ്ങൾ

1. മാനേജ്മെൻറ് പൊതുവേ തൃപ്തികരമാണെങ്കിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ വൈമുഖ്യം കാണപ്പെടുന്നുണ്ട്.
2. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ജീവനക്കാരുടെ ശരിയായ പങ്കാളിത്തം ലഭിക്കുന്നില്ല.
3. ജില്ലാ ബാങ്കിനെ അമിതമായി ആശ്രയിക്കേണ്ടി വരുന്നതും വകുപ്പ് തലത്തിലുള്ള ഇടപെടലുകളും രാഷ്ട്രീയ അതിപ്രസരവും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.
4. രാഷ്ട്രീയത്തിന് അതീതമായി സഹകരണ പ്രസ്ഥാനങ്ങളെ കാണുന്നതിന് സമൂഹം ഇനിയും തയ്യാറായിട്ടില്ല.
5. സഹകരണ മേഖലയിലെ ത്രിതല സമ്പ്രദായം സഹകരണമേഖലക്ക് ഗുണകരമല്ല. അംഗങ്ങളെ ഇത് ദോഷകരമായി ബാധിക്കുന്നുണ്ട്.
6. കാർഷിക ഉല്പന്ന ചിലവിന് സമാശ്വാസമായി വായ്പയുടെ 5% സബ്സിഡിയായി സർക്കാർ അനുവദിക്കുന്നത് അംഗങ്ങൾക്ക് പലപ്പോഴും ലഭിക്കാറില്ല.
7. കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനവുമായി കർഷകർ ശരിയാംവണ്ണം സഹകരിക്കുന്നില്ല.
8. കർഷകർ അവരുടെ നിക്ഷേപം സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കാതെ വൻകിട വാണിജ്യ ബാങ്കുകളിലും, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലും നിക്ഷേപിക്കുന്ന പ്രവണത കൂടിവരികയാണ്.

സാധ്യതകൾ:-

1. മാനേജ്മെൻറ് ജീവനക്കാർ, മെമ്പർമാർ എന്നിവർക്ക് വിദഗ്ദമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
2. ചെറുകിട നാമമാത്ര കർഷകർക്കും, പിന്നോക്ക വിഭാഗങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും നൽകുന്ന വായ്പകളുടെ തിരിച്ചടവ് ഉറപ്പുവരുത്തുവാൻ ഉതകുന്ന രീതിയിൽ മോണിട്ടറിംഗ് ശക്തമാക്കണം. ഇതിലേക്ക് സഹായകരമായ രീതിയിൽ പൊതുഫണ്ട് വാർഡ് അടിസ്ഥാനത്തിൽ സമാഹരിക്കാവുന്നതാണ്.
3. സഹകരണ മേഖലയിൽ പുതുതായി നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കും. കാർഷിക ഉല്പന്നങ്ങളുടെ വിപണന സംഭരണ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
4. വനിതകളുടെ മേഖലയിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
5. കൺസ്യൂമർ സ്റ്റോറുകൾ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിക്കുന്നപക്ഷം പൊതുമാർക്കറ്റിലെ വില നിലവാരം ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിക്കും.
6. നാണ്യവിളകൾ മുൻകൂറായി വിൽക്കുന്നതുമൂലം കർഷകർക്ക് ഉണ്ടാവുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനായി ഉല്പന്നവായ്പ പദ്ധതി ആരംഭിക്കാവുന്നതാണ്.
7. വായ്പകൾക്ക് പൊതുവായും, ദുർബല വിഭാഗങ്ങളുടെ വായ്പകൾക്ക് പ്രത്യേകമായും ലോൺ ലിങ്ക്ഡ്ഇൻഷ്വറൻസ് നടപ്പിലാക്കാവുന്നതാണ്.
8. മധുരകള്ള് പാനീയം ചെത്തി വിപണനം നടത്തുന്ന സഹകരണ സംരംഭം ഉണ്ടായാൽ ഇന്നത്തെ നാളികേര കർഷകരുടെ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.
9. തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതിനു വേണ്ടി തൊഴിലില്ലാത്തവരെ ഉൾപ്പെടുത്തി കൊണ്ട് ഒരു ലേബർ "കോൺട്രാക്ട് സൊസൈറ്റി" രൂപീകരിക്കുകയും പഞ്ചായത്തു മേഖലയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘം മുഖാന്തിരം നടപ്പിലാക്കുകയും ചെയ്താൽ തൊഴിലില്ലായ്മക്ക് ആശ്വാസകരമായ നടപടിയാവുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനുള്ള എല്ലാ അനുകൂലസാഹചര്യങ്ങളും ഇവിടെ നിലവിലുണ്ട്.
10. തിരുവമ്പാടി സഹകരണ ആയുർവേദ ആശുപത്രിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുവാനുള്ള എല്ലാ സാധ്യതകളും നിലവിലുണ്ട്. ഈ സാധ്യത വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.

സഹകരണ സ്ഥാപന വിവരങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തന ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	നിക്ഷേപം വായ്പകൾ		ജീവനക്കാർ	
						കാർഷികം	കാർഷികേതര	സ്ഥിരം	താൽകാലികം
തിരുവമ്പാടി സർവ്വീസ് സഹകരണ	28-12	തിരുവമ്പാടി	10,584	3107081	2,73,52262	1,76,31068	3,28,56450	17	4
മാർക്കറ്റിംഗ് സൊസൈറ്റി	1960	കോഴിക്കോട് താലൂക്ക്	2412	3,78,925	16,97,100			8	
സഹകരണ ആയുർവ്വേദ ആശുപത്രി	1994	കോഴിക്കോട് ജില്ല	386	1,27,350				2	6

നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓരോവർഷം ശേഖരിക്കുന്ന പാൽ 1993-94, 94-95, 95-96			ജീവനക്കാർ		സ്ഥാപനവിവരം
				ശേഖരിക്കുന്ന പാൽ	വിറ്റപാൽ	ഡയറിക്ക് അയച്ചപാൽ	സ്ഥിരം	മറ്റുള്ളവർ	
1	.തിരുവമ്പാടി ക്ഷീരോൽപാദ ക സഹകരണ സംഘം	23 - 12- 1963	110	68291.5ലിറ്റർ 102684 - 6 ' 121803-1.4	38016.3 L 49063 L 72957 L	30633.3L 54081L 48969.5L	3-		സ്വന്തം കെട്ടിടം
2.	പുല്ലൂരാംപാറ ക്ഷീരോല്പാദക സഹകരണ സംഘം	1 - 2 - 1989	21	22346 L 20400 L 15531.5 L	15799 L 11365.5 L	4601 L 4166 L	1	1	വാടക കെട്ടിടം
3.	ആനക്കാംപൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം	26 - 3 - 1979	85	121822 L 140920.4 L 148213.3 L	6635.8 L 74828 L 80832 L	58514 L 69063 L 70246 L	3	1	സ്വന്തം കെട്ടിടം
4.	പുന്നക്കൽ ക്ഷീരോല്പാദക സഹകരണ സംഘം 1985 -ൽ ആരംഭി-ച്ചെങ്കിലും 91-ൽ പ്രവർത്തന രഹിതമായി	17 - 8 - 1996	16 70 L	70 L			1		വാടക കെട്ടിടം 5 സെന്റ് സ്ഥലം സ്വന്തമായുണ്ട്



പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

അവലോകനം :-

തിരുവമ്പാടിയിലെ പട്ടികജാതി, പട്ടിക വർഗക്കാരുടെ ചരിത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്നത്തെ തിരുവമ്പാടി പട്ടണത്തിന്റെ പരിസര പ്രദേശങ്ങളിലും താഴെ തിരുവമ്പാടി, തൊണ്ടിമ്മൽ പ്രദേശങ്ങളിലുമാണ് ഇവർ താമസിച്ചിരുന്നത്. പട്ടികവർഗ്ഗക്കാർ പൂർണ്ണമായും വനമേഖലയെ ആശ്രയിച്ചും, പട്ടികജാതിക്കാർ നാട്ടുരാജക്കാൻമാരുടെയും, ജന്മിമാരുടെയും അടിയാളന്മാരായുമാണ് ജീവിച്ചിരുന്നത്. സ്വന്തമായി വീടോ ഭൂമിയോ ഉണ്ടായിരുന്നില്ല. 1957 ലെ ഗവൺമെണ്ടിന്റെ കുടികിടപ്പവകാശം നിലവിൽ വന്നതോടു കൂടി അവരവർ കുടിലും കെട്ടി താമസിച്ചിരുന്ന തുണ്ടുഭൂമിയുടെ ഉടമസ്ഥാവകാശം ഈ വിഭാഗത്തിന് ലഭിച്ചു. ഇങ്ങനെ ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ മിക്കവാറും കൃഷിയ്ക്കു യോഗ്യമല്ലാത്തകുന്നിൻ പ്രദേശങ്ങളോ പാറകെട്ടുകൾ നിറഞ്ഞ സ്ഥലങ്ങളോ ആയിരുന്നു. കുടിയേറ്റം വ്യാപിച്ചതോടുകൂടി പട്ടിക വർഗ്ഗക്കാർ അവർ താമസിച്ചിരുന്ന കുടിലിൽ നിന്നും ഒഴിഞ്ഞു പോകുവാൻ നിർബ്ബന്ധിതരായി. 5-ാം വാർഡിലെ കക്കുണ്ട്, മധുരമൂല എന്നീ പ്രദേശങ്ങളിൽനിന്ന് ഇവർ തുടച്ചു മാറ്റപ്പെട്ടു. ഇവർ പുന്നക്കൽ, പൊന്തങ്കയം, ആനക്കാംപൊയിൽ എന്നിവിടങ്ങളിലെ മലകളിലേയ്ക്ക് മാറി താമസിക്കുകയാണുണ്ടായത്. പിൽക്കാലത്ത് ആസ്ഥലം അവർക്കു തന്നെ പതിച്ചു നൽകുകയാണ്ണ്ടായത്. സാമൂഹ്യമായും സാമ്പത്തികമായും ഒട്ടേറെ ചൂഷണങ്ങൾക്ക് ഇവർ വിധേയരാക്കപ്പെട്ടു. കാർഷിക മേഖലയിൽ ജോലി ചെയ്തിരുന്നവർക്ക് യഥാർത്ഥ കൂലി നൽകാതിരിക്കുക. കൂലി ചോദിച്ചാൽ മർദ്ദിക്കുക. ഇവരുടെ സ്ത്രീകളെ മാനഭംഗപ്പെടുത്തുക. തുടങ്ങിയ ഒട്ടെറെ ക്രൂരതകൾ നടന്നിട്ടുണ്ട്. സാമൂഹ്യ സംഘടനകളുടെ നിരന്തര പ്രവർത്തന ഫലമായി ഇന്ന് കുറെയധികം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിൽപ്പോലും ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ കുറെയൊക്കെ ഇന്നും നിലനിൽക്കുന്നുണ്ട്, ജാതിപരമായ ഉഛനീചത്വങ്ങൾ സമൂഹത്തിൽ പ്രകടമായിട്ടില്ലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹം ഇന്നും വേറിട്ടു തന്നെയാണ് കാണുന്നത്. ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹചടങ്ങുകളിൽ മറ്റു വിഭാഗക്കാർ വിരളമായി മാത്രമേ പങ്കെടുക്കാറുള്ളൂ. അവരുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കുന്നതിനും ഇതര വിഭാഗക്കാർ ചിലരെങ്കിലും ഇന്നും വിമുഖത കാണിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിൽ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉണ്ടായ വളർച്ച പട്ടകജാതി പട്ടിക വർഗ്ഗക്കാരുടെ ഇടയിൽ ഉണ്ടായിട്ടില്ല.

പട്ടികജാതി ക്ഷേമം

1991-ലെ സെൻസസ് രേഖാപ്രകാരം പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ആകെ ജനസംഖ്യ 1367 ആണ്. ഇതിൽ പുരുഷൻമാർ 676 ഉം സ്ത്രീകൾ 691 ഉം ആണ്. ഇത് പഞ്ചായത്തിന്റെമൊത്തം ജനസംഖ്യയുടെ 5.7 ശതമാനമാണ്. പഞ്ചായത്തിലെ 16 കോളനി കേന്ദ്രീകരിച്ചും ചില പ്രദേശങ്ങളിൽ 3,4ഉം വീടുകളിലുമായിട്ടാണ് പട്ടികജാതിക്കാർ താമസിച്ചു വരുന്നത്. പഞ്ചായത്തിലെ പട്ടിക ജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.ഇതിൽ ചെറുവളപ്പ് കോളനി I.H.D.Pകോളനിയിലും അല്ലാതെയുമായി 360 വീടുകളിലായിട്ടാണ് പട്ടികജാതിക്കാർ താമസിക്കുന്നത് ഇതിൽ സർക്കാറിന്റെ വിവിധ സ്കീമുകളിലായി 184 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് ലഭിച്ചിട്ടുണ്ട്. പട്ടിക ജാതിക്കാർ പഴയതിൽനിന്നും വ്യത്യസ്തമായി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. എങ്കിലുംകേന്ദ്ര സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, മേഖലകളിൽ 10 -ൽ താഴെ ആളുകൾ മാത്രമെ ജോലിക്കാരായുള്ളൂ. രാഷ്ട്രീയ സാമൂഹ്യ സംസ്ക്കാരിക മണ്ഡലങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്ന പട്ടികജാതിക്കാർ ഇല്ല, എങ്കിൽപ്പോലും പഞ്ചായത്തിലും സഹകരണമേഖലയിലും തെരഞ്ഞെ

ടുക്കപ്പെട്ട പ്രതിനിധികൾ പ്രവർത്തിക്കുന്നുണ്ട്.പഞ്ചായത്ത് ഭരണ സമിതിയിൽ തന്നെവനിത റിസർവേഷൻ സീറ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി മാഞ്ചാലിൽ ഗിരിജ ഈ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടതാണ്. പട്ടികജാതി വിഭാഗക്കാരെ കൂടാതെ പട്ടികജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയ ഏതാനും ദളിത് ക്രൈസ്തവരും ഈ പഞ്ചായത്തിലുണ്ട്.

രണ്ട് പട്ടികജാതി കോളനിക്കു മാത്രമെ വൈദ്യുതി ലഭ്യമായിട്ടുള്ളു. ഇതിൽ താഴെ തിരുവമ്പാടി ലക്ഷം വീട് കോളനിയിൽ വൈദ്യുതി കണക്ഷൻ റദ്ദ്ചെയ്യുകയാണ് ഉണ്ടായത്. I.H.D.Pകോളനിയായ ചെറുവളപ്പ് കോളനിയിലേയ്ക്ക് ഇലട്രിക് ലൈൻ വിലിച്ചിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഒട്ടെറെ കോളനികളുണ്ട്. പട്ടികജാതിക്കാരിൽ ഭൂരിഭാഗം പേരും കർഷക തൊഴിലാളികളാണ്. കൂലി നിരക്ക് പൊതുവെ ഉയർന്നതാണെങ്കിലും ലഭിക്കുന്ന തൊഴിൽദിനങ്ങൾ കുറവാണ് വരുമാനത്തിനനുസരിച്ച് ജീവിതരീതി ക്രമീകരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം ഇനിയും ഉണ്ടാവേണ്ടതുണ്ട്. പട്ടികജാതി സ്ത്രീകളുടെ സാമൂഹ്യമായ നില തൃപ്തികരമല്ല. ഇവരെ ഇതര വിഭാഗങ്ങളിലെ സ്ത്രീകൾക്കൊപ്പവും, ജീവിത നിലവാരത്തോടൊപ്പവും ഉയർത്തികൊണ്ടു വരുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ആവശ്യമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പ്രാഥമിക തലത്തിൽതന്നെ പഠനം നിർത്തി പോകുന്ന പ്രവണത കൂടുതലായി കണ്ടു വരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിന് സ്ത്രീകളുമായി ബന്ധപ്പെട്ടു പദ്ധതികൾ ആവിഷ്കരിക്കണം. നിരക്ഷരർ ആയധാരാളം പേർ ഇവരുടെ ഇടയിലുണ്ട്. പാരമ്പര്യമായി ചികിത്സാ രംഗത്ത് അപ്പുക്കുട്ടിവൈദ്യർ അയ്യപ്പൻ വൈദ്യർ, ഇമ്പിച്ചി വൈദ്യർ, കോരു വൈദ്യർ എന്നിവർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിൽ നിലവിലുള്ള 6 കോളനികളിൽ 2 കോളനികൾ സർക്കാർ അംഗീകൃതമാണ്. 10വീടുകൾ കൂട്ടമായി ഇല്ലായെന്ന സാങ്കേതികത്വത്തിന്റെ പേരിലാണ് അനുമതിലഭിക്കാത്തത്. മുണ്ടോംപറമ്പ്, ഇരുന്നക്കുഴി കോളനിക്കാണ് അംഗീകാരമുള്ളത്. മുണ്ടോംപറമ്പ് കോളനിമാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളു.
2. കോളനികളിലെല്ലാം രൂക്ഷമായ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു. 77കുടുംബങ്ങളിൽ 37 കുടുംബങ്ങൾക്ക് മാത്രമേ ധനസഹായം ലഭിച്ചിട്ടുള്ളൂ.
3. I.R.D.P. പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി 87 പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെങ്കിലും ഇതൊന്നും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടില്ല. ട്രൈസം തൊഴിൽ പരിശീലനം ലഭിച്ച 4 പേർ ഇവിടെയുണ്ട്. 2-ാം വാർഡിലെ 2 കോളനികളും അംഗീകൃതമാണ്. ആകെ വീടുകൾ 27 ആണ്. അടിസ്ഥാന സൗകര്യങ്ങളില്ല. വൈദ്യുതികരിച്ചിട്ടില്ല. 15 പേർക്ക് ഭവന നിർമ്മാണത്തിനും, I.R.D.P പദ്ധതിപ്രകാരം 32 പേർക്കും സഹായ ധനം ലഭിച്ചിട്ടുണ്ട് വിവിധ പദ്ധതികളിലായി 10 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട് പാണ്ടിക്കോട് കോളനിയിലേയ്ക്ക് യാത്ര സൗകര്യം ലഭിച്ചിട്ടില്ല.
4. മൂന്നാം വാർഡിൽ 4 പട്ടികജാതി കോളനികൾ നിലവിലുള്ളതിൽ ചെറുവളപ്പ്കോളനി I.H.D.P. കോളനിയിൽ പെട്ടതാണെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ലയ മണ്ണ് സംരക്ഷണ വകുപ്പിൽനിന്നും അനുവദിച്ച തുകപോലും ഇവിടെ ചിലവഴിക്കപ്പെട്ടിട്ടില്ല. 30 വീടുകകൾക്ക് ഗ്രാൻറ് ലഭിക്കുകയും 71പേർക്ക്I.R.D.P യിൽ സഹായധനം ലഭിക്കുകയും ചെയ്തിട്ടുണ്ട് 3 പേർക്ക്ട്രൈസം പരിശീലനം ലഭിച്ചിട്ടുണ്ട് ചേപ്പിലങ്ങോട്ട് 4 സെൻറ് കോളനിയിൽ പട്ടിക ജാതിക്കാർആണ് അധികം ഉള്ളത്.
5. 4ാം വാർഡിൽ തുമ്പക്കോട്ട് കോളനിയിൽ 16 വീടുകൾ ഉള്ളതിൽ 14 പേർക്ക് ഭവന നിർമ്മാണത്തിന് സഹായധനം ലഭിച്ചിട്ടുണ്ട്. ഇലഞ്ഞിക്കൽ ലക്ഷം വീട് കോളനിയിലും ഏതാനും വീടുകളുണ്ട് കക്കൂസ് ഇല്ലാത്ത 12 കുടുംബങ്ങളുണ്ട് 23 പേർക്ക് I.R.D.P സഹായം ലഭിച്ചിട്ടുണ്ട്ട്രൈസം പരിശീലനം 1 ആൾക്ക് ലഭിച്ചിട്ടുണ്ട് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വൈദ്യുതി ഇല്ല.വഴി സൗകര്യവും ഇല്ല.
6. കോളനി ഇല്ലെങ്കിലും 22 കുടുംബങ്ങൾ 5-ാം വാർഡിൽ താമസിക്കുന്നുണ്ട് 9 കുടുംബങ്ങൾക്ക് മാത്രമെ വീടുകൾ ലഭിച്ചിട്ടുള്ളു. I.R.D.P. പദ്ധതിയിൽ 19 ആളുകൾക്ക് സഹായധനം ലഭിച്ചിട്ടുണ്ട് ചവലപ്പാറ മേഖലയിൽ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്.
7. ഒൻപതാം വാർഡിൽ കൊടക്കാട്ടുപാറ കോളനിയിൽ 10 വീടുകളുണ്ട് 42 പേർക്ക് I.R.D.P സഹായം ലഭിച്ചിട്ടുണ്ട്
8. 10-ാം വാർഡിലെ കുറുങ്കയം പട്ടികജാതി കോളനിയിൽ 9 വീടുകളാണുള്ളത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. വൈദ്യുതി, കുടിവെള്ളം ലഭ്യമല്ല.I.R.D.P സഹായം 22 പേർക്ക്നൽകപ്പെട്ടിട്ടുണ്ട്.

9. മദ്യപാനശീലം പട്ടികജാതിക്കാരുടെ ഇടയിൽ കൂടുതലായി കാണപ്പെടുന്നുണ്ട്. ഇത് ഇവരുടെ സാമ്പത്തിക തകർച്ചക്ക് ഒരു പ്രധാന കാരണമാകുന്നുണ്ട്. പട്ടിക ജാതി സ്ത്രീകളിലും മദ്യപാനശീലം കാണപ്പെടുന്നുണ്ട്.

10. പൊതു ശ്മശാനം പഞ്ചായത്തിൽ ഇല്ലാത്തത് കൊണ്ട് ശവം മറവ് ചെയ്യുന്നതിന് വളരെപ്രയാസം കാണപ്പെടുന്നു.

സാധ്യതകൾ

1. തിരുവമ്പാടി പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഒരു സഹകരണസംഘം രൂപീകരിക്കുയും ഇത് വഴി ഈ വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക നില ഉയർത്തുന്നതിന് സഹായിക്കുകയും ചെയ്യാവുന്നതാണ്. ഇതിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന കോളേജ് വിദ്യാഭ്യാസം ലഭിച്ച യുവതീയുവാക്കൾ ഇവരുടെ ഇടയിലുണ്ട്. ഇവർക്കു ആവശ്യമായമാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും നിരവധി സാധ്യതകൾ പഞ്ചായത്തിലുണ്ട്.

2. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും തുടർ സാക്ഷരതാ പദ്ധതികളിലൂടെയും ഇവരിൽ നിലനിൽക്കുന്ന അന്യതാബോധം മാറ്റിയെടുക്കാൻ സാധിക്കും.

3. അടുത്ത 5 വർഷകാലത്തിനിടയിൽ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീടുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും കൂട്ടായി പരിശ്രമിക്കേണ്ടതാണ്.

4. പട്ടിക ജാതി ക്ഷേമവകുപ്പ്, വികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തുടങ്ങി വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന നിരവധി ക്ഷേമ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടപ്പിലാക്കുന്ന പക്ഷം ഈ മേഖലയിൽ ഗണ്യമായ മാറ്റം കൈവരിക്കാൻ സാധിക്കും.

5. പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയിൽപ്പെടുത്തി സഹായധനം നൽകുകയും ഇവർക്ക് പ്രത്യേകമായ പ്രോത്സാഹനം നൽകുകയും വേണം.

6. പട്ടികജാതി വിഭാഗങ്ങൾക്ക് പൊതുവായും ശവം മറവ് ചെയ്യുന്നതിന് ശ്മശാനം ഇല്ല. ഒന്നാം വാർഡിലെ ചോലകുളങ്ങര എന്ന സ്ഥലത്ത് നിലവിൽ ഹരിജനങ്ങളെ മറവ് ചെയ്യുന്ന സ്ഥിതി നിലവിലുണ്ട്.

7. പട്ടികജാതി വിഭാഗത്തിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കണ്ടെത്തി പഞ്ചായത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നൽകാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

പട്ടികവർഗ്ഗ വിഭാഗം :-

തിരവമ്പാടിയിൽ 4 പട്ടികജാതി കോളനികളാണുള്ളത്. 1991 ലെ സെൻസസ് പ്രകാരം 284 പട്ടിക വർഗ്ഗക്കാരാണുള്ളത്. ഇവരിൽ 132 പേർ പുരുഷൻമാരും 152 പേർ സ്ത്രീകളുമാണ്. ഇത്മൊത്തം ജനസംഖ്യയുടെ 1.187 ആണ്. പട്ടിക വർഗ്ഗക്കാർക്കിടയിൽ പുരുഷൻമാരുടെ എണ്ണംകുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. പഞ്ചായത്തിലെ 6-ാം വാർഡിലെ ഓളിക്കൽ മലവാരത്തിലും 9-ാം വാർഡിലെ പൊന്നാങ്കയം മലവാരത്തിലും 10-ാം വാർഡിൽപ്പെട്ട ഓടപൊയിലിലും 11 വാർഡിലെ മുത്തപ്പൻ പുഴിയിലും ഇവർ താമസിക്കുന്നത്. ആകെ കുടുംബങ്ങളുടെ എണ്ണം 70 ആണ്. എല്ലാവർക്കും വിവിധ സ്കീമുകളിലായി സർക്കാർ വീട് നിർമ്മിച്ചു നൽകിയെങ്കിലും, നിർമ്മാണത്തിലുള്ള അപാകതയും, അറ്റ കുറ്റപണികളുടെ അഭാവവും മൂലം മിക്കവാറും ജീർണ്ണാവസ്ഥയിലാണ്. 3 കോളനികളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ടെങ്കിലും മുത്തപ്പൻ പുഴ കോളനിയിൽ മാത്രമാണ് വൈദ്യുതി ഉപയോഗിക്കുന്നത്.ഈ കോളനിയിൽ തന്നെ 4 വീടുകളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. മറ്റുകോളനിയിലെ വീടുകളിൽ വൈദ്യുതി എത്താനുണ്ട്. മറ്റു കോളനിയിലെ വീടുകളിൽ വൈദ്യുതികരിക്കാനുള്ള സംവിധാനം നിലവിലില്ല. വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള അജ്ഞതയും ഒരു പ്രശ്നമാണ്. ഓടപൊയിൽ കോളനിയിൽ മാത്രമെ വൈദ്യുതി ലൈൻ എത്താത്തതുള്ളൂ. മുത്തപ്പൻ പുഴകോളനി അംബേദ്ക്കർ കോളനിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പൊന്നാങ്കയം, പുന്നക്കൽ കോളനികൾക്ക് ടാർ റോഡ് നിർമ്മിച്ചിട്ടുണ്ട്. കോളനികളിൽ കുടിവെള്ള ക്ഷാമം നിലവിലില്ല. മുത്തപ്പൻ പുഴ കോളനിയിൽ ഗ്രാമ പഞ്ചായത്ത് വക ടെലിവിഷൻ സെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

എട്ട് പഞ്ചവത്സര പദ്ധതി പിന്നിട്ടിട്ടും സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽഏറ്റവും അടിത്തട്ടിലാണ് ഇവർ പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് ജീവിത ശൈലി നഷ്ടമാകുകയും പുതിയവ ഉൾകൊള്ളുവാൻ കഴിയാത്ത സാഹചര്യം വളർന്നുവരികയും ചെയ്യുന്നതിന്റെ ഫലമായി അവരുടെ തനത് സംസ്ക്കാരവും വ്യക്തിത്വവും നഷ്ടപ്പെടുകയും ചെയ്തതാണ് ആദിവാസി മേഖലകളിൽ നിലനില്ക്കുന്ന ഏറ്റവും വലിയ പ്രശ്നം. വനമേഖലയുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന പട്ടിക

വർഗ്ഗക്കാർക്ക് കാട് നാടായി മാറിയതോടുകൂടി അവരുടെ പരമ്പരാഗതമായ വരുമാന ശ്രോതസുകൾ അടഞ്ഞു പോകുകയും തലമുറകളായി കൈമാറിവന്ന സാംസ്കാരിക പൈതൃകം നഷ്ടമാകുകയും ചെയ്തു. വനവിഭവങ്ങൾ ശേഖരിച്ചും കാട്ടുതേൻ കൂടിച്ചും നടന്നിരുന്ന ആദിവാസികൾ ഇന്ന് ഭക്ഷണത്തിന് വകയില്ലാതെ ബുദ്ധിമുട്ടുകയാണ്. ദാരിദ്രത്തിന്റെയും അജ്ഞതയുടെയും ഫലമായി നിരവധി രോഗങ്ങൾ ഇവർക്കിടയിൽ പടർന്നുപിടിക്കയും പുരുഷൻമാരും കുട്ടികളിൽ പലരും അകാലത്തിൽ മരണം അടയുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു. നാട്ടിൻ പുറങ്ങളിലെ തൊഴിലുകൾ ചെയ്യുന്നതിനുള്ള വൈദഗ്ദ്യം ഇല്ലായ്മ മൂലം കാർഷിക മേഖലയിലും ഇവർക്ക് തൊഴിൽ ലഭിക്കുന്നില്ല. ആദിവാസികളിൽ ഭൂരിഭാഗം പേരും നിരക്ഷരരാണ്. കുട്ടികലെ സ്ക്കൂളിൽ വിടുന്നതിന് ഇവർക്കു താല്പര്യവും ഇല്ല.സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി കുറെ കുട്ടികളെ സ്ക്കൂളിൽ എത്തിക്കുവാൻ സാധിച്ചിരുന്നുവെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതോടു കൂടി ഇവരെല്ലാം പഠിപ്പു നിർത്തി. ആദിവാസി കുട്ടികളുടെപഠന നിലവാരം ഉയർത്തുന്നതിന് സമൂഹത്തിൽ പൊതുവേ താല്പര്യമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആദിവാസി കോളനികളുടെ സമീപത്ത് താമസിക്കുന്നവരാണ് പലപ്പോഴും ഈ വിഭാഗത്തെ ഏറ്റവും അധികം ചൂ,ണം ചെയ്യുന്നത്. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ ചിലവഴിക്കുന്ന തുകയിൽ ഗണ്യമായ ഒരു പങ്ക് ഇത്തരം ആളുകൾ കവർന്നെടുക്കുകയാണ്. ചുരുക്കം ചില പട്ടിക വർഗ്ഗക്കാർക്ക് വിദ്യാഭ്യാസം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന കോളനികളിൽ ജീവിത നിലവാരത്തിൽ ചെറിയ പുരോഗതി കൈവരിച്ചതായി കാണുവാൻ കഴിയും. പ്രീഡിഗ്രി വിദ്യാഭ്യാസം നേടിയ 6-ാം വാർഡിലെ ഓളിക്കൽ ആദിവാസി കോളനിയിലെ കമല എന്ന യുവതിക്ക് തിരുവമ്പാടി സർവ്വീസ് സഹകരണ ബേങ്കിൽ ജോലി നൽകിയിട്ടുണ്ട്. മദ്യപാനം, അനാശാസ്യ പ്രവർത്തനം എന്നിവ ഇവരുടെ ഇടിയിൽ വ്യാപകമായി തന്നെയുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്കായി പ്രത്യേക ഡിപ്പാട്ട്മെൻറ് ഉണ്ടെങ്കിലും ഇതിലൂടെ ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപ ഇടത്തട്ടുകാരും ഉദ്യോഗസ്ഥന്മാരും കവർന്നെടുക്കുകയാണ് പൊതുവായ അനുഭവം. എല്ലാ മതവിഭാഗങ്ങളുടെയും ആഘോഷ ചടങ്ങുകളിൽ ഗിരിവർഗ്ഗക്കാർ കൂട്ടമായി പങ്കെടുക്കാറുണ്ട്. ചില ആദിവാസികൾക്ക് പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ നാട്ടു ചികിത്സാ വൈദഗ്ദ്യം ഉണ്ടായിരുന്നു. പൊന്നാങ്കയം ആദിവാസികോളനിയിലെ കൈമ എന്ന ആദിവാസി നല്ല ഒരു വിഷ ചികിത്സകനായിരുന്നു. ഇത്തരം നാട്ടറിവുകൾ കൈമാറ്റം ചെയ്യപ്പെടാതെപോകുന്നതുകൊണ്ട്പലതും നശിച്ചു പോകുകയാണ്.

പ്രശ്നങ്ങൾ

1. വിവിധ പദ്ധതികളിലൂടെ ആവിഷ്കരിച്ച വികലമായ പരിപാടികൾ മൂലം ആദിവാസികൾക്ക് അവരുടെ തനത് സംസ്ക്കാരവും അവകാശങ്ങളുംനഷ്ടമാവുകയാണുണ്ടായത്. അവരുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടന്നിരുന്ന വനമേഖല ഇന്ന് അവർക്ക് അന്യമായിരിക്കുന്നു.

2. മദ്യപാനം, വ്യഭിചാരം എന്നി ചൂഷണങ്ങൾക്ക് ഇവർ വലിച്ചിഴക്കപ്പെടുന്നു പോഷകാഹാരകുറവുമൂലമുണ്ടാകുന്ന രോഗങ്ങളുടെ ഫലമായി കുട്ടികളുടെയും പുരുഷൻമാരുടെയും മരണം.

3. വിദ്യാഭ്യാസത്തോട് കാണിക്കുന്ന വിമുഖതയും, കാർഷിക വൃത്തിയോടുകാണിക്കുന്ന താല്പര്യം ഇല്ലായ്മയും

4. ആദിവാസികൾക്കിടയിലുള്ള തൊഴിലില്ലായ്മ മൂലം പലപ്പോഴും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും അടക്കയും മറ്റും എടുത്തുകൊണ്ടുപോയി വിറ്റ് ഉപജീവനം നടത്തുന്ന പ്രവണത നിലവിലുണ്ട്.

5. ഇവർക്കായി വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന ആനുകൂല്യങ്ങൾ പലപ്പോഴും ഇവരിൽ എത്തുന്നില്ല.

6. പട്ടിക വർഗ്ഗക്കാരോട് ഇതരവിഭാഗങ്ങൾ കാണിക്കുന്ന കടുത്ത അവഗണന.

സാധ്യതകൾ

1. പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടകവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം മൂലം ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥന്മാർക്കും ഇടത്തട്ടുകാർക്കും മാത്രമേ വികസനം ഉണ്ടായിട്ടുള്ളൂ.ഈ മേഖലയിൽ തുടർന്നു നടത്തുന്ന പ്രവർത്തനങ്ങൾ പൂർണമായും തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുകയാണെങ്കിൽ കുറെയെറെ മാറ്റം ഉണ്ടാക്കാൻ കഴിയും. പട്ടിക വർഗ്ഗക്കാർക്ക്വേണ്ടി ഇത്തരം ഒരു വകുപ്പ് നിലനിർത്തണമോ എന്ന് സർക്കാർ പരിശോധിക്കേണ്ടതാണ്.

2. വിദ്യാഭ്യാസ രംഗത്ത് പട്ടിക വർഗ്ഗക്കാർക്ക് പുരോഗതി ഉണ്ടാകണമെങ്കിൽ അവരുടെ കോളനികളിൽ തന്നെ വിദ്യാഭ്യാസം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തു

കൊണ്ട്മാത്രമേ എന്തെങ്കിലും മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഗുരുകുലം സ്ഥാപിക്കണം. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് നേതൃപരമായ പങ്ക് വഹിക്കാൻ സാധിക്കും. ഇതിന് ഒരു സമയ ബന്ധിത പരിപാടി ആവിഷ്കരിക്കാവുന്നതാണ്.

3. ആരോഗ്യമേഖലയിലും, പരിസരശുചിത്വം, വ്യക്തി ശുചിത്വം, മദ്യപാനം, സാംസ്ക്കാരിക തകർച്ച എന്നിവയുടെ കാര്യത്തിൽ കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തണം

4. നിലവിലുള്ള ജീർണ്ണാവസ്ഥയിലുള്ള വീടുകൾ മാറ്റി കോൺക്രീറ്റ് വീടുകൾ നിർമ്മിച്ചു നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്നപക്ഷം പാർപ്പിട പ്രശ്നത്തിൽ സ്ഥായിയായ പരിഹാരം ഉണ്ടാക്കാവുന്നതാണ്.

5. പട്ടിക വർഗ്ഗക്കാർക്ക് യോജിച്ച തൊഴിലുകൾ അവരുമായി ഇടപെട്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ അവർക്ക് ഒരു സ്ഥിര വരുമാനം ഉണ്ടാക്കുന്നതിന് സാധിക്കും.

6. കോളനി പരിസരവാസികളുടെയും മറ്റു ഇടത്തട്ടുകാരുടെയും ചൂഷണത്തിൽ നിന്ന് ഇവരെ മോചിപ്പിക്കുന്നതിനായി ഈ മേഖലയിൽ നടത്തുന്ന മുഴുവൻ പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾനേരിട്ട് ചെയ്യേണ്ടതാണ്.

7. കോളനികൾ കൃഷിയോഗ്യമാക്കുന്നതിന് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

പഞ്ചായത്തിലുള്ള പട്ടികജാതി കോളനികൾ

	വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	കക്കൂസ് ഉള്ള വീടുകളുടെ എണ്ണം	വൈദ്യുതീകരിച്ചതോ അല്ലയോ എന്ന്	കുടിവെള്ള സൗകര്യം	റോഡ് സൗകര്യം
1	1	കരാളം കുഴി	12	3	ഇല്ല	ഉണ്ട്	ഇല്ല
	2	മുങ്ങോംപറമ്പിൽ	16	15	ഉണ്ട്	ഉണ്ട്	ഉണ്ട്
	3	ഇരുന്നക്കുഴി	10	6	ഉണ്ട്	ഉണ്ട്	ഉണ്ട്
	4	മാഞ്ചാലിൽ	10	8	"	""	
	5	ചാലിത്തൊടി	11	4	ഇല്ല	ഉണ്ട്	ഇല്ല
	6	വാപ്പാട്ട്	13	4	"	"	"
2	1	പാണ്ടിക്കോട്	15	4	"	""	
	2	തിരവമ്പാടി ലക്ഷംവീട്	9	3	"	""	
3	1	തേറുപറമ്പ്	15	10	"	""	
	2	മറിയപ്പുറം	9	9	"	"	ഉണ്ട്
	3	ചെറുവളപ്പ് (IHDP)കോളനി	15	7	""	"	
	4	ചേപ്പിലംകോട്	17	-	"	ഇല്ല	ഇല്ല
	4	തുമ്പക്കോട്ട്	16	4	"	"	"
	7	പൊന്നാങ്കയം	15	7	"	"	"
	9	കൊടക്കാട്ടുപാറ	10	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	10	കുറുങ്കയം	9	4	"	"	"

പഞ്ചായത്തിലുള്ള പട്ടികവർഗ്ഗ കോളനികൾ

വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	കക്കൂസ് ഉള്ള വീടുകളുടെ എണ്ണം	വൈദ്യുതീകരിച്ചതോ അല്ലയോ എന്ന്	കുടിവെള്ള സൗകര്യം	റോഡു സൗകര്യം
6	ഓളിക്കൽ	14	ഇല്ല	-	ഉണ്ട്	ഉണ്ട്
9	മേലെപൊന്നാങ്കായം	22	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
10	ഓടപ്പൊയിൽ	9	ഇല്ല	ഇല്ല	ഇല്ല	ഇല്ല
11	മുത്തപ്പൻ പുഴ (അംബേദ്ക്കർ കോളനി)	26	ഇല്ല വൈദ്യുതീകരിച്ചത്	22 വീടുകൾ ഇല്ല	ഉണ്ട്.	



4-12

വിഭവസമാഹരണം:

ഫലഭൂയിഷ്ഠ മണ്ണും, അധ്വാനശേഷിയുള്ള മനുഷ്യസമ്പത്തുമാണ് നമ്മുടെ പ്രധാന വിഭവം. ഇവയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലൂടെ മാത്രമെ നമ്മുടെ വികസനം പൂർണ്ണമാവുകയുള്ളു. ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഒട്ടേറെ നാം മുന്നോട്ടു പോയെങ്കിലും ഇനിയും ബഹുദൂരം പോവേണ്ടതുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, സാധ്യതകളും മുൻ അദ്ധ്യായങ്ങളിൽ വിവരിക്കുന്നതു കൊണ്ട് ആവർത്തനം ആവശ്യമില്ല. പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനങ്ങൾ സമ്പന്ധിച്ചുള്ള വിശദ വിവരങ്ങൾപട്ടിക Iൽചേർക്കുന്നു

പഞ്ചായത്തിന്റെ പൊതു സാധ്യതകൾ വില

പട്ടിക 1

പഞ്ചായത്ത് വരുമാനത്തിലെ വ്യതിയാനം.

	ഇനം	വർഷം		വ്യത്യാസം	ശതമാനം
		1991-92	1995-96		
I	തനത് വരുമാനം				
a,	കെട്ടിട നികുതി	241828.00	375084.00	+ 133256.00	55%
b,	വിനോദ നികുതി	122224.00	228040.00	+105816	86%
c,	തൊഴിൽ നികുതി	161215.00	190074.00	+28859	18%
d,	ലൈസൻസ് ഫീസ്	19117.00	25988.00	+6871	36%
e,	ഷോപ്പിംഗ് സെൻറർ വാടക	126923.00 1	50183.00	+23260	18%
II	ഉപാധിരഹിത ഫണ്ട്	211920.00	331700.00	+119780	52%
III	ജെ.ആർ.വൈ	257100.00	390789.00	+133689	52%
IV	വസ്തുകൈ മാറ്റ നികുതി	154725.00	104733.00	- -49992	-48%
V	അടിസ്ഥാന നികുതി	172878.00	235221.00	+62343	36%
VI	ഗ്രാൻറുകൾ സംഭാവനകൾ	109707.00	420819.00	+311112	284%
VII	ഡിപ്പോസിറ്റ് മറ്റ്വരവുകൾ	204007.00	298293.00	+94286	46%
	ആകെവരവ്	1781644.00	2750924.00	1069264.00	60%

യിരുത്തിയാൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം വളരെ പരിമിതമാണ് എന്നു കാണാം. നിലവിലുള്ള നികുതി പിരിവ് കുറ്റമറ്റതാക്കുകയും, പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയുംനികുതി നൽകുകവഴി ചെയ്യുന്നതെന്ന് നികുതി ദായകരെ മനസ്സിലാക്കാനും സാധിച്ചാൽ വരുമാനം ഗണ്യമായി വർധിപ്പിക്കാൻ സാധിക്കും. നികുതികൊടുക്കേണ്ടവരെല്ലാം അതു നൽകാനുണ്ടെന്നുറപ്പുവരുത്തുവാൻ കഴിയുന്ന സ്ഥിതി സംജാതമാകണം. ഇക്കാര്യത്തിൽ ചില പൊതുവായ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. നികുതി ഒരു ഭാരമാണ് എന്ന ധാരണവരാത്ത വിധം വരുമാനത്തിന്റെ ഒരു ചെറിയ ശതമാനംമാത്രമെ നികുതിയായി വരുന്നുള്ളു എന്ന ബോധ്യപ്പെടുന്നതിലൂടെ നികുതി കൊടുക്കുവാനുള്ളതാല്പര്യം ജനങ്ങളിലുണ്ടാക്കാൻ കഴിയണം
2. വരുമാനമുള്ള മുഴുവൻ വ്യക്തികളിൽ നിന്നും നികുതി ലഭ്യമാക്കാൻ സാധിക്കണം
3. പഞ്ചായത്തിന്റെ വരവ് - ചിലവ് കണക്ക് സുതാര്യമാക്കണം

ലൈസൻസ് ഫീസ്

ഇതിൽ കച്ചവട സ്ഥാനങ്ങളിൽ നിന്നുള്ള വ്യാപാര വ്യാവസായ സ്ഥാപനങ്ങളുടെ സാധ്യതയുമായി തുലനം ചെയ്താൽ ഇത് പരിമിതമാണ് എന്നുകാണാം.

ഈ മേഖലയിൽ ഇപ്പോഴത്തെ നിരക്കുകൾ വളരെ കുറവാണ്. ലൈസൻസ് ഫീ നിരക്കുകൾപുതുക്കികൊണ്ടുള്ള തീരുമാനം പുതിയ നിയമത്തിൽ വന്നിട്ടുണ്ടെങ്കിലും ഇവിടെ നടപ്പിലാക്കിയിട്ടില്ല. പുതുക്കിയ നിരക്ക് ഫലപ്രദമായി നടപ്പിലാക്കിയാൽ ഈ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിക്കും.

വിനോദ നികുതി

പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിലൊന്നാണ് വിനോദ നികുതി. 95-96 വർഷത്തെ വരുമാനം 2,14,119 രൂപയാണ്. പുതുതായി ഒരു തിയേറ്റർ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ നികുതി പിരിവ് കൂടുകൽ കാര്യക്ഷമമാക്കുക വഴി ഇന്നത്തെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇതുകൊണ്ട് നികുതിദായകന് പ്രത്യേകിച്ച് പ്രയാസങ്ങളൊന്നും അനുഭവപ്പെടുകയില്ല.

കെട്ടിടനികുതി:

നികുതി ഇനത്തിൽ 95-96 വർഷത്തെ വരുമാനം 3.75 ലക്ഷം രൂപയാണ്. നിലവിലുള്ള കെട്ടിടങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഇതുവളരെ കുറവാണെന്നു കാണാം. വാസഗൃഹങ്ങൾക്കും, വാടക കെട്ടിടങ്ങൾക്കും നികുതി നിർണ്ണയത്തിന് ഒരേ മാനദണ്ഡമാണ്ഇവിടെ സ്വീകരിച്ചു വരുന്നത്. വാസഗൃഹത്തിന് നിർമ്മാണ ചിലവിന്റെ തറ വിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ നികുതിചുമത്തുകയും വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് യഥാർത്ഥവാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്യേണ്ടത്. ഇതിനോടൊപ്പംതന്നെ ദാരിദ്രരേഖക്ക് താഴെ ജീവിക്കുന്ന മുഴുവനാളുകളുടെയും വീട്ടുനികുതി പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്. നിലവിലുള്ള കെട്ടിടനികുതിയിൽ ഉള്ള അപാകത മേൽപറഞ്ഞ ആ മാനദണ്ഡങ്ങൾക്കു വിധേയമായി പുനഃപരിശോധിച്ചു 97-98 സാമ്പത്തിക വർഷം മുതൽ നടപ്പാക്കാവുന്നതാണ്. ഇപ്രകാരം നികുതി നിർണ്ണയിച്ചാൽ തനത് വരുമാനത്തിൽ വമ്പിച്ച വർധനവുണ്ടാവുന്നതാണ്.

തൊഴിൽ നികുതി:

പഞ്ചായത്ത് വരുമാനത്തിന്റെ മറ്റൊരു ശ്രോതസ്സാണ് തൊഴിൽ നികുതി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനം 1.90 ലക്ഷം രൂപയാണ്. തൊഴിൽ നികുതി പ്രധാനമായും ഇപ്പോഴും ഈടാക്കുന്നത് കച്ചവടക്കാർ, സാർക്കാർ - അർധസർക്കാർ - സ്വകാര്യമേഖലയിലെ ജീവനക്കാർ എന്നിവരിൽ നിന്നാണ് കാർഷിക മേഖലയിൽ നിന്നും വളരെചെറിയ തുകമാത്രമെ ഇപ്പോൾ ലഭിക്കുന്നുള്ളു. സമ്പന്നമായ കാർഷികമേഖലയാണ് തിരുവമ്പാടി പഞ്ചായത്ത്. കാർഷിക തൊഴിൽ നികുതി പുനർനിർണ്ണയിച്ച് ഫലപ്രദമായി പിരിക്കുകയും ചെയ്താൽ നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. വാണിജ്യ - വ്യാവസായ മേഖലയിൽ ഇപ്പോൾ ചുമത്തിയിരിക്കുന്ന നികുതി തികച്ചു അശാസ്ത്രീയമാണ്. ഇതും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. സ്വകാര്യസ്ഥാപനങ്ങളിലും സേവന തുറകളിലുംവളരെ തുഛമായ വേദനത്തിന് ജോലി ചെയ്യുന്നവരെ നികുതിയിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

ലീസ്-

992.40 ഏക്ര ഭൂമിയാണ് ആകെ പുറമ്പോക്ക് ഇതിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി പഞ്ചായത്തിന് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള 54.73 ഏക്രയിൽ 12.18 ഏക്ര മാത്രമാണ് ലീസിനു തൽകിയിട്ടുള്ളത്. 5417 രൂപ വരുമാനമുണ്ട്. ഈ പുറമ്പക്കുഭൂമികളിൽ അനധികൃത കൈവശക്കാരെ പൂർണ്ണമായും ഒഴിവാക്കി ന്യായമായ നിരക്കിന് ലീസിനു നൽകിയാൽ ഈ മേഖലയിൽ പത്തിരട്ടിയിലധികം വരുമാനമുണ്ടാക്കാം. സർവ്വേ നടപടികൾ പൂർത്തി

കരിച്ച് പുറമ്പോക്ക് മുഴുവൻ ലഭിച്ചാൽ വരുമാനത്തിന്റെ കാര്യത്തിൽ ഒരു വലിയ പുരോഗതിയുണ്ടാവും. ഇതിന് റവന്യൂ വകുപ്പിന്റെ സത്വര നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

മറ്റു വരുമാന മാർഗ്ഗങ്ങൾ

അടിസ്ഥാന ഭൂനികുതി:- 95-96 ൽ 2,35,221 രൂപയാണ് ഗവ.ൽ നിന്നും ലഭിക്കുന്നത്. വില്ലേജ്ആഫീസ് മുഖാന്തിരം പിരിക്കുന്നതിന്റെ 75 ശതമാനമാണിത്. പലപ്പോഴും രണ്ടും മൂന്നും വർഷങ്ങൾക്കുശേഷമാണ് ഗവ.ൽ നിന്നും പഞ്ചായത്തിനു ലഭിക്കുന്നത് അടിസ്ഥാന ഭൂനികുതിയിൽ ഇന്നു നിലനിൽക്കുന്ന സംവിധാനം മാറ്റി വില്ലേജിൽ നിന്നും നേരിട്ടു പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന അവസ്ഥയിലേക്ക് നിയമത്തിൽ മാറ്റം വരണം. ഏക്രഒന്നിന് 20 ക എന്നനിലവിലുള്ള താരിഫിൽ മാറ്റം വരുത്തി ഭൂമിയുടെ തരംതിരിവിനനുസരിച്ച് സംഖ്യയിൽ വർദ്ധനവുണ്ടാക്കണം.

വിഹിതം:-

വസ്തുകൈമാറ്റ നികുതി:- രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ പിരിക്കുന്ന സംഖ്യയുടെ 75% ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ചുനൽകുന്ന ഗ്രാൻറാണ് ഇത്. വർഷത്തിൽ4 ഗഡുക്കളായി ഇതു വിതരണം ചെയ്തിരിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും 94 മാർച്ചുമാസം വരെയുള്ള വിഹിതമേ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളൂ. ഇതിനു കൃത്യമായ കണക്കുപറയാൻ കഴിയില്ല. യഥാർത്ഥത്തിൽ സമാഹരിക്കുന്ന തുകയുടെ വളരെ ചെറിയ ശതമാനം മാത്രമേ ഇപ്പോൾ ലഭിച്ചുവരുന്നുള്ളൂ. ഈ സ്ഥിതി മാറ്റി യഥാർത്ഥത്തിൽ പഞ്ചായത്തു പരിധിയിൽ നിന്നുംഈ ഇനത്തിൽ ലഭിക്കുന്ന മുഴുവൻ സംഖ്യയും അതാതു പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. രജിസ്റ്റർ നടക്കുന്ന സമയത്തുതന്നെ വിവരം പഞ്ചായത്തുകൾക്ക് നൽകുകയും താമസം വിന സംഖ്യ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ചിലവിനങ്ങളിലെ വ്യതിയാനം

		1991-92	1995-96	വ്യത്യാസം	ശതമാനം
1	ഭരണം	452524.00	746883.00	294359.00	65%
2	പൊതുമരാമത്ത്	600387.00	1348432.00	748045.00	125%
3	വിദ്യാഭ്യാസം	51327.00	48043.00	3284.00	6%
4	ജലവിതരണം ഓടകൾ				
	പൊതുജനാരോഗ്യം	13632.00	25410.00	11778.00	86%
5	തെരുവുവിളക്കുകൾ കത്തിക്കുന്നത്	13919.00	23595.00	9676.00	70%
6	മറ്റുള്ളവ	438493.00	721007.00	282514.00	64%
		1570282.00	2913370.00	1343088.00	86%

വിവിധ ഇനം ഗ്രാൻറുകൾ:- V.T.C, V.R.M, M.I ഗ്രാൻറുകളും മറ്റുചില പ്രത്യേക ഗ്രാൻറുകളുമാണ് സർക്കാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന ധനസഹായങ്ങൾ, മേല്പറഞ്ഞവയൊന്നും യഥാസമയം ലഭിക്കുന്നില്ല. ചില ഗ്രാൻറുകളുടെ നിരക്ക് വളരെ തുഛമാണ്. നിരക്ക് വർധപ്പിച്ച് ലഭ്യമാക്കണം. J.R.Y ഉപാധിരഹിത ഫണ്ട് ഇവയും കേന്ദ്ര സംസ്ഥാന ഗവമ്മെണ്ടിൽ നിന്നുംലഭിക്കുന്ന സഹായ ധനങ്ങളാണ്. 95-96ൽ JRY ഇനത്തിൽ 3,90,789 രൂപയും ഉപാധിരഹിതം-3,31,700 രൂപയും ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് ചിലവ് സംബന്ധിച്ച പട്ടിക ഈ പേജിൽ ചേർക്കുന്നു.

പഞ്ചായത്ത് ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ടു റൂറൽ ഡെവലപ്പമെൻറ് ബോർഡിൽ നിന്നും വാങ്ങിയ കടം തിരിച്ചടക്കുന്നത്,അതിൽ നിന്നും ലഭ്യമാവുന്ന വരുമാനത്തിന്റെ 4 ഇരട്ടിയിലധികം വരുന്നതിനാൽ പഞ്ചായത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. 27ലക്ഷം നിർമ്മാണ ചിലവ് വന്ന ഇതിന്റെ തിരിച്ചടവിലേക്കായി പ്രതിവർഷം 6 ലക്ഷം രൂപ ചെലവഴിക്കുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വരു

മാനം 1 .5 ലക്ഷം രൂപയാണ്. നാളിതുവരെയായി 2567612 രൂപ തിരിച്ചടച്ചിട്ടുണ്ട്.2010മാണ്ടിൽ ഇതിന്റെ തിരിച്ചടവു പൂർത്തിയാവുമ്പോൾ 59.5 ലക്ഷം രൂപ അടക്കേണ്ടി വരും.ഇതൊരു കടക്കെണിയാണ്. പലിശ പൂർണ്ണമായും ഒഴിവാക്കി ഈ ഋണ ബാധ്യതിയിൽനിന്നും പഞ്ചായത്തിനെ മോചിപ്പിക്കാൻ നടപടിയുണ്ടാവേണ്ടതുണ്ട്. ഇങ്ങനെ എല്ലാമാണെങ്കിൽപോലും തിരുവമ്പാടി പട്ടണത്തിന്റെ വളർച്ചയിൽ ഈ സ്ഥാപനമൊരു നാഴിക കല്ലാണ്.

ധനകാര്യ സ്ഥാനങ്ങളുടെ പ്രവർത്തനം

തിരുവമ്പാടി സർവ്വീസ് സഹകരണബാങ്ക്, സേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇൻഡ്യൻബാങ്ക്,സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കേരള സ്റ്റേറ്റ് ഫിനാഷ്യൻ എൻറ്റർപ്രൈസ് എന്നിവയാണ് ധനകാര്യ സ്ഥാപനങ്ങൾ. 5 സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ഇവിടെനിലവിലുണ്ട്.

സുമാർ 8 കോടി രൂപയുടെ നിക്ഷേപം ഈ സ്ഥാപനങ്ങളിലുണ്ട്. വായ്പകൾ നൽകുന്ന കാര്യത്തിൽ സാമാന്യം തൃപ്തികരമായ അവസ്ഥയാണ് നിലവിലുള്ളതെങ്കിലും മുൻഗണനാ മേഖലകളിൽ ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം പ്രോൽസാഹനപരമല്ല.

സാദ്ധ്യതകൾ

പഞ്ചായത്തിൽ നിലിവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനം വർദ്ധിപ്പിക്കുവാനുതകുന്ന സാധ്യതകൾ മുൻപ് പരാമർശിച്ചിട്ടുണ്ട്, അതോടൊപ്പംതന്നെ പുതുതായി കണ്ടെത്തുവാൻ സാധിക്കുന്ന ചില വരുമാന മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പരസ്യ നികുതി

പഞ്ചായത്ത് പരിധിക്കുള്ളിൽ നടത്തുന്ന എല്ലാ പരസ്യങ്ങൾക്കും നികുതി ചുമത്തുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കുണ്ട്. ഈ നികുതി ഇതുവരെയും പഞ്ചായത്ത് ഈടാക്കുവാൻ പടപടികളായിട്ടില്ല. നികുതി ദായകരെ നേരിട്ട് ബാധിക്കാത്ത ഈനികുതി ഫലപ്രദമായി വസൂലാക്കാൻ സാധിച്ചാൽ പഞ്ചായത്തിന് പുതിയ ഒരു വരുമാന മാർഗ്ഗമായിത്തീരുന്നതാണ്.

വാഹന നികുതി:

തിരുവമ്പാടി പഞ്ചായത്ത് പരിധിക്കുള്ളിൽ 750 ൽപ്പരം മോട്ടോർ വാഹനങ്ങൾ നിലവിലുണ്ട്. പഞ്ചായത്തിരാജ് നിയമത്തിലെ വ്യവസ്ഥകൾക്കുനുസൃതമായി മോട്ടോർ വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക വഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

നമ്മുടെ ഗ്രാമങ്ങളിൽപ്പോലും ഇപ്പോൾ വ്യാപകമായിരിക്കുന്ന ഉപഭോഗസംസ്ക്കാരത്തിന്റെ ഭാഗമായി ആഡംബരങ്ങൾക്കും അനാവശ്യമായ ആഘോഷങ്ങൾക്കുമായി ലക്ഷക്കണക്കിന് രൂപയുടെ ധൂർത്ത് നടത്തുന്നുണ്ട്. പ്രത്യുല്പാദന മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന വലിയ തുക ഈ രീതിയിൽ പാഴായി പോകുന്നുണ്ട്. ഇക്കാര്യത്തിലുള്ള ഒരു നിയന്ത്രണം സമൂഹത്തിന്റെ സുസ്ഥിതിക്കും സാമ്പത്തിക വളർച്ചക്കും അത്യന്താപേക്ഷിതമാണ്. ഇത് കണക്കിലെടുത്ത് പഞ്ചായത്തിൽ നടത്തുന്ന അത്യാഡംബര വസ്തുക്കൾക്കും ആഘോഷങ്ങൾക്കുംനികുതി ഈടാക്കുവാൻ സാധിക്കും

ജല നികുതി;

പൊതുജല സ്രോതസുകൾ ഉപയോഗപ്പെടുത്തി കാർഷികേതര ആവശ്യങ്ങൾക്ക് വെള്ളം ഉപയോഗിക്കുന്നതിന് ചെറിയ ശതമാനം നികുതി ചുമത്താവുന്നതാണ്ഇതുമൂലം വെള്ളം അനാവശ്യമായി വിനിയോഗിക്കുന്നതിന് ഒരു പരിധി വരെ നിയന്ത്രണം കൊണ്ടു വരുവാൻ സാധിക്കും. പഞ്ചായത്ത് നിർമ്മിക്കുന്ന കുടിവെള്ള പദ്ധതികളുടെ ഉപഭോക്താക്കളിൽ നിന്നുംഈ പദ്ധതിയുടെ സംരക്ഷണത്തിന് ആവശ്യമായി വരുന്ന ആവർത്തന ചിലവ് നികുതിയായി ഈടാക്കുവാൻ സാധിക്കണം.

കരങ്കൽ കാറികൾക്ക്നികുതി

കെട്ടിട നിർമ്മാണവും, റോഡുകളുടെ പരിഷ്കരണ പ്രവർത്തന വ്യാപകമായതോടുകൂടിഒട്ടേറെ കരിങ്കൽ കാറികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കാറി ഉടമകളിൽ നിന്നും നികുതി ഈടാക്കുവാൻ സാധിക്കും.

വിൽപ്പന നികുതി:

സംസ്ഥാനത്തെ മുഖ്യ വരുമാന സ്രോതസ്സായ വിൽപന നികുതി പൂർണ്ണമായും സർക്കാരാണ് ഉപയോഗിച്ചു വരുന്നത്. ഈയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 25% എങ്കിലും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ചു നല്കുവാൻ സർക്കാർ തയ്യാറാവേണ്ടതാണ്. ഇപ്രകാരം തെയ്യുന്ന പക്ഷം ഗ്രാമപഞ്ചായത്തുകളുടെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കും.

ദേശീയ പദ്ധതി :

പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ദേശീയസമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കുകയും, ദാരിദ്ര രേഖക്ക് മുകളിൽ വരുന്ന മുഴുവൻ ആളുകളെയും ഇന്ദിരാവികാസ് പത്രികയിൽ തുക നിക്ഷേപിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ഇതുവഴി സമാഹരിക്കപ്പെടുന്ന തുകയുടെ 20% ഗ്രാൻറ് ഇനത്തിൽ പഞ്ചായത്തുകൾക്ക് ലഭിക്കും. ഇതൊടൊപ്പം തൊഴിൽ രഹിതരായ കുറച്ച് പേർക്കെങ്കിലും തൊഴിൽ കണ്ടെത്തുവാനും സാധിക്കും.

നിക്ഷേപ സമാഹരണം :

പഞ്ചായത്ത് ആസൂത്രണം തെയ്യുന്ന പ്രത്യേക പദ്ധതികൾക്ക് വേണ്ടി പൊതുജനങ്ങളിൽ നിന്നും കടപ്പത്രം മുഖേന നിക്ഷേപം സമാഹരിക്കുവാൻ സാധിക്കും. ഇത്തരത്തിൽ സമാഹരിക്കുന്ന തുക പ്രത്യുല്പാദനപരമായ മേഖലകളിൽ മുതൽ മുടക്കി അതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് കടം തിരിച്ചു നല്കുന്നതിനും സാധിക്കും. ടാക്സിസ്റ്റാൻറ് മാർക്കറ്റും, കമ്മ്യൂണിറ്റി ഹാൾ,ഷോപ്പിംഗ് സെൻറർ തുടങ്ങിയവ ഇപ്രകാരം നടപ്പിലാക്കാവുന്നതാണ്.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ :

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രത്യുൽപ്പാദനപരമായ വികസന പരിപാടികൾക്ക് വായ്പ അനുവദിക്കുവാൻ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാവണം. ഇതിന് നിലവിലുള്ള ചില നിയമങ്ങൾ അടസമായി നില്ക്കുന്നത് നീക്കം ചെയ്യുവാൻ സർക്കാർ നടപടിയുണ്ടാവണം. ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് പൂർണ്ണമായും സഹകരണ മേഖലയിലെ ബാങ്കുകളിൽ നിക്ഷേപിച്ച് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ്.

മനുഷ്യ വിഭവം

നമ്മുടെ ഏറ്റവും സുലഭമായിട്ടുള്ള വിഭവമാണ് മനുഷ്യ വിഭവം. വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് മനുഷ്യാധ്വാനം സംഭാവന ചെയ്യുവാനുള്ള സന്നദ്ധത ഗ്രാമവാസികളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട് ജാതി,മത കക്ഷി ചിന്തകൾക്ക് അതീതമായി സ്വന്തം നാടിൻെറ വികസനത്തിന് സൗജന്യ സേവനം നല്കുവാൻ തയ്യാറാവുന്നത് മഹത്തരമാണ്. നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണത്തിൽ മനുഷ്യാധ്വാനം ഫലപ്രദമായി വിനിയോഗിക്കണം.

മുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് പഞ്ചായത്തിൻെറ വിവിധ തുറകളിലുള്ള വികസനത്തിന് സഹായകമാവുന്ന രീതിയിൽ നിലവിലുള്ള വിഭവങ്ങളെ ഫലപ്രദമായി സമാഹരിക്കുന്നതിനുള്ള സാധ്യതകളാണ്, ഒൻപതാം പദ്ധതി ജനകീയപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിന് നമ്മുടെ നാട്ടിലെ വിവിധമേഖലകളിലുള്ള മുഴുവൻ സാധ്യതകളും ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൻെറ മൊത്തം പുരോഗതി ലക്ഷ്യമാക്കി നമുക്ക് യോജിച്ച് മുന്നേറുവാനും വികസനപ്രക്രിയയിൽ പങ്കാളികളാകുവാനും കഴിയണം.

ഉപസംഹാരം

മാന്യരെ

കൃഷിയും അനുബന്ധമേഖലയും, വ്യവസായവും അനുബന്ധമേഖലയും, സേവനത്തുറകൾ-

ഈ മൂന്നു മേഖലകളെ അധികരിച്ച് 12 വിഷയങ്ങൾ നാം ചർച്ചചെയ്തു കഴിഞ്ഞു.

ഭൂപരിഷ്കരണ നിയമവും, സാക്ഷരതാപ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ സൃഷ്ടിച്ചഅനുരണനങ്ങൾ

നമ്മുടെ അനുഭവസാക്ഷ്യങ്ങളാണ്. ഭാരതമാകെ തൊട്ടുണർത്തിയ പ്രസ്തുത പരിപാടികളുടെ തുടർച്ചയായി അധികാരം ജനങ്ങളിലേയ്ക്ക് കൈമാറാനായി നാം കൈക്കോർക്കുകയാണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ മുഖമുദ്ര വികേന്ദ്രീകരണത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും പാരസ്പര്യമാണം വിഭാനം ചെയ്യുന്നത്.

ഈ കൂട്ടയ്മ മുഖ്യമായും ഉല്പാദന വ്യാവസായ മേഖലകൾക്ക് ഊന്നൽ കൊടുക്കുന്നു.

രൂപകല്പന മുതൽ നടത്തിപ്പുവരെ നമ്മുടെ കരങ്ങളിൽ നിക്ഷിപ്തമാകുന്ന ഈ വേള മുതൽ നാംഒരു പുത്തൻ യുഗത്തിലേയ്ക്ക് പാദമൂന്നുകയാണ് നമുക്ക് ഒറ്റക്കെട്ടായി നീങ്ങാം.

. നന്ദിപൂർവ്വം.

ജില്ലാതല പരിശീലകർ



ജോസ് മാത്യു (സംസ്ഥാന തലം)



എം.ജെ. ദേവസ്യ



കെ.കെ. ദിവാകരൻ(കൺവീനർ)



ജോളി ജോസഫ്

ആന്റീസ് ടീച്ചർ



സക്കറിയാസ് മണിമലതറപ്പിൽ



ജോയിക്കുട്ടി ലൂക്കോസ്

ലീലാമ്മ മാനുവൽ



കെ. ബാബുമാസ്റ്റർ



ഇ.വൈ. പാപ്പച്ചൻ

ഭാരതത്തിലെ ഏറ്റവും ദരിദ്രനായ
മനുഷ്യനു പോലും ഭാരതത്തിൽ
തനിക്കും ഒരു പങ്കുണ്ടെന്ന് എന്നു
തോന്നുന്നുവോ അന്നു മാത്രമേ
ജനാധിപത്യം അർത്ഥവത്താകൂ.....

- ഗാന്ധിജി

അധികാരം ജനങ്ങളിലേക്ക്

❐

ഒന്നാം പദ്ധതി ജനകീയ പദ്ധതി

❐

40 ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

❐

ആസൂത്രണം താഴെ തട്ടിൽനിന്ന് മുകളിലേക്ക്

❐

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

❐

ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു.

PRINTED AT IDEAL PRESS FOR INDIAN SOCIAL POSTER OFFSET WORKS, THMARASSERY - 673 573